

# വികസനരേഖ

വാകത്താനം ഗ്രാമപഞ്ചായത്ത്

55-7

# വികസനരേഖ

## 1996

വാകത്താനം ഗ്രാമപഞ്ചായത്ത്



''ഇൻഡ്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്''

ഗാന്ധിജി


കേരളം
കോട്ടയം ജില്ല

# കോട്ടയം ജില്ല


KOTTAYAM DISTRICT.
INDEX
ERNAKULAM
ALLEPPY
IDUKKI
PATHANAMTHITTA
വാകത്താനം
ഗ്രാമപഞ്ചായത്ത്

# വാകത്താനം ഗ്രാമപഞ്ചായത്ത്

## വാർഡുകൾ/അതിരുകൾ



# വാകത്താനം ഗ്രാമപഞ്ചായത്ത്

## പ്രധാന റോഡുകൾ



# പഞ്ചായത്ത് ഭരണസമിതി



ജേക്കബ് തെക്കനാട്
വൈസ് പ്രസിഡണ്ട്



കെ. വി. ചെറിയാൻ
പ്രസിഡണ്ട്



കെ.എ. ശങ്കരൻ നായർ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ആനിയമ്മ ജോൺ



റ്റി. റ്റി. മാത്യു തോമസ്



സുധാമണി കുഞ്ഞുഞ്ഞ്



ജോഷി ഫിലിപ്പ്



ഷാജു കുര്യൻ



സുശീല പ്രഭാകരൻ



നാരായണൻ ശങ്കരൻ



രാജു സ്കറിയ



മേരി ആൻഡ്രൂസ്



എം. പി. സുകുമാരൻകുട്ടി

## [illegible]

**ഡോ. വി. മാത്യു കുര്യൻ**

**അഡ്വ. മോഹൻദാസ് തോട്ടയ്ക്കാട്**

**ശ്രീ. എം. എം. അൻസാരി**

**ശ്രീ. കെ. വി. ചെറിയാൻ**

**ശ്രീ. ജേക്കബ് തേക്കനാട്**

**ശ്രീ. കെ. ശങ്കരൻ നായർ**

**ശ്രീ. ജോഷി ഫിലിപ്പ്**

**ശ്രീ. എം. പി. സുകുമാരൻകുട്ടി**

**ശ്രീമതി. സുധാമണി കുഞ്ഞൂഞ്ഞ്**

## [illegible]

ശ്രീ. സി. ടി. ജോസഫ് ചെത്തിമറ്റം

ശ്രീമതി. എം. കെ. ഗോമതിയമ്മ

ശ്രീ. ജേക്കബ് ജോസഫ് കൊണ്ടോടി

ശ്രീ. എം. കെ. രാഘവൻ

ശ്രീ. എം. എസ്. കോര

ശ്രീ. എം. വി. മാത്യു

ശ്രീ. വി. എ. ഇട്ടി

ശ്രീ. റ്റി. കെ. ഫീലിപ്പോസ്

ശ്രീ. പി. എൻ. നീലാംബരൻ

ശ്രീ. റ്റി. റ്റി. മാത്യു തോമസ്

ശ്രീ. രാജു സ്കറിയ

ശ്രീ. ഷാജു കുര്യൻ

ശ്രീ. നാരായണൻ ശങ്കരൻ

## ഉള്ളടക്കം


1. ആമുഖം ........ 1
2. പഞ്ചായത്ത് പൊതുവിവരങ്ങളും ഭരണചരിത്രവും ........ 4
3. സാമൂഹിക സാംസ്കാരിക ചരിത്രം ........ 7
4. ഭൂപ്രകൃതി, ജനപ്രകൃതി, ജൈവവൈവിധ്യം ജല പ്രകൃതി ........ 18
5. വികസന മേഖലകൾ
   1 കൃഷിയും ജലസേചനവും ........ 22
   2 മൃഗസംരക്ഷണം, മത്സ്യബന്ധനം ........ 31
   3 പൊതുജനാരോഗ്യം ........ 35
   4 പാർപ്പിടവും, സാമൂഹ്യ സേവനവും ........ 44
   5 വിദ്യാഭ്യാസം ........ 49
   6 വ്യവസായം ........ 60
   7 വനിതാക്ഷേമം ........ 65
   8 സഹകരണ മേഖല ........ 69
   9 സംസ്കാരം ........ 76
   10 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ........ 80
   11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം ........ 96
   12 വിഭവ സമാഹരണം ........ 102
6 ഇനിയും ഒരു വാക്ക് കൂടി ........ 112
7. അനുബന്ധം ........ 113


കവർ : അച്ചൻകുഞ്ഞ് തോട്ടയ്ക്കാട് • അച്ചടി : പ്രീമിയർ ഓഫ്സെറ്റ് പ്രസ്, കോട്ടയം
ടൈപ്പ് സെറ്റിംഗ് : വീയെം കമ്പ്യൂട്ടർസെൻറർ, കോട്ടയം • സാങ്കേതിക സഹായം: കെ. തോമസ്



# ആമുഖം

ഇന്ത്യയിൽ ഗ്രാമപഞ്ചായത്തുകൾ അതിപുരാതന കാലം മുതൽക്കു തന്നെ ദേശീയ ജീവിതത്തിൻെറ ഒരു അവിഭാജ്യ ഘടകമായിരുന്നു. വാത്മീകി മഹർഷി രാമായണത്തിൽ 'ജനപദ' ങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഗ്രാമറിപ്പബ്ലിക്കുകളുടെ ഒരു ഫെഡറേഷനായിരുന്നു ജനപദം. ഈ ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്രാജ്യങ്ങളുടെ തകർച്ചയേയും രാജവംശങ്ങളുടെ അധഃപതനത്തേയും അതിജീവിച്ച് നിലനിന്നു.

പ്രത്യക്ഷവും യഥാർത്ഥവുമായ ജനാധിപത്യ സമ്പ്രദായം നിലനിന്നിരുന്ന നമ്മുടെ ഗ്രാമസമൂഹങ്ങൾ ഏതാണ്ട് പൂർണ്ണമായ സ്വയം പര്യാപ്തത നേടിയിരുന്നു. കേരളത്തിൻെറ പൗരാണിക ചരിത്രം പരിശോധിക്കുന്ന ആർക്കും ഗ്രാമറിപ്പബ്ലിക്കുകൾ അസൂയാർഹമായ അഭിവൃദ്ധിയും അധികാരശക്തിയും നേടിയിരുന്നതായി കാണാൻ കഴിയും.

ഇന്ത്യയിലെ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്യ രാജ്യങ്ങളുടെ ശ്രദ്ധയും അഭിനന്ദനവും ആർജ്ജിച്ചിരുന്നു.

1832-ൽ കോമൺസ് സഭയുടെ സെലക്ട് കമ്മറ്റി റിപ്പോർട്ടിൽ സർ ചാൾസ് മെറ്റ്കാഫ് എഴുതിയിട്ടുള്ള മിനുട്ട്സിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'ഗ്രാമസമൂഹങ്ങൾ ആഭ്യന്തരമായി സ്വയംപര്യാപ്തങ്ങളായ ചെറിയ റിപ്പബ്ളിക്കുകളാണ്.'' ഏതുതരം വൈദേശിക ബന്ധങ്ങളിൽ നിന്നും വിമുക്തമാണവ. മറ്റൊന്നും അവശേഷിക്കാത്തിടത്ത് അവ അവശേഷിക്കുന്നതായി കാണുന്നു. രാജവംശങ്ങൾക്കു പിറകേ രാജവംശങ്ങൾ തകരുന്നു. വിപ്ലവത്തെ തുടർന്ന് വിപ്ലവങ്ങൾ വന്നെത്തുന്നു. പക്ഷേ ഗ്രാമസമൂഹങ്ങൾ -അവ ഓരോന്നും സ്വയം ഓരോ രാഷ്ട്രമാണ്. ഇന്ത്യയിലെ ജനങ്ങളെ അവർക്കനുഭവപ്പെട്ട എല്ലാ വിപ്ലവങ്ങളിലൂടെയും പരിവർത്തനങ്ങളിലൂടെയും നിലനിർത്തുവാൻ മറ്റെന്തിനേക്കാളുമധികം കാരണഭൂതമായിത്തീർന്നിട്ടുണ്ടെന്നും, അവരുടെ സുഖത്തിനും സ്വാതന്ത്ര്യത്തിനും വളരെ കൂടുതൽ ഉപകരിച്ചിട്ടുണ്ടുതാനും.

പരിമിതമായ അധികാരങ്ങളോടും ഉത്തരവാദിത്തങ്ങളോടും കൂടിയ, നിയമപ്രകാരമുള്ള പഞ്ചായത്തുകൾ, സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ഇന്ത്യയിലെ ചില പ്രവശ്യകളിലും നാട്ടുരാജ്യങ്ങളിലുമുണ്ടായിരുന്നെങ്കിലും പഴയ പദവിയിൽ അവയെ പുനഃപ്രതിഷ്ഠിക്കുന്നതിനുള്ള നടപടി ആദ്യമായി കൈക്കൊണ്ടത് 1950-ൽ മാത്രമാണ്.

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ ഭരണഘടനയിൽ പഞ്ചായത്തുകളെ സംബന്ധിക്കുന്ന വ്യക്തമായൊരു നിർദ്ദേശകതത്വം ഉൾക്കൊള്ളിക്കുകയുണ്ടായി. രണ്ടു വർഷങ്ങൾക്കു ശേഷം ഇന്ത്യയുടെ പ്രഥമ പഞ്ചവൽസര പദ്ധതിയുടെ അവസാനരൂപം പാർലമെൻറ് മുമ്പാകെ സമർപ്പിക്കപ്പെട്ടപ്പോൾ ഗ്രാമവികസനപരിപാടികൾ സംഘടിപ്പിക്കുന്നതിൽ പഞ്ചായത്തുകൾക്ക് സമർഹമായ പങ്കു വഹിക്കുവാൻ കഴിയുമാറ് ഗ്രാമത്തിലെ ഉല്പാദനപരിപാടികൾ സംബന്ധിച്ചും ഗ്രാമത്തിലെ ഭൂമിയും വിഭവങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതു സംബന്ധിച്ചും അവയ്ക്ക് നിയമം മൂലം ചില ഉത്തരവാദിത്വങ്ങൾ നൽകേണ്ടതാണെന്നും ശുപാർശ ചെയ്യപ്പെട്ടു. ഇതിൻെറ ഫലമായി ആവശ്യമായ നിയമനിർമ്മാണം നടത്തുകയും മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾ സംഘടിപ്പിക്കാനാരംഭം കുറിയ്ക്കുകയും ചെയ്തു.

ഇതിൻെറ ഫലമായി 1.75 ലക്ഷം പഞ്ചായത്തുകൾ സ്ഥാപിച്ചു. പക്ഷേ അവയിൽ പലതിനും സഫലമായി പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല.

ബൽവന്തറായ് മേത്താകമ്മറ്റിയുടെ അഭിപ്രായത്തിൽ, ഈ കാര്യക്ഷമതാരാഹിത്യത്തിനുകാരണം അധികാരാതിർത്തിയുടെ വിസ്താരക്കൂടുതലും വളരെ പരിമിതമായുള്ള അധികാരങ്ങളും ഗവൺമെൻറിനോടും രാഷ്ട്രീയ കക്ഷികളോടുമുള്ള അടുത്ത

ബന്ധത്തിൻെറ അഭാവവും സാമൂഹ്യവികസന പദ്ധതികളും ദേശീയ വികസനപദ്ധതികളും ബഹുജനോത്സാഹം ഉണർത്തിവിട്ടു ഗ്രാമവികസനം സാധിക്കുന്നതിൽ പരാജയപ്പെട്ടിരിക്കയാണെന്നും വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അനുസരിച്ച് പണം ചെലവുചെയ്തു വികസനപ്രവർത്തനങ്ങൾ നടത്തിയും ചില ജനാധിപത്യ പ്രതിനിധി സ്ഥാപനങ്ങൾ സൃഷ്ടിക്കണമെന്നു കമ്മറ്റി നിർദ്ദേശിച്ചു. ഇതിനായി മൂന്നു ഘടകങ്ങളുള്ള ഒരു സമ്പ്രദായമാണ് ശുപാർശ ചെയ്യപ്പെട്ടത്.

1994 ലെ ഭരണഘടനയുടെ 73, 74 ഭേദഗതി പ്രകാരം ഗ്രാമസഭകൾക്ക് പ്രധാനപ്പെട്ട ചുമതലകളും വിപുലമായ അധികാരങ്ങളും നൽകുകയും ത്രിതല പഞ്ചായത്തുകളുടെ രൂപീകരണം നടക്കുകയുമുണ്ടായി. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ അധികാരാവകാശങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടിരിക്കുന്നു.

ആസൂത്രണത്തിൽ ത്രിതലപഞ്ചായത്തുകളെയും മുൻസിപ്പാലിറ്റികളേയും സഹായിക്കുവാനും ജില്ലാതലത്തിൽ വികസനപദ്ധതികൾ ക്രോഡീകരിക്കുവാനും ജില്ലാപ്ലാനിങ്ങ് കമ്മറ്റി നിലവിൽ വന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായുള്ളപ്ലാനിംഗ് കമ്മറ്റിയിൽ എൺപത് ശതമാനവും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ആയിരിക്കും അംഗങ്ങൾ.

ഒൻപതാം പദ്ധതി - ജനകീയ പദ്ധതിയുടെ ആരംഭം നമ്മൾ കുറിച്ചിരിക്കുകയാണ്. കഴിഞ്ഞ 7 പദ്ധതികളുൾപ്പെടെ 8-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനഘട്ടത്തിലേക്ക് നാം എത്തിച്ചേരുകയും ഒൻപതാം പദ്ധതിയുടെ അടിത്തറ പാകിയിരിക്കുകയുമാണ്.

കഴിഞ്ഞ എട്ട് പഞ്ചവൽസര പദ്ധതികളിലൂടെ നാം ഉദ്ദേശിച്ച പുരോഗതി ഉല്പാദനസേവന മേഖലകളിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ജനാധിപത്യം, കേന്ദ്രീകരണത്തിനു തികച്ചും എതിരാകയാൽ കേരളത്തിൽ ഒൻപതാം പഞ്ചവൽസര പദ്ധതിയെ ജനകീയമാക്കുവാൻ 1996 ൽ പുനഃസംഘടിപ്പിച്ച സംസ്ഥാനപ്ലാനിങ്ങ് ബോർഡിൻെറ തീരുമാനം ജനാധിപത്യ വൽക്കരണത്തിൻെറ നവയുഗപ്പിറവിയാണ് സൂചിപ്പിക്കുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരകേരളം ലോകത്തിനാകെ മാതൃകയായിത്തീരുന്നു. ഇന്നു നാം വമ്പിച്ചൊരു പരിവർത്തനത്തിൻെറ പടിവാതില്ക്കലെത്തിച്ചേർന്നിരിക്കുകയാണ്. തങ്ങളുടെ പുരോഗതിക്ക് നല്ലതും അനുരൂപമായതും എന്താണെന്ന് നിർണ്ണയിക്കാനുള്ള അവകാശം ജനങ്ങൾക്കു തന്നെ കൈവരുന്നു. നമ്മളാണ് യഥാർത്ഥത്തിൽ അതു നിർണ്ണയിക്കേണ്ടതും: ജനങ്ങളുടെ ഇച്ഛയ്ക്ക് മറ്റെന്തിലും ഉപരിയായി, സ്ഥാനമുള്ള ജനാധിപത്യ സമ്പ്രദായം നാം സ്വീകരിച്ചിട്ടുള്ളതിൻെറ ന്യായയുക്തമായ അനന്തര ഫലമാണീ പരിവർത്തനം. ജനാധിപത്യ വികേന്ദ്രീകരണത്തിനുള്ള ഈ നടപടിയെ ഒരു വെറും പരീക്ഷണ സ്വഭാവത്തിലുള്ളതായിനാം കണക്കാക്കിയാൽ പോരാ.

ജനങ്ങൾക്ക് അധികാരവും പണവും നൽകി ജനകീയ ഭരണ സംവിധാനങ്ങളായി പഞ്ചായത്തുകൾ മാറുമ്പോൾ 'അധികാരം ജനങ്ങൾക്ക്' എന്ന മുദ്രാവാക്യം അർത്ഥവത്താകുന്നു. ഇവിടെയാണ് മഹാത്മജി ഉയർത്തിയ ഗ്രാമ സ്വരാജ് എന്ന ആശയം പ്രാവർത്തികമാകുന്നതിന് ഭരണഘടനാ ഭേദഗതിയിലൂടെ തുടക്കം കുറിക്കുന്നത്.

വ്യത്യസ്ഥങ്ങളായ കക്ഷിരാഷ്ട്രീയാഭിപ്രായങ്ങൾ മറന്ന് പുതിയ ഒരു വികസന സംസ്കാരത്തിന് രൂപം നൽകുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്.ഈ സംസ്കാരം കക്ഷിരാഷ്ട്രീയത്തിനതീതമായി ജനമനസ്സുകളിൽ ആവേശം പടർത്തി ശോഭനമായ ഒരു വികസനരാഷ്ട്രീയ സംസ്കാരത്തിനു കളമൊരുക്കുന്നു.

അധികാര വികേന്ദ്രീകരണം അതിൻെറ അർത്ഥത്തിലും വ്യാപ്തിയിലും നടപ്പിലാക്കാൻകേരളാ ഗവൺമെൻറ് പ്രധാനമായ രണ്ടു നടപടികൾ ഇതിനകം തന്നെ എടുത്തു കഴിഞ്ഞു.അതിൽ ഒന്നാമത്തേത്, അധികാരവികേന്ദ്രീകരണം എപ്രകാരം വേഗത്തിൽ നടപ്പിലാക്കാൻകഴിയും എന്നതിനെക്കുറിച്ച് ഡോ. സെന്നിൻെറ നേതൃത്വത്തിൽ രൂപവത്കരിച്ച വിദഗ്ധ സമിതിയുടെ പ്രവർത്തനമാണ്. പദ്ധതി അടങ്കലിൻെറ 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകാൻ തീരമാനിച്ച നടപടിയാണ് മറ്റൊന്ന്. ഇതിനർത്ഥം ഒൻപതാം പഞ്ചവൽസര പദ്ധതികാലത്ത് കേരളത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി അഞ്ചുകോടി രൂപയിൽ കുറയാത്ത തുക വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടും. ഇതുകൂടാതെ 60% തുകയിൽപ്പെട്ട ചില സ്കീമുകൾ കേന്ദ്ര സർക്കാർ ഫണ്ട്, മനുഷ്യാദ്ധ്വാനവും സംഭാവനയുമായി ജനങ്ങളിൽ നിന്നു സമാഹരിക്കുന്ന വിഹിതം തുടങ്ങി അനവധി വിഭവങ്ങൾ നമ്മടെ വികസനപ്രക്രിയയുടെ സ്രോതസുകളാണ്. പ്രവർത്തിയിൽ പൂർണത, ജനങ്ങളുടെ ഉത്തരവാദിത്വം പണം ചോർന്നു

പോകാതിരിക്കൽ, സുതാര്യത മുതലായവ ഇതിന്റെ ലക്ഷ്യങ്ങളാണ്. സാമ്പത്തികരംഗത്തെ ഇടപെടലുകൾ ഉദ്യോഗസ്ഥന്മാരുടെയും ഭരണകർത്താക്കളുടെയും കുത്തകയായി മാറി. അവർ ജനങ്ങളുടെ താൽപര്യം മറ്റു മേഖലകളിലേക്ക് മാറുന്നത് പ്രോത്സാഹിപ്പിച്ച് അതിന്റെ പരിണിത ഫലമെന്നവണ്ണം അഴിമതിയും കെടുകാര്യസ്ഥതയും കുംഭകോണങ്ങളും വ്യാപകമായി. ഇവയുടെ എല്ലാ ദുരന്തഫലങ്ങൾ ജനങ്ങൾക്കുമായി. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ജനങ്ങളുടെ സർവ്വോപരി ക്ഷേമത്തിനായി ഒരു പുതിയ വികസന സംസ്കാരം നമുക്കു വളർത്തിയെടുക്കാൻ ശ്രമിക്കാം.

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ മുന്നിൽ തന്നെയാണ്. ഈ പഞ്ചായത്തിലെ റിസോഴ്സ് പേർസൺസിന്റെ ഒന്നാംഘട്ട പരിശീലനം 13-9-96 ൽ നടന്നു.അതിന് ശേഷം ഒക്ടോബർ ആറോടുകൂടി എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾകൂടി. ഈ സഭകളിൽ സ്ത്രീകളുടേയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടേയും പങ്കാളിത്തം ഉണ്ടായിരുന്നു. ഗ്രാമസഭകളിൽ ജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും വളരെ വ്യാപകമായ ചർച്ചകൾ നടന്നു. 12 വിവിധ വിഷയങ്ങളെ ആധാരമാക്കി 6 ഗ്രൂപ്പുകളായി തിരിഞ്ഞു നടന്ന ചർച്ചകളിൽ പ്രശ്നങ്ങൾക്ക് അടിസ്ഥാനപരമായ പരിഹാരങ്ങളും നിർദ്ദേശിക്കുകയുണ്ടായി.

പിന്നീട് വികസനരേഖ തയ്യാറാക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. 1996 നവംബർ ഒന്ന് - കേരളപ്പിറവി - പുനരർപ്പണദിനം ആചരിച്ചു.

വാകത്താനം പി. എച്ച്. സെൻററിലെ വി.ജെ. സഖറിയാ മെമ്മോറിയൽ വാർഡിന്റെ ഉദ്ധാരണ പണികൾ പഞ്ചായത്തിന്റെയും ആശുപത്രി വികസന സമിതിയുടേയും ചുമതലയിൽ പൊതുജനസഹകരണത്തോടു കൂടി ആരംഭിച്ചു. ആയതിനോടനുബന്ധിച്ചുനടന്ന യോഗത്തിൽ ബഹു. പഞ്ചായത്തു പ്രസിഡൻറ് ശ്രീ. കെ. വി. ചെറിയാൻ അവർകൾ അദ്ധ്യക്ഷത വഹിക്കുകയും ബഹു. വാഴൂർ എം. എൽ. എ. പ്രൊഫ. കെ. നാരായണക്കുറുപ്പ് അവർകളും കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. സജി ഓലിക്കര അവർകളും മറ്റു പ്രമുഖരും പങ്കെടുത്തിരുന്നു. കൂടാതെ അന്നേ ദിവസം ടോട്ടൽ സാനിട്ടേഷൻ പ്രകാരം ദുർബ്ബല വിഭാഗങ്ങൾക്ക് 63 കക്കൂസുകൾ നൽകുന്ന സംരംഭത്തിനും തുടക്കം കുറിച്ചു.

വാകത്താനം ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുത്ത 3-ാം വാർഡിൽ (പരിയാരം) പ്രാഥമിക വിവരശേഖരണ സർവ്വേ, ചെത്തിക്കുളം മംഗളം കലാ സാഹിത്യവേദിയും പഞ്ചായത്ത് ഭരണസമിതിയും, ജില്ലാ റിസോഴ്സ് പേഴ്സൺ അഡ്വക്കേറ്റ് മോഹൻദാസിന്റേയും നേതൃത്വത്തിൽ 40 അംഗങ്ങൾ 3-11-96 ൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ 3-ാം വാർഡിലുള്ള 460 വീടുകളുടെ സർവ്വേ പൂർത്തീകരിച്ചു.

പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസിന്റെ രണ്ടാംഘട്ട പരിശീലനം വാകത്താനം എൻ.എസ്. എസ് കരയോഗഹാളിൽ വെച്ചു 19-11-96 ൽ നടന്നു. തുടർന്നു വന്ന ദിവസങ്ങളിൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും പ്രശ്നപരിഹാരങ്ങളുടേയും പഞ്ചായത്തുതല ക്രോഡീകരണം നടന്നു. 28-11-96 ൽ പഞ്ചായത്താഫീസിൽ വെച്ച് ഉദ്യോഗസ്ഥതലയോഗം ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് ചർച്ചാ ക്ലാസ്സുകളും നടത്തി. 30-11-96 ൽ പഠനപര്യടനം സംഘടിപ്പിച്ചു ഗ്രാമത്തിന്റെ ഭൂപ്രകൃതി, ജനപ്രകൃതി എന്നിവ ആഴത്തിൽ നേരിട്ടറിയാനും മനസ്സിലാക്കാനും ഈ പഠനപര്യടനത്തിലൂടെ സാധിച്ചു.

നമ്മുടെ പഞ്ചായത്തിലെയും പുറമേയും ഉള്ള ഉദ്യോഗസ്ഥരിൽ നിന്നും ജനകീയ ആസൂത്രണ പ്രവർത്തകരിൽ നിന്നും ഗ്രാമസഭാംഗങ്ങളിൽ നിന്നും നല്ല സഹകരണം ഈ റിപ്പോർട്ടു തയ്യാറാക്കാൻ ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ ജനകീയാസൂത്രണ കാലഘട്ടത്തിലും 12 ഗ്രാമസഭകളിലും ഉദ്യോഗസ്ഥതല യോഗങ്ങളിലും ദ്വിതീയ വിവരശേഖരണത്തിൽപോലും സഹകരിക്കാത്ത വില്ലേജുതല വൈദ്യുത ഉദ്യോഗസ്ഥർ ഉണ്ടെന്നുള്ളത് വിസ്മരിക്കത്തക്കതല്ല.

ദ്വിതീയ വിവരങ്ങൾ ഗ്രാമസഭാചർച്ചകൾ, നാട്ടറിവുകൾ, ഗ്രാമപഠനത്തിന്റെ ഫലമായുണ്ടായ കേട്ടറിവുകൾ ഇവയെല്ലാം ഈ റിപ്പോർട്ടിന്റെ അടിസ്ഥാനങ്ങളാണ്. ഈകരടു രേഖയുടെ വെളിച്ചത്തിൽ 1997 ജനുവരി 14 നു നടക്കുന്ന വികസന സെമിനാറിൽ ക്രിയാത്മകമായ ചർച്ചകളിലൂടെ പോരായ്മകൾ പരിഹരിക്കപ്പെടുകയും നിർദ്ദേശങ്ങൾ പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്, തദ്വാര ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ ഐശ്വര്യത്തിനും ഈ വികസന രേഖ വാകത്താനം ഗ്രാമജനത്തിനു മുൻപാകെ സവിനയം സമർപ്പിക്കുന്നു.

# പൊതുവിവരണവും ഭരണചരിത്രവും

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | വാകത്താനം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | വാകത്താനം, തോട്ടയക്കാട് |
| ബ്ലോക്കുപഞ്ചായത്ത് | മാടപ്പള്ളി |
| ജില്ലാപഞ്ചായത്ത് | കോട്ടയം |
| താലൂക്ക് | ചങ്ങനാശ്ശേരി |
| അസംബ്ലി മണ്ഡലം | വാഴൂർ |
| വിസ്തീർണ്ണം | 26.48 ച.കി. മീറ്റർ |
| ജനസംഖ്യ | 31,222 |
| വീടുകളുടെ എണ്ണം | 8459 |
| വാർഡുകൾ | 12 |
| പ്രസിഡണ്ട് | ശ്രീ. കെ. വി. ചെറിയാൻ |
| വൈസ്പ്രസിഡണ്ട്. | ശ്രീ. ജേക്കബ് തെക്കനാട്ട് |
| സ്റ്റാൻഡിംഗ്കമ്മറ്റിചെയർമാൻ. | ശ്രീ. കെ.ഏ.ശങ്കരൻ നായർ |

## പഞ്ചായത്തിൻെറ അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | പുതുപ്പള്ളി, മീനടം പഞ്ചായത്തുകൾ |
| കിഴക്ക് | - | കറുകച്ചാൽ പഞ്ചായത്ത് |
| തെക്ക് | - | മാടപ്പള്ളി, വാഴപ്പള്ളി പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | - | കുറിച്ചി, പനച്ചിക്കാട് പഞ്ചായത്തുകൾ |

1953-ൽ നടന്ന ആദ്യത്തെ വില്ലേജുപഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയികളായ മെമ്പർമാരുടെ ആദ്യയോഗം 1953 ജൂലൈമാസം 27-ാം തീയതിപുതുപ്പള്ളി വില്ലേജ് ആഫീസിൽ ബഹു: കോട്ടയം പഞ്ചായത്ത് ഇൻസെപക്ടറും ഇലക്ഷൻ ആഫിസറുമായിരുന്ന ശ്രീ രാമചന്ദ്ര മേനോൻ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ പി. കെ. ചെറിയാൻ പഴഞ്ചിറയെ വാകത്താനം പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിസണ്ടായി തെരഞ്ഞെടുത്തു. വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുക്ക

പ്പെട്ടത് കരിപ്പാൽ ശ്രീ കെ.ടി.പുന്നൂസ് ആയിരുന്നു. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരെ കൂടാതെ

റവ.ഫാ: പി.എം.പിലിപ്പോസ്

ശ്രീ. വി.ജെ. സഖറിയാ
- പി.കെ. ചാക്കോ.
- സി.ജെ. ചാക്കോ
- പി.കെ. കുരുവിള
- വി.എം. തോമസ്
- തോമസ് കോര
- കെ. ജെ. തോമസ്

എന്നിവർ പഞ്ചായത്തുകമ്മിറ്റിയിലേക്ക് അന്നത്തെ ഒൻപതു വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ്.

രണ്ടുവർഷത്തിനു ശേഷം പ്രസിഡണ്ട് ശ്രീ പി. കെ. ചെറിയാൻ രാജിവച്ചതിനെത്തുടർന്ന് 20-4-955-ൽ തോമസ്. ജെ. കൊണ്ടോടിയെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. 18.9.1956-ൽ വെ :ഫാദർ. പി. എം. ഫീലിപ്പോസിനെയും, തോമസ്. ജെ. കൊണ്ടോടിയുടെ രാജിയെത്തുടർന്ന് തെരഞ്ഞെടുക്കുകയുണ്ടായി.

ശ്രീ. പി. കെ. ചെറിയാൻ പഴഞ്ചിറ, പ്രസിഡണ്ടായിരുന്ന കാലയളവിലാണ് പുത്തൻ ചന്തപ്പള്ളിക്ക് മാർക്കറ്റുവക സ്ഥലം, പഞ്ചായത്തിനു വിട്ടുകിട്ടിയത്. ശ്രീ. കെ. കെ. ജോർജ് കൈതയിൽ (വക്കിൽസാർ)മുൻകൈയ് എടുത്താണ് ഈ കൈമാറ്റം നടത്തിയത്.

പത്തുവർഷക്കാലത്തിനുശേഷമാണ് പിന്നിടൊരു പഞ്ചായത്തു തെരഞ്ഞെടുപ്പുനടന്നത്. 21-11-1963-ൽ അധികാരത്തിൽ വന്ന പഞ്ചായത്തു കമ്മറ്റിയിൽ പതിനൊന്ന് അംഗങ്ങൾ ഉണ്ടായിരുന്നു ശ്രീ. തോമസ് കോര വാഴക്കാലാ (പ്രസിഡണ്ട് ) ശ്രീമാന്മാരായ കെ. രാമൻനായർ ( വൈ :പ്രസി), സി.റ്റി. ജോസഫ് (ഇപ്പോഴത്തെ ബ്ലോക്കു പഞ്ചാ:മെമ്പർ) വി. ജെ സഖറിയൊ, കെ. പി. വർക്കി, കെ. യു. കുര്യൻ, കെ. എം. പത്മനാഭപിള്ള, കെ. ടി. പുന്നൂസ്, G. ഓലിക്കര, എം.സി.ജോബ്, ശ്രീമതി ഈ. യു. കമലാക്ഷി (നോമിനേറ്റസ്) എന്നിവരിൽ ശ്രീ വി. ജെ സഖറിയാ സാധാരണ പഞ്ചായത്തിനു വേണ്ടി മികച്ച പ്രവർനങ്ങൾകാഴചവച്ച ദേഹമാണ്. വാകത്തനം പഞ്ചായത്തിൻെറ കഴിഞ്ഞ കാല ചരിത്രമെഴുതുമ്പോൾ ഇദ്ദേഹത്തെ പ്രത്യേകം സമരിക്കാതിരിക്കാൻ കഴിയുന്നില്ല.15-11-1964 -ൽ അന്നത്തെ പ്രസിഡണ്ട് ആയിരം രൂപായുടെ സ്ഥിരനിക്ഷേപം എഡ്യൂക്കേഷണൽ ഫണ്ട് എന്ന പേരിൽ ഏർപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൻെറ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തു. പഞ്ചായത്തതിർത്തിയിൽ S. S. L. C. പാസ്സാകുന്ന കുട്ടികളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നയാളിന്, ഈ നിക്ഷേപത്തിൻെറ പലിശ അവാർഡായി നൽകി വരുന്നു.

ഈ കമ്മിറ്റിയുടെ ഭരണകാലത്ത് 29 - 5- 1964 ൽ മാർക്കറ്റ് സ്ഥാപിക്കുന്നതിലേക്ക് 50സെൻെറു സ്ഥലം വിലയക്കുവാങ്ങി. 29-5-64 -ൽ തന്നെ ഇപ്പോഴത്തെ ആഫീസ് കെട്ടിടം സ്ഥിതിചെയ്യുന്ന 44 സെൻെറ് സ്ഥലവും വാങ്ങുകയുണ്ടായി.

പഞ്ചായത്തുകമ്മറ്റിയിലെ നോമിനേറ്റഡ് മെമ്പർ ശ്രീമതി ഇ.യു. കമലാക്ഷി രാജിവച്ചതിനെത്തുടർന്ന് ശ്രീമതി ഗ്രേസി ജോസഫ് നോമിറ്റുചെയ്യപ്പെട്ടു. ഗവണ്മെൻറു ഉടമസ്ഥതയിലുണ്ടായിരുന്ന 16 1/4 സെൻെറ് സ്ഥലം (മൂലേപ്പുരയിടം) നാല്പത്തഞ്ചു രൂപാപ്രകാരം പഞ്ചായത്തിനു വിട്ടു കിട്ടിയത് 1965 ലാണ്.

അധ്യാപകർക്ക് രാഷട്രിയ പ്രവർത്തനം നടത്തുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയതിനെത്തുടർന്ന് ശ്രീ കെ. യു. കുര്യൻ ശ്രീ എം. സി. ജോബ് എന്നിവർ പഞ്ചായത്തുമെമ്പർസ്ഥാനം രാജിവച്ചു. അതെത്തുടർന്ന് നടത്തിയ ഉപതെരഞ്ഞടുപ്പിൽ യഥാക്രമം V1 - ാം വാർഡിൽ നിന്ന് ശ്രീ ജേക്കബ് ജോസഫ് ക്കൊണ്ടോടിയും 11 - ാം വാർഡിൽ നിന്ന് ശ്രീ N. V. കുര്യനും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി 30-9-65 - ൽ ഇവർ സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. ശ്രീ തോമസ് കോര പ്രസിഡണ്ടുസ്ഥാനത്തുനിന്നു മാറിയതിനെത്തുടർന്ന് ശ്രീ G.ഓലിക്കര പ്രസിഡണ്ടായി 9-1-1967-ൽ അധികാരത്തിൽ വന്നു. 15-8-1968 -ൽ പഞ്ചായത്താഫീസിൻെറ കെട്ടിടത്തിനു തറക്കല്ലിട്ടു. 2-10-69 -ൽ പുതിയ കെട്ടിടത്തിലെക്ക്ഓഫീസ് മാറ്റി സ്ഥാപിച്ചു.

29-9-1979 -ൽ മൂന്നാമത്തെ പഞ്ചായത്തു ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ ജേക്കബ് ജോസഫ് (പ്രസിഡണ്ട്) ശ്രീമതി മേരിക്കുട്ടി മത്തായി (വൈസ് പ്രസിഡണ്ട്) ശ്രീമാന്മാരായ വി. എൻ.

രാമൻ നായർ, കെ. കെ. തോമസ്, കെ. വി. ജോൺ, ജോയി ജോർജ്, ജേക്കബ് ജോസഫ് കണ്ടേട്മറ്റം, കെ. ടി. മാണി, റ്റി. കെ. ജ്ഞാനശിലൻ, എം. വി. മാത്യു, കെ. വി. ചെറിയാൻ എന്നിവർ മൂന്നാമത്തെ പഞ്ചായത്തുകമ്മിറ്റിയിൽ അംഗങ്ങളായിരുന്നു.

6-2-1988 -ലാണ് നാലാമതു പഞ്ചായത്തു കമ്മറ്റി അധാകാരത്തിൽ വന്നത്. ശ്രീ. ജേക്കബ് ജോസഫ് കൊണ്ടോടി വീണ്ടും പ്രസിഡണ്ടായി തെരെഞ്ഞടുക്കപ്പെട്ടു. ശ്രീ. എം.പി. മാത്യു വൈസ് പ്രസിഡണ്ടായും തെരെഞ്ഞെടുക്കപ്പെട്ടു. ശ്രീമാന്മാരായ വി.എൻ. രാമൻ നായർ, കെ. വി. ശശികുമാർ, വി.ഡി. മുരളീധരൻ, ജേക്കബ് തെക്കനാട്ട്, ജോയി ജോർജ്, ശ്രീമതി ത്രേസ്യമ്മ ജോസഫ്, ശ്രീ വി. ഐ. ജോൺ, ശ്രീ കെ. എൻ. നടരാജൻ, ശ്രീമതി മറിയാമ്മ വറുഗീസ് ശ്രീ കെ. വി. ചെറിയാൻ എന്നിവരാണ് ഈ കമ്മറ്റിയിൽ അംഗങ്ങളായിരുന്നത്.

1991-92 കാലഘട്ടത്തിൽ പഞ്ചായത്തു വക കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിഗ് സെൻെറർ നിർമ്മാണം ആരംഭിച്ചു. 1993- 94 വർഷത്തിൽ പിച്ചനാട്ടുകുളം ടി. വി. വിഷൻ ഹാൾ ഉദ്ഘാടനം ചെയതു. കാരയക്കാട്ടുകുന്നിൽ ഒരു സാംസ്ക്കരികനിലയം പണികഴിപ്പിക്കുന്നതിൻെറ പ്രാരംഭമായി ബ: മന്ത്രി ടി.കെ. രാമകൃഷണൻ ശിലാസഥാപനം നടത്തി. പണികൾ നടന്നു വരുന്നു.

വാകത്തനം പഞ്ചായത്തിൻെറ അഞ്ചാമതു ഭരണസമിതി അധികാരത്തിൽ വന്നത് 30-9-95ലാണ്. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ കെ. വി. ചെറിയാൻ കളപ്പുരയ്ക്കലും, വൈസ് പ്രസിഡണ്ട് ജേക്കബ് തെക്കനാട്ടും ആണ്. ശ്രീ കെ. എ. ശങ്കരൻനായരാണ് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ.

## നിലവിലുള്ള കമ്മറ്റിയംഗങ്ങൾ

ശ്രീ കെ.വി. ചെറിയാൻ *(പ്രസിഡണ്ട്)*

ശ്രീ ജേക്കബ് തെക്കനാട്ട് *(വൈസ് പ്രസിഡണ്ട്)*

ശ്രീ കെ. എ. ശങ്കരൻ നായർ *(സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാൻ)*

ശ്രീമതി. ആനിയമ്മ ജോൺ

ശ്രീമതി. സുധാമണി കുഞ്ഞൂഞ്ഞ്

ശ്രീമതി. സുശീലാ പ്രഭാകരൻ

ശ്രീമതി. മേരി ആൻഡ്രൂസ്

ശ്രീ. റ്റി. റ്റി. മാത്യു തോമസ്

ശ്രീ. ജോഷി ഫിലിപ്പ്

ശ്രീ. ഷാജൂ കുര്യൻ

ശ്രീ. നാരായണൻ ശങ്കരൻ

ശ്രീ. രാജു സഖറിയാ

നാല്പത്തിമൂന്നു വർഷം മുമ്പ് രൂപം കൊണ്ട വാകത്താനം പഞ്ചായത്ത് പ്രഗത്ഭരും പ്രശസ്തരുമായ പ്രസിഡണ്ടന്മാരുടെയും വൈസ്പ്രസിഡണ്ടന്മാരുടെയും നേതൃത്വത്തിൽ, സ്വന്തം വാർഡിൻെറ വികസനകാര്യങ്ങളിൽ ആത്മാർത്ഥത നൂറുശതമാനവും പുലർത്തിക്കൊണ്ട് നിലകൊണ്ട അംഗങ്ങളുടെ സഹകരണത്തോടുകൂടെ കാലഘട്ടത്തിന്നനുസരണമായി മുന്നേറി. വ്യവസായ സഥാപനങ്ങൾ എടുത്തുപറയത്തക്കതായി ഒന്നു പോലുമില്ലാത്ത ഈ പഞ്ചായത്തിന് വരുമാനം താരതമ്യേന കുറവാണ്. എങ്കിലും പരിമിതികൾക്കുള്ളിൽനിന്നു കൊണ്ട് വിജയകരമായി പ്രവർത്തിച്ചു എന്ന് കഴിഞ്ഞകാല ഭരണസമിതികൾക്ക് അവകാശപ്പെടാൻ കഴിയും. പഞ്ചായത്തിരാജ് നിയമം നടപ്പായതോടുകൂടെ വാകത്താനം പഞ്ചായത്തും മറ്റു പഞ്ചായത്തുകളോടൊപ്പം ഗ്രാമപ്പഞ്ചായത്തായി മറുകയാണുണ്ടായത്.

# സാമൂഹിക സാംസ്കാരിക ചരിത്രം



കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ പെട്ട പ്രകൃതിരമണീയവും ശാന്തസുന്ദരവുമായ ഒരു ഗ്രാമമാണ് വാകത്താനം. നവാഗതർക്ക് സർവ്വാത്മനാ ആനന്ദമരുളുന്ന സ്ഥാനമാകയാൽ ആഗസ്ഥാനം - ആഗതർക്ക് പറ്റിയ സ്ഥാനം - എന്നായിരുന്നു ഈ നാടിന്റെ പൂർവ്വനാമം. അതിന്റെ തത്ഭവമാണ് വാകത്താനം. പൂത്തുലഞ്ഞു മനം കവരുന്ന പൂ വാകയുടെ നാടാകയാൽ വാകസ്ഥാനമെന്നും പിന്നീട്അതു വാകത്താനമായി എന്നും പക്ഷമുണ്ട്.

## പ്രാചീനത

തെക്കുംകൂർ രാജാവിന്റെ രണത്തിലിരുന്ന ഈ നാട്ടുരാജ്യം കാലാന്തരത്തിൽ തിരുവിതാംകൂറിനോടു ചേർത്തു. ഉണ്ണുനീലി സന്ദേശകർത്താവ് സന്ദേശഹരന് മാർഗ്ഗനിർദ്ദേശം നല്കുന്ന പൂർവ്വ സന്ദേശത്തിൽ കാടിടത്തും വലത്തുമായി കിടക്കുന്ന ഭാഗത്തെ പരാമർശിക്കുന്നുണ്ട്. ആ ഭാഗം വാകത്താനത്തിന്റെ 5 വാർഡുകളെ സ്പർശിച്ചു കിടക്കുന്നു. ഇതേ കാവ്യത്തിൽ തന്നെ

'അഗ്രേ കാണാം തദനുമണികണ്ഠാഖ്യപൂർവ്വം പുരം തേ

തെക്കിൻ കൂറിനൊരു മണിവരും തത്രമേവും മുരാരീം' -

എന്നു തുടങ്ങുന്ന ശ്ലോകങ്ങളിൽ മണികണ്ഠപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തെക്കുറിച്ചാണ് വിവരിക്കുന്നത്. കൂടാതെ 12-ാം നൂറ്റാണ്ടിലുണ്ടായ തെക്കുംകൂർ രാജാവിന്റെ ചെപ്പേടിലും, മയൂര സന്ദേശം എന്ന സംസ്കൃത മഹാകാവ്യത്തിലും മണികണ്ഠപുരത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. തെക്കുംകൂർ രാജാവിന്റെ കൊട്ടാരക്കെട്ടുകളുടെ അവശിഷ്ടങ്ങൾ ക്ഷേത്രപരിസരങ്ങളിൽ കണ്ടവരുണ്ട്. ഉണ്ണുനീലി സന്ദേശത്തിലുള്ള 'ഗന്ധപുരനര സിംഹമൂർത്തേ തൊഴുന്നേൻ' എന്ന ഭാഗം കാടമുറി ശ്രീ നരസിംഹസ്വാമി ക്ഷേത്രത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതാണ്. ഇതേ കാലത്തു തന്നെ ഉണ്ടായതാണ് തോട്ടയ്ക്കാട് തുരുതി കാമൻ കാവ് ക്ഷേത്രം എന്നതിനും തെളിവുകളുണ്ട്. സാംസ്കാരികതയുടെ പ്രതീകങ്ങളായ ഈ ക്ഷേത്ര സങ്കേതങ്ങൾ തന്നെ കുറഞ്ഞത് 1500 വർഷത്തെ ചരിത്ര പാരമ്പര്യം വാകത്താനത്തിനുണ്ട് എന്നതിന്റെ ചൂണ്ടുപലകകളാണ്. വാകത്താനം ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിലെ ശിലാലിഖിതങ്ങളും തോട്ടയ്ക്കാട് ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രത്തിലെ രേഖകളും 'റാ'പ്പുഴ മുത്തനെക്കുറിച്ചുള്ള ഐതിഹ്യങ്ങളും നാടിന്റെ പ്രാചീനതയ്ക്കുള്ള തെളിവുകളാണ്. തെക്കുംകൂർ രാജാവിന്റെ ആജ്ഞാനുവർത്തികളും രാജ്യഭക്തരുമായ ഇടരാജാക്കന്മാരിൽ കൊല്ലുംകൊലയും നടത്തിയിരുന്നത് നന്തികാട്ടു പണിക്കർമാർ (എടത്തിൽ) ആയിരുന്നു. രാജാവിന്റെ ആയുധപ്പുര സൂക്ഷിപ്പുകാരായ നന്തികാട്ടുകാരുടെ അകത്തറയിലെ പൂജാമുറിയിൽ സൂക്ഷിച്ചുവരുന്ന രാജാക്കന്മാരുടെ കാലത്തുണ്ടായിരുന്ന പഴയ വാളും കുറ്റവാളികളെ തൂക്കിലേറ്റിയിരുന്ന ഞാലിയാകുഴിയും തൊട്ടടുത്തായി കുറ്റവാളികളെ തുറുങ്കിലിട്ടിരുന്ന ഗുഹയും (ഇന്നത്തെ മുള്ളനള ഭാഗത്ത് മെയിൻ റോഡിനു കുറുകെകാണുന്ന ഗുഹ) അതിനടുത്തു



മണികണ്ഠപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, വാകത്താനം



സെൻറ് ജോൺസ് വലിയപള്ളി,
വാകത്താനം



സെൻറ് ജോർജ് കത്തോലിക്കാപ്പള്ളി, തോട്ടയ്ക്കാട്



പഞ്ചദേശാധിപധി കാടമുറി ശ്രീ
നരസിംഹസ്വാമി ക്ഷേത്രം, കാടമുറി

കാടുപിടിച്ചു കിടന്നിരുന്ന ചുടുകാടും പഴയ കോട്ട യുടെ ഭാഗങ്ങളും ഈ നാടിൻെറ പ്രാചീനതയെ കാണിക്കുന്നവയാണ്. സമ്പത്ത്ക്കര (ചമ്പക്കര) പാലമറ്റം പ്രദേശങ്ങളിലെ പ്രാചീന കുടുംബക്കാരുടെ ജന്മം വാകത്താനത്താണ്. അവിടെഒരു പശു പ്രസവിച്ചാൽ ശുദ്ധമായ ആദ്യത്തെ നാഴിപ്പാൽ ദേശാധിപനായ ശ്രീ മണികണ്ഠപുരത്തു ദേവന് നിവേദിക്കുന്ന പതിവ് ഇന്നും തുടർന്നു പോരുന്നു.

## മഹത്വം

മലങ്കര ഓർത്തോഡക്സ് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര സഭയുടെ ദ്വിതീയ കാതോലിക്കയുമായിരുന്ന പരിശുദ്ധ ബസേലിയോസ് ഗീവറുഗ്ഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന വള്ളിക്കാടു ദയറയും വിശുദ്ധ ചാവറയച്ചൻെറ മാതൃകുടുംബമായ ചോതിരക്കുന്നേൽ ഭവനവും ഭാരതകേസരി ശ്രീമന്നത്തു പത്മനാഭൻെറ പിതാവ് മാന്യശ്രീ ഈശ്വരൻ നമ്പൂതിരിക്കു ജന്മം നല്കിയകിഴക്കേ നീലമനയും ഈ നാട്ടിലാണ്. ഭാരത സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരസേനാനികളുടെ ഭവനങ്ങളും പ്രസിദ്ധ സാഹിത്യകാരനായ ഐ.സി. ചാക്കോ അവർകളുടെ കുടുംബവും വാകത്താനത്തുണ്ട്.

## ഭൂപ്രകൃതി

ചിരപുരാതനമായ മൂന്നു മഹാക്ഷേത്രങ്ങളുടെ - മണികണ്ഠപുരം, കാടമുറി, തോട്ടയ്ക്കാട്- വകയായിരുന്ന നിരവധി കുന്നുകളുടെയും പുഴകളുടേയും, പാടങ്ങളുടേയും, കുളങ്ങളുടേയും, സമതലങ്ങളുടേയും സമുച്ചയമാണ് ഈ നാട്. മുളകുന്ന്, മരോട്ടിക്കുന്ന്, വെള്ളുകുന്ന്, മുടിത്താനം കുന്ന്, കാരക്കാട്ടുകുന്ന്, തട്ടിൻപുറത്തു കുന്ന്, ഉപ്പൻ കുന്ന്, പേരുകുന്ന്, ജറുസലേംകുന്ന്, താന്നിക്കുന്ന്, വെട്ടിക്കുന്ന്, മാലക്കുന്ന്, പള്ളിക്കുന്ന് എന്നീ കുന്നുകളും സിംഹവനത്തിന് (ചിങ്ങവനം) തൊട്ടു കിഴക്കായി കടുവാക്കുഴി വള്ളിക്കാട്, പുല്ലുകാട്, തോട്ടയ്ക്കാട്, വെള്ളത്തടം, പന്നിത്തടം, ഇരവുചിറ, ചക്കൻചിറ, തേവരുചിറ, പാലക്കോട്ടു ചിറ, ഉണ്ണാമറ്റം, പാലമറ്റം, കൂരമറ്റം, രാജമറ്റം, കണ്ടാമറ്റം, തണുങ്ങുംപതിഎന്നീ പ്രദേശങ്ങളും നല്കുന്ന ശാദ്വലഭംഗി വർണ്ണനാതീതമാണ്. തോട്ടയ്ക്കാട് വാകത്താനംഎന്നീ രണ്ടു വില്ലേജുകളിലായിട്ടാണ് ഈ പ്രദേശങ്ങൾ കിടക്കുന്നത്.

രാജവാഴ്ചക്കാലത്ത് നമ്മുടെ ഗ്രാമം പുതുപ്പള്ളി പകുതിയിൽ ഉൾപ്പെട്ടതായിരുന്നു.എന്നാൽ അതിൻെറ പകുതി കച്ചേരി വാകത്താനം മണികണ്ഠപുരം ക്ഷേത്രത്തിനടുത്തുള്ളഇന്നത്തെ വില്ലേജാഫീസായിരുന്നു, അന്നത്തെ പുതുപ്പള്ളി പ്രവർത്തികച്ചേരി.

## സ്ഥാനം

കിഴക്ക് മാടപ്പള്ളി, കറുകച്ചാൽ പഞ്ചായത്തുകളും, തെക്ക് - മാടപ്പള്ളി വാഴപ്പള്ളി പഞ്ചായത്തുകളും, പടിഞ്ഞാറ് - കുറിച്ചി, പനച്ചിക്കാടു പഞ്ചായത്തുകളും, വടക്ക് - പുതുപ്പള്ളി, മീനടം പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തുകളുടെ ഇടയ്ക്ക് വാകത്താനം തോട്ടയ്ക്കാട് എന്നീ കരകളും കാടമുറി, പരിയാരം, തൃക്കോതമംഗലംഎന്നീ പ്രദേശങ്ങളും ചേർന്ന 12 വാർഡുകളിലായി 26.48 സ്ക്വയർ കിലോമീറ്റർ വിസ്താരത്തിൽ വാകത്താനം ഗ്രാമപഞ്ചായത്ത് എന്ന പേരിൽ ഈ നാട് പരന്നു കിടക്കുന്നു. ഇതിൻെറ തലസ്ഥാനമായ ഞാലിയാകുഴിയിൽ നിന്നും കോട്ടയം പട്ടണത്തിലേക്ക് 14 കിലോമീറ്ററും ചങ്ങനാശ്ശേരി പട്ടണത്തിലേക്ക് 11 കിലോമീറ്ററും ചിങ്ങവനത്തിന് 6 കിലോമീറ്ററും കറുകച്ചാലിന് 10 കിലോമീറ്ററും ദൂരം ഉണ്ട്.

## ജനസാന്ദ്രത

ഇടത്തരക്കാരും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ ധനാഢ്യന്മാരുടെ എണ്ണവും കുറവല്ല. 1991 ലെ സെൻസസ്സിൻ പ്രകാരം 15559 പുരുഷന്മാരും 15663 സ്ത്രീകളും അടക്കം ആകെ ജനസംഖ്യ 31222 ആണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 870 പുരുഷന്മാരും 902 സ്ത്രീകളും പട്ടികവർഗ്ഗത്തിൽ പെട്ട 72 പുരുഷന്മാരും 73 സ്ത്രീകളും ഉൾപ്പെടുന്നു.

## ജനങ്ങൾ

ഹൈന്ദവ ക്രൈസ്തവ മുഹമ്മദീയ മതവിശ്വാസികൾ ഇന്നാട്ടിൽ ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുന്നു. മതത്തിൻെറ പേരിൽ



സെൻറ് മാത്യൂസ് ക്നാനായ
കാത്തലിക് ചർച്ച്, ഞാലിയാകുഴി



സെൻറ് സൈമൺസ് ചർച്ച്, പുതുശ്ശേരി



പി.ആർ.ഡി.എസ്. ദേവാലയം, പാണ്ടൻചിറ, വാകത്താനം



വള്ളിക്കാട്ടു ദയറ, വാകത്താനം

കലഹമോ സ്പർദ്ധയോ ഇന്നാട്ടിലില്ല. ഈശ്വരവിശ്വാസികളും മതഭക്തരും മറ്റുള്ളവരും സഹവർത്തിത്വത്തോടെ ജീവിക്കുന്നു.

## തൊഴിൽ

കൃഷിയാണ് പ്രധാന തൊഴിൽമേഖല. സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും അന്യസംസ്ഥാനങ്ങളിലും വിദേശ രാഷ്ട്രങ്ങളിലും ജോലിചെയ്യുന്നവർ മിക്ക വീടുകളിലുമുണ്ട്. കച്ചവടം, ചെറുകിട വ്യവസായം, ബാങ്ക്, കോൺട്രാക്റ്റു പണികൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും ദുർലഭമല്ല.

സമീപപ്രദേശങ്ങളെ അപേക്ഷിച്ച് കൃഷി ആദ്യമായി ആരംഭിച്ചത് വാകത്താനത്താണ്. കാടു വെട്ടിത്തെളിച്ച് കരിമ്പും, ചാമയും, വരകും, പഞ്ഞപ്പുല്ലും, മുതിരയുമാണ് ആദ്യകാലത്തു തുടങ്ങിയ കൃഷികൾ. വാകത്താനത്തെ മാതൃകാപരമായ കരിമ്പിൻ കൃഷിയെക്കുറിച്ച് ചരിത്രകാരനായ കൊച്ചീപ്പൻ തരകൻ ഭാഷാപോഷിണിയിലെ ഒരു ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മലഞ്ചരക്കും കരിമ്പുല്പന്നങ്ങളും കപ്പയും വലിയ കെട്ടുവള്ളങ്ങളിലും പത്തേമാരികളിലും കയറ്റി അന്യനാടുകളിലേക്ക് ഇവിടെ നിന്നുംകൊണ്ടു പോയിരുന്ന സേട്ടുമാരെക്കുറിച്ചും പരാമർശനങ്ങളുണ്ട്. വേമ്പനാട്ടുകായലുമായി ബന്ധപ്പെട്ടു കിടക്കുന്ന മീനച്ചിലാറിന്റെ ശാഖകൾ വലിയവലിയ വഞ്ചികൾ നിർബാധം സഞ്ചരിച്ചെത്താവുന്ന തരത്തിൽ വിശാലമായ ജലാശയങ്ങളായി ഈ നാടിന്റെ വടക്കും പടിഞ്ഞാറുമായി കിടന്നിരുന്നു. അന്യനാട്ടിൽനിന്നും ചാരവും, ചാണകവുമായി ഇവിടെയെത്തിയിരുന്ന ഈ നൗകകൾ ഇവിടത്തെ കാർഷികോല്പന്നങ്ങളുമായി മടങ്ങിപ്പോകും. നല്ലൂർകടവിലും മടത്തിറമ്പിൽ കടവിലും, പരവൻകടവിലും, കണിയാൻകടവിലും, പുതുശേരി കടവിലും, ആറ്റു പുറത്തു കടവിലും, മാളികക്കടവിലും, വെട്ടിക്കലിങ്കിലും ഈ നൗകകൾ താവളമടിച്ചിരുന്നു.അന്നത്തെ കുടുംബത്തലവന്മാർക്കെല്ലാം സ്വന്തം വള്ളങ്ങളും വള്ളപ്പുരകളും ഉണ്ടായിരുന്നെന്ന് പ്രാചീനകുടുംബങ്ങളുടെ തട്ടിൻപുറത്തു കാണുന്ന വള്ളങ്ങളുടേയും പരിസരങ്ങളിൽ കാണുന്ന വള്ളപ്പുരകളുടെയും അവശിഷ്ടങ്ങൾ തെളിയിക്കുന്നു. ശങ്കുണ്ണിമേനോന്റെ ഉടമസ്ഥതയിലുള്ള സ്വരാജ് വണ്ടി എത്തുന്നതിനു മുൻപ് ജലയാത്രയ്ക്കായിരുന്നു പ്രാമുഖ്യം. യാത്രയ്ക്കായി അന്ന് വളവര വള്ളങ്ങളും ചുണ്ടൻവള്ളങ്ങളും ഉപയോഗിച്ചു പോന്നു. കരപ്രദേശങ്ങളിൽ കാളവണ്ടിയും വില്ലുവണ്ടിയും, റിക്ഷാവണ്ടിയും യാത്രയ്ക്കായി ഉപയോഗിച്ചിരുന്നു. മുതലകയറികിടന്ന സ്ഥലങ്ങൾ (മുതലകേരി) വരെ ഈ നാടിന്റെ ഭാഗമാണ് ഇന്നും.

## വിളകൾ

തെങ്ങ്, കരിമ്പ്, നെല്ല്, കപ്പ, പയർ, തുവര, വാഴ, വരക്, ചാമ, പഞ്ഞപ്പുല്ല്, കമുക്, കുരുമുളക്, ചേന, ചേമ്പ്, കാച്ചിൽ എന്നിവയായിരുന്നു ആദ്യകാല കൃഷികൾ. പിന്നീട്കൊക്കോ, റബ്ബർ, പച്ചക്കറി എന്നിവ കൃഷിയിടങ്ങളിൽ നിരന്നതിനോടൊപ്പം കരിമ്പും കരിമ്പാട്ടുന്ന ചക്കുകളും അപ്രത്യക്ഷമായി. ക്രമേണ പഞ്ഞപ്പുല്ലും ചാമയും, വരകും ഈനാടിന് അന്യമായി. ഇന്ന് കപ്പകൃഷിയും ദുർല്ലഭമാണ്. വാകത്താനം വരിക്കച്ചക്ക ചരിത്രപ്രസിദ്ധമാണ്. റബ്ബർ, തെങ്ങ്, പച്ചക്കറി, വെറ്റിലകൃഷി എന്നിവയിൽ മാത്രമേ കർഷകർ ഇന്ന് ശ്രദ്ധിക്കുന്നുള്ളു. 650 വർഷമായി കൃഷി നടന്നു പോന്നിരുന്നതിനാൽ അന്തരീക്ഷ മലിനീകരണം ഈ നാടിന് ഒരു പ്രശ്നമല്ല. കൂടുതൽ ഭാഗവും ചരൽ ഭൂമിയാണ്.

കർഷകരോടൊപ്പം കർഷകതൊഴിലാളികളും മറ്റു തൊഴിലെടുക്കുന്നവരുമായ ജനവിഭാഗങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തുള്ള എല്ലാ വാർഡുകളിലും സമാധാനപരമായി ജീവിക്കുന്നു. പൊതു ആവശ്യങ്ങൾക്കും പൊതു കാര്യങ്ങൾക്കും ഇന്നാട്ടിലെ എല്ലാവരോടും സമന്വയ സ്വഭാവവും പെരുമാറ്റവും ഉള്ളവരാണ് ഇവിടുത്തെ തൊഴിലാളികൾ. രാജ്യത്ത് ആകെയുണ്ടായിട്ടുള്ള അവകാശ സമരങ്ങളിലും പ്രക്ഷോഭങ്ങളിലും എന്നതുപോലെ ഇന്നാട്ടിലും കൂലിക്കും ജോലിസ്ഥിരതക്കും വേണ്ടിയുള്ള പ്രക്ഷോഭണ സമരങ്ങൾ സംഘടിപ്പിച്ച് തൊഴിലാളി വർഗ്ഗം അവരുടെ ജീവിതത്തിന് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. തൊഴിലാളികൾ എല്ലാവരോടും ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കുന്നവരാകുന്നു.



തൃക്കോതമംഗലം വൈഷ്ണവ ക്ഷേത്രം



സെൻറ് ആദായിസ് ചർച്ച്, നാലുന്നാക്കൽ, വാകത്താനം



വില്ലേജ് ആഫീസ്, വാകത്താനം



സെൻറ് ജയിംസ് സി.എസ്.ഐ. ചർച്ച്, കാടമുറി

## ആരാധനാലയങ്ങൾ

തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള മേജർ ക്ഷേത്രമാണ് മണികണ്ഠപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഇതിൻെറ കീഴിലുള്ളതും അല്ലാത്തതുമായ 13 ഹൈന്ദവക്ഷേത്രങ്ങളും 6 ശ്രീനാരായണഗുരു മന്ദിരങ്ങളും 3 വിശ്വകർമ്മ ക്ഷേത്രങ്ങളും 2 P.R.D.S ദേവാലയങ്ങളും വാകത്താനത്തുണ്ട്.

400 വർഷങ്ങൾക്കു മുമ്പ് ക്രിസ്തുമത വിശ്വാസികൾ വാകത്താനത്ത് കുടിയേറിപ്പാർത്തു. പള്ളിക്കുന്നിൻെറ (വാകത്താനം വലിയ പള്ളി ഇരിക്കുന്ന സ്ഥലം) മുകൾപരപ്പിൽ ഒരു ആരാധനാലയം സ്ഥാപിച്ചിരുന്നു. പിന്നീട് വിവിധ സഭാ വിഭാഗങ്ങൾ ഇവിടെയെത്തി സഭാ പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടു. ആ കൂട്ടത്തിൽ എ. ഡി. 1803 - ൽ തോട്ടയ്ക്കാട് സെൻറ്ജോർജ്ജ് കത്തോലിക്കാ പള്ളിക്കും. കൊല്ലവർഷം 1023-ാം മാണ്ട് ധനുമാസം 20-ാം തീയതി വാകത്താനം വലിയ പള്ളിക്കും എ. ഡി. 1885 വാകത്താനം സി. എസ്. ഐ. പള്ളിക്കും തറക്കല്ലിട്ടു. ഇവയ്ക്കുള്ള അനുവാദവും സ്ഥലവും സഹായവും നല്കിയത് ഇന്നാട്ടിലുണ്ടായിരുന്ന സന്മനസ്സുള്ള ഹിന്ദുക്കളും ഭരണാധികാരികളും ആയിരുന്നു. ഇവ പടർന്നു പന്തലിച്ച് വിവിധ സഭകളുടെ 54 ക്രിസ്ത്യൻ ദേവാലയങ്ങളും 2 ദയറാകളും 5 കോൺവെൻറുകളും ഇവിടെയുണ്ട്. ഇങ്ങനെ ആത്മശാന്തി നല്കിക്കൊണ്ട് നാടിൻെറ ഐശ്വര്യത്തിനു നിദാനമായി സ്ഥിതി ചെയ്യുന്ന 80 ആരാധനാലയങ്ങൾ വാകത്താനത്തുണ്ട്.

## ഹൈന്ദവക്ഷേത്രങ്ങൾ

വാർഡ്

1. ശിവക്ഷേത്രം തൃക്കോതമംഗലം .................. 1
2. വിശ്വകർമ്മ വൈഷ്ണവ ക്ഷേത്രം തൃക്കോതമംഗലം .................. 1
3. ശ്രീ ധർമ്മശാസ്താ ക്ഷേത്രം തൃക്കോതമംഗലം .................. 1
4. പഞ്ചദേശാധിപതി ശ്രീ നരസിംഹസ്വാമി ക്ഷേത്രം കാടമുറി .................. 2
5. തൃക്കയിൽ ശ്രീ കൃഷ്ണസ്വാമി ക്ഷേത്രം ചെത്തിക്കുളം .................. 3
6. ശ്രീ ഭഗവതി ക്ഷേത്രം പേരുക്കുന്നേൽ ...... 3
7. ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രം തോട്ടയ്ക്കാട് .................. 4
8. നെട്ടൂർകാവ് ശ്രീ ഭഗവതി ക്ഷേത്രം തോട്ടയ്ക്കാട് .................. 4
9. കുരുതികാമൻകാവ് ഭഗവതി ക്ഷേത്രം തോട്ടയ്ക്കാട് .................. 4
10. വിശ്വകർമ്മ ക്ഷേത്രം താനാകുളം .................. 7
11. ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം വാകത്താനം .................. 8
12. പനയ്ക്കൽ കാവ് ദേവീക്ഷേത്രം കാവികുന്നേൽ .................. 8
13. ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം മണികണ്ഠപുരം .................. 8
14. ശ്രീ വിശ്വകർമ്മ ക്ഷേത്രം വെള്ളത്തടം ... 10
15. ശ്രീവിരാട് വിശ്വകർമ്മ ക്ഷേത്രം വെള്ളത്തടം .................. 10
16. ശ്രീ ധർമ്മ ശാസ്താവ് ക്ഷേത്രം റാപ്പുഴ .................. 11
17. P.R.D.S ദേവാലയം പുളിക്കൽ പടവ് .......... 3
18. P.R.D.S. ദേവാലയം പാണ്ടൻചിറ .................. 2

## SNDP ഗുരുമന്ദിരം

1. തൃക്കോതമംഗലം SNDP
2. പാണക്കുന്ന് SNDP
3. പരിയാരം SNDP
4. തോട്ടയ്ക്കാട് SNDP
5. നെടുമറ്റം SNDP
6. വാകത്താനം SNDP

## NSS കരയോഗം

1. NSS തൃക്കോതമംഗലം
2. NSS കാടമുറി



എസ്. എൻ. ഡി. പി. ഗുരുമന്ദിരം,
ഞാലിയാകുഴി



ഐ.പി.സി. ഇബനേസർ ഹാൾ,
വാകത്താനം



എൻ.എസ്.എസ്. കരയോഗ മന്ദിരം,
വാകത്താനം



വിശ്വകർമ്മ ക്ഷേത്രം, വാകത്താനം

3. NSS പരിയാരം
4. NSS തോട്ടയ്ക്കാട് (കുരുതികാമൻ കാവ്)
5. NSS തോട്ടയ്ക്കാട് (RK പടി)
6. NSS വാകത്താനം
1. അഖിലകേരള ഹിന്ദു സാമ്പവ മഹാസഭ മന്ദിരം - മണികണ്ഠപുരം

## ക്രിസ്റ്റ്യൻ ദേവാലയങ്ങൾ


1. സി. എസ്. ഐ. ചർച്ച് തൃക്കോതമംഗലം ........ 1
2. സെൻറ് ജയിംസ് ചർച്ച് തൃക്കോതമംഗലം ........ 1
3. ഓർത്തഡോക്സ് ചർച്ച് തൃക്കോതമംഗലം ........ 1
4. സെൻറ് മേരീസ് ദയറ ചർച്ച് തൃക്കോതമംഗലം ........ 2
5. സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച് പരിയാരം ........ 2
6. സെൻറ് ജോർജ് കാതലിക് ചർച്ച് തോട്ടയ്ക്കാട് ........ 4
7. സെൻറ് മേരീസ് യാക്കോബായ് ചർച്ച് തോട്ടയ്ക്കാട് ........ 4
8. താബോർ മാർത്തോമ്മാ ചർച്ച് തണുങ്ങും പതിക്കൽ ........ 4
9. തിരുഹൃദയദേവാലയം രാജമറ്റം ........ 5
10. സി.എസ്.ഐ. പള്ളി എഴുവന്താനം ........ 5
11. സെൻറ് മേരീസ് കാതലിക് ചർച്ച് ഇരവുചിറ ........ 6
12. സെൻറ് സൈമൺസ് ചർച്ച് പുതുശ്ശേരി ........ 7
13. സെൻറ് മാത്യൂസ് ചർച്ച് ഞാലിയാകുഴി ........ 7
14. സെൻറ് ജയിംസ് സി. എസ്. ഐ. ചർച്ച് കാടമുറി ........ 7
15. ബസേലിയോസ് ദയറ ചർച്ച് തട്ടിൻപുറം ........ 8
16. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്; ഞാലിയാകുഴി ........ 8
17. സെൻറ് ഇഗ്നാത്തിയോസ് ചർച്ച് ഞാലിയാകുഴി ........ 8
18. ഇമ്മാനുവൽ മാർത്തോമ്മാ ചർച്ച് വാകത്താനം ........ 9
19. സെൻറ് ജോർജ് ഓർത്തഡോക്സ് ചർച്ച്; പുത്തൻചന്ത ........ 10
20. വള്ളിക്കാട്ടുദയറ ........ 10
21. സെൻറ് ജോൺസ് ചർച്ച് (വലിയപള്ളി) വാകത്താനം ........ 10
22. സെൻറ്മേരീസ് ഓർത്തഡോക്സ് ചർച്ച് വാകത്താനം ........ 10
23. സെൻറ് ആദായീസ് യാക്കോബായ ചർച്ച് നാലുന്നാക്കൽ ........ 11
24. സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് പുത്തൻചന്ത ........ 11
25. സെൻറ് പോൾസ് മിഷ്യൻ ചർച്ച് പുത്തൻചന്ത ........ 11
26. മാർഗ്രീഗോറിയോസ് ഓർത്തഡോക്സ് സെൻറർ പുത്തൻചന്ത ........ 11
27. സെൻറ് പോൾസ് സി.എസ്.ഐ. ചർച്ച് കണ്ണൻചിറ ........ 12
28. സെൻറ് ഏലിയാസ് ചർച്ച് ചാപ്പൽ നാലുന്നാക്കൽ ........ 12
29. സെൻറ് ജോർജ് ഓർത്തഡോക്സ് ചർച്ച് വെട്ടിക്കുന്നേൽ ........ 12
30. സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച്; പൊങ്ങന്താനം ........ 12
31. സെൻറ് മേരീസ് മലങ്കര കത്തോലിക്കാ ചർച്ച് കണ്ണൻചിറ ........ 12
32. ഇവാഞ്ചലിക്കൽ ചർച്ച് പുല്ലുകാട്ടുപടി ........ 12

## സാൽവേഷൻ ആർമി ദേവാലയങ്ങൾ


1. സാൽവേഷൻ ആർമി ചർച്ച് തൃക്കോതമംഗലം ........ 1
2. സാൽവേഷൻ ആർമി ചർച്ച് കാടമുറി ........ 2
3. സാൽവേഷൻ ആർമി ചർച്ച് പരിയാരം ........ 3
4. സാൽവേഷൻ ആർമി ചർച്ച് പുത്തൻചന്ത ........ 10


## പെന്തക്കോസ്തു ദേവാലയം


1. ദി പെന്തക്കോസ്തു മിഷൻ ദേവാലയം തേവരു ചിറ ........ 2
2. IPC ശാലേം പ്രാർത്ഥനാ ഹാൾ എഴുവന്താനം ........ 5
3. ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് വാകത്താനം ........ 6
4. IPC ശാലേം പ്രാർത്ഥനാ ഹാൾ ഞാലിയാകുഴി ........ 7
5. IPC പ്രാർത്ഥനാലയം ........ 7
6. പെന്തക്കോസ്തു പ്രാർത്ഥനാലയം ........ 7
7. യഹോവസാക്ഷി പ്രാർത്ഥനാലയം ........ 8
8. ടാബർനാക്കിൾ പ്രാർത്ഥനാലയം ........ 8
9. ICF പ്രാർത്ഥനാലയം ........ 9
10. ഇൻഡ്യ ഫിലോൻഫിയ ചർച്ച് ........ 9
11. ചർച്ച് ഓഫ് ഗോഡ് പ്രാർത്ഥനാലയം ........ 9
12. ബ്രദറൺ പ്രാർത്ഥനാലയം ........ 9
13. ബാപ്റ്റിസ്റ്റ് സഭാഹാൾ; വാകത്താനം ........ 10
14. PFI പ്രാർത്ഥനാലയം ........ 10
15. ദ പെന്തക്കോസ്തു പ്രാർത്ഥനാലയം ........ 11
16. ദ പെന്തക്കോസ്തു ദേവാലയം ........ 11
17. ദ ചർച്ച ഓഫ് ഗോഡ് പ്രാർത്ഥനാലയം 12
18. IPC പ്രാർത്ഥനാലയം പുല്ലുകാട്ടുപടി ........ 10
19. വേൾഡ് ക്രിസ്ത്യൻ പെന്തക്കൊസ്തു ചർച്ച്; വെള്ളത്തടം ........ 10
20. തിരുകൊച്ചി ആഗ്ലിക്കൻ ചർച്ച് കൂവക്കട ........ 8


## വിദ്യാഭ്യാസ മണ്ഡലം

മൂന്നു തലമുറ മുമ്പ് ഉദിക്കൽ ഭാഗത്തുണ്ടായ ഒരു കുടിപ്പള്ളിക്കൂടത്തോടെയാണ് ഇന്നാട്ടിലെ സരസ്വതീ ക്ഷേത്രങ്ങളുടെ പ്രവർത്തനം ഗണപതിക്കു കുറിച്ചത്. ഇന്ന് നല്ലനിലവാരം പുലർത്തി വരുന്ന 29 അംഗൻവാടികളും 5 നേഴ്സറികളും 18 എൽ. പി. സ്കൂളുകളും 6 യു. പി. സ്കൂളുകളും കൂടാതെ തൃക്കോതമംഗലം ഗവ. ഹയർസെക്കൻഡറി സ്കൂൾ, വാകത്താനം ജറുസലേം മൗണ്ട് ഹൈസ്കൂൾ, തോട്ടയ്ക്കാട് ഗവ. ഹൈസ്ക്കൂൾ, വാകത്താനം മാർ ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ എന്നിവയും, മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിൽ തോട്ടയ്കകാട്ടു സ്ഥാപിച്ചിരിക്കുന്ന ഒരു ബി. എഡ്. സെൻററും ഈ നാടിൻെറ വൈജ്ഞാനിക മണ്ഡലത്തിൻെറ ദീപ്തി പരത്തുന്നു.

## സാംസ്കാരിക രംഗം

ആരാധനാലയങ്ങളും വിദ്യാലയങ്ങളും കൂടാതെ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകളും വായനശാലകളും ഇന്നാട്ടിൽ ധാരാളമുണ്ട്. അവയിൽ ഏറ്റവും പഴക്കമുള്ളത് ഞാലിയാകുഴിയിൽ പ്രവർത്തിക്കുന്ന പ്രോഗ്രസ്സീവ് ക്ലബ്ബും ലൈബ്രറിയുമാണ്. 11 ക്ലബ്ബുകളും 10 ലൈബ്രറികളും ഇന്നാടിൻെറ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നു.

## വ്യവസായം

വ്യവസായ സാധ്യതകൾ ധാരാളമുള്ള നാടാണെങ്കിലും വൻകിട വ്യവസായങ്ങളൊന്നും ഇവിടില്ല. 126 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു.

## ബാങ്കുകളും മറ്റു സ്വകാര്യ ഗവൺമെൻറു സ്ഥാപനങ്ങളും

ഷെഡ്യൂൾഡ് ദേശസൽകൃത ബാങ്കുകൾ 2 എണ്ണം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകരണ മേഖലയിൽ 3-ഉം അവയുടെ 4 ബ്രാഞ്ചുകളും ഉണ്ട്. ഇതിനുപരിയായി 15സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ വാകത്താനത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

രണ്ടു വില്ലേജ് ഓഫീസുകൾ, രണ്ടു പോസ്റ്റാഫീസുകൾ, അവയുടെ 6 ബ്രാഞ്ചുകൾ, റബ്ബർ ബോർഡ്, ടെലികോം, ടെലിഗ്രാഫ് തുടങ്ങിയ കേന്ദ്രഗവൺമെൻറ് ഓഫീസുകൾ, ഒരു ഇലക്ട്രിസിറ്റി ഓഫീസ്, ഒരു കൃഷിഭവൻ, രണ്ടു ഗ്രാമവികസന ഓഫീസുകൾ, സർക്കിൾ ഇൻസ്പെക്ടറുടെയും, സബ് ഇൻസ്പെക്ടറുടെയും കീഴിലുള്ള ഓരോ പോലീസ് സ്റ്റേഷനുകൾ എന്നിവ കൂടാതെ ആരോഗ്യപരിപാലനത്തിന് ഒരു മെയിൻ പ്രൈമറി ഹെൽത്ത് സെൻററും 4 സബ് സെൻററുകളും 15 സ്വകാര്യ ചികിത്സാലയങ്ങളും ഒരു മൃഗാശുപത്രിയും നമ്മുടെ നാട്ടിലുണ്ട്. ട്രഷറി, ആയുർവേദ ആശുപത്രി എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പഞ്ചായത്തു വക രണ്ടു മാർക്കറ്റുകളും ഒരു സ്വകാര്യ മാർക്കറ്റും ഇവിടെയുണ്ട്. ജെറുസലേം മൗണ്ടിലും എഴുവന്താനത്തും പഞ്ചായത്തു വക ശ്മശാനങ്ങളും ഉണ്ട്.

ചക്കൻചിറ, പിച്ചനാട്ടുകുളം, പാണ്ടൻചിറ, പൊങ്ങന്താനം (ലക്ഷംവീട്) പൊങ്ങന്താനം ശാന്തിനഗർ എഴുവന്താനം, ചൊരിക്കൻപാറ, ലക്ഷംവീടു കോളനി എന്നിവിടങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഓരോ കോളനികളും ഉണ്ട്.

വാകത്താനം പഞ്ചായത്തിൻെറ ഉന്നതമായ ഈ ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ധന്യമായൊരു ഭാവിയെ കെട്ടിപ്പടുക്കുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നമ്മൾക്കു തുടക്കം കുറിക്കാം.

ഠൽ

# ഭൂപ്രകൃതി ജനപ്രകൃതി ജൈവവൈവിദ്ധ്യം ജലപ്രകൃതി



## ഭൂപ്രകൃതി

കൈരളിയുടെ ഇടനാട് ഭൂപ്രദേശത്തിൽ ഉൾപ്പെടുന്ന കോട്ടയം ജില്ലയുടെ ആസ്ഥാനമായ കോട്ടയം പട്ടണത്തിൽ നിന്നുംഏകദേശം 14 കി. മീ. തെക്കുകിഴക്കായി കുന്നുകളും കുന്നിൻചരിവുകളും പാടശേഖരങ്ങളുമായി വ്യാപിച്ചു കിടക്കുന്ന ശാന്തസുന്ദരമായ ഒരുകൊച്ചു ഗ്രാമമാണ് വാകത്താനം. (കാർഷികവിളകൾ കൊണ്ട് സമ്പന്നമായ ഈ ഗ്രാമം അക്ഷരാർത്ഥത്തിൽ തന്നെ ഗ്രാമത്തിൻെറ നാമോത്പത്തിയെക്കുറിച്ച് പേരിൽതന്നെ സൂചിപ്പിക്കുന്നു.)

ചരിത്രതാളുകളിൽ സ്ഥാനം പിടിച്ചിട്ടുള്ള സ്ഥലനാമങ്ങളും (മണികണ്ഠപുരം, കാടമുറി, പന്നിക്കോട്) പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങളും ഈ പ്രദേശത്തിൻെറ പൗരാണികതയിൽ പൊൻതൂവലുകൾ ചാർത്തുന്നു.

തിരുവിതാംകൂറിലെ പഴയ നാട്ടുരാജാക്കന്മാർക്ക് യുദ്ധകാലങ്ങളിൽ അഭയം നൽകിയിട്ടുള്ള "മലങ്കോട്ട" തുടങ്ങിയ ഗുഹാമുഖങ്ങളും ഈ പ്രദേശത്തിൻെറ പെരുമ വർദ്ധിപ്പിച്ചിരിക്കുന്നു.ഉപരി നാടൻകളികളിൽ പ്രമുഖസ്ഥാനം ഉള്ളതും ഇന്നു സർക്കാർ തലത്തിൽ പ്രോത്സാഹനം ആവശ്യമായി വന്നിരിക്കുന്നതുമായ നാടൻ പന്തുകളിയുടെ ഈറ്റില്ലവും മറ്റെങ്ങുമല്ല: ഈ ഭൂപ്രദേശം തന്നെ.

പടിഞ്ഞാറ് ഇടത്തറകടവു മുതൽ വെട്ടിക്കവല വരെയും, തെക്ക് മാടത്താനി മുതൽ തണുങ്ങുംപതി വരെയും വടക്ക് തണുങ്ങുംപതി മുതൽ വെട്ടിക്കവല വരെയും തോട്ടയ്ക്കാട്, വാകത്താനം എന്നീ രണ്ടു വില്ലേജുകൾ ഉൾപ്പെട്ട ഈ ഗ്രാമം ഏകദേശം 26.48 ച: കി. മീറ്ററിൽ വ്യാപിച്ചു കിടക്കുന്നു. 1953 പഞ്ചായത്ത് സ്ഥാപിത വർഷത്തിൽ വിസ്തീർണ്ണം 10 ച: മൈൽ ആയിരുന്നു.

കേരളത്തിൻെറ ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തും പഞ്ചായത്തുൾപ്പെടുന്ന കോട്ടയം ജില്ലയും സമതല പ്രദേശത്തിലുൾപ്പെടുന്നു എങ്കിലും ഈ പഞ്ചായത്തിനെ മാത്രം എടുത്തു വീക്ഷിക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് നാലു മേഖലകളായി തരം തിരിക്കാം.

1. **ഉയർന്ന സമതലം**
2. **ഇടത്തരം ചെരിവ്**
3. **സമതലം**
4. **താഴ്ന്ന പ്രദേശം**

ഇവയിൽ ഓരോ മേഖലകളുടെയും വിസ്തൃതി ചുവടെ ചേർക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | ഉയർന്ന സമതലം | 455.45 | 17.20 |
| 2 | ഇടത്തരം ചെരിവ് | 1445.80 | 54.60 |
| 3 | സമതലം | 556.10 | 21.00 |
| 4 | താഴ്ന്ന പ്രദേശം | 190.65 | 7.20 |
| | ആകെ | 2648.00 | 100.00 |

അവലംബം:- റവന്യൂ രേഖകൾ, പഠനപര്യടനം.

പാണകുന്ന്, മുടിത്താനം, കാരയ്ക്കാട്ടു ഭാഗം, എഴുവന്താനം, തകിടിപ്പുറം, മൂകളേൽ ഭാഗം, വെള്ളുക്കുന്ന്, പേരുകുന്ന്, മേടക്കുന്ന്, ജറുശലേം ഭാഗം, വെള്ളത്തടം, തൃക്കോതമംഗലം പുളിമല, ദയറാഭാഗം, പള്ളിക്കൽ, പന്നിത്തടം എന്നീ ഭാഗങ്ങൾ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളാണ്. ഇതിൽ മുടിത്താനം ഭാഗമാണ് പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പ്രദേശം.

പാണ്ടൻചിറ, കണ്ണ്ടാമറ്റം, ഇരവുചിറ. മണികണ്ഠപുരം, കൊട്ടാരത്തിൽ കടവുഭാഗം, മൂലേക്കുഴി, വല്യമണ്ണിൽ ഭാഗം, ഉദിക്കൽ ഭാഗം, മുക്കടക്കുഴി, പരവൻപൊയ്ക എന്നീ പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളാണ്. ഇതിൽ കൊട്ടാരത്തിൽ കടവ് ഭാഗമാണ് ഏറ്റവുംതാഴ്ന്ന പ്രദേശം.

## ജനപ്രകൃതി

1991 - ലെ സെൻസസ്സ് പ്രകാരം 15559 പുരുഷന്മാരും 15663 സ്ത്രീകളും ഉൾപ്പെടെ മൊത്തം ജനസംഖ്യ 31,222 ആണ്. ജനസംഖ്യയുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരെക്കാളും അല്പം കൂടുതലാണെങ്കിലും വ്യത്യാസം പ്രസക്തമല്ല. പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 8459 ആണ്. അതായത് ശരാശരി വീടൊന്നിന് 3.60 ആൾക്കാർ വീതമുണ്ട്. 20 വർഷം പിന്നിലുള്ള കണക്കുകളും ഇപ്പോഴത്തെ കണക്കുകളും തമ്മിലുള്ള താരതമ്യപഠനം കുടുംബാസൂത്രണ രംഗത്ത് ഈ പഞ്ചായത്ത് ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ടെന്നും കാണിക്കുന്നു. എങ്കിലും ഇന്നത്തെ ജനസാന്ദ്രത പരിഗണിക്കുമ്പോൾ ഈ രംഗത്ത് പഞ്ചായത്ത് ബഹുദൂരം മുന്നോട്ട് പോകണമെന്നു കാണുന്നു.

ഒരു രാഷ്ട്രത്തിന്റെ 80% പ്രശ്നങ്ങളും ജനസംഖ്യാവർദ്ധനവിലും, തൊഴിലില്ലായ്മയിലും ദാരിദ്ര്യത്തിലും അധിഷ്ഠിതമാണെന്ന് യു. എൻ. റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതിൽത്തന്നെ തൊഴിലില്ലായ്മയും ദാരിദ്രവും ജനസംഖ്യാനുപാതികമായി വർദ്ധിക്കുന്നതിനാൽ ജനസംഖ്യാവർദ്ധനവ് നിയന്ത്രിക്കേണ്ടത് ഏതൊരു രാജ്യത്തിന്റെയും പ്രാഥമിക പരിഗണനയിൽ ഉൾപ്പെടുത്തേണ്ടതാണ്. വാകത്താനം പഞ്ചായത്തിലും തൊഴിലില്ലായ്മയും ദാരിദ്ര്യവും അനുഭവപ്പെടുന്നതിന്റെ പ്രധാന കാരണം ജനസംഖ്യാവർദ്ധനവു തന്നെ. ഈ പ്രശ്നത്തിലേക്ക് അടിയന്തര ശ്രദ്ധ ചെലുത്തുകയും കുടുംബാസൂത്രണം ഒരു സംസ്കാരമായി വളർത്തേണ്ടതും അത്യാവശ്യമാണ്.

ജനസാന്ദ്രത വാകത്താനം പഞ്ചായത്തിൽ ച: കിലോമീറ്ററിന് 1179.07 ആണ്. ആറു വയസ്സിന് താഴെയുള്ളവരുടെ എണ്ണം 3216 (142 ആൺകുട്ടികളും 1787 പെൺകുട്ടികളും).

പട്ടികജാതി ജനസംഖ്യയിൽ 914 പുരുഷന്മാരും 858 സ്ത്രീകളും ഉൾപ്പെടെ 1772 ഉം പട്ടികവർഗ്ഗത്തിൽ 72 പുരുഷന്മാരും 73 സ്ത്രീകളും ഉൾപ്പെടെ മൊത്തം 145 ആകുന്നു.

പട്ടിക 2

| ജനസംഖ്യ | | | | | | |
|---|---|---|---|---|---|---|
| മൊത്തം | പുരുഷൻ | സ്ത്രീ | പട്ടികജാതി | | പട്ടികവർഗ്ഗം | |
| | | | പുരു: | സ്ത്രീ | പുരു: | സ്ത്രീ |
| 31,222 | 15,559 | 15,663 | 914 | 858 | 72 | 73 |

വിദ്യാഭ്യാസരംഗത്ത് കോട്ടയം ജില്ലയിൽ ഒട്ടും പിന്നിലല്ലാത്ത സ്ഥാനം വാകത്താനത്തിനുണ്ട്. ഒരു യൂണിവേഴ്സിറ്റി റീജനൽ സെൻററും ഒരു ഹയർ സെക്കണ്ടറിയും ഒഴിച്ചാൽ ഉപരിപഠനത്തിന് വാകത്താനത്തെ വിദ്യാർത്ഥികൾ കോട്ടയം, ചങ്ങനാശ്ശേരി, പാമ്പാടി, മണർകാട് എന്നിവിടങ്ങളിലെ കോളേ

ജുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും മൂന്നാം വാർഡ് ഈ കാര്യത്തിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് വളരെ പിന്നിലാണെന്ന് സർവേ കണക്കുകൾ സൂചിപ്പിക്കുന്നു. അടിയന്തിരശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

1878 - 89 ലെ സാക്ഷരതാ സർവേ പ്രകാരം 3260 നിരക്ഷരരാണ് പഞ്ചായത്തിലുണ്ടായിരുന്നത്. ഇതിൽ നല്ലശതമാനം പേരെയും സാക്ഷരർ ആക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ സംരംഭകർക്കുള്ള പരിശീലനകേന്ദ്രങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കാർഷികമേഖല തന്നെയായിരുന്നു. എന്നാൽ ദീർഘകാല വിളകളുടെ ആവിർഭാവവും ചെയ്തുകൊണ്ടിരുന്ന കൃഷി ആദായകരമല്ലാതാകുകയും ചെയ്തതോടെ നല്ല ശതമാനം ആളുകളും മറ്റു മേഖലകളിലേക്ക് കടന്നു. പരമ്പരാഗത കുടിൽവ്യവസായങ്ങളായ തഴപ്പായ നിർമ്മാണം, കുട്ട നെയ്ത്ത് തുടങ്ങിയവ തീർത്തും നാമാവശേഷമായി. കൃഷിസ്ഥലങ്ങൾ കെട്ടിടനിർമ്മാണാവശ്യത്തിലേക്ക് മാറിയപ്പോൾ കൃഷി വരുമാനത്തിൽ പൊതുവെ താഴോട്ടു പോയതായി കാണുന്നു.

**ജനസംഖ്യാവിവരം**

| വാർഡ് | പുരുഷൻ | സ്ത്രീകൾ | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|---|---|
| | | | പു: | സ്ത്രീ: | പു: | സ്ത്രീ: |
| 1 | 1384 | 1361 | 49 | 54 | - | - |
| 2 | 1560 | 1565 | 46 | 49 | 17 | 18 |
| 3 | 906 | 948 | 18 | 13 | 12 | 13 |
| 4 | 992 | 952 | 38 | 35 | 16 | 15 |
| 5 | 1004 | 1138 | 69 | 74 | 5 | 4 |
| 6 | 1424 | 1496 | 114 | 119 | 6 | 5 |
| 7 | 1215 | 1227 | 68 | 66 | - | - |
| 8 | 1588 | 1547 | 90 | 88 | 8 | 9 |
| 9 | 1202 | 1228 | 177 | 181 | - | - |
| 10 | 1632 | 1623 | 88 | 101 | - | - |
| 11 | 1268 | 1245 | 31 | 35 | 8 | 9 |
| 12 | 1414 | 1333 | 82 | 87 | - | - |
| ആകെ | 15559 | 15663 | 870 | 902 | 72 | 73 |

അവലംബം:- 1991 സെൻസസ്സ്.

# ജൈവ വൈവിദ്ധ്യം

ഉപരിതല മൺതരങ്ങളുടെ ഗുണമേന്മ കൊണ്ട് ഈ ഗ്രാമം പുരാതനകാലം തൊട്ട് തന്നെ മരച്ചീനി, വാഴ, ചേന, ചേമ്പ് തുടങ്ങിയ കാർഷികവിളകൾ കൊണ്ട് സമ്പന്നമായിരുന്നു. 1980 നുശേഷം കോട്ടയം ജില്ലയിൽ ആകമാനം ഉണ്ടായ മാറ്റത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിലും കാർഷികവിളകളുടെ സ്ഥാനത്ത് റബർ തുടങ്ങിയ ദീർഘകാലവിളകൾസ്ഥാനം പിടിച്ചെങ്കിലും മൺതരത്തിൻെറ ഗുണമേന്മയിലും ഫലഭൂയിഷ്ടതയിലും ഇന്നും എടുത്തു പറയത്തക്ക മാറ്റം ഉണ്ടായിട്ടില്ല എന്നു പഠനം തെളിയിക്കുന്നു വാകത്താനം പഞ്ചായത്തിൻെറ 85% വും ലാറ്ററേറ്റു മണ്ണും 15% അലൂമിയലുമാണ്.

റബർ, തെങ്ങ്, ഇടവിളകൾ തുടങ്ങിയ കൃഷികൾക്ക് വളരെ അനുയോജ്യമാണ് ലാറ്ററേറ്റ്. സാധാരണ തീരപ്രദേശങ്ങളിൽ കണ്ടുവരുന്ന അലൂമിയൽ ഇവിടത്തെ പാടശേഖരങ്ങളിലുള്ളത് നെൽകൃഷിക്ക് വളരെ പ്രയോജനപ്പെടുന്നു.

**ഉപരിതലമൺ തരംതിരിവ്**

| മൺതരങ്ങൾ | വിസ്തൃതി ഹെ. | ശതമാനം |
|---|---|---|
| ലാറ്ററേറ്റ് | 2250.80 | 85 |
| അലൂമിയൽ | 397.20 | 15 |
| ആകെ | 2648.00 | 100 |

# ജലപ്രകൃതി

പഞ്ചായത്ത് ഭൂപ്രദേശം കിഴക്കുനിന്നും പടിഞ്ഞാറോട്ട് പൊതുവേ ചരിവ് പ്രതലമാകയാൽപ്രധാന തോടുകളായ വല്യമണ്ണിൽതോട്, നാലുന്നാക്കൽ മടത്തിറമ്പിൽകടവ് തോട്, കൊട്ടാരത്തിൽകടവ് കൈവഴി, അറവറതോട്, നാട്ടുവാതോട്, പൊങ്ങന്താനം തോട് എന്നീ പ്രധാന സ്രോതസ്സുകൾ കിഴക്കുനിന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽക്കൂടി ഒഴുകി പടിഞ്ഞാറ് പനച്ചിക്കാട്, പുതുപ്പള്ളി പഞ്ചായത്തുകളിലൂടെയും കടന്നുപോകുന്നു. ഏകദേശം 37 കി. മീ. തോടുകളും 18 കി. മീ. കൈവഴികളും പഞ്ചായത്തിലുണ്ട്. ജൂൺ - ജൂലായ് മാസങ്ങളിൽ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ലഭ്യമായ മഴയെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.

വേനൽക്കാലത്ത് പേരുകുന്ന്, മേടക്കുന്ന്, മുടിത്താനം, പാണകുന്ന്, എഴുവന്താനം, വെള്ളുക്കുന്ന്, മുകളേൽകുന്ന്, കാരയ്ക്കാട്ടുകുന്ന്, പള്ളിക്കുന്ന് എന്നിവിടങ്ങളിൽ പ്രധാനമായും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

പൊതുകുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | | വാർഡ് | വില്ലേജ് |
|---|---|---|---|
| 1 | ചിറമംഗലത്തുകുളം | 1 | വാകത്താനം |
| 2 | പന്തിരുപറക്കുളം | 6 | തോട്ടയ്ക്കാട് |
| 3 | ദേവർചിറകുളം | 7 | വാകത്താനം |
| 4 | പാലക്കോട്ടുകുളം | 8 | വാകത്താനം |

പഞ്ചായത്തിലെ 12 വാർഡുകളിലായി അമ്പലക്കുളങ്ങളും സ്വകാര്യകുളങ്ങളും ഉൾപ്പെടെ 79 കുളങ്ങളും 7 കുഴൽകിണറുകളും ഉണ്ട്.

# വികസനമേഖലകൾ

# 1

# കൃഷി ജലസേചനം



വാകത്താനം ഒരു കാർഷിക ഗ്രാമമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. നെൽപാടങ്ങളും താഴ്വരകളും കുന്നിൻ പ്രദേശങ്ങളും അടങ്ങിയതാണ് ഈ പ്രദേശം. വള്ളിക്കാടും, കടുവാക്കുഴിയും, പന്നിത്തടവും ചേർന്നതാണ് വാകത്താനമെന്ന ചൊല്ലന്വർത്ഥമാണ്.

അയൽദേശങ്ങളെ അപേക്ഷിച്ച് ആദ്യമായി കർഷകരും കൃഷിയും ഉണ്ടായ നാടാണ് വാകത്താനം. വിവിധതരം കൃഷികൾക്കു യോജിച്ച ഈ ഭൂവിഭാഗം പന്ത്രണ്ടു വാർഡുകളിലായി പരന്നു കിടക്കുന്നു. കാർഷിക വിഭവങ്ങളുടെ മേൻമ കൊണ്ട് സാഹിത്യഗ്രന്ഥങ്ങളിലും ചരിത്ര ഗ്രന്ഥങ്ങളിലും സ്ഥാനം പിടിക്കുന്നതിന് നമ്മുടെ നാടിനു സാധിച്ചിട്ടുണ്ട്. കപ്പ, നെല്ല്, തെങ്ങ്, കമുക്, വരിക്കച്ചക്ക, കുരുമുളക്, വാഴ, പച്ചക്കറികൾ എന്നിവയ്ക്ക് പ്രസിദ്ധമായിരുന്നു വാകത്താനം. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു നല്ല വിപണന കേന്ദ്രവും ഞാലിയാകുഴിയിൽ ഉണ്ടായിരുന്നു. പട്ടണങ്ങളിൽ നിന്നുപോലും കച്ചവടക്കാർ ഇവിടെ വന്ന് ഉല്പന്നങ്ങൾ മൊത്തമായി കയറ്റിക്കൊണ്ടു പോകുമായിരുന്നു. അതിവൃഷ്ടി അനാവൃഷ്ടി എന്നിവയെ അതിജീവിക്കുന്ന വിത്തിനങ്ങൾ അന്നു ഭേദപ്പെട്ടവിളവും നൽകിയിരുന്നു. കാലിവളർത്തൽ ഇല്ലാത്ത വീടുകൾ വിരളമായിരുന്നു. തന്മൂലം ജൈവവളത്തിന് ക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. റബ്ബർകൃഷി ദുർലഭമായിരുന്നു. വലിയ കർഷക കുടുംബാംഗങ്ങൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ഉണ്ടായിരുന്നു. അവരെ ആശ്രയിച്ച് നിരവധി സാധു കുടുംബങ്ങൾ പുലർന്നുപോന്നു. പ്രകൃതി സൗകര്യങ്ങളെ പൂർണ്ണമായും ആശ്രയിച്ചായിരുന്നു അക്കാലത്തു കൃഷി നടത്തിയിരുന്നത്. ജീവസന്ധാരണപ്രക്രിയയിൽ പ്രകൃതിയുടെ ജീവതാളം മനുഷ്യൻ അവന്റെ ജീവതാളമാക്കി മാറ്റുകയായിരുന്നു. എങ്കിലും പ്രകൃതിയുടെ അനുഗ്രഹങ്ങളിൽ കൃതജ്ഞനാകാതെ കൃതഘ്നനാകുകയായിരുന്നു അവൻ. നേട്ടങ്ങളുടെ പട്ടിക നിരത്തി സാങ്കേതികത്വത്തിന്റെ സിംഹാസനത്തിൽ അവരോധിതനായപ്പോൾ പ്രത്യാഘാതങ്ങളെക്കുറിച്ചു ചിന്തിക്കാതെ പെട്ടെന്നുള്ള നേട്ടങ്ങൾക്കായി കാർഷിക മേഖലയെ മൂന്നാം സ്ഥാനം നല്കി ഒഴിപ്പിച്ചു നിർത്തി. അവിടെയാണ് താളപ്പിഴയുടെ തുടക്കം.

കൃഷിയിലുള്ള വരുമാനം കൊണ്ട് കുട്ടികളെ വിദ്യാസമ്പന്നരാക്കുവാൻ കഴിഞ്ഞു. വിദ്യാഭ്യാസം പുതിയ തലമുറക്കാരിൽ ആധുനിക ചിന്ത വളർത്തി. ഉദ്യോഗസ്ഥനുള്ള മേൻമ കൃഷിയിൽ അവനു കാണാൻ കഴിഞ്ഞില്ല. ക്രമേണ അടുത്ത തലമുറക്കാർ കൃഷിയോടു വിട പറഞ്ഞു. അങ്ങിനെ കൃഷിയെ സ്നേഹിക്കുന്നവരുടെ എണ്ണം കുറഞ്ഞു. ഇവർക്ക് ജീവന്റെ നിലനില്പിനാധാരമായ ലോകത്തിന്റെ സന്തുലിതാവസ്ഥയ്ക്ക് നിദാനമായ കൃഷിയെവെറും കച്ചവടമനോഭാവത്തോടെ കാണാനേ സാധിച്ചിരുന്നുള്ളു.

കൃഷി ആദായകരമാക്കുവാൻ ആധുനിക കാർഷിക യന്ത്രസാമഗ്രികൾ, രാസവളം, കീടനാശിനി എന്നിവ അനിവാര്യമായി വന്നു. അവയ്ക്കു വേണ്ടി വരുന്ന ചെലവും ബുദ്ധിമുട്ടും, കൂലിവർദ്ധ

നവും നല്ല വിത്തിനങ്ങളുടെ ദൗർലഭ്യതയും വിള വെടുപ്പിനുള്ള ബുദ്ധിമുട്ടും ഇന്ന് കൃഷിയെ നഷ്ടത്തിലാക്കുന്നു. തൻമൂലം കൃഷിയിൽ നിന്നും പിൻതിരിഞ്ഞ് വ്യവസായങ്ങളിൽ ആശ്വാസം കണ്ടെത്തുന്നു. നെൽകൃഷിയുടെ സംരക്ഷണത്തിന് ബണ്ടു നിർമ്മാണം നടത്തേണ്ട പാടശേഖരങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ബണ്ടുകളുടെ അഭാവം കൃഷിഭൂമിയെ തരിശുഭൂമിയാക്കി മാറ്റാനും ഇടയാക്കുന്നുണ്ട്.

കേരളത്തിലെ കാർഷിക മേഖലയുടെ പുരോഗതി ഭൂരിഭാഗം കൃഷിഭൂമിയുടെ ഉടമകളായ ലക്ഷക്കണക്കിനു ചെറുകിട കർഷകരുടെയും നാമമാത്ര കർഷകരുടെയും കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനെ ആശ്രയിച്ചാണ് നില്ക്കുന്നത്. കർഷകരുടെ എണ്ണത്തിലുള്ള ബാഹുല്യം തന്നെയാണ് അവരുടെ പ്രശ്നങ്ങളുടെ വൈവിധ്യവും.

വാകത്താനം പഞ്ചായത്തിൽ ഇന്നുള്ള പ്രധാന കാർഷിക വിളകളെക്കുറിച്ച് സമഗ്രമായപഠനം നടത്തിയതിൻെറ പശ്ചാത്തലത്തിൽ കണ്ടുപിടിക്കുവാൻ കഴിഞ്ഞ കുറവുകളും പരിഹാരമാർഗ്ഗങ്ങളും ഓരോന്നായി താഴെ പ്രതിപാദിക്കുന്നു.

## I. നെല്ല്

പ്രധാന കൃഷി നെല്ലായിരുന്നതിനാൽ Upper Kuttanad വിഭാഗത്തിലാണ് നമ്മുടെ പാടങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത്.

**a) വിസ്തൃതി -**

വാകത്താനം പഞ്ചായത്തിൽ 212 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നുണ്ട്.

**b) ഉത്പാദന ക്ഷമത**

ഹെക്ടറിന് 35 ക്വിൻറൽ

**c) അപര്യാപ്തതയും പ്രശ്നങ്ങളും**

1. ഉത്പാദനക്ഷമത കൂടുതലുള്ള നല്ലയിനം വിത്തുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്
2. മണ്ണിൻെറ ഘടനയും ചെടിയുടെ വളർച്ചയും അനുസരിച്ച് വളപ്രയോഗം നടത്തുന്നതിന് കർഷകർക്കുള്ള പരിജ്ഞാനക്കുറവ്.
3. ശാസ്ത്രീയമായും കാലാനുസൃതമായും കീടനാശിനി, കുമിൾനാശിനി ഇവ ഉപയോഗിക്കുന്നതിനുള്ള പരിജ്ഞാനക്കുറവ്.
4. സമയാസമയങ്ങളിൽ കൃഷിപ്പണി നടത്തുന്നതിന് കർഷകർക്കുള്ള സാമ്പത്തികപരാധീനത.
5. കാർഷികവൃത്തിയിൽ പരിചയമുള്ള തൊഴിലാളികളുടെ അപര്യാപ്തതയും കൂലിവർദ്ധനയും.
6. അതിവൃഷ്ടി, അനാവൃഷ്ടി എന്നിവ കൃഷിയെ ബാധിക്കാത്ത രീതിയിൽ സംരക്ഷിക്കുന്നതിനുള്ള ബണ്ടിൻെറ അപര്യാപ്തത.
7. കാലാകാലങ്ങളിൽ ജലം ലഭിക്കുക.
8. കൂട്ടുകൃഷി നടത്തുന്നതിനുള്ള സഹകരണക്കുറവ്.
9. വിപണനത്തിനുള്ള സൗകര്യക്കുറവ്.

**d) നെൽകൃഷി കുറയാൻ കാരണം**

1. ഇതര കൃഷികളെ അപേക്ഷിച്ച് നെൽകൃഷി ആദായകരമല്ല.
2. ഹ്രസ്വകാല വിളയായ നെല്ലിന് രോഗങ്ങൾ പെട്ടെന്നു ബാധിക്കുന്നു.
3. വരൾച്ചയും വെള്ളപ്പൊക്കവും നെൽകൃഷിക്ക് ദോഷം ചെയ്യുന്നു.
4. നെൽപ്പാടങ്ങൾ മണ്ണിട്ടു നികത്തുന്നു.
5. മറ്റു കൃഷികളെ അപേക്ഷിച്ച് കർഷകൻെറ ശ്രദ്ധ മുഴുവൻ സമയവും ആവശ്യമാണ്.
6. കർഷകനും കർഷകതൊഴിലാളിയും തമ്മിൽ പരസ്പര ബന്ധത്തിൽ ആത്മാർത്ഥമായ സഹകരണം ആവശ്യമായിരിക്കണം.

**e) പരിഹാരമാർഗ്ഗങ്ങൾ**

1. നെൽപ്പാടത്തിൻെറ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് പുറംതോടിൻെറ വീതി കുറക്കുകയും അതുവഴി ആഴം കുറയുകയും ജലനിർഗ്ഗമന മാർഗ്ഗം തടസ്സപ്പെടുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുക.
2. പാടങ്ങൾക്ക് ആവശ്യമുള്ള വാച്ചാലുകളും നല്ല പുറം ബണ്ടുകളും നിർമ്മിക്കുക.

3. നല്ലയിനം വിത്തുകൾ യഥാസമയം ലഭ്യമാക്കുക.
4. ട്രാക്ടർ, മെതിയന്ത്രം ഇവ ലഭ്യമാക്കുക.
5. കർഷകരിൽ നിന്നും ഈടാക്കുന്ന വാട്ടർ സെസ് നിർത്തലാക്കുക.
6. കർഷകർക്ക് സൗജന്യ നിരക്കിൽ വളം ലഭ്യമാക്കുക.
7. ഇറിഗേഷൻ ആവശ്യത്തിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ മുൻഗണന നൽകുകയും കാർഷിക ആവശ്യത്തിലേക്ക് വൈദ്യുതി സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യണം.
8. ജലസേചനത്തിനു വേണ്ടി കർഷകർക്കു സൗജന്യ നിരക്കിൽ മോട്ടോർ പമ്പ് സെറ്റ് ലഭ്യമാക്കുക.
9. കൃത്യ സമയത്തു തന്നെ കൃഷിപ്പണി തുടങ്ങുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം ചെയ്യുക.
10. കൃഷിക്കുപയുക്തമായ ആധുനികയന്ത്രോപകരണങ്ങളും കീടനാശിനികളും (സ്പ്രെയർ) സൗജന്യനിരക്കിൽ കർഷകന് ലഭ്യമാക്കുക.
11. ചെറുതോടുകളുടെ വശങ്ങളിലുണ്ടായിരുന്ന തോട്ടുപുറമ്പോക്ക്, കയ്യേറ്റക്കാരിൽനിന്നും തിരിച്ചെടുക്കുക.
12. ജലസമ്പത്തു പരമാവധി പ്രയോജനപ്പെടുത്തുവാനും പാഴ്ചെലവുകൾ കുറയ്ക്കുവാനും ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്കുഡാമുകൾ, ബണ്ടുകൾ, പൊതുകുളങ്ങൾ, നീർച്ചാലുകൾ എന്നിവ പുതുതായി നിർമ്മിക്കുകയും ഉള്ളവ പരമാവധി ഉപയോഗിക്കുകയും ചെയ്യുക. അന്യാധീനപ്പെട്ടു പോയ കുളങ്ങളും നീർച്ചാലുകളും വീണ്ടെടുത്ത് പൊതുവായ കൃഷിക്ക് പ്രയോജനപ്പെടുത്തുക.
13. ഉത്പാദനവസ്തുക്കൾക്ക് ന്യായമായ വില കിട്ടുന്നതിനുള്ള വിപണനസൗകര്യങ്ങൾ ഉണ്ടാക്കുക.
14. നിശ്ചിതമായ കൂലി നിരക്കിൽ പരിചിതരായ തൊഴിലാളികളെ ലഭ്യമാക്കുക.
15. കർഷകരെയും കർഷക തൊഴിലാളികളെയും ആധുനിക കൃഷിസൗകര്യങ്ങളെക്കുറിച്ചും അവയുടെ ഉപയോഗക്രമങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുക.

## 2 – തെങ്ങ്

**a. വിസ്തൃതി**

വളരെയധികം പ്രതിസന്ധികളെ നേരിട്ട് കൊണ്ടാണ് തെങ്ങുകൃഷി നടക്കുന്നത്. 300 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു.

**b. ഉല്പാദനക്ഷമത**

ഹെക്ടറിന് 5000 നാളികേരം

**c. വിളവുകുറയാൻ കാരണം**

1. സംരക്ഷണക്കുറവ്
2. കാറ്റുവീഴ്ച
3. ജലസേചനത്തിൻെറ അപര്യാപ്തത
4. രോഗനിയന്ത്രണത്തിലുള്ള ശ്രദ്ധക്കുറവ്

**d. പരിഹാരമാർഗ്ഗങ്ങൾ**

1. നല്ലയിനം തെങ്ങിൻതൈകൾ നടുക.
2. മണ്ണിൻെറ ഗുണനിലവാരം അനുസരിച്ച് കൃഷി ഇറക്കുക.
3. കാലവർഷാരംഭത്തിൽ തന്നെ തടമെടുക്കുകയും ജൈവവളങ്ങൾ കൂടുതൽ ഉപയോഗിക്കുകയും ചെയ്യുക.
4. രോഗപ്രതിരോധ നടപടികൾ സമയാസമയങ്ങളിൽ സ്വീകരിക്കുകയും കേടുവന്നവയ്ക്ക് നഷ്ടപരിഹാരം കൊടുക്കുകയും പുതിയ വിത്തുകൾ നൽകുകയും ചെയ്യുക.
5. എല്ലാ നല്ലയിനം വിത്തുകളും ലഭ്യമാക്കുന്നതിനു പഞ്ചായത്തുകളിൽ ഒരു പൊതു നേഴ്സറി സ്ഥാപിക്കുക.
6. തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവു നികത്താൻ ആവശ്യമായ യന്ത്രോപകരണങ്ങൾ ഉപയോഗിക്കുക.
7. കാലാകാലങ്ങളിൽ കൃഷിയെ സംരക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമുള്ള ബോധവൽക്കരണം നടത്തുക.

## III. റബ്ബർ

### a. വിസ്തൃതി

ഏറ്റവും കൂടുതൽ മേഖലകളിൽ കൃഷി ചെയ്യുന്നത് റബ്ബറാണ്. 1306 ഹെക്ടർ സ്ഥലത്ത് നമ്മുടെ പഞ്ചായത്തിൽ റബ്ബർ കൃഷിയുണ്ട്.

### b. ഉത്പാദനക്ഷമത

താരതമ്യേന കുറവാണ്.

### c. പ്രശ്നങ്ങൾ

റബ്ബർകൃഷിയെ ബാധിക്കുന്നരോഗങ്ങളാണ് കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നം. രോഗങ്ങൾ തന്നെ ഇലയെ ബാധിക്കുന്നവ, തടിയെ ബാധിക്കുന്നവ, വേരിനെ ബാധിക്കുന്നവ എന്നിങ്ങനെ മൂന്നിനങ്ങളാണ്.

**A) ഇലയെ ബാധിക്കുന്നവ.**

1. മഴക്കാലത്ത് ഇലപൊഴിയുക.
2. അന്തരീക്ഷത്തിൽ ഈർപ്പം കൂടുതലുള്ളപ്പോൾ തളിരിലയിൽ പൊടി കുമിൾ പിടിപെടുക.

B) തടിയെ ബാധിക്കുന്നവ

1. ചീക്കരോഗം (pink disease)
2. തൊലിപ്പുണ്ണ് (patch anker)
3. കൂമ്പു ചീയൽ
4. പട്ടമരവിപ്പ്
5. പട്ടചീയൽ

**C) വേരിനെ ബാധിക്കുന്ന രോഗം**

**D) പരിഹാരമാർഗ്ഗങ്ങൾ**

1. കാലവർഷം ശക്തിപ്പെടുന്നതിനുമുമ്പ് കൃഷി ഡിപ്പാർട്ടുമെൻറിൻെറ ഉപദേശം സ്വീകരിച്ച് ആവശ്യമായ മരുന്ന് ഉപയോഗിക്കുക.
2. ഓയിൽ സ്പ്രേ നടത്തുക

കോപ്പർ ഓക്സിക്ലോറൈഡും, സ്പ്രേ ഓയിലും തമ്മിൽ കലർത്തി മൈക്രോൺ പവ്വർസ്പ്രേ നടത്തുക.

3. പൊടി കുമിൾ രോഗത്തിന് ഗന്ധകപൊടി വിതറുക.
4. തടിയിൽ രോഗം ബാധിച്ച സ്ഥലത്തിന് അല്പം മുകളിൽനിന്നു താഴേക്ക് കുഴമ്പു പരുവത്തിലുള്ള ബോർഡോ മിശ്രിതം പുരട്ടുക. ഇത് ഉണങ്ങിയതിനു ശേഷം തൊലിപ്പുറം ചുരണ്ടി വീണ്ടും ഒരു പ്രാവശ്യം കൂടി ബോർഡോ മിശ്രിതം പുരട്ടുക. അല്ലെങ്കിൽ 1 Kgറബ്ബർ കോട്ടിൽ 10 gr. തൈറൈഡ് പൊടി യോജിപ്പിച്ച് രോഗം ബാധിച്ചിടത്തു പുരട്ടുക.

Patch anker ബാധിച്ച ഭാഗത്ത് ഉണങ്ങിയിരിക്കുന്ന കറനീക്കിയശേഷം സൈത്തേൻ അല്ലെങ്കിൽ Indofil M45 ഉപയോഗിച്ച് ഭംഗിയായി കഴുകുക. പിന്നീട് റബ്ബർകോട്ട് പുരട്ടുക.

കൂമ്പുചീയലിന് ബോർഡോ മിശ്രിതം സ്പ്രേ ചെയ്താൽ മതിയാകും.

പട്ടമരവിപ്പ്, പട്ടചീയൽ ഇതിന് പ്രതിവിധിയില്ല. കൂടുതൽ ഇടവേള കൊടുത്ത് റബ്ബർമരത്തിന് വിശ്രമം കൊടുത്താൽ കുറേ മാറ്റം ഉണ്ടാകുന്നതാണ്.

വേരിൽ പശയുള്ള ഒരു തരം മണ്ണു പിടിച്ചിരിക്കുന്നതാണ് വേരിനെ ബാധിക്കുന്ന രോഗത്തിൻെറ ലക്ഷണം. റബ്ബറിൻെറ ഇല പഴുത്തിരിക്കും. ആരംഭത്തിൽ ശ്രദ്ധിച്ചാൽമാത്രമേ ഇതിന് പ്രതിവിധിയുള്ളു. അടുത്ത മരത്തിന് ഈ രോഗം വരാതെ സൂക്ഷിക്കാം. റബ്ബറിൻെറ ചുവട്ടിലെ മേൽമണ്ണു മാറ്റിയശേഷം Indofil M45 ഒഴിക്കുക.

5. റബ്ബർ ബോർഡിൻെറ അംഗീകാരമുള്ള നല്ലയിനം തൈകൾ മാത്രമേ വച്ചു പിടിപ്പിക്കാവൂ.
6. കാർഷികോപകരണങ്ങളും ഉത്പാദനോപകരണങ്ങളും വളങ്ങളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.
7. സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാൻ കർഷകസെമിനാറുകൾ സംഘടിപ്പിക്കുക.
8. ഇടനിലക്കാരെ ഒഴിവാക്കുന്നതിന് കർഷക സഹകരണസംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
9. ഗുണനിലവാരമുള്ള ഷീറ്റ് ഉല്പാദിപ്പിക്കുന്നതു സംബന്ധിച്ച് കൃഷിക്കാരനെ ബോധവാനാക്കുക.
10. മണ്ണുപരിശോധിച്ച് വളപ്രയോഗം നടത്തുക.

11. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക.

12. ഈ രംഗത്ത് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം ഉറപ്പു വരുത്തുക.ഈ തൊഴിലാളികൾക്ക് റബ്ബർ ബോർഡിൽ നിന്നും കാലാകാലങ്ങളിൽ കൊടുത്തു വരുന്ന ആനുകൂല്യങ്ങൾ മുഴുവൻ തൊഴിലാളികൾക്കും കിട്ടത്തക്കവണ്ണമുള്ള ബോധവൽക്കരണം ആവശ്യമാണ്.

## IV. കപ്പ (മരച്ചീനി)

**വിസ്തൃതി**

നെൽവിള കഴിഞ്ഞാൽ പഴയകാലത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്തിരുന്നത് മരച്ചീനി ആയിരുന്നു. നമ്മുടെ നാട്ടിലെ മരച്ചീനിക്ക് അന്യ നാട്ടിൽ വലിയ പ്രിയവുമായിരുന്നു.എന്നാൽ ഇന്ന് 50 ഹെക്ടർ സ്ഥലത്തുമാത്രമായി ഈ കൃഷി ചുരുങ്ങിപ്പോയി.

**ഉത്പാദനക്ഷമത**

വളരെ കുറവാണ്. (ഹെക്ടറിന് 50 ക്വിൻറൽ)

**കുറയാനുള്ള കാരണം**

പഴയകാലത്ത് മറ്റുവിളയെക്കാൾ വരുമാനക്കുറവുമൂലം കർഷകർ ഈ കൃഷി ഉപേക്ഷിച്ച്മറ്റുള്ള കൃഷിയിൽ ശ്രദ്ധിച്ചു. ഇന്ന് നല്ല വിലയുണ്ടെങ്കിലും റബ്ബർകൃഷിയിലുള്ള കർഷകൻെറ കൂടിയതാല്പര്യവും കപ്പകൃഷിയുടെ കുറവിനു കാരണമാണ്.

**പരിഹാരം**

കപ്പകൃഷി ലാഭകരമായി നടത്തുവാൻ കഴിയുന്ന ഒരിനമാണ് എന്ന് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തുക.

## V. കൊക്കോകൃഷി

50 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു.

**ഉത്പാദനക്ഷമത**

ഹെക്ടറിന് 1500 കിലോ

ഈ കൃഷിയിൽ കർഷകന് താത്പര്യം കുറഞ്ഞു വരുന്നു. കാരണം കൊക്കോക്കുരു ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലക്ക് ആനുപാതികമായി കൃഷിക്കാരന്വില ലഭിക്കുന്നില്ല.

**രോഗബാധ**

അണ്ണാൻ, എലി തുടങ്ങിയ ജീവികളുടെ ഉപദ്രവം

**പരിഹാരമാർഗ്ഗം**

വിപണനസൗകര്യം മെച്ചപ്പെടുത്തുക. കൊക്കോ ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയ്ക്കാനുപാതികമായി കൃഷിക്കാരന് വില ലഭിക്കുക.

രോഗപ്രതിരോധത്തിനു പറ്റിയ മരുന്നു തളിക്കുക.

അദ്ധ്വാനശേഷികുറവുള്ളതിനാലും കൊക്കോത്തോട് കന്നുകാലിക്കു തീറ്റയായും ഇല മണ്ണിൻെറ സ്വതസിദ്ധമായ കഴിവ് നിലനിർത്തുന്നതിന് പര്യാപ്തമായതിനാലും ഈകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## VI. കുരുമുളക്

1. **വിസ്തൃതി**

കർഷകരുടെ ശ്രദ്ധക്കുറവുകൊണ്ട് കുറഞ്ഞു കുറഞ്ഞുവരുന്ന ഒരു കൃഷിയാണിത്. വെറും50 ഹെക്ടർ സ്ഥലത്തു മാത്രമാണ് കുരുമുളകു കൃഷി ഉള്ളത്.

2. **ഉത്പാദനക്ഷമത**

ശരാശരി

3. **അപര്യാപ്തതയും പ്രശ്നങ്ങളും**

1. ദ്രുതവാട്ടം, പൊള്ളുരോഗം
2. കാലാവസ്ഥയുടെ അനിയന്ത്രിതത്വം
3. വിലയിടിവ്
4. താങ്ങുമരങ്ങൾ പെട്ടെന്നു നശിക്കുന്നു.
5. വിളവെടുപ്പിനുള്ള ബുദ്ധിമുട്ട്
6. റബ്ബർ കൃഷിയുടെ അതിപ്രസരം

#### പരിഹാരമാർഗ്ഗങ്ങൾ

1. നല്ലയിനം തൈകൾ ലഭ്യമാക്കുക.
2. ബോർഡോ മിശ്രിതം അടിക്കുക
3. ഏറ്റവും ചെലവുകുറഞ്ഞതും വരുമാനം കൂടുതലുള്ളതുമായ കൃഷിയെന്നബോധ്യം കർഷകരിലുണ്ടാക്കുക.
4. കാർഷിക സെമിനാറുകൾ നടത്തി പ്രോത്സാഹന സമ്മാനങ്ങൾ നല്കുക.

## VII. വാഴ

85 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്തു വരുന്നു.

#### ഏത്തവാഴ

35 ഹെക്ടർ സ്ഥലത്ത് ഏത്തവാഴ കൃഷി ചെയ്യുന്നു.

ഹെക്ടറിന് 12000 കിലോ കായ് ലഭിക്കുന്നു.

നമ്മുടെ പ്രദേശത്തെ മണ്ണ് ഈർപ്പം നില്ക്കാത്തവയായതിനാൽ ഉത്പാദനത്തിൽ കുറവു വരുന്നുണ്ട്. പ്രകൃതിക്ഷോഭം രോഗബാധ ഇവയും ഉദ്പാദനത്തെ സാരമായി ബാധിക്കുന്നു. ഗുണനിലവാരമുള്ള വിത്തുകളുടെ ദൗർലഭ്യം, അതിവൃഷ്ടിയും അനാവൃഷ്ടിയും.

#### പരിഹാരം

ഗുണനിലവാരമുള്ള വിത്തുകളുടെ ലഭ്യത, ജലസേചനം, കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം സമയാസമയങ്ങളിൽ ലഭ്യമാക്കുക.

## VIII. വെറ്റില

അഞ്ചു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു. ഉല്പാദനക്ഷമത കുറവാണ്.

#### കാരണങ്ങൾ

ചെടിക്കുണ്ടാകുന്ന കേട്

കർഷകന് ബുദ്ധിമുട്ട് ഏറിയ കൃഷിയാണിത്. എങ്കിലും ആദായകരമാണ്. ഇതുകൊണ്ട് ഉപജീവനം നടത്തുന്ന നാല്പതോളം കുടുംബങ്ങൾ ഉണ്ട്.

#### പരിഹാരം

1. കേടുനീക്കാൻ 1/2% ബോർഡോമിശ്രിതം തളിക്കുക.
2. ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുക.
3. രണ്ടുനേരം നനയ്ക്കുക.
4. കർഷകസെമിനാറുകളിൽ വെറ്റിലകൃഷിയുടെ ലാഭത്തെക്കുറിച്ച് വിവരിച്ച് പ്രതിപാദിക്കുകയും കർഷകരിൽ താല്പര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

## IX. പച്ചക്കറി

#### വിസ്തൃതി

35 ഹെക്ടർ

#### ഉത്പാദന ക്ഷമത

തൃപ്തികരം

#### പ്രശ്നങ്ങൾ

1. ജനങ്ങളിലുള്ള അലസത മൂലം ഒരു വിഭാഗക്കാരുടെ മാത്രം കൃഷിയായി അധഃപതിക്കുന്നു.
2. ചെറിയ രോഗങ്ങൾ പോലും ചെടിയെയും വിളവിനെയും നശിപ്പിക്കുന്നു.
3. ഹ്രസ്വകാല കൃഷിയായതുകൊണ്ട് അദ്ധ്വാന ഭാരം കൂടുതൽ.
4. കീടനാശിനി, വളം എന്നിവയുടെ വിലവർദ്ധനവ് പച്ചക്കറി മാത്രം കൃഷി ചെയ്യുന്നവർക്ക് താങ്ങാൻ പറ്റുന്നില്ല.
5. വിപണനസൗകര്യക്കുറവ്.
6. എല്ലാവർക്കും ആവശ്യമായതാണ് പച്ചക്കറി

#### പരിഹാരമാർഗ്ഗങ്ങൾ

1. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ വിഭവസംഭരണ കേന്ദ്രങ്ങൾ തുറക്കുക.
2. കൃഷി ഡിപ്പാർട്ടുമെൻറു വഴി സാമ്പത്തിക സഹായങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുക.

3. മുഴുവൻ വീടുകൾക്കും അടുക്കള തോട്ടം നിർബന്ധമാക്കുക. ഓരോ വാർഡിലും തല് പരരായവർ അടങ്ങുന്ന പ്രോത്സാഹന നിരക്ഷണ സമിതി രൂപീകരിക്കുക.

4. വീട്ടുമുറ്റത്തു പോലും ചാക്കിൽ മണ്ണു നിറച്ച് പച്ചക്കറി കൃഷി നടത്താവുന്നതാണ്.

5. ഹോൾട്ടികൾച്ചറൽ ഡവലപ്പ്മെൻറ് പ്രോഗ്രാമിൻെറ സഹായം പരമാവധി പ്രയോജനപ്പെടുത്തുക. (KHDP). പച്ചക്കറിക്കു പറ്റിയ സ്ഥലത്തിൻെറ ഏറിയാസർവ്വേ,ഓരോ കൃഷിക്കും പറ്റിയ ഓരോ ഗ്രൂപ്പുകൾ അവർക്കും പ്രത്യേകം പ്രത്യേകം ക്ലാസുകൾ സംഘടിപ്പിച്ച് വേണ്ട ഉപദേശങ്ങൾ, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങി കൃഷി ആദായകരമാക്കുന്നതിനു വേണ്ട എല്ലാ പരിശീലനങ്ങളും പ്രോത്സാഹനങ്ങളും നൽകുക.

കൃഷിയും ജലസേചനവും പരസ്പരപൂരകങ്ങളായ രണ്ടു ഘടകങ്ങളാണ്. പുറം ബണ്ടുകളുടെ അഭാവം ഒന്നുകൊണ്ടുമാത്രം കൃഷി സുഗമമായി നടത്താൻ പറ്റാത്ത പാടശേഖരങ്ങളുടെ - പുഞ്ചയും മുണ്ടകനും - ഒരു പട്ടികതന്നെ, സൂക്ഷ്മദൃക്കുകൾക്ക്,നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയും. ഈ നിരീക്ഷണ സംഘത്തിൻെറ ദൃഷ്ടിയിൽപെട്ടതും ശ്രദ്ധയിൽ പെടാത്തതുമായ പാടശേഖരങ്ങളെ ലിസ്റ്റിൽ പെടുത്തിയിരിക്കുന്നു. അവയ്ക്കു വേണ്ടി വരുന്ന പരിഹാര പ്രവർത്തനങ്ങളുടെ ചെലവും സാമാന്യമായി തിട്ടപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | വരമ്പിനകം പാടശേഖരം - 2500 മീറ്റർ പുറം | ബണ്ട് | Rs. 25 ലക്ഷം |
| | | വാച്ചാൽ | Rs. 6 ലക്ഷം |
| 2. | അണ്ണവട്ടംകടവ് കവുങ്ങുംതറ 1500 മീറ്റർ പുറംബണ്ട് | | Rs. 15 ലക്ഷം |
| | | വാച്ചാൽ | Rs. 6 ലക്ഷം |
| 3. | ഊട്ടുപുര ബണ്ട് | | Rs. 30 ലക്ഷം |
| | | വാച്ചാൽ | Rs. 4 ലക്ഷം |
| 4. | കോളശ്ശേരി | ബണ്ട് | Rs. 8 ലക്ഷം |
| | | വാച്ചാൽ | Rs. 2 ലക്ഷം |
| 5. | പുളിച്ചാക്കൽ | ബണ്ട് | Rs. 8 ലക്ഷം |
| 6. | ഇടത്തറക്കടവ് ബണ്ട് | | Rs. 15 ലക്ഷം |
| 7. | പത്തിരിക്കച്ചിറ | | Rs. 4 ലക്ഷം |
| 8. | മണിയമ്പടവ് | | Rs. 5 ലക്ഷം |
| 9. | മുക്കട | | Rs. 10 ലക്ഷം |
| 10. | കരിപ്പാൽ | | Rs. 15 ലക്ഷം |
| 11. | തൃക്കോതമംഗലം | | Rs. 15 ലക്ഷം |
| 12. | പുതുശ്ശേരി | | Rs. 10 ലക്ഷം |
| 13. | കൊച്ചേരി | | Rs. 5 ലക്ഷം |
| 14. | കോയിപുറം വെട്ടികലുങ്ക് | | 8 ലക്ഷം |
| 15 | കാടമുറി ഭാഗം | | 10 ലക്ഷം |
| 16. | കൊടുവേലി ഭാഗം | | 3 ലക്ഷം |
| 17. | കണ്ടാമറ്റം ഭാഗം | | 4 ലക്ഷം |
| 18. | പൊങ്ങന്താനം | | 10 ലക്ഷം |
| 19. | വലിയമണ്ണിൽ | | 12 ലക്ഷം |
| 20. | തോട്ടയ്ക്കാട് വയൽ | | 5 ലക്ഷം |
| 21. | ഉദിക്കൽ ഭാഗം | | 3 ലക്ഷം |
| | **മൊത്തം** | | **238 ലക്ഷം** |

# ജലസേചനം

ജലസേചന - ജലവിതരണ മേഖലയിൽ നിരവധി പാഴ് ചെലവുകൾ ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കിയാലെ പരമാവധി പ്രയോജനം കാർഷി കരംഗത്ത് ഉണ്ടാകൂ. ജലസേചന പദ്ധതികൾ നട പ്പാക്കുന്നതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശരിയായ രീതിയിലുള്ള ജലവിനിയോ ഗം. ഇതിനെ അവഗണിച്ചാൽ പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിക്കുകയില്ല. ഇതിന് കർഷകരും ജലവകുപ്പും ഏകോപിച്ചു പ്രവർത്തിക്കേണ്ടിയി രിക്കുന്നു. അതിലൂടെ ജലസമ്പത്ത് സംഭരിക്കുന്ന തിനും സംരക്ഷിക്കുന്നതിനും ആവശ്യമായ ബോധ വൽക്കരണം നടത്തുന്നതിനും സാധിക്കുന്നു. മൈനൽ ഇറിഗേഷൻ സെൻസസ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ഭൂഗർഭജലവികസനത്തിനായി ടെക്നോളജി മിഷ്യൻ ആവശ്യമായ സ്ഥലത്ത് കുഴൽകിണറുകൾ സ്ഥാപിക്കുകയും ചെയ്യേണ്ട താണ്.

മൺസൂൺ പരാജയത്തിൻെറയും ജലദൗർല ഭ്യത്തിൻെറയും അടിസ്ഥാനത്തിൽ പുതിയ ജലവി ഭവങ്ങൾ കണ്ടെത്തുന്നതും അവയെ ഫലപ്രദ മാക്കുന്നതും അത്യന്താപേക്ഷിതമാണ്. പ്രകൃതി ദത്തമായ അരുവികളുടെ ഉറവിടം, ഒഴുക്കിൻെറ സ്വഭാവം എന്നിവ കണ്ടുപിടിക്കുന്നതിന് വാകത്താ നത്തിൻെറ ഒരു ഭൂപടം തയ്യാറാക്കി മാപ്പുകളും ചാർട്ടുകളും ചിത്രങ്ങളും ഉണ്ടാക്കുക. ഇവയ്ക്ക് നമ്മുടെ നാടിൻെറ ഫിസിയോഗ്രഫി, ഹൈഡ്രോ ഗ്രാഫി,ലാൻഡ് യൂസ് പാറ്റേൺസ് എന്നിവയെക്കു റിച്ച് പൂർണ്ണജ്ഞാനം നല്കാൻ കഴിയും. അങ്ങനെനമ്മുടെ കുളങ്ങളെക്കുറിച്ചും പൊയ്കക ളെക്കുറിച്ചും സമഗ്രമായ ഒരു പഠനം നടത്തിയശേ ഷമേ അവയുടെ വിനിയോഗമാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുള്ളു.

## നിർദ്ദേശങ്ങൾ

മൂവാറ്റുപുഴ പദ്ധതിയുടെ പ്രയോജനം തൊട്ട ടുത്ത പുതുപ്പള്ളി പഞ്ചായത്തിനു വരെ സഹായ കരമാകുന്നുണ്ട്. അതിൻെറ പ്രയോജനം വാക ത്താനം പഞ്ചായത്തിനും ലഭ്യമാക്കുക.

പാലക്കോടു ചീറതേവരു ചിറ, പാണ്ടൻ ചിറ എന്നിവിടങ്ങളിലുള്ള കുളങ്ങൾക്ക് ആഴംകൂട്ടി സൈഡുകെട്ടി ജലസംഭരണ ശേഷി വർദ്ധിപ്പിക്കു ക. അവയിൽ നിന്നും വാച്ചാലുകൾ നിർമ്മിക്കുക.

അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ ചെക്കുഡാം ചീപ്പ് എന്നിവ നിർമ്മിക്കു ക. പാറേക്കുളം, ചീരംകുളം, ഇടമനക്കുന്ന് എന്നിവ പ്രയോജനകരമാക്കുക.

ചെറുതോടുകളുടെ വീതിയും ആഴവും കുറഞ്ഞതു മൂലം ജലം നിർഗ്ഗമന മാർഗ്ഗം തടസ്സ പ്പെടുകയും കൃഷി നാശത്തിനിടയാകുകയും ചെയ്യുന്നുണ്ട്. അന്യാധീനപ്പെട്ട തോട് പുറമ്പോക്കു കൾ വീണ്ടെടുത്ത് ജലനിർഗ്ഗമന തടസ്സങ്ങൾ ഒഴി വാക്കേണ്ടത് അനിവാര്യമാണ്. കണിയാൻ കട വിൽ രണ്ടു ചെറിയ ചീപ്പുകൾ നിർമ്മിച്ചാൽ വെട്ടികലുങ്കുഭാഗത്തും ഉദിക്കൽ ഭാഗത്തും കൃഷി മെച്ചപ്പെടുത്താവുന്നതാണ്. കൊല്ലകംകുന്നു ഭാഗത്ത് ഒരു ചെക്കുഡാം കെട്ടുന്നത് വളരെ പ്രയോജനക രമായിരിക്കും.

ജലസമ്പത്ത് സംരക്ഷിക്കേണ്ടതിൻെറ പ്രാധാ ന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തിയാലേ ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കു കയുള്ളൂ.

പട്ടിക 3

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി | ആവശ്യമായ തുക |
|---|---|---|---|
| 1 | പാലക്കോടുചിറകുളം | ആഴം കൂട്ടി സൈഡുകെട്ടുക | 10 ലക്ഷം |
| 2 | തേവരുചിറകുളം | ആഴംകൂട്ടി സൈഡുപൊക്കിക്കെട്ടുക | 5 ലക്ഷം |
| 3 | തൃക്കോതമംഗലം ചിറമംഗലംകുളം | സൈഡുപൊക്കി കെട്ടുക | 1 ലക്ഷം |
| 4 | പാതിയപള്ളികടവിൽ നിന്നും ഊട്ടുപുര പാടത്തേക്ക് ട്രാക്ടർ ഇറക്കത്തക്ക വിധം ക്രോസ് ബാറും റാമ്പും കെട്ടുക | - | 5 ലക്ഷം |
| 5. | തെക്കിനടി കോളശേരിക്കരി ഊട്ടുപുര തൃക്കോതമംഗലം വാച്ചാൽ പണിയുക | - | 6 ലക്ഷം |
| 6 | മുളക്കി അമയപാടം വെട്ടിക്കാട്ടില്ലത്തിനു സമീപം എന്നിവിടങ്ങളിൽ ചെക്കുഡാമും വാച്ചാലും പണിയുക | - | 5 ലക്ഷം |
| 7 | കൊച്ചുതോടിൻെറ ഇരുകരകളിലും സംരക്ഷണഭിത്തി കെട്ടുക | - | 5 ലക്ഷം |
| 8 | പന്നിക്കോട്ടു തോട്ടിൽ ചീപ്പും കരിക്കുഴിയിൽ കുളം കുത്തി മോട്ടറും സ്ഥാപിക്കുക | - | 3 ലക്ഷം |
| 9 | തോട്ടയ്ക്കാട്ടു തോട്ടിൽ ബണ്ടു കെട്ടി വാച്ചാൽ തീർക്കുക | - | 6 ലക്ഷം |
| 10 | വട്ടോലി-ഉമ്പിടി തോടിൻെറ പാർശ്വഭിത്തി കെട്ടി തടയണ സ്ഥാപിക്കുക | - | 8ലക്ഷം |
| 11 | കൊല്ലകുന്ന് പാലത്തിനു മുകളിൽ ചീപ്പ് നിർമ്മിക്കുക | - | 2 ലക്ഷം |
| 12 | പുതുശേരി തോട്ടിൽ ചീപ്പ് നിർമ്മിക്കുക | - | 3 ലക്ഷം |
| 13 | ഉദിക്കൽ തോടിൻെറയും വെട്ടിക്കലുങ്കു തോടിനും സംരക്ഷ ഭിത്തി കെട്ടുക | - | 10ലക്ഷം |
| 14 | നാലുന്നാക്കൽ തോടിന് സംരക്ഷണ ഭിത്തി കെട്ടുക | - | 10 ലക്ഷം |
| 15 | മുക്കടപ്പാടത്തു ചീപ്പ് | - | 2 ലക്ഷം |
| 16 | കരീകക്കണ്ടം - മുതൽ തലക്കുളം വരെയുള്ള വാച്ചാൽ പുതുവാച്ചാൽ പടിക്കൽ കടവുവരെ നീട്ടുകയും ചെയ്യുക. | - | 6 ലക്ഷം |
| | ആകെ | 87 ലക്ഷം | |



2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

ചുരുങ്ങിയ സമയം കൊണ്ടു കൂടുതൽ ആദായം ലഭ്യമാകുന്ന അപൂർവ്വ മേഖലകളിലൊന്നാണു മൃഗസംരക്ഷണം. മൃഗസംരക്ഷണ പ്രവർത്തനത്തിലൂടെ വളരെയധികം പുരോഗതി കൈവരിക്കാൻ സാദ്ധ്യതയുള്ള പ്രദേശമാണ് വാകത്താനം. കേരളത്തിൻെറ മൃഗസംരക്ഷണ രംഗത്തിന് തനതായ സംഭാവനകൾ നല്കുവാൻ മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ്, വരെ ഇവിടെ പ്രവർത്തിച്ചിരുന്ന വിത്തു കാള, വിത്തു പോത്ത്, ബീജോത്പാദന കേന്ദ്രത്തിന് സാധിച്ചിരുന്നു. അതുകൊണ്ട് തന്നെ ഉന്നത ജനികസ്രോതസ്സിൻെറ ഉറവിടമാണ് വാകത്താനം. ഇവിടുത്തെ മണ്ണിൽ വളരുന്ന സസ്യങ്ങളിലും, ഒഴുകുന്ന നീർച്ചാലുകളിലും മൃഗങ്ങൾക്കാവശ്യമായ ധാതുലവണ മിശ്രങ്ങളുടെ ഉറവിടമാണ്. അതുകൊണ്ട് ഈ പ്രദേശത്തെ മൃഗങ്ങൾ നല്ല ആരോഗ്യമുള്ളതും രോഗപ്രതിരോധ ശക്തിയാർജ്ജിച്ചതും ആണ്.

## പക്ഷി-മൃഗ സമ്പത്ത്

മുപ്പതു വർഷം കൊണ്ട് ചിലയിനം മൃഗങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടെങ്കിലും ഗുണമേന്മയിൽ വർദ്ധനയുണ്ടായിട്ടുണ്ട്.

## കുറയാനുള്ള കാരണങ്ങൾ

കാർഷിക പ്രാധാന്യമുള്ള ഈ പ്രദേശത്തിൻെറ കൃഷി ആവശ്യത്തിനു ഉപയോഗിച്ചിരുന്ന ഉഴവുമാടുകളുടെയും പോത്തുകളുടെയും എണ്ണം നെൽകൃഷിയിൽ ഉണ്ടായ മാന്ദ്യതയും, യന്ത്രവൽക്കരണവും മൂലം കുറഞ്ഞു. മോട്ടോർ വാഹനങ്ങളുടെ ആവിർഭാവം മൂലം മൃഗങ്ങൾ ഭാരം വലിക്കുന്ന വണ്ടികൾ വിരളമായി. കരിമ്പു കൃഷി അന്യം നിന്നപ്പോഴും,എണ്ണ ആട്ടുന്ന മില്ലുകൾ ആവിർഭവിച്ചപ്പോഴും മൃഗങ്ങളെ ഉപയോഗിച്ചു പ്രവർത്തിപ്പിച്ചിരുന്ന ചക്കുകൾ അപ്രത്യക്ഷമായി. ആളോഹരി കൃഷിഭൂമിയുടെ പരിമിതി, റബർകൃഷിയുടെ ആഗമനം മൂലം കൃഷിരീതിയിലുള്ള മാറ്റം, നെൽകൃഷി കുറഞ്ഞപ്പോൾഉണ്ടായ വൈയ്ക്കോലിൻെറ ലഭ്യതകുറവ്, പുല്ല് വളർച്ച കുറഞ്ഞതും, കാലിത്തീറ്റയായി ഉപയോഗിക്കുന്ന സമീകൃതവും അല്ലാത്തതുമായ വസ്തുക്കളുടെ വിലവർദ്ധനവും, അതുമൂലം ഉത്പാദന ചിലവു വരവുമായുള്ള അനുപാതത്തിൽ വന്ന വ്യത്യാസം, പാൽ വിപണത്തിനു പ്രവർത്തിച്ചിരുന്ന രണ്ടു ക്ഷീരസംഘങ്ങളുടെ തളർച്ച എന്നിവയാണ് ക്ഷീരോദ്പാദനത്തെ ബാധിച്ച കാരണങ്ങൾ. 1976 നു ശേഷം കോഴിവസന്ത രോഗം മൂലം വീട്ടുവള

പ്പിലെ മുട്ടക്കോഴി വളർത്തലിൽ ഗണ്യമായ കുറവുണ്ടായി.

## മൃഗസംരക്ഷണ രംഗം ഒറ്റനോട്ടത്തിൽ

### *വളർത്തുമൃഗങ്ങൾ*

| | നാടൻ | സങ്കരം | എണ്ണം |
|---|---|---|---|
| കാള | | 43 | |
| കാള | 378 | | |
| പശു | 498 | | |
| പശു | | 5839 | |
| എരുമ | | 18 | |
| പോത്ത് | | 59 | |
| ആട് | | 11032 | |
| നായ് | | 995 | |

| വളർത്തുപക്ഷി | എണ്ണം |
|---|---|
| കോഴി | 25994 |
| താറാവ് | 1157 |

| ക്ഷീരവിപണ സംഘങ്ങൾ | പ്രവർത്തിക്കുന്നത് | പ്രവർത്തിക്കാത്തത് | പുതുതായി ആരംഭിക്കുന്നത് |
|---|---|---|---|
| 4 | 1 | 2 | 1 |

അവലംബം 1987 സെൻസസ്

| | |
|---|---|
| മൃഗാശുപത്രി | 1 |
| ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ | 7 |
| ഡയറി ഫാം (സ്വകാര്യം) | 1 |
| ആടുവളർത്തൽ യൂണിറ്റുകൾ | 2 |
| പന്നിവളർത്തൽ യൂണിറ്റുകൾ | 9 |

## ഇന്ന് മൃഗസംരക്ഷണ രംഗത്തുള്ള പ്രശ്നങ്ങൾ

1. പാൽ വിപണനത്തിന് ക്ഷീരസംഘങ്ങളുടെ അഭാവം
2. ഇറച്ചിക്കോഴി വിപണനത്തിനുള്ള അപര്യാപ്തത
3. കൃഷിഭൂമിയുടെ പരിമിതി
4. കൃഷി രീതിയിലുള്ള മാറ്റം
5. വൈയ്ക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്
6. കാലിത്തീറ്റിയുടേയും കോഴിത്തീറ്റയുടേയും മറ്റു തീറ്റവസ്തുക്കളുടേയും വില വർദ്ധനവ്.
7. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
8. ശാസ്ത്രീയ മൃഗപരിപാലന രീതിയെക്കുറിച്ചുള്ള അറിവിൻെറ കുറവ്.
9. കന്നുകാലിയുടെ ഉൽപാദനത്തിൻെറയും പ്രത്യുൽപാദനത്തിൻെറയും കണക്കുകൾ ഇല്ലാത്ത കുറവ്.
10. കിടാരികൾ ചനപിടിക്കാൻ വരുന്ന കാലതാമസം.
11. കന്നുകാലി ഉടമകളുടെയും കോഴിവളർത്തുന്നവരുടെയും സംഘടനയില്ലാത്തത്.
12. പരാത രോഗങ്ങൾ, കുളമ്പുരോഗം, അകിടുവീക്കം, മുടന്തൻ പനി മുതലായ രോഗങ്ങൾ മൂലമുണ്ടാകുന്ന ഉൽപാദനകുറവ്
13. കർഷക പരിശീലന കേന്ദ്രം ഇല്ലാത്തത്
14. വീടുകളിൽ ചെന്നു സേവനങ്ങൾ നടത്തുവാൻ മൊബൈൽ യൂണിറ്റുകൾ ഇല്ലാത്തത്

## നിർദ്ദേശങ്ങൾ

1. സമഗ്ര മൃഗപക്ഷി ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
2. നിലവിലുള്ള ക്ഷീര സംഘങ്ങൾ പുനർജ്ജീവിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക.
3. ഫോഡർ വിളവുകൾ വച്ചുപിടിപ്പിക്കാനുള്ള നടപടി എടുക്കുക.
4. പഞ്ചായത്തു പ്രദേശത്തുള്ള കിടാക്കളുടെ ജനനം രേഖപ്പെടുത്തി ശാസ്ത്രീയ പരിചരണം നല്കി മുപ്പതാം മാസത്തിൽ പ്രസവം സാദ്ധ്യമാക്കുക.

5. നിലവിൽ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരും നല്ല തൊഴിലില്ലാത്തവരുമായ കർഷകരെ തെരഞ്ഞെടുത്തു തൊഴുത്തുകൾ നിർമ്മിച്ചു കൊടുക്കുക.
6. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.
7. ക്ഷീരോൽപന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
8. എഗ്ഗർ നേഴ്സറി പദ്ധതി തയ്യാറാക്കുക.
9. സ്കൂൾ പൗൾട്ടറി ക്ലബുകൾ രൂപീകരിച്ചു പ്രവർത്തിക്കുക.
10. ഇറച്ചിക്കോഴി, കാട, താറാവു എന്നിവയുടേയും പന്നി, മുയൽ, ആട് എന്നിവയെ വളർത്തുന്നതിന് പ്രത്യേക പരിഗണന നൽകുക.
11. കന്നുകാലി രോഗനിർമ്മാർജ്ജന പരിപാടിയും പേ വിഷനിർമ്മാർജ്ജന പരിപാടിയും എലിപ്പനി നിർമ്മാർജ്ജന പരിപാടിയും അടിയന്തര സ്വഭാവത്തിൽ പരിഗണിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.
12. കന്നുകാലി-പക്ഷി പ്രദർശനം സംഘടിപ്പിക്കുക.
13. കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കുക.
14. പഞ്ചായത്തിൽ മൃഗക്ഷേമത്തിന് S.P.C.A. രൂപീകരിക്കണം.

ആത്മാർത്ഥമായ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വഴി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും വനിതാ പട്ടികജാതിപട്ടികവർഗ്ഗ വികസനം ഉറപ്പാക്കാനും പ്രതിശീർഷ വരുമാനം വർദ്ധിപ്പിച്ച് സമ്പൽഘടന പുഷ്ടിപ്പെടുത്തുവാനും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുവാനും ജൈവസമ്പത്ത് പരിരക്ഷിക്കുവാനും സർവോപരി പഞ്ചായത്തിന്റെ പുരോഗതിക്ക് അടിസ്ഥാന ഘടകമായി മൃഗസംരക്ഷണം അത്യന്താപേക്ഷിതമാണ്.

## മത്സ്യബന്ധനം

മരച്ചീനികൃഷിക്ക് പ്രസിദ്ധമായ വാകത്താനം പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരത്തിന്റെ അവിഭാജ്യഘടകമായിരുന്നു മത്സ്യം. വാകത്താനം പഞ്ചായത്തിന്റെ പടിഞ്ഞാറൻ പാടശേഖരങ്ങളിൽ നിന്നും സ്ഥിരമായി മത്സ്യം പിടിക്കുന്ന തൊഴിലാളികൾ തന്നെ ഉണ്ടായിരുന്നു. അതുപോലെതന്നെ ആദ്യമഴയ്ക്കും പുതുവെള്ളപ്പാച്ചിലിൽ ഊത്ത പിടിക്കുന്നതും ഒരു വിഭാഗം ജനങ്ങൾക്ക് ഹരമായിരുന്നു.

ഇപ്പോൾ വംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന വരാൽ, ചേറുമീൻ, കല്ലടമുട്ടി, പരൽ, മഞ്ഞക്കൂരി ചില്ലാൻ, കൂരി, മുശി തുടങ്ങിയ മത്സ്യങ്ങൾ ഏതാണ്ട് പത്തുവർഷങ്ങൾക്ക് മുൻപ് വരെ ഞാലിയാകുഴി മത്സ്യചന്തയിൽ സുലഭമായിരുന്നു.

ഈ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരും മത്സ്യവിപണന രംഗത്ത് പ്രവർത്തിക്കുന്നവരുമായി ഒരു ന്യൂനപക്ഷമെ ഉള്ളു. മിക്കവരും കുമരകം, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സൈക്കിളിലും, മോട്ടോർ വാഹനങ്ങളിലും, തലച്ചുമടായും ഞാലിയാകുഴി ചന്തയിലും സമീപ ഗ്രാമപ്രദേശങ്ങളിലും വിപണനം നടത്തുന്നുണ്ട്.

മത്സ്യബന്ധനത്തിൽ വന്ന ശോഷണം സാധാരണക്കാരുടെ ജീവിതക്രമങ്ങൾക്കും ഭക്ഷണരീതികൾക്കും സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഒരു സമഗ്ര സമീപനം സ്വീകരിച്ചാലെ ഒരളവുവരെ പ്രശ്നപരിഹാരമാവൂ.

കുട്ടനാട് ഡവലപ്മെൻറ് സ്കീം നമ്മുടെ പ്രദേശത്തിന് എത്രമാത്രം ഗുണമുണ്ടാകുന്നുഎന്ന് പരിശോധിക്കേണ്ടതുണ്ട്. തണ്ണീർമുക്കം ബണ്ട് ഈ പ്രദേശത്തു നിന്നും പടിഞ്ഞാറൻ പ്രദേശത്തേക്കുള്ള ഒഴുക്കിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജലത്തിന്റെ ലഭ്യതയെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സ്യങ്ങളുടെ ജീവിതത്തെയും പ്രജനനതയേയും ബണ്ടുകളുടെ നിർമ്മാണം ബാധിച്ചിട്ടുണ്ട്. മത്സ്യങ്ങളുടെ വംശനാശത്തിനും രോഗങ്ങൾക്കും ഇത് കാരണമായിട്ടുണ്ട്. കൂടാതെ കൃഷിയെയും കുടിവെള്ളത്തെയും കൂടി ഇതു ബാധിച്ചിട്ടുണ്ട്.

അമിതമായ രാസവള പ്രയോഗം, കീടനാശിനി തളിക്കൽ എന്നിവയാൽ മത്സ്യസമ്പത്ത് അമ്പാടെ നശിച്ചുകൊണ്ടിരിക്കുകയാണ്.

മണ്ണൊലിപ്പിന്റെ ഗതികൂടുകയും ഉയർന്ന പാടങ്ങളും തോടുകളും കുളങ്ങളും നികത്തി കരഭൂമിയാക്കി കെട്ടിടം നിർമ്മിക്കുന്ന പ്രവണത മത്സ്യ സമ്പത്തിനെ നശിപ്പിക്കുന്നു. വാകത്താനത്തിന്റെ വിവിധ ഭാഗങ്ങളിൽ, പുതുശേരി, പാതിയപ്പള്ളി, വലിയപള്ളി, പുളിച്ചാക്കൽ, കോയി

പ്പുറം മുതലായ പാടശേഖരങ്ങളിലെയും തോടുക ളിലെയും മത്സ്യസമ്പത്ത് നിശേഷം കുറഞ്ഞു.

മത്സ്യ ഉല്പാദന മേഖലയിൽ വൻ പുരോ ഗതി നേടിയ രാജ്യമാണ് ചൈന. സംയോജിത കൃഷി സമ്പ്രദായങ്ങൾ വളരെ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുകൊണ്ടാണ് ഈനേട്ടം കൈവരിക്കാൻ സാധിച്ചത്. ചീനയിൽ മത്സ്യ - മൃഗസംരക്ഷണ മേഖലകളുടെ വികസനം ആസൂ ത്രണം ചെയ്യുന്നതു തന്നെ കാർഷിക മേഖലയുടെ മൊത്തം വികസനംമുന്നിൽ കണ്ടുകൊണ്ടാണ്. ചീനയിൽ പ്രചുരപ്രചാരം നേടിയ സംയോജിത കൃഷി സംമ്പ്രദായങ്ങളിൽ മുഖ്യമായിട്ടുള്ളതും മത്സ്യ-താറാവു കൃഷിയാണ്. തായ്‌ലണ്ട്, പോളണ്ട്, ഹംഗറി എന്നീ രാജ്യങ്ങളിലും പഴയ ചെക്കോസ്ലോ വാക്യയിലും മീനുകളുടെ കൂടെ താറാവിനെ വളർത്തുന്നത് സാധാരണ സംഗതിയാണ്. ഇൻഡ്യ യിൽ സംയോജിത മത്സ്യ-താറാവു കൃഷിക്ക് ഉതകുന്ന തനത് സാങ്കേതിക വിദ്യകൾ ഹെരക്പൂ രിലെ കേന്ദ്ര ഉൾനാടൻ മത്സ്യ ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കുമരകത്തെ ഗവേഷണ കേന്ദ്രത്തിൽ സംയോജിത കൃഷിരീതി കൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പഠനങ്ങൾ പുരോഗമിച്ചു വരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിലെ വെള്ളം കെട്ടിക്കിടക്കുന്ന പാടങ്ങ ളിലും തോടുകളിലും മറ്റു കുളങ്ങളിലും മീൻകൃ ഷിക്ക് അനുയോജ്യമാണ്. ഇൻഡ്യൻ റണ്ണർ എന്ന താറാവും കാക്കികാമ്പൻ എന്ന വിദേശ താറാവു മാണ് സംയോജിത കൃഷിക്കനുയോജ്യം. ഒരു ഹെക്ടറിന് 200 - 300 വരെ കുളത്തിലിടാം. വളർത്തു മത്സ്യങ്ങളുമായി സഹജീവിതം നടത്തുന്നതിന് താറാവുകൾക്ക് കഴിയും. കട്ച, റോഹു, മൃഗാൽ, സിൽവർ കാർപ്പ്, ഗ്രാസ് കാർപ്പ് എന്നീ മത് സ്യങ്ങൾ ഈ പ്രദേശത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണ്.

സംയോജിത മത്സ്യ - താറാവു കൃഷി പ്രോത് സാഹിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ പ്രവർത്തി ക്കുന്ന മത്സ്യകർഷക വികസന ഏജൻസികൾ (എഫ്.എഫ്.ഡി.എ) ഹെക്ടറിന് 10000- രൂപ വരെ സബ്സിഡി നൽകുന്നു. ധനകാര്യ സ്ഥാപനങ്ങ ളിൽ നിന്നും ഹെക്ടറിന് 40000/-രൂപ വരെ വായ്പ ലഭ്യമാകുകയും ചെയ്യും. സംയോജിത മത്സ്യ - കോഴി കൃഷിക്കും, സംയോജിത മത്സ്യ-പന്നി വളർത്തലിനും ഇതേ നിരക്കിൽ വായ്പയും സബ് സിഡിയും ലഭിക്കുന്നതാണ്.

## സംയോജിത കൃഷിയുടെ നേട്ടങ്ങൾ

1. താറാവിനെ വളർത്തുന്നതിന് സ്ഥലം ആവ ശ്യമായി വരുന്നില്ല.
2. താറാവ് ജലാശയങ്ങളിലെ സസ്യങ്ങളുടെ വളർച്ചയെ നിയന്ത്രിക്കുന്നു.

## പ്രശ്നങ്ങൾ

1. ജലമലിനീകരണം
2. മത്സ്യസമ്പത്തിൻെറ ശോഷണവും മത്സ്യ രോഗങ്ങളും
3. സൗകര്യപ്രദമായ മത്സ്യമാർക്കറ്റുകളുടെ അഭാവം
4. മത്സ്യകൃഷിയെ സംബന്ധിച്ചുള്ള ബോധ വൽക്കരണം ശരിയായി ലഭിക്കുന്നില്ല.
5. മീൻപിടുത്തത്തിന് നഞ്ചുകലക്കലും കറണ്ട ടിയും.

## സാദ്ധ്യതകൾ

1. സംയോജിത മത്സ്യ-താറാവു കൃഷിക്ക് രൂപം നൽകുക.
2. രോഗപ്രതിരോധ നടപടികൾ ശരിയാംവണ്ണം തക്കസമയത്ത് നടപ്പിലാക്കുക.
3. സൗകര്യമായ പൊതു മത്സ്യമാർക്കറ്റ് സ്ഥാ പിക്കുക.
4. സംയോജിത കൃഷിരീതികളെ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾക്കും മൃഗ-ഫിഷറീസ് വിദഗ്ദ്ധരുടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.
5. നഞ്ചുകലക്കവും കറണ്ടടിയും കർശനമായി നിയന്ത്രിക്കുക.
6. പൊതു ഉൾനാടൻ മത്സ്യവളർത്തൽ കേന്ദ്രം ആരംഭിക്കുക.
7. മത്സ്യകുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യ മാക്കുക.
8. സ്വകാര്യ മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകുക.
9. മേൽത്തരം തീറ്റ ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

# 3 പൊതുജനാരോഗ്യം - കുടിവെള്ളം



ആരോഗ്യമുള്ള ജനതയാണ് നാടിൻെറ സമ്പത്ത്. രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. രോഗമില്ലാത്ത അവസ്ഥ ഭക്ഷണത്തിലെ പോഷകഘടകവുമായി ബന്ധപ്പെട്ടിരിക്കുന്നു. പോഷകം ശരീരത്തിൻെറ രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു. രോഗമുണ്ടാക്കുന്നതിലെ മറ്റൊരു പ്രധാന ഘടകം പരിസര മലിനീകരണമാണ്. അവശിഷ്ടങ്ങൾ നാലുപാടും വലിച്ചെറിഞ്ഞ് പരസരങ്ങൾ മലിനപ്പെടുത്തുന്നതിൽ മത്സരിക്കുന്നവരാണ് നാമെന്ന് എവിടെ നോക്കിയാലും കാണാം. പരിസരശുചീകരണം സംസ്കാരത്തിൻെറ ഭാഗമായി വളർത്തിക്കൊണ്ടു വരേണ്ടതാണ്. രോഗനിവാരണത്തിനായി കാലാകാലങ്ങളിൽ നടത്തേണ്ട കുത്തിവയ്പുകൾ കുട്ടികൾക്കെടുപ്പിക്കാൻ മറക്കുന്നവർ ഇന്നു വിരളമാണ്. മദ്യപാനം പുകവലി ഇവ മൂലമുണ്ടാകുന്ന രോഗവും സാധാരണമാണ്. മയക്കുമരുന്ന് ഇന്നു വ്യാപകമായി തീർന്നിരിക്കുന്നു. ചെറിയ ഡോസു മയക്കുമരുന്ന് ചേർത്തു വരുന്ന പുകയിലയും, പാക്കും ആകർഷണീയമായ പായ്ക്കറ്റുകളിൽ കിട്ടുന്നത് സ്കൂൾ കുട്ടികൾ വരെ വ്യാപകമായി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ സൂക്ഷിക്കുന്നതാണ് നല്ലത്.

## വാകത്താനം പ്രൈമറി ഹെൽത്തു സെൻറർ

വാകത്താനത്തിൻെറ ഭരണകേന്ദ്രമായ ഞാലിയാകുഴിയിൽ നിന്നും ഒന്നര കിലോമീറ്റർ സഞ്ചരിച്ചാൽ വാകത്താനം ആശുപത്രിപ്പടിയായി. 1950 ൽ ജനങ്ങളുടെ സഹകരണത്തോടെ കരപ്പാറ വി. ജെ. സഖറിയ (കരപ്പാറകറിയാച്ചൻ) യുടെ നേതൃത്വത്തിൽ സ്ഥാപിച്ചതാണ് ഈ ആശുപത്രി. വാകത്താനം ഗവൺമെൻറ് ആശുപത്രി എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. 1985 - 86 വർഷത്തിലാണ് ഇതു പ്രൈമറി ഹെൽത്തുസെൻററായി(PHC) മാറുന്നത്. ഇൻ പേഷ്യൻറ് വിഭാഗം, പ്രസവം, പോസ്റ്റുമോർട്ടം ഇവ നല്ല രീതിയിൽഈ ആശുപത്രിയിൽ നടത്തിയിരുന്നു. ആശുപത്രി സ്ഥാപിച്ച് അഞ്ചു പതിറ്റാണ്ടോടടുക്കുമ്പോഴുള്ള ഇതിൻെറ സ്ഥിതി ഇന്നു ശോചനീയമായി തുടരുന്നു.

50 സെൻറു സ്ഥലം ഒരു PHC ക്കു മതിയാകാത്തതാണ്. ലബോറട്ടറി, ഇൻസുലിൻ പോലെയുള്ള മരുന്നു സൂക്ഷിക്കാനായി ഫ്രിഡ്ജ്, വാഹനം, ഫോൺ തുടങ്ങി ഒരു PHC ക്കുവേണ്ട പ്രാഥമിക സൗകര്യം ഇവിടെ ഇല്ല. ഒരു മെഡിക്കൽ ഓഫീസർ മാത്രമാണ് ഇപ്പോൾഇവിടെ ഉള്ളത്. ദിവസേന ഏതാണ്ട് 189 ഓളം രോഗികൾ വന്നു പോകുന്നു. സബ്സെൻററുകൾ സന്ദർശിക്കേണ്ടി

*രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ നല്ലതു രോഗം വരാതെ സൂക്ഷിക്കുന്നതാണ്.ഇതു നമ്മുടെ മുദ്രാവാക്യം ആകേണ്ടതാണ്.*

വരുന്നു. അധികജോലിഭാരമാണ് പലപ്പോഴും മെഡിക്കൽ ഓഫീസർ സഹിക്കേണ്ടി വരുന്നത്.

## സ്റ്റാഫ്

| | |
|---|---|
| മെഡിക്കൽ ഓഫീസർ | 1 |
| സ്റ്റാഫ്നേഴ്സ് (സ്ത്രീകൾ) | 3 |
| നേഴ്സിങ്ങ് അസിസ്റ്റൻറ് (സ്ത്രീകൾ) | 2 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് (സ്ത്രീകൾ) | 5 |
| ഫാർമസിസ്റ്റ് | 1 |
| എൽ.ഡി. ക്ലാർക്ക് | 1 |
| അറ്റൻഡർ | 1 |
| പ്യൂൺ | 1 |
| ആകെ | 20 |

## സബ്സെൻറർ

ഈ PHC യുടെ കീഴിൽ 4 സബ് സെൻററുകൾ ഉണ്ട്. മണികണ്ഠപുരം, തൃക്കോതമംഗലം, കണ്ണൻചിറ, തോട്ടയ്ക്കാട്. സബ്സെൻററുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കി തീർക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതാണ് ഇതിനു കാരണം. ഇപ്പോൾ നിലവിലുള്ള മണികണ്ഠപുരം ഹെൽത്ത് സെൻറർ തീർത്തും ശോചനീയമായ അവസ്ഥയിലാണ് തുടരുന്നത്. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും സേവനം എത്തിക്കാൻ ഈ നാലു സെൻററുകൾ മതിയാവുന്നില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുകയും അടിയന്തിര ശ്രദ്ധ ആവശ്യമുള്ളതുമായ കോളനി പ്രദേശങ്ങളിൽ അല്ല ഇവയുടെ സ്ഥാനം.MSS (മഹിളാ സ്വസ്തിക് സംഘ്) ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനം നടത്തിവരുന്നു. ഇതിൻെറ പ്രവർത്തനം വ്യാപകമാക്കാൻ കഴിഞ്ഞിട്ടില്ല.

## ഇൻപേഷ്യൻറ് വിഭാഗം

ഈ PHC യിൽ നിലവിൽ 21 കിടക്കകൾ ഉണ്ടെങ്കിലും അവ മുഴുവനായി ഉപയോഗിക്കാൻ കഴിയുന്നവയല്ല. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പരിമിതമായിതിനാൽഇപ്പോൾ ഇൻപേഷ്യൻറ് വിഭാഗം പ്രവർത്തിക്കാത്ത അവസ്ഥയിലാണ്.

## ഔട്ട്പേഷ്യൻറ് വിഭാഗം

ശരാശരി 200 ഓളം ആൾക്കാർ (രോഗികൾ, ഗർഭിണികൾ, കുടുംബാസൂത്രണം) ഔട്ട്പേഷ്യൻറ് വിഭാഗത്തിൽ വന്നു പോകുന്നു. ഇതിൽ 45% കുട്ടികളും 35% സ്ത്രീകളും 20% പുരുഷന്മാരുമാണ്. വൈറസ് ബാധമൂലം ഉണ്ടാകുന്ന പകർച്ച വ്യാധിയും വൈറ്റമിൻെറ കുറവുമൂലം വായിലുണ്ടാകുന്ന വ്രണങ്ങൾ രക്തത്തിൽ ഇരുമ്പിൻെറ കുറവു മൂലം ഉണ്ടാകുന്ന അനീമിയ (വിളർച്ച) ഇവയാണ് കൂടുതലായി കണ്ടുവരുന്നു.

ഔട്ട്പേഷ്യൻറ് വിവരം വിശദമായി

| പുതിയവർ | | പുതിയതും പഴയതുംകൂടി | |
|---|---|---|---|
| പുരുഷന്മാർ | - 3581 | പുരുഷന്മാർ | - 18613 |
| സ്ത്രീകൾ | - 5622 | സ്ത്രീകൾ | - 29284 |
| കുട്ടികൾ | - 4103 | കുട്ടികൾ | - 21092 |
| ആകെ | - 13306 | ആകെ | - 68989 |

## 1995 – 96 വർഷത്തെ രോഗ ചികിത്സാ വിവരം

| ക്രമനമ്പർ | രോഗം | എണ്ണം |
|---|---|---|
| 1 | വൈറസ് സംക്രമണം മൂലം ഉണ്ടാകുന്ന കരൾ വീക്കം (മഞ്ഞപ്പിത്തലക്ഷണം) | 42 |
| 2 | വൈറ്റമിൻ കുറവുമൂലം വായിൽ ഉണ്ടാകുന്ന വ്രണങ്ങൾ | 4622 |
| 3 | ഇരുമ്പിൻെറ കുറവുമൂലം രക്തത്തിലെ ശ്വേതാണുക്കളുടെ കുറവുമൂലം ഉണ്ടാകുന്ന അനീമിയ - വിളർച്ച | 3593 |
| 4 | ചുഴലിദീനം | 18 |
| 5 | തിമിരം | 57 |
| 6 | ചെങ്കണ്ണ് | 535 |

| | | |
|---|---|---|
| 7 | ഗർഭാശയ സംബന്ധമായവ | 432 |
| 8 | ഉയർന്ന രക്തസമ്മർദ്ദം | 53 |
| 9 | ചെവി, തൊണ്ട രോഗങ്ങൾ | 3039 |
| 10 | ശ്വാസകോശസംബന്ധമായ മറ്റു രോഗങ്ങൾ | 262 |
| 11 | വൈറസ് മൂലം ഉണ്ടാകുന്ന പകർച്ച പനി | 3239 |
| 12 | വലിവ് - ആസ്മ | 168 |
| 13 | ദന്തരോഗങ്ങൾ | 293 |
| 14 | മാസമുറ സംബന്ധമായ | 45 |
| 15 | ത്വക്ക് രോഗങ്ങൾ, ചൊറി മുതലായവ | 450 |
| 16 | മുറിവ്, പരുക്ക് | 397 |
| 17 | പൊള്ളൽ | 61 |

## കുടുംബക്ഷേമ പ്രവർത്തനം

കുടുംബക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും സബ്സെൻററുകളെ കേന്ദ്രീകരിച്ചു നടത്തിവരുന്നു. കുടുംബാസൂത്രണത്തിനു യോഗ്യരായി 3326 പേർ ഈ പഞ്ചായത്തിലുണ്ട്. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവർ 2096 പേർ മാത്രമാണ്. കുടുംബാസൂത്രണത്തിനാവശ്യമായ ഗർഭനിരോധന ഉപാധികൾ PHC യിൽ നിന്നു വിതരണം ചെയ്യുന്നു. ലക്ഷ്യം 461.

## പ്രതിരോധ കുത്തിവെയ്പ്

അഞ്ചാംപനി, റ്റി. ബി. ഡിഫ്തീരിയ, വില്ലൻ ചുമ, ടെറ്റനസ്, പോളിയോ വാക്സിൻ ഇവയാണ് ഇവുടെ നടത്തി വരുന്ന പ്രതിരോധ കുത്തിവയ്പുകൾ.

പഞ്ചായത്തിലെ ജനസംഖ്യയിൽ മൂന്നിലൊന്നു ശതമാനം ഒരു വർഷത്തിൽ പലപ്പോഴായി രോഗികളായി മാറുന്നുണ്ട്. അധികവും വൈറസ് മൂലം ഉണ്ടാകുന്ന പകർച്ചപ്പനിയും രക്തത്തിൽ ഇരുമ്പിൻെറ അഭാവം മൂലം ഉണ്ടാകുന്ന അനീമിയ എന്ന രോഗവുമാണ്.എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, ചിക്കൻപോക്സ്, മലേറിയ ഇവ കൂടുതലായിരുന്നു.

## മറ്റ് ആരോഗ്യസ്ഥാപനങ്ങൾ

12 വാർഡുകൾ ഉൾക്കൊള്ളുന്ന വിസ്തൃതമായൊരു പഞ്ചായത്താണ് വാകത്താനം. PHCയും അതിൻെറ സബ്സെൻററുകളും കൂടാതെ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങൾ വേറെയും ഉണ്ട്

| നമ്പർ സ്ഥാപനത്തിൻെറ പേര് | കിടക്കകളുടെ എണ്ണം | ഡോക്ടറന്മാരുടെ എണ്ണം | നഴ്സുമാരുടെ എണ്ണം | ഔട്ട് പേഷ്യൻറ് | ഇൻ പേഷ്യൻറ് |
|---|---|---|---|---|---|
| 1 F.J.M. ആശുപത്രി പാലച്ചുവട് | 10 | 1 | 2 | 21 | ഇല്ല |
| 2 ഓലിക്കര ക്ലിനിക് തോട്ടയ്ക്കാട് | ഇല്ല | 1 | 1 | 20 | ഇല്ല |
| 3 K.G.M. ഞാലിയാകുഴി | 5 | 1 | 3 | 38 | ഇല്ല |
| 4 ദർശന ക്ലിനിക്ക് ഞാലിയാകുഴി | ഇല്ല | 1 | 1 | 16 | ഇല്ല |
| 5 ഫിലിപ്പസ് ഞാലിയാകുഴി | ഇല്ല | 2 | 3 | 25 | ഇല്ല |
| 6 K.E. ഡെൻറൽ ക്ലിനിക് ഞാലിയാകുഴി | ഇല്ല | 1 | 1 | 20 | ഇല്ല |
| 7 കൃപാ നേഴ്സിങ്ങ് ഹോം പൊങ്ങന്താനം | ഇല്ല | 2 | 4 | 15 | ഇല്ല |
| 8 മരിയൻ ഹോമിയോ കണ്ണൻചിറ | ഇല്ല | 1 | - | 10 | ഇല്ല |
| 9 വിലങ്ങൻപാറ ഫാർമസി | ഇല്ല | 1 | - | 15 | ഇല്ല |

ആരോഗ്യത്തിൻെറ കാര്യത്തിൽ പൊതുവെ മെച്ചപ്പെട്ട സ്ഥിതിയാണുള്ളതെങ്കിലും പകർച്ചവ്യാധികൾ ഓരോ കാലത്തും വർദ്ധിച്ചു വരുന്നതായി കാണുന്നു. ഇതിൻെറപ്രധാന കാരണങ്ങൾ

1. വേനൽക്കാലങ്ങളിലെ കുടിവെള്ളക്ഷാമം
2. ശുചീകരണത്തിലുള്ള താല്പര്യക്കുറവ്
3. മുൻകരുതൽ ഇല്ലായ്മ
4. പരിസരമലിനീകരണം

## കുടിവെള്ളക്ഷാമം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. തന്മൂലം ജലജന്യ രോഗങ്ങളായ വയറിളക്കം മഞ്ഞപ്പിത്തം ടൈഫോയ്ഡ് ഇവ ഉണ്ടാകുന്നു.

## ശുചീകരണത്തിലുള്ള താല്പര്യക്കുറവ്

ആരോഗ്യസംരക്ഷണത്തിലെ പ്രധാനഘടകമാണ് ശുചീകരണം. വൃത്തിയായി വസ്ത്രം ധരിക്കുകയും വീടുകളുടെ മുൻവശം വൃത്തിയായി സൂക്ഷിക്കാൻ ശ്രമിക്കുന്ന വീട്ടമ്മമാർ പരിസരശുചീകരണത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല. പൊതുവഴികൾ വൃത്തിയായി സൂക്ഷിക്കാനുള്ള ബാദ്ധ്യത മുഴുവൻ ജനങ്ങൾക്കും ഉള്ളതാണ്. ചൊറിപോലുള്ള ത്വക്ക് രോഗങ്ങൾക്കു കാരണമാകുന്നതും മലേറിയ പോലുള്ള രോഗം പകരാനും ഇതു കാരണമാകുന്നു. കൊതുക്, എലി ഇവയുടെ വ്യാപനം തടയുന്നതിനുള്ള എളുപ്പമാർഗ്ഗം ശുചീകരണം വ്യാപകമാക്കുകയാണ്.

## മുൻകരുതൽ ഇല്ലായ്മ

ദന്തരോഗങ്ങൾ, ചെങ്കണ്ണ്, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, വൈറസ് ബാധകൾ, എയ്ഡ്സ് ഇവയുടെ വ്യാപനം ചില മുൻകരുതലുകളിലൂടെ തടയാവുന്നതാണ്. ഇവയിൽപലതും ചില പ്രത്യേക കാലത്തുണ്ടാകുന്നതാണെന്നു കാണാം. ഇതിനാവശ്യമായ മുൻകരുതൽ എടുക്കുന്ന കാര്യത്തിൽ ജനങ്ങൾ വിമുഖത കാണിക്കുന്നു.

## പരിസര മലിനീകരണം

പരിസരമലിനീകരണത്തിൽ മുന്നിട്ടു നില്ക്കുന്നത് ഹോട്ടലുകൾ ബേക്കറികൾ, ചായക്കടകൾ, വ്യവസായസ്ഥാപനങ്ങൾ, റബ്ബർ ഷീറ്റു ണ്ടാക്കുന്ന സ്ഥലങ്ങൾ, കക്കൂസുകൾഇല്ലാത്ത വീടുകൾ, ഇറച്ചിക്കടകൾ, കന്നുകാലിക്കൂടുകൾ ഇവയാണ്.

ഇവിടങ്ങളിൽ ഉണ്ടാകുന്ന മലിനജലവും മലിന വസ്തുക്കളും പൊതുവഴിയിലേക്കോ തോടുകളിലേക്കോ ഒഴുക്കുകയാണ് ചെയ്യുന്നത്. കുടിവെള്ള ക്ഷാമം ഉണ്ടാകുന്ന കാലത്താണ് ഇതു കൂടുതൽ അപകടകാരിയായി തീരുന്നത്. റബ്ബർ ഷീറ്റു നിർമ്മാണത്തിലുണ്ടാകുന്ന മാലിന്യങ്ങൾ വർദ്ധിച്ചു വരുന്നു. റബ്ബർ അധിഷ്ഠിത മറ്റു വ്യവസായങ്ങൾ അന്തരീക്ഷമലിനീകരണം കൂടുതൽ നടത്തുന്നു. ശ്വാസകോശരോഗങ്ങൾക്ക്ഇതു കാരണമായിത്തീരുന്നുണ്ട്. പന്നി, കോഴിവളർത്തലും പരിസരമലിനീകരണത്തിൽമുന്നിട്ടു നില്ക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. PHC യുടെ സബ്സെൻററുകൾ അംഗൻവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ പ്രത്യേകിച്ച് അമ്മമാർക്ക് നടത്തുക. അതിനായിMSS പ്രവർത്തനം കാര്യക്ഷമമാക്കുക. കൂടുതൽ MSS യൂണിറ്റുകൾ ഉണ്ടാക്കുക.
2. പകർച്ചവ്യാധികൾ ഉണ്ടാകുന്ന കാലങ്ങളിൽ മുൻകൂട്ടി അറിയിപ്പുകൾ കൊടുക്കുക. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.
3. അംഗൻ വാടികളിൽ കുട്ടികളെ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. ഹോട്ടൽ, ബേക്കറികൾ, വ്യവസായസ്ഥാപനങ്ങൾ ഇവ തുടങ്ങുന്നതിനു മുൻപായി പരിസര മലിനീകരണം തടയാൻ എന്തു മാർഗ്ഗം സ്വീകരിച്ചിരിക്കുന്നു എന്ന് ഹെൽത്തു സെൻററിൽ അറിയിക്കാൻ നിയമം ഉണ്ടാക്കണം. ഹെൽത്ത് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റുകൾക്കു മാത്രമേ ലൈസൻസു കൊടുക്കാൻ പാടുള്ളു. ഈ സ്ഥാപനങ്ങളിൽ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ

പരിശോധന നടത്തേണ്ടതാണ്. ആയതിലേക്ക് സന്ദർശന ഡയറി കടക്കാർ സൂക്ഷിക്കേണ്ട താണ്.

5. ഹോട്ടൽ ഭക്ഷണത്തിന്റെ ശുചിത്വം ഇൻസ് പെക്ഷനിലൂടെ ഉറപ്പു വരുത്തണം.

6. PFA (Prevention Food Adulteration) ലൈസൻസ് ഏർപ്പെടുത്തുക.

7. ഇറച്ചി, മീൻ കടകൾ ഏറ്റവും വൃത്തിയായി നടത്താൻ സംവിധാനം ഉണ്ടാക്കണം. ഡോക് ടറുടെ സർട്ടിഫിക്കറ്റുള്ള മൃഗങ്ങളെ മാത്രമേ അറക്കാൻ പാടുള്ളു. അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിൽ കൃത്യത പാലിക്കണം.

8. പൊതുവഴിയരുകിൽ സ്ഥാപിച്ചിരിക്കുന്ന കട കൾ പ്രത്യേകിച്ച് പച്ചക്കറി കടകൾ അവ ശിഷ്ടങ്ങൾ സൂക്ഷിക്കാൻ ബാസ്ക്കറ്റുകൾ വയ്ക്കുകയും അവയെ യഥാവസരം സംസ് കരിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കണം.

9. പൊതുമൂത്രപ്പുര, കക്കൂസ് ഇവ ഉണ്ടാക്കു കയും സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

10. നായ്ക്കളെ വളർത്താൻ ലൈസൻസ് ഏർ പ്പെടുത്തണം. ലൈസൻസ് ഇല്ലാത്തവയെ കൊന്നു കളയണം.

11. PHC യിൽ പരാതിപ്പെട്ടി വയ്ക്കുക.

## ആശുപത്രി വികസനം

2000 - ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ലോകാരോഗ്യസം ഘടന (WHO) പ്രവർത്തിക്കുന്നത്. അതിന് വേണ്ടി ചികിത്സാരംഗത്ത് പുതിയൊരു ശാസ്ത്ര സാങ്കേ തിക വിദ്യകൾ വളർന്നു വരുന്ന കാലമാണിത്. എന്നാൽനമ്മുടെ പഞ്ചായത്തിൽ കാര്യമാത്ര പ്രസക് തമായ രീതിയിൽ ഒന്നും തന്നെ നടക്കുന്നില്ല. നമ്മുടേത് ഒരു മൈനർ PHC യാണ്. ഈ PHC യുടെ ഇന്നത്തെ നിലവാരം ഒന്നിനും മതിയാകാത്ത താണ്. അതിനായി

1. ഇതൊരു മേജർ PHC ആയി ഉയർത്തുക.

2. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

3. വാഹനം, ഫോൺ, ലബോറട്ടറി സൗകര്യം, X-ray, E.C.G സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണം.

4. മൂന്നു ഡോക്ടറന്മാരെയെങ്കിലും നിയ മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഒരു ലേഡി ഗൈനക്കോളജിസ്റ്റ്, ഒരു പീഡി യാട്രീഷൻ, ഇവർ അത്യാവശ്യമാണ്.

5. ഡോക്ടറന്മാർക്കും സ്റ്റാഫിനും താമ സിക്കുന്നതിനായി ക്വാർട്ടേഴ്സ് നിർമ്മിക്ക ണം.

6. ഇരുപത്തിനാലു മണിക്കൂറും ഡോക്ടറുടെ സേവനം ഉണ്ടാക്കുക.

7. AIDS കൺട്രോൾ പ്രോഗ്രാം നടത്തുക.

8. MSS യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

## ആരോഗ്യസംരക്ഷണം

1. ആരോഗ്യത്തിന്റെ ഏറ്റവും വലിയ ഭീഷണി യാണ് പരിസരമലിനീകരണം. അടുക്കളയിൽ നിന്നും പുറം തള്ളപ്പെടുന്ന അവശിഷ്ടങ്ങൾ ഇതിൽ പ്രധാന പങ്കു വഹിക്കുന്നു. ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി എല്ലാ വീടു കളിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുന്ന തിനുള്ള പദ്ധതികൾ കൃഷിഭവന്റെ സഹാ യത്തോടെ നടപ്പിലാക്കുക.

2. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളപ്പെടുന്ന മലിനജലവും മറ്റവശിഷ്ടങ്ങളും ഉപയോഗിച്ച് ബയോഗ്യാസ് ഉണ്ടാക്കുന്നതിനു പദ്ധതി നടപ്പിലാക്കുക.

3. പൊതുസ്ഥലങ്ങൾ, പുറംപോക്ക്, വഴിയോ രങ്ങൾ ഇവിടങ്ങളിൽ വൃക്ഷങ്ങൾ പുല്ലുകൾ ഇവ വച്ചു പിടിപ്പിച്ച് അന്തരീക്ഷമലിനീക രണം ഒഴിവാക്കുക വഴി മണ്ണിലെജലാംശം സംരക്ഷിക്കപ്പെടുകയും കാലികൾക്ക് ഭക്ഷ ണത്തിന് ഉപയോഗിക്കുകയും ചെയ്യാം.

4. സമ്പൂർണ്ണ ആരോഗ്യ സർവ്വേ നടത്തി നിത്യ രോഗികളെ കണ്ടെത്തുക. പാരമ്പര്യ രോഗങ്ങൾ കണ്ടെത്തുക. അടിയന്തിര വൈദ്യ സഹായം ലഭിക്കേണ്ടവരുടെ ലിസ്റ്റു തയ്യാ റാക്കുക.

## പൊതു നിർദ്ദേശം

ഗവൺമെൻറ് ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി ഇവ സ്ഥാപിക്കണം.

## പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കണം.

ചുരുങ്ങിയ ചെലവിൽ ജനങ്ങൾക്കു ചികിത്സ ലഭിക്കുന്നതിനും ജനങ്ങളിൽ ഔഷധാസക്തി കുറയ്ക്കുന്നതിനും പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ സഹായിക്കും. ആഹാരക്കാര്യത്തിൽ കൃത്യത പുലർത്താനും ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും കഴിയും. വീട്ടമ്മമാർക്ക് പോഷകാഹാര വിദ്യാഭ്യാസം നല്കുക ഈ ചികിത്സാകേന്ദ്രത്തിൻെറ ഭാഗമായി നടത്താവുന്നതാണ്.

ഇതിനായി പ്രകൃതി ചികിത്സകന്മാരെ പരിശീലിപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് കഴിയും. S.S.L.C പാസായവർക്ക് പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യം തൃശൂർ ജില്ലയിൽ ഉണ്ട്.

## പ്രാണിക്ഹീലിങ്ങ്

ആധുനിക ചികിത്സാ സമ്പ്രദായം എന്ന് പറയാവുന്നതാണ് പ്രാണിക് ഹീലിങ്ങ്. ഒരു ചികിത്സാ പദ്ധതി എന്ന നിലയിൽ വികസിച്ചിട്ടില്ലെങ്കിലും ആരോഗ്യമേഖലയിൽ കാര്യമാത്രപ്രസക്തമായി പ്രവർത്തിക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. ഒരു സമാന്തര ചികിത്സാ സമ്പ്രദായം എന്ന നിലയിൽ ഇതും പരീക്ഷിക്കപ്പെടാവുന്നതാണ്.

**ജനന മരണ വിവരങ്ങൾ**

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993-94 | 10 | 122 | ഇല്ല |
| 1995-95 | 8 | 148 | ഇല്ല |
| 1995-96 | 7 | 129 | ഇല്ല |

# കുടിവെള്ളം

പ്രകൃതിസമ്പത്തുക്കളിൽ ഏറ്റവും സവിശേഷത അർഹിക്കുന്നതാണ് ജലസമ്പത്ത്. ജലസമ്പത്തുള്ളിടത്ത് ഏതുതരം സമ്പത്തും വിളയിച്ചെടുക്കാൻ കഴിയും. പ്രത്യേക ആസൂത്രണവും വിതരണവും ഉണ്ടാകണം എന്നു മാത്രം. നമ്മുടെ ജലസമ്പത്ത് മുഖ്യമായും മഴയെ ആശ്രയിച്ചാണിരിക്കുന്നത്. മഴവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാനുള്ള അവസ്ഥ സൃഷ്ടിക്കുകയും അതു സംരക്ഷിക്കുകയുമാണ് മുഖ്യമായി ചെയ്യേണ്ടത്.

## ഗ്രാമപഞ്ചായത്തിൻെറ ഭൂമിശാസ്ത്രം

വളരെയധികം ജലസമ്പത്തുള്ള പഞ്ചായത്താണ് വാകത്താനം ഗ്രാമപഞ്ചായത്ത്. തോടുകൾഇല്ലാത്ത ഒരു വാർഡും ഈ പഞ്ചായത്തിലില്ല. ആവശ്യത്തിലേറെ കിണറുകളും കുളങ്ങളും നമുക്കുണ്ട്. മറ്റ പ്രദേശങ്ങൾ ഇതിലെത്രയോ കൂടുതലാണ്. ഇവയെല്ലാം യഥാവസരങ്ങളിൽ സംരക്ഷിക്കാൻ കഴിയാത്തതുമൂലം വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. തോടുകളുടെ പുറംപോക്കുകൾ സംരക്ഷിക്കുന്നതിനോ കയ്യേറ്റം തടയുന്നതിനോ തോടുകളേയും കുളങ്ങളെയും സംരക്ഷിക്കുന്നതിനോ ഇന്നേവരെ അധികൃതർക്കു കഴിഞ്ഞിട്ടില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ സ്വയം ഭരണസ്ഥാപനങ്ങൾക്കു കഴിഞ്ഞിട്ടില്ല. തന്മൂലം വേനൽക്കാലങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാകുന്നു.

## ജലദൗർലഭ്യത്തിൻെറ കാരണങ്ങൾ

1. കാർഷിക രീതിയിൽ വന്ന മാറ്റമാണ് ജലദൗർലഭ്യത്തിനു കാരണമായിത്തീർന്ന പ്രധാന ഘടകം. പന്ത്രണ്ടു മാസക്കാലം നിലനില്ക്കുന്ന കൃഷിരീതി നമുക്കു വിരളമായിരുന്നു.കൊടി, തെങ്ങ് ഇവ കഴിച്ചാൽ മറ്റെല്ലാം തന്നെ ഇടവേളകൾക്കു ശേഷം കൃഷിചെയ്യുന്നവയായിരുന്നു. കൃഷിയിടങ്ങളെ സംരക്ഷിച്ചു

കൊണ്ട് പുറംകയ്യാലകൾ ഇടക്കയ്യാലകൾ ഇവ ഉണ്ടാക്കുന്ന കാര്യത്തിൽ കർഷകർ ശ്രദ്ധിച്ചു പോന്നു. വൃക്ഷങ്ങൾക്ക് കടം എടുത്തും വാരം വെട്ടിവെച്ചും മണ്ണൊലിപ്പു തടയുകയും മഴവെള്ളം കൃഷിയിടങ്ങളിൽ ആഴ്ന്നിറങ്ങുന്നതിനും അവസരം ഉണ്ടാക്കി ക്കൊടുത്തു. ഈ കൃഷി രീതിഇന്നു മാറിയി രിക്കുന്നു. ഭക്ഷ്യ വിളകളുടെ സ്ഥാനത്ത് നാണ്യവിളകൾ രംഗപ്രവേശനം ചെയ്തു. ഇവക്ക് പന്ത്രണ്ടു മാസവും വൻതോതിൽ ജലം ആവശ്യമാണ്. ഭൂമിക്കു സംരക്ഷിക്കാൻ കഴിയുന്നതിൽ കൂടുതൽ ജലം ഇവയ്ക്ക് ആവശ്യമായി വരുന്നു. അക്കേഷ്യപോലുള്ള മരങ്ങളും കൈതകൾ പോലെയുള്ള ചെടി കളും വച്ചു പിടിപ്പിക്കുന്നത് വൻതോതിൽ ജലനഷ്ടം ഉണ്ടാകുന്നതിന് കാരണമാകുന്നു.

2. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേ ശങ്ങളിലെല്ലാം ഭൂഗർഭജലം ഉപയോഗിക്കാ നുള്ള നീക്കങ്ങൾ നടന്നു. വേണ്ടിടത്തും വേണ്ടാത്തിടത്തും എല്ലാം കുഴൽക്കിണർ കുത്തി പണം ദുരുപയോഗപ്പെടുത്തുന്ന സ്ഥി തിയാണ് പലസ്ഥലങ്ങളിലും കണ്ടുവരുന്നത്. ഭൂഗർഭജലത്തിൻെറ ഈ ദുരുപയോഗം സമീ പകാലത്തെ കൊടുംവരൾച്ചയുടെ മുന്നറിയി പ്പായി കാണേണ്ടതുണ്ട്.

3. മണ്ണിൻെറ ഈർപ്പം സംരക്ഷിക്കാൻ യാതൊരു നടപടിയും നമുക്കില്ല. കൃഷിയിടങ്ങളിൽ ചവ റുവയ്ക്കുന്ന രീതി നമുക്കില്ലാതായിരിക്കുന്നു. വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നതിൽ മുൻ പന്തിയിൽ നില്ക്കുന്നു. തന്മൂലം കാലാവസ് ഥയിൽ മാറ്റം ഉണ്ടാകുന്നു. ചൂട് ഏറെ അനുഭവപ്പെടുന്നു.

4. പാടങ്ങളുടെ നികത്തൽ മറ്റൊരു പ്രധാനഘ ടകമാണ്. പാടങ്ങൾ നികത്തുന്നതു കൃഷിയി ടങ്ങളുടെ നഷ്ടം മാത്രമല്ല പാടങ്ങളുടെ ഇടയിൽ കൂടിയുള്ള കൈത്തോടുകളുടെ നഷ്ടം പ്രധാനമാണ്. ഈ കൈത്തോടുക ളൊക്കെത്തന്നെയും പല പ്രധാന തോടുക ളുടെ പോഷകസ്രോതസ്സുകളാണ്. അവയുടെ നഷ്ടം വലിയ നഷ്ടം തന്നെയാണ്.

5. വഴികളുടെ അശാസ്ത്രീയമായ നിർമ്മാണം. വയലുകളെ മുറിച്ചുകൊണ്ടുള്ള വഴി നിർമ്മാണം കൃഷിയിടങ്ങളെ തുണ്ടുകളാ ക്കുന്നു. ഇത്തരം പ്രദേശങ്ങളാണ് പ്രധാന മായും നികത്തപ്പെടുന്നത്. വഴി നിർമ്മാണം വികസനമാണെന്ന കാഴ്ചപ്പാട് മാറ്റേണ്ടതാണ്. ഇത് ജലസ്രോതസ്സുകളെ പുഷ്ടിപ്പെടുത്താൻ കാരണമാകും.

## പഞ്ചായത്തു സംവിധാനങ്ങൾ

വേനൽക്കാലം ആകുന്നതോടെ കുടിവെള്ള ക്ഷാമം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു എന്ന് ഗ്രാമസഭ റിപ്പോർട്ടുക ളിൽ നിന്നും അറിയാം. അഞ്ച് ചെറുകിട വാട്ടർ സപ്ലെ സ്കീമാണ് ഈ പഞ്ചായത്തിലുള്ളത്. പുത്തൻചന്ത, ഉദിക്കൽ, വാകത്താനം, തോട്ടയ്ക്കാട്, പിച്ചനാട്ടുകുളം ഇവയ്ക്കൊന്നും അതാതു പ്രദേ ശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു കഴിയുന്നില്ല. പലപ്പോഴായി പല വാർഡുകളിലായി കുഴിച്ചിടപ്പെട്ട പൈപ്പുകളിൽ ഒരിക്കൽ പോലും വെള്ളം വരാത്തതു നിരവധിയാണ്. വേനൽക്കാ ലങ്ങളിൽ ലോറിയിൽ വെള്ളം കൊടുക്കുന്ന ബുദ്ധി ശൂന്യമായ ഒരേർപ്പാടാണ് ഇക്കാര്യത്തിൽ ചെയ്തു വരുന്ന ഏക നടപടി.

## പ്രകൃതിദത്തമായ പരിഹാരം

കുടിവെള്ള ക്ഷാമം ആത്യന്തികമായി പരിഹ രിക്കപ്പെടണമെങ്കിൽ ആസൂത്രിതമായിനീങ്ങിയേ മതി യാകൂ. അതിനായി വേനൽക്കാലങ്ങളിലേക്ക് ജലം സംഭരിച്ചു വയ്ക്കുന്ന പ്രകൃതിദത്തമായ സംവിധാ നത്തിൻെറ സംരക്ഷണവും സൃഷ്ടിപരമായ മറ്റു പ്രവർത്തനങ്ങളും ആണ് നടത്തേണ്ടത്.

### 1. ജലസ്രോതസ്സുകളുടെ സംരക്ഷണം

പൊങ്ങന്താനത്തു നിന്ന് ആരംഭിച്ച് വെട്ടിക്ക ലുങ്ക് കോയിപ്പുറം, കരപ്പാറകടവു വഴി വരുന്നതോടും കൊണ്ടോടിക്കൽ ചിറയിൽ നിന്നാരംഭിച്ച് നാട്ടുവാ ഇലവക്കോട്ടാൽ ഉദിക്കൽ വഴി ഒഴുകുന്ന തോടും വാകത്താനം ഗ്രാമപഞ്ചായത്തിൻെറ വടക്കെ

അതിർത്തി ചേർന്നൊഴുകുന്ന വലിയമണ്ണിൽ കൈത ളാവ് തോടും മലേച്ചന്തക്കു താഴെ കിളിരൂക്കുന്ന് തോടും കൊട്ടാരത്തിൽ കടവ് പുളിച്ചാക്കൽ തുടങ്ങി യവയുമാണ് നമ്മുടെ പ്രധാന ജലസ്രോതസ്സുകൾ. ഇവ കൂടാതെ ധാരാളം കൈതോടുകളും ഉണ്ട്. ഇവയിൽ പലതും വേനൽക്കാലങ്ങളിൽ വരണ്ടു പോകുന്നവയാണെങ്കിലും ശരിയായ സംരക്ഷണം ഉണ്ടായാൽ അവയെ പുനർജ്ജീവിപ്പിക്കാൻ കഴി യും. ഈ തോടുകളുടെ പുറം പോക്കുകൾഅളന്നു തിരിച്ച് യഥാർത്ഥ വിസ്തീർണ്ണത്തിൽ അവയെ സംരക്ഷിക്കണം. മഴക്കാലങ്ങളിൽ തടയിണകൾ സൃഷ്ടിച്ച് ജലം മണ്ണിൽ ആഴ്ന്നിറങ്ങാൻ സഹാ യിക്കണം.

## മറ്റ പ്രദേശങ്ങളുടെ സംരക്ഷണം

ധാരാളം മറ്റ പ്രദേശങ്ങൾ ഈ പഞ്ചായത്തി ലുണ്ട്. പഞ്ചായത്തിലെ തോടുകളെല്ലാം തന്നെഇത്തരം മറ്റപ്രദേശങ്ങളിൽ നിന്നാണ് ആരം ഭിക്കുന്നത്. നമ്മുടെ ഏറ്റവും വലിയ ജലസംഭരണി കളാണിവ. അനുയോജ്യമായവ തിരഞ്ഞെടുത്ത് സംരക്ഷിക്കാനുള്ള പദ്ധതികൾ തയ്യാറാക്കണം.

## വയലുകളുടെ സംരക്ഷണം

വ്യാപകമായ തോതിൽ വയലുകളുടെ നികത്തൽ എല്ലാ സ്ഥലങ്ങളിലും നടക്കുന്നു. മറ്റപ്രദേശങ്ങൾ പോലെ തന്നെയുള്ള ജലസംഭര ണികളാണ് വയലുകൾ. അവ നികത്തുന്നതു തടയുന്നതിനുള്ള നിയമം ഉണ്ടാക്കുകയും നടപ്പി ലാക്കുകയും ചെയ്യുകയാണ് വേണ്ടത്.

## സൃഷ്ടിപരമായ പരിഹാരം

### 1. വാട്ടർഷെഡുകളുടെ നിർമ്മാണം

കുന്നിൻപ്രദേശങ്ങളിലും ചരിവുതലങ്ങളിലും ജലം കെട്ടിനിർത്തുന്നതിനായി കുഴികൾ ഉണ്ടാക്കു ക. മഴക്കാലങ്ങളിൽ പാഴാകുന്ന വെള്ളം സംഭ രിക്കുന്നതു നിമിത്തം മണ്ണിനെ ജലസമൃദ്ധമാക്കും. കുന്നിൻപുറങ്ങളിലെ കിണറുകളിലെ ജലക്ഷാമം ഒരു പരിധിവരെഇതു മൂലം പരിഹരിക്കാൻ കഴി യും.

### 2. കുളങ്ങളുടെ സംരക്ഷണവും നിർമ്മാണവും

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വറ്റാത്ത ധാരാളം ഓലികൾ ഉണ്ട്. ഇവ കൂടാതെ പാലക്കോട്ടുചിറ, തേവരു ചിറ, തൃക്കോതമംഗ ലത്തു ചിറ എന്നിങ്ങനെ വലിയ മൂന്നു കുളങ്ങൾ കൂടിയുണ്ട്. ഇവയുടെ സംരക്ഷണവും മറ്റപ്രദേ ശങ്ങളെ കേന്ദ്രീകരിച്ചുള്ളപുതിയ കുളങ്ങളുടെ നിർമ്മാണവും പരിഹാരങ്ങളാവും.

## കുടിവെള്ളക്ഷാമം ഗ്രാമസഭാ ചർച്ച

ബാങ്കുപടി, പുല്ലുകാട്ടുപടി, തുഞ്ചത്തുകാലാ പ്രദേശങ്ങൾ കടുവാക്കുഴി, കുന്നുംപുറം, ലക്ഷം വീടു കോളനി പുത്തൻചന്ത ഭാഗം എന്നിവിടങ്ങ ളിൽ ജലക്ഷാമം ഉണ്ട്. ഈ പ്രദേശങ്ങളിൽ ആകെ ഉള്ളത് പുത്തൻചന്തയിലെ വാട്ടർടാങ്കാണ്. ഇതിലെ ജലം ഉപയോഗിക്കാൻ കൊള്ളാത്തതാണ്.

വാക്കത്തിക്കുന്ന്, ചൊരിക്കുംപാറ കോളനി, വള്ളിക്കാട്ടു ദയറ, വെള്ളത്തടം ഇവിടങ്ങളിൽ അടിയന്തിരമായി ജലവിതരണം നടത്തണം.

പൊങ്ങന്താനം മുടിത്താനം പ്രദേശങ്ങളിൽ അടിയന്തിരമായി ജലം എത്തിക്കുന്നതിനുള്ള നട പടികൾ സ്വീകരിക്കണം.

എഴുവന്താനം ഉമ്പടി കേന്ദ്രീകരിച്ച് ജലവിത രണം നടത്തണം.

പേരൂക്കുന്ന്, മാമ്പഴക്കുന്ന്, മേടക്കുന്ന് ഭാഗങ്ങ ളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

തൃക്കോതമംഗലം ഹൈസ്ക്കൂൾ കുന്ന് ഇട മനക്കളം കുന്ന് പുളിമലക്കുന്ന് ഇവിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.

തട്ടുംപുറത്തു കുന്ന്, കാരക്കാട്ടുകുന്ന്, പള്ളിക്കുന്ന് പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ജറുശലേം മൗണ്ട്, വെള്ളത്തടം, പുത്തൻ ചന്ത, പന്നിത്തടത്തിൻെറ ഭാഗങ്ങൾ, പുന്നശ്ശേരിൽ കുന്ന് എന്നീ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

## പരിഹാരനിർദ്ദേശങ്ങൾ

വൻജലവിതരണപദ്ധതികൾ പലപ്പോഴും പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും എത്തിക്കാൻ കഴിയാറില്ല. അതു കൊണ്ടു തന്നെ ചെറുകിട ജലവിതരണ പദ്ധതിക്കു കൂടുതൽ പ്രാധാന്യമുണ്ട്.

1. കുളങ്ങൾ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കുക. മാളികക്കടവിനു സമീപമുള്ള വെള്ളക്കളം, പൊങ്ങന്താനം പതിരുപറ കോളനിയിലുള്ള കുളം, പാലക്കോട്ടുചിറ, തേവരുചിറ, തൃക്കോതമംഗലത്തെ കുളം.

2. തോടു പുറംപോക്കുകളിലെ കിണറുകൾ സ്വകാര്യമാക്കി വച്ചിരിക്കുന്നത് പൊതു ജനങ്ങൾക്കായി തുറന്നു കൊടുക്കുക. (ഇലവക്കോട്ടാൽ കലുങ്കിനു സമീപമുള്ള കിണർ)

3. നല്ലൂക്കണ്ടത്തിൽ കുളം കുത്തി തട്ടുംപുറത്തെ ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്താൽ ഉദിക്കൽ നിന്നും കിട്ടുന്ന വെള്ളം തികയാത്ത അവസരത്തിൽ തട്ടുപുറത്തു കുന്നിലും സമീപത്തും ജലവിതരണം നടത്താൻ സാധിക്കും.

4. ഉണ്ണാമറ്റത്തിൽ കുളം കുഴിച്ച് കാരക്കാട്ടു കുന്നിൽ ടാങ്കു സ്ഥാപിച്ച് വെള്ളം പമ്പു ചെയ്താൽ കാരക്കാട്ടു കുന്നിലെ ജലക്ഷാമം പരിഹരിക്കാം.

5. വാകത്താനം ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് മുടിത്താനം, പൊങ്ങന്താനം, വെള്ളുകുന്ന് ചരിവ് പ്രദേശങ്ങൾ. പുതിയവാട്ടർ സ്കീം ഇവിടങ്ങളിലെ ജലക്ഷാമത്തിനു പരിഹാരമാണ്.

6. ഞാലിയാകുഴിക്കു കിഴക്കുള്ള പള്ളിക്കുന്നിൽ ടാങ്ക് ഉണ്ടെങ്കിലും അതു മതിയാവുന്നില്ല. താഴെ തുഞ്ചത്തു സ്ഥലത്തെ കുളത്തിലെ വെള്ളം മതിയാവുന്നില്ല. ഇതിനോടനുബന്ധമാക്കി നാട്ടുവായ്ക്കു സമീപത്തുള്ള കണ്ടത്തിൽ കുളം കുത്തി വെള്ളംപമ്പു ചെയ്താൽ പള്ളിക്കുന്നു പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

7. പേരുകുന്നിൽ നിലവിലുള്ള കുളം വലുതാക്കി ടാങ്ക് കെട്ടി, വെള്ളം പമ്പു ചെയ്യുക. കല്ലമ്പള്ളി ഇല്ലത്തിനു സമീപം തോട്ടിൽ നിന്നു വെള്ളം അടിച്ചു (ടാങ്കു മേടക്കുന്നിൽ കെട്ടി) മാമ്പുഴയിലും മേടക്കുന്നിലും എത്തിക്കുക.

വാകത്താനം ഗ്രാമപഞ്ചായത്തിൻെറ പൊതു ഭൂമിശാസ്ത്രം ജലദൗർലഭ്യത്തിൻെറയല്ല ജലപുഷ്ടിയുടെയാണ്. മഴയെ ആശ്രയിച്ചാണ് തോടുകൾ നിലനില്ക്കുന്നതെങ്കിലും വേനൽക്കാലങ്ങളിൽ ഇവയെ ജലസമ്പന്നമാക്കാൻ കഴിയും എന്ന് മാപ്പിൽ നിന്നും മനസ്സിലാക്കാം. കൊടൂരാറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള തോടുകളാണ് വടക്കു പടിഞ്ഞാറു പ്രദേശങ്ങളിലെ അതിർത്തി. ഇവയിൽ നിന്നും കൈവഴികളായി പിരിയുന്നവയാണ് മറ്റു തോടുകൾ എല്ലാം തന്നെ. ഈ തോടുകളുടെ കൈവഴികൾ എല്ലാ വാർഡുകളിലും ചെന്നെത്തുന്നു. കണ്ടങ്ങളും മറ്റു പ്രദേശങ്ങളും ധാരാളം ഉള്ളതിനാൽജലം സംഭരിക്കുവാനും കഴിയുന്നു.

തോട്ടുപുറംപോക്കുകളുടെ കയ്യേറ്റം മൂലവും വഴിയുടെ നിർമ്മാണം മൂലവും കണ്ടങ്ങൾ നികത്തുന്നതുമൂലവും ജലപ്രവാഹം സുഗമമായി നടക്കാത്തതാണ് വരൾച്ചയുടെ മുഖ്യകാരണം.

മണിമല ആറ്റിൽ നിന്നും വെള്ളം കൊണ്ടു വരുന്ന പദ്ധതിയാണ് നമുക്കു നിലവിലുള്ളത്. ഇതിനു പകരം കൊടൂരാറ്റിൽ നിന്നും കനാൽ വഴി വെള്ളം കൊണ്ടു വരികയോ തോടുകളെ വികസിപ്പിക്കുകയോ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.



# 4

# പാർപ്പിടം സാമൂഹ്യക്ഷേമം

ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്ന ഒന്നാണ് പാർപ്പിടം. മറ്റെല്ലാ പഞ്ചായത്തിലും എന്നതുപോലെ വീടില്ലാത്തവരുടെ എണ്ണം ഇവിടെയും കുറവല്ല. എന്നാൽ സ്ഥലമില്ലാതെ പുറമ്പോക്കുകളിൽ കൂരകെട്ടി താമസിക്കുന്നവരുടെ എണ്ണം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ വളരെക്കുറവാണ്. പ്രാഥമിക സൗകര്യങ്ങളോടുകൂടിയ ഭവനം എല്ലാവർക്കും ആവശ്യമാണ്. ഒരു വശത്ത് മണിമാളികകളിൽ സുഖമായി താമസിക്കുന്നവരും, മറുവശത്ത് തല ചായിക്കുവാൻ സ്വന്തമായി ഇടമില്ലാത്തവരുമായി നമ്മുടെ ഗ്രാമം കഴിയുക എന്നത് വിരോധാഭാസമാണ്. 21-ാം നൂറ്റാണ്ടിലേക്ക് കാലൂന്നി നില്ക്കുന്ന ഈ കാലയളവിൽനമ്മുടെ പഞ്ചായത്തിലുള്ള പാർപ്പിടമില്ലാത്ത മുഴുവൻ പേർക്കും അതിനുള്ള കർമ്മ പരിപാടി ഉടൻതന്നെ ആവിഷ്ക്കരിച്ചേ മതിയാകൂ.

നമ്മുടെ പഞ്ചായത്തിൽ വാസയോഗ്യമായ വീട് ഇല്ലാത്തവർ 328 ഉണ്ട്. വീട് വയ്ക്കുവാൻ സ്ഥലമില്ലാത്തവരുടെ എണ്ണം 133 ആണ്.

ഇന്നത്തെ ആരോഗ്യമില്ലായ്മയ്ക്ക് പ്രധാന കാരണം പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. അതുപോലെ ഗവൺമെൻറിലൂടെയും മറ്റ് ഏജൻസികളിലൂടെയും നിർമ്മിച്ചു കൊടുത്തിരിക്കുന്ന ഭവനങ്ങൾ ഉത്തരവാദിത്വത്തോടെ സംരക്ഷിക്കുന്നതിനുള്ള താൽപര്യമില്ലായ്മ മൂലം നേരത്തെ നിർമ്മിച്ചു നല്കിയിരിക്കുന്ന വീടുകൾ ജീർണ്ണാവസ്ഥയിലായിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ഉത്തരവാദിത്വമില്ലായ്മയും കെടുകാര്യസ്ഥതയും മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

8459 ഭവനങ്ങളിലായി താമസിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ആളുകളിൽ മിക്ക വിഭാഗത്തിനും ഇപ്പോഴും വാസയോഗ്യമായ വീടുകൾ ഇല്ല. ഇവർ ഷെഡ്ഡുകളിലും ഓലമേഞ്ഞ ചെറുകുടിലുകളിലും താമസിക്കുന്നു.

വീടുകൾ തരംതിരിച്ചുള്ള പട്ടിക വാർഡുതലത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

| വാർഡ് | ഇരുനില | ഒരുനില കോൺക്രീറ്റ് | ഓടു മേഞ്ഞത് | ഓല മേഞ്ഞത് | കുടിൽ | ആകെ |
|---|---|---|---|---|---|---|
| 1 | 7 | 64 | 566 | 28 | 23 | 681 |
| 2 | 5 | 37 | 692 | 68 | 37 | 834 |
| 3 | 4 | 31 | 394 | 28 | 16 | 461 |
| 4 | 11 | 56 | 450 | 9 | 33 | 548 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 7 | 42 | 460 | 38 | 30 | 570 |
| 6 | 3 | 47 | 566 | 24 | 37 | 774 |
| 7 | 10 | 99 | 558 | 59 | 25 | 739 |
| 8 | 13 | 146 | 746 | 42 | 71 | 1005 |
| 9 | 2 | 31 | 556 | 36 | 20 | 643 |
| 10 | 15 | 64 | 676 | 61 | 36 | 837 |
| 11 | 15 | 99 | 481 | 50 | 38 | 668 |
| 12 | 13 | 60 | 576 | 43 | 20 | 699 |
| ആകെ | 105 | 776 | 6721 | 476 | 386 | 8459 |

അവലംബം;- പഞ്ചായത്ത് റിക്കാർഡ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷികളി ലൊന്നായ റബറിൻെറ ഉല്പാദനക്ഷമതയും വില വർദ്ധനവും ഗൾഫ് മേഖലയിലുണ്ടായ തൊഴിൽ സാദ്ധ്യതയും തലചായ്ക്കാൻ ഒരിടംഎന്ന സ്വപ്നവും കൂടി ചേർന്നപ്പോൾ 1980 നുശേഷം ഭവനനിർമ്മാണരംഗത്ത് ഒരു കുതിച്ചുചാട്ടം നമ്മുടെ പഞ്ചായത്തിലുണ്ടായി. സർക്കാരിൻെറ വിവിധ ഏജൻസികളും സാംസ്കാരിക സാമൂഹ്യസംഘടനകളും ഈ സംരംഭത്തിൽ ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്.

വിവിധ ഏജൻസികൾ വഴി പണികഴിപ്പിച്ച ഭവനങ്ങളുടെയും കക്കൂസുകളുടെയും ലിസ്റ്റ്.

പട്ടിക 2

| വാർഡ് | വീട് RLEGP / NREP / JRY / IAY / MWS / FLOOD RELIEF/ UNTIED C.R.S.P. / JRY / UNTIED പദ്ധതികൾ | കക്കൂസ് C.R.S.P / JRY / UNITED പദ്ധതികൾ |
|---|---|---|
| 1 | 7 | 20 |
| 2 | 9 | 28 |
| 3 | 6 | 24 |
| 4 | 2 | 18 |
| 5 | 11 | 30 |
| 6 | 15 | 27 |
| 7 | 2 | 21 |
| 8 | 7 | 30 |
| 9 | 6 | 32 |
| 10 | 4 | 36 |
| 11 | 3 | 27 |
| 12 | 7 | 26 |
| ആകെ | 79 | 319 |

അവലംബം;- ബ്ലോക്കാഫീസ്, ഗ്രാമപഞ്ചായത്ത് റിക്കാർഡുകൾ.

വീടും കക്കൂസും അനുവദിച്ചു നല്കിയതോടൊപ്പം 87 വീടുകൾക്ക് സൗജന്യമായി വയറിംഗ് നടത്തിക്കൊടുക്കുവാനും സാധിച്ചിട്ടുണ്ട്.

ഇങ്ങനെ വിവിധ ഏജൻസികൾ ഭവനനിർമ്മാണത്തിന് ധനസഹായം നല്കിയതിനോടൊപ്പം ഹൗസിംഗ് ബോർഡിൽനിന്നും റൂറൽ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും വായ്പഎടുത്തും വളരെയധികം വീടുകൾ ഈ പഞ്ചായത്തിൽ പണി പൂർത്തിയായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ലക്ഷംവീട് കോളനികൾ ഉൾപ്പെടെ 13 കോളനികളും സങ്കേതങ്ങളുംഉണ്ട്. അവയുടെ വിവരം വാർഡ് തിരിച്ച് ചുവടെ ചേർക്കുന്നു.

പട്ടിക 3

| വാർഡ് | കോളനി/സങ്കേതം പേര് | ആകെ വീടുകൾ | SC/ST വീടുകളുടെ എണ്ണം | മറ്റുള്ളവർ | വാസയോഗ്യമായ വീടില്ലാത്തവർ |
|---|---|---|---|---|---|
| 1 | ഇല്ല | - | - | - | - |
| 2 | 1. ചക്കൻചിറ OLH | 13 | 7 | 6 | 2 |
| | 2. പാണകുന്ന് | 14 | 6 | 8 | 3 |
| 3 | ഇല്ല | - | - | - | - |
| 4 | ഇല്ല | - | - | - | - |
| 5 | 1. തെക്കേ എഴുവന്താനം | 24 | 14 | 10 | 8 |
| | 2. എഴുവന്താനം C.S.I. കുന്ന് | 13 | 2 | 11 | 5 |
| 6 | 1. പൊങ്ങന്താനം ശാന്തിനഗർ | 60 | 9 | 51 | 15 |
| | 2. പന്തിരുപറ OLH | 26 | 14 | 12 | 7 |
| | 3. വെള്ളുകുന്ന് | 17 | 4 | 13 | 10 |
| 7 | പള്ളിക്കുന്ന് ഞാലിയാകുഴി | 32 | 4 | 28 | 5 |
| 8 | തട്ടുംപുറം ഞാലിയാകുഴി | 29 | 3 | 26 | 7 |
| 9 | 1. പിച്ചനാട്ടുകുളം | 43 | 34 | 9 | 6 |
| | 2. പാണകുന്ന് | 10 | 2 | 8 | 1 |
| 10 | 1. ചൊരിക്കൻപാറ | 42 | 7 | 35 | 6 |
| | 2. വെള്ളത്തടം | 17 | 3 | 14 | 6 |
| 11 | കടുവാക്കുഴി | 6 | 1 | 5 | 1 |
| 12 | പങ്ങൻചിറ | 70 | 17 | 53 | 10 |

അവലംബം;- ഗ്രാമപഞ്ചായത്ത് റിക്കാർഡ്

മുകളിൽ പറഞ്ഞ കോളനികളിൽ സ്വന്തമായി പട്ടയം ലഭിച്ചിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും വീട് ലഭിച്ചിട്ടുണ്ട്. എന്നാൽ പട്ടയസ്ഥലം കൈമാറ്റം ചെയ്ത് വാങ്ങിയവരും അനധികൃതമായി താമസിക്കുന്നവരുമായ ചില കുടുംബങ്ങൾക്ക് ഇപ്പോഴും വാസയോഗ്യമായ വീടില്ല. കൂടാതെ ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങളും താമസിക്കുന്നുണ്ട്. ഇവർക്ക് വീടുവയ്ക്കുന്നതിനുള്ള സ്ഥലവും വീടും ഉണ്ടാകേണ്ടിയിരിക്കുന്നു.

പുറമ്പോക്കിൽ താമസിക്കുന്ന 12 കുടുംബങ്ങൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളു. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളുടെയും പാർപ്പിട പ്രശ്നത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏതാണ്ട് 10% കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല എന്നു കാണുവാൻ സാധിക്കും. വീടിനോടു ചേർന്ന് ശുചിത്വമുള്ള കക്കൂസും വേണമെന്ന ചിന്തഇപ്പോൾ ആളുകളിൽ ഉണ്ടാകുകയും കക്കൂസില്ലാത്ത ദുർബല വിഭാഗക്കാർ കക്കൂസുപണിയുന്നതിനു ധനസഹായത്തിനായി പഞ്ചായത്തു സമിതികളെ സമീപിക്കുകയും ചെയ്യുന്നുണ്ട്.

വീടും കക്കൂസും ആവശ്യമുള്ളവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

പട്ടിക 4

| വാർഡ് | വീട് വേണ്ടവരുടെ എണ്ണം | കക്കൂസ് വേണ്ടവരുടെ എണ്ണം | ഇതിൽസ്ഥലം ആവശ്യമായവർ |
|---|---|---|---|
| 1 | 26 | 72 | 13 |
| 2 | 38 | 102 | 16 |
| 3 | 32 | 76 | 9 |
| 4 | 16 | 48 | 5 |
| 5 | 28 | 64 | 11 |
| 6 | 34 | 78 | 19 |
| 7 | 25 | 62 | 7 |
| 8 | 22 | 96 | 9 |
| 9 | 12 | 88 | 4 |
| 10 | 25 | 133 | 13 |
| 11 | 24 | 82 | 8 |
| 12 | 46 | 100 | 19 |
| ആകെ | 328 | 1001 | 133 |

അവലംബം;- നിർമ്മൽ 2000 - പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ

നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താകുക എന്നത് വീടും കക്കൂസും ഉള്ളവരുടെയുംകൂടി ആവശ്യമാണ്. 328 കുടുംബങ്ങൾക്ക് പാർപ്പിടവും 1001 കുടുംബങ്ങൾക്ക് കക്കൂസും ഉണ്ടാകാത്തതിനുള്ള കാരണങ്ങൾ വിശകലനം ചെയ്യാം.

## പ്രശ്നങ്ങൾ

1. സ്വന്തമായി പുരപണിയുന്നതിന് സ്ഥലം ഇല്ലാത്തതും സ്ഥലം വാങ്ങുന്നതിന് സാമ്പത്തിക മാർഗ്ഗമില്ലാത്തതും.

2. പഞ്ചായത്തിൽ വസ്തുവിനുള്ള വില വർദ്ധനവ്.

3. പഞ്ചായത്തുസമിതികൾ സ്ഥലം വാങ്ങി ഇല്ലാത്തവർക്ക് പതിച്ചുനല്കാൻ സാധിക്കാത്തത്.

4. വീടും കക്കൂസും സ്വന്തമായി പണിയുന്നതിന് സാമ്പത്തികമില്ലാത്തത്.

5. വീടു പണിയുന്നതിന് വിവിധ ഏജൻസികൾ ഇപ്പോൾ നല്കുന്ന സഹായത്തിൻെറ അപര്യാപ്തത.

6. ധനകാര്യ സ്ഥാപനങ്ങൾ ഭവനനിർമ്മാണത്തിന് ഉദാരവ്യവസ്ഥയിലും കുറഞ്ഞ പലിശനിരക്കിലും ധനസഹായം നല്കാത്തത്.

7. നമ്മുടെ പഞ്ചായത്തിൽ റൂറൽ ഹൗസിംഗ് സൊസൈറ്റി ഇല്ലാത്തത്.

8. നിർമ്മാണസാമഗ്രികളുടെ വിലവർദ്ധനവ്.

9. കുറഞ്ഞ ചിലവിൽ വീടുപണിയുന്നതിന് സാങ്കേതികസഹായം നല്കുവാൻ നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ അഭാവം.

10. സന്നദ്ധസംഘടനകൾക്കും പൊതുപ്രസ്ഥാനങ്ങൾക്കും സമ്പൂർണ്ണ ശുചിത്വ ഗ്രാമമെന്ന ആശയത്തോടുള്ള അകമഴിഞ്ഞ പ്രതികരണക്കുറവ്.

11. വൃത്തിയുള്ള വീടും ശുചിത്വമുള്ള ചുറ്റുപാടും വേണമെന്ന ചിന്ത ഇല്ലാത്തചെറിയ ശതമാനം ആളുകളുടെ നിസ്സംഗത.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തുവക സ്ഥലത്ത് ഇപ്പോൾ അനധികൃതമായി താമസിക്കുന്നവർക്ക് മുഴുവൻ പട്ടയം നല്കുക.

2. മാർക്കറ്റ് വിലയ്ക്ക് സ്ഥലം വാങ്ങി ഭൂമി ഇല്ലാത്തവർക്ക് മുഴുവൻ പഞ്ചായത്തിൽ നിന്നും 8 സെൻറ് വീതം പതിച്ചു നല്കുക.

3. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിച്ച് കുറഞ്ഞ ചെലവിൽ വീടു പണിയുന്നതിനുള്ള സാങ്കേതികസഹായവും കുറഞ്ഞവിലയ്ക്ക് നിർമ്മാണ സാമഗ്രികളും നല്കുക.

4. വീടും കക്കൂസും ഇല്ലാത്തവരെ A, B, C എന്നു മൂന്നു ക്ലാസ്സായി തിരിച്ച് താഴെപറയും വിധം സഹായം നല്കുക.

A - ക്ലാസ്സ്; ഏറ്റവും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് മുഴുവൻ സാമ്പത്തിക സഹായം നല്കി വീടും കക്കൂസും പണിയുക.

B - ക്ലാസ്സ്;- സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഇടത്തരക്കാരായവർക്ക് പകുതി സാമ്പത്തികസഹായവും ബാക്കി ഗുണഭോക്താക്കൾ തന്നെ സ്വരൂപിച്ചും പദ്ധതി നടപ്പാക്കുക.

C - ക്ലാസ്സ്;- ആവശ്യമായ മുഴുവൻ തുകയും കുറഞ്ഞ പലിശക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നതിനു പഞ്ചായത്തുസമിതി ക്രമീകരണം ചെയ്യുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

5. സർക്കാരിൽ നിന്നും പദ്ധതി വിഹിതമായി ഇപ്പോൾ ലഭിക്കുന്ന തുകയിൽ നിന്നും 15%മൂന്നു വർഷക്കാലത്തേക്ക് റൂറൽ സാനിട്ടേഷനുവേണ്ടി വക മാറ്റി ചിലവു ചെയ്യുക.

6. നമ്മുടെ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് റോഡും, പണി നടത്തുന്നതിന് വെള്ളവും ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇവ അടിയന്തിരമായി പരിഹരിക്കുക.

7. 1500 സ്ക്വയർ അടിയിൽ കൂടുതൽ തറവിസ്തീർണ്ണത്തിൽ പണിയുന്ന വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തി ഒരു നിധി സ്വരൂപിക്കുകയും ആ പണം ഭവനനിർമ്മാണത്തിനുള്ള ധനസഹായമായി മാത്രം ദുർബല വിഭാഗങ്ങൾക്കു നല്കുകയും ചെയ്യുക.

8. വിവിധ ഏജൻസികൾവഴി ഭവനനിർമ്മാണത്തിനു നല്കുന്ന സഹായം നിർത്തലാക്കി ഗ്രാമപഞ്ചായത്തുസമിതിവഴി മാത്രം നടപ്പിലാക്കുക.



5

# വിദ്യാഭ്യാസം

രാഷ്ട്രപിതാവായ മഹാത്മജി വിഭാവന ചെയ്ത 'ഗ്രാമസ്വരാജ്' സാക്ഷാത്ക്കരിക്കപ്പെടുവാനുള്ള ഒരു ചുവട്‌വയ്പാണ് ഈ ഗ്രാമീണ ആസൂത്രണ പദ്ധതിയിലൂടെ ഇപ്പോൾ നാം നടത്തിക്കൊണ്ടിരിക്കുന്നത്. ജീവിതത്തിലെ വിവിധ മണ്ഡലങ്ങളുടെ സമഗ്രവും വ്യവസ്ഥാപിതവുമായ പരിണാമം കൊണ്ടുമാത്രമേ അതു സാധിക്കുകയുള്ളു. വാകത്താനം പഞ്ചായത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിന്റെ പൂർവ്വദിശയിലേക്ക് ഒന്നു തിരിഞ്ഞുനോക്കി ഇപ്പോഴത്തെസ്ഥിതി അവലോകനം ചെയ്ത് ഇനിയും ഉണ്ടാകേണ്ട പരിണാമങ്ങളെപ്പറ്റി ചിന്തിക്കുവാൻ ഈ റിപ്പോർട്ട് സഹായകമാകുമെന്ന് കരുതുന്നു.

ഈ നാട്ടിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കർഷകരും കർഷകത്തൊഴിലാളികളുമാണ്.ഒരു ന്യൂനപക്ഷം ഇടത്തരക്കാരായ ഉദ്ധ്യോഗസ്ഥന്മാരുമുണ്ട്. വിദ്യാഭ്യാസപരമായി നമ്മുടെ പൂർവ്വികർ കാട്ടിയ പരാങ്മുഖതയോ അലസതയോ അതിന് കാരണമായി തീർന്നിരിക്കണം.എങ്കിലും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ഔപചാരികമായ വിദ്യാഭ്യാസത്തിന്റെ പാരമ്പര്യം നമുക്കുണ്ടെന്ന് അഭിമാനിക്കാവുന്നതാണ്.

19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർത്ഥത്തിൽതന്നെ മണികണ്ഠപുരം ക്ഷേത്രസങ്കേതത്തിനടുത്ത് ഉദിക്കൽ പ്രദേശത്തെ പനച്ചിക്കാവു ദേവീക്ഷേത്ര പരിസരത്ത് ഹിന്ദുമത സന്യാസിമാരും നായർകാരണവന്മാരും ചേർന്ന് നടത്തിയിരുന്ന ഒരു ആശാൻ കളരിയാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സംരംഭമെന്ന് പഴമക്കാർ പറയുന്നു. പിന്നീട് ആ കളരി പലസ്ഥലങ്ങളിലായി മാറിമാറി പ്രവർത്തിച്ചിരുന്നു. അവസാനം തൃക്കോതമംഗലം വടക്കേക്കര പുരയിടത്തിൽ സ്ഥാപിക്കപ്പെട്ടു നടത്തിപ്പോന്ന കളരിയാണ് ഇന്ന് P. N. N. മെമ്മോറിയൽ പ്രൈമറി സ്കൂളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും പറയപ്പെടുന്നുണ്ട്. ഏതായാലും പാശ്ചാത്യ മിഷണറിമാരുടെ വരവോടുകൂടി അവിടവിടെയായി സ്ഥാപിക്കപ്പെട്ട പല വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പ്രവർത്തനമാണ് നമ്മുടെ ഇടയിലും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുവാനുള്ള താത്പര്യം വളർത്തിയെന്നുള്ളത് വിസ്മരിക്കാവുന്നതല്ല.

ഇന്ന് കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെങ്കിലും നവസാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ കഴിയാഞ്ഞതിനാൽ ഇപ്പോഴും 1 ശതമാനം ജനങ്ങൾ നിരക്ഷരരായിത്തന്നെ ഈ ഗ്രാമത്തിലുമുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് മൗലികമായ മാറ്റം വരുത്തുവാനുതകുന്ന ഈ ജനകീയ ആസൂത്രണ പദ്ധതിയിൽ വിദ്യാഭ്യാസത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നല്കി സമഗ്രമായ ഒരു മാറ്റം ഉണ്ടാകുമെന്നുള്ള ഒരു പ്രതീക്ഷയോടെ ഈ റിപ്പോർട്ടുസമർപ്പിക്കുന്നു.

## അക്കാദമിക് വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ 12 വാർഡുകളിൽ 11 വാർഡുകളിലും ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിലും 3-ാം വാർഡായ പരിയാരം പ്രദേശത്ത് ഒരു പ്രൈമറിസ്കൂൾ പോലുമില്ലാ എന്നുള്ളത് വളരെ ശോചനീയമായ വസ്തുതയാകുന്നു.

അടുത്ത അദ്ധ്യയന വർഷത്തോടുകുടി ഒരു പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം പരിയാരം പ്രദേശത്തുണ്ടാകുവാൻ അധികാരികൾ ശ്രദ്ധിക്കണമെന്ന് അടിവരയിട്ട് പറയാൻ നിർബന്ധിതരായിരിക്കുന്നു.

ഈ പഞ്ചായത്തിലാകെ ഒരു യൂണിവേഴ്സിറ്റി റീജിയണൽ സെൻററും ഒരു വി. എച്ച്. എസ്.ഇ. ഉം 4 ഹൈസ്കൂളുകളുമുണ്ട്. ഹൈസ്കൂളുകളിൽ രണ്ടെണ്ണം ഗവ; സ്ഥാപനങ്ങളും,ഒരെണ്ണം എയ്ഡഡ് സ്ഥാപനവും, ഒരെണ്ണം അൺ എയ്ഡഡ് സ്ഥാപനവുമാണ് (ഇംഗ്ളീഷ്മീഡിയം). 5 യു. പി. സ്കൂളുകളും 13 എൽ. പി. എസ്സ്. സ്കൂളുകളും 27 അംഗൻവാടികളും 5 നേഴ്സറികളും 2 പ്രീപ്രൈമറി സ്കൂളുകളും 7 ലൈബ്രറികളും 5 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇന്നാട്ടിൽ സ്ഥിതി ചെയ്യുന്നു.

## ഗ്രാമസഭാ ചർച്ചകളിലെ ആവശ്യങ്ങൾ

തൃക്കോതമംഗലം ഗവൺമെൻറ് എൽ. പി. എസ്സി ലെ പഴയകെട്ടിടത്തിൻെറ കേടുപാടുകൾ എത്രയും വേഗം തീർക്കാൻ നടപടി ഉണ്ടാകണം. ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കാൻ പൈപ്പ്ലൈൻ സ്ഥാപിക്കണം. കളിസ്ഥലവും കളിക്കോപ്പുകളും ഉണ്ടാകണം. പ്രീ പ്രൈമറി ക്ളാസ്സ് ആരംഭിക്കണം. ഒരു ഡിവിഷനിൽ ഇംഗ്ളീഷ് മീഡിയം സ്കൂൾ തുടങ്ങണം. വടക്കേക്കര എൽ. പി. എസ്സി ന് ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കുകയും കുടിവെള്ളത്തിന് പൈപ്പ്ലൈൻ സ്ഥാപിക്കുകയും വേണം.

എൻ. എസ്സ്. എസ്സ്. യു. പി. എസ്സി-ന് കളിസ്ഥലവും കക്കൂസോടുകൂടിയ മൂത്രപുരയും പറയകുളം കുരിശിങ്കൽ നിന്ന് തെങ്ങണാ - മണർകാട് റോഡുവരെ സഞ്ചാരയോഗ്യമായറോഡും ഉണ്ടാകണം.

ഗവൺമെൻറ് പി. എച്ച്. എസ്സ് നെ ഗ്രൂപ്പ് Dയിൽ ഉൾക്കൊള്ളിച്ച് ജനറൽ ഇൻഷുറൻസ് കോഴ്സും മാർക്കറ്റിംഗ് ആൻറ് സെയിൽസ്മെൻഷിപ്പ് കോഴ്സും, ബാങ്കിംഗ് ആപ്ളിക്കൻസിഎന്ന കോഴ്സും ആരംഭിക്കണം. ഗവൺമെൻറ് ഹൈസ്കൂളിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മിനി സ്റ്റേഡിയവും ഓഡിറ്റോറിയവും പൂർത്തീകരിക്കണം.

ഗവൺമെൻറ് വി. എച്ച്. എസ്സി ലും ഹൈസ്കൂൾ ഉൾക്കൊള്ളുന്ന കെട്ടിടങ്ങളിലും പണി പൂർത്തിയാകുമ്പോൾ ഓഡിറേറാറിയത്തിലും പഠന സൗകര്യങ്ങളുള്ളതുകൊണ്ടും ഒരു മിനി സ്റ്റേഡിയം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതിനാലും മറ്റു സ്ഥല സൗകര്യം ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടും അടുത്ത അദ്ധ്യായ വർഷംതന്നെ ഒരു 'പോളിടെക്നിക്' സ്ഥാപിക്കാൻ നടപടി ഉണ്ടാകണം.

അംഗൻവാടികൾ രണ്ടിനും വഴിസൗകര്യവും കളിസ്ഥലങ്ങളും കളിക്കോപ്പുകളും വാട്ടർപൈപ്പുകളും കക്കൂസോടുകൂടിയ മൂത്രപ്പുരകളും ഉണ്ടാകണം. പ്രൈവറ്റ് മേഖലയിലുള്ള കൊച്ചാലുംമൂട്ടിലെ നേഴ്സറിസ്കൂളിനും വടക്കേക്കര എൽ. പി. എസ്സിലെ പ്രീ പ്രൈമറി ക്ളാസിനും കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികളും കലാ - കായിക സൗകര്യങ്ങളും നൽകണം.

കാടമുറി വാർഡിലെ മരങ്ങാട് എൽ. പി. എസ്സ് സ്കൂളിൽ നിലവിലുള്ള 5-ാം ക്ളാസ്സോടുകൂടി 6 ഉം 7 ഉം ക്ളാസ്സുകൾകൂടി ആരംഭിക്കാൻ അനുവാദം ഉണ്ടാകണം. അതായത്യു. പി. എസ്സ് ആയി ഉയർത്തണം.

ലൈബ്രറിയും കളിസ്ഥലവും കളിക്കോപ്പുകളും കഞ്ഞിപ്പുരയും ഒരു ഡിവിഷനിൽ ഇംഗ്ളീഷ് മീഡിയം ക്ളാസ്സും ഉണ്ടാകണം.

അംഗൻവാടിയിൽ കളിസ്ഥലവും കളിക്കോപ്പുകളും ചുറ്റുമതിലും വാട്ടർപൈപ്പും കക്കൂസോടുകൂടിയ മൂത്രപ്പുരയും ഏർപ്പെടുത്തണം.

പരിയാരം വാർഡിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമില്ലാത്തതിനാൽ അടുത്ത അധ്യയനവർഷംതന്നെ എൽ. പി. എസ്സ് അനുവദിച്ച് നടപ്പാക്കണം. ഒരംഗൻവാടി ഉള്ളതിന് കളിസ്ഥലവും കളിക്കോപ്പുകളും വേണം. വൈദ്യുതിയും വാട്ടർ പൈപ്പും കക്കൂസോടുകൂടിയ മൂത്രപ്പുരയും അത്യാവശ്യമാണ്.

തോട്ടയ്ക്കാട് ഗവൺമെൻറ് എൽ. പി. എസ്സിൽ പ്രീപ്രൈമറി ക്ളാസ്സ് തുടങ്ങണം, ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കണം. എം. റ്റി. എൽ. പി. എസ്സി. ൽ പ്രീപ്രൈമറി ആരംഭിക്കണം. യു. പി. എസ്സി ൽ ലൈബ്രറിയും കക്കൂസോടുകൂടിയ മൂത്രപ്പുരയും ഉണ്ടാകണം. തോട്ടയ്ക്കാട് ഗവൺ

മെൻറ് ഹൈസ്കൂൾ ഹയർ സെക്കൻററിയ്ക്കും ഇംഗ്ളീഷ്മീഡിയം ക്ളാസ്സ് അനുവദിക്കണം.

യൂണിവേഴ്സിറ്റി റീജിയണൽ സെൻററിനോടനുബന്ധിച്ച് കമ്പ്യൂട്ടർ സെൻറർ തുടങ്ങണം. തോട്ടയ്ക്കാട് യൂണിവേഴ്സിറ്റി റീജിയണൽ സെൻററിൽ കണക്ക്, സാമൂഹ്യപാഠം, ഹിന്ദിഎന്നീ ഐശ്ചികവിഷയങ്ങൾ അനുവദിക്കണം.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെല്ലാം കക്കൂസോടുകൂടിയ മൂത്രപ്പുരയും വാട്ടർ പൈപ്പുകളും സ്ഥാപിക്കണം.

എഴുവന്താനം ഹരിജൻ വെൽഫയർ എൽ. പി. എസ്സി ലും സി. എം. എസ്സ് എൽ. പി. എസ്സിലും വാട്ടർ പൈപ്പുകളും ആരോഗ്യപരിപാലന സൗകര്യങ്ങളും കക്കൂസോടുകൂടിയ മൂത്രപ്പുരകളും കളിസ്ഥലങ്ങളും കളിക്കോപ്പുകളും ഉണ്ടാകണം.

5-ാം വാർഡിലെ ഒരു എൽ. പി. സ്കൂൾ അപ്ഗ്രേയിഡ് ചെയ്യണം. ഹരിജൻ വെൽഫയർ എൽ. പി. എസ്സി ൻെറ കെട്ടിടം പുതുക്കിപ്പണിയണം. 5-ാം വാർഡിലെ മൂന്ന് അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങളും കക്കൂസോടുകൂടിയ മൂത്രപ്പുരകളുംവാട്ടർ പൈപ്പുകളും വൈദ്യുതീകരണവും കളിസ്ഥലവും കളിക്കോപ്പുകളും ഉണ്ടാകണം.

ഇരവുചിറയിൽ ഒരു പ്രൈവറ്റ് യു. പി. എസ്സ് ഉള്ളത് അപ്ഗ്രേയിഡ് ചെയ്ത് ഹൈസ്കൂളാക്കണം. ഞാലിയാകുഴി സി. എം. എസ്സ് അപ്ഗ്രേയിഡ് ചെയ്ത് യു. പി. എസ്സ് ആക്കണം.

കളിസ്ഥലവും കളിക്കോപ്പുകളും കക്കൂസോടുകൂടിയ മൂത്രപ്പുരയും പൈപ്പുലൈനുകളും ഉണ്ടാകണം. ഞാലിയാകുഴിയോടനുബന്ധിച്ച് ഒരു ടെക്നിക്കൽസ്കൂളും ഒരു കോളേജും സ്ഥാപിക്കണം. ഉദിക്കൽ കവലയിലെ നേഴ്സറി സ്കൂളിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാകണം.

പിച്ചനാട്ടുകുളം ഗവൺമെൻറ് എൽ. പി. ബി. എസ്സിൽ കക്കൂസോടുകൂടിയ മൂത്രപ്പുരയും പൈപ്പുലൈനും വൈദ്യുതീകരണവും കളിസ്ഥലവും കളിക്കോപ്പുകളും ഉണ്ടാകണം.

L.P.B.S, എം. ഡി. യു. പി. എസ്സ്, പൊങ്ങന്താനം യു. പി. എസ്സ് എന്നിവയിലെന്ന് അപ്ഗ്രേയിഡ് ചെയ്തു ഹൈസ്കൂൾ ആക്കണം. ഈ സ്ഥാപനങ്ങളിലെല്ലാം പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പുത്തൻചന്തയിലെ എം. ഡി. യു. പി. എസ്സിൽ കക്കൂസോടുകൂടിയ മൂത്രപ്പുരയും കളിസ്ഥലവും കളിക്കോപ്പുകളും അത്യാവശ്യമാണ്.

വള്ളിക്കാട് ജെ. എം. എച്ച്. എസ്സിൽ ലൈബ്രറിക്കും ലാബറട്ടറിക്കും അത്യാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

നാലുന്നാക്കൽ എൽ. പി. എസ്സിൽ കക്കൂസോടുകൂടിയ മൂത്രപ്പുര വേണം സ്കൂൾ കുട്ടികൾക്ക് അപകടകരമായിരിക്കുന്ന പബ്ളിക്ക് റോഡ് വഴിമാററിവിട്ട് അപകടം ഒഴിവാക്കണം.

കണ്ണൻചിറ സി. എം. എസ്സ്. എൽ. പി. എസ്സ്. ഹൈസ്കൂളാക്കണം.

രണ്ട് എൽ. പി. എസ്സ്. സ്കൂളിലും അംഗൻവാടികളിലും നേഴ്സറി സ്കൂളിലും കക്കൂസോടുകൂടിയ മൂത്രപ്പുരകളും കളിസ്ഥലങ്ങളും കളിക്കോപ്പുകളും ഏർപ്പെടുത്തണം.

വാകത്താനം പഞ്ചായത്തിലാകെ മൂന്നു പാരലൽ കോളേജുകളും അഞ്ചു ടൈപ്പ്റൈറ്റിംഗ് ഇൻസ്ററിറ്റ്യൂട്ടുകളുമാണ് ഉള്ളത്.

പാരലൽ കോളേജുകളിൽ S.S.L.C. പരീക്ഷയ്ക്കും മറ്റു ക്ളാസ്സുകാർക്കുള്ള ട്യൂഷനും എത്തുന്ന S.C., S.T വിഭാഗം കുട്ടികൾക്ക് ഫീസാനുകൂല്യങ്ങൾ തൃതലപഞ്ചായത്തിൽ നിന്നോ ഗവൺമെൻറിൽ നിന്നോ അനവദിച്ചു നൽകണം.

ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ യഥാകാലം നടത്താനും റിസൾട്ട് പ്രഖ്യാപിക്കാനും ഇടയാകണം.

മേൽപറഞ്ഞവയാണ് അനുപേക്ഷണീയമായ ആവശ്യങ്ങൾ

## അടിസ്ഥാന അവശ്യങ്ങളും പൊതു നിർദ്ദേശങ്ങളും

പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉൾപ്പെടുന്ന നേഴ്സറികൾ, പ്രീ പ്രൈമറി ക്ളാസ്സുകൾ, അംഗൻവാടികൾ, പ്രൈമറിയും അപ്പർ പ്രൈമറിയും സ്കൂളുകൾ എന്നിവയുടെ മുഴുവൻ ചുമത

ലയും, നിയന്ത്രണവും, നടത്തിപ്പും ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തണം. അതുപോലെ ലൈബ്രറികളുടേയും മറ്റുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും മേൽനോട്ടം പഞ്ചായത്തുകളെ ഏല്പിക്കണം.

എല്ലാ ഗ്രാമ പഞ്ചായത്തു മണ്ഡലങ്ങളിലും നേഴ്സറികളും പ്രീ പ്രൈമറിക്ളാസ്സുകളുംപ്രൈമറി വിദ്യാലയങ്ങളും സ്ഥാപിക്കണം.

ഓരോതലത്തിലുമുള്ള വിദ്യാഭ്യാസ പഠന പദ്ധതിയും രീതിയും ഏകീകരിക്കണം.

മാതൃഭാഷാ പഠനം സെക്കൻററി തലം വരെ നിർബന്ധിതമാക്കണം.

ഉച്ചഭക്ഷണം മെച്ചപ്പെടുത്തണം. ഭക്ഷണത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കണം. എല്ലാ നേഴ്സറി, പ്രീ പ്രൈമറി, അംഗൻവാടി, പ്രൈമറി, അപ്പർപ്രൈമറി സ്കൂളുകൾക്കും പാചകശാല ഉണ്ടാക്കി കൊടുക്കണം. കുട്ടികളുടെ കായികവും കലാപരവുമായ ശേഷി വളർത്തിയെടുക്കുന്നതിനാവശ്യമായ സർവ്വ സൗകര്യങ്ങളും ഉണ്ടാകണം.

PTA യുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്തുകൾ നേതൃത്വം കൊടുക്കണം.സ്കൂൾ കോംപ്ളക്സുകൾ സംഘടിപ്പിക്കുകയും കോംപ്ളക്സ് സമിതിയും അക്കാഡമിക് സമിതിയും മാതൃ സംഗമവും രൂപീകരിച്ച് അവ വിജയകരമായി നടത്തുന്നതിന് പഞ്ചായത്തു ഭരണസമിതി നേതൃത്വം നൽകണം.

പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ക്ളാസ്സുകളും കോച്ചിംഗുകളും നല്കുന്നതിനുള്ള പ്രത്യേകാവസരങ്ങൾ സൃഷ്ടിക്കണം.

കോംപ്ളക്സിലും അക്കാദമിക് സമിതികളിലും രക്ഷാകർത്താക്കൾക്കും വിദ്യാഭ്യാസ വിചക്ഷണന്മാർക്കും വ്യക്തമായ പങ്കുണ്ടാക്കാൻ കഴിയണം.

ഡയറ്റിൻെറ പ്രവർത്തന പരിധിയിൽ മുഴുവൻ അധ്യാപകരേയും പങ്കെടുപ്പിച്ചിരിക്കണം.

പ്രാഥമികാരോഗ്യ പരിപാടികൾ വർഷത്തിലൊരിക്കൽ എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം.

അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് പ്രാധാന്യം നൽകി, രക്ഷിതാക്കളുടെ ബോധനിലവാരം ഉയർത്തണം.

അഭിരുചിയും കഴിവും സാമർത്ഥ്യവും അടിസ്ഥാനമാക്കിക്കൊണ്ട് പ്രൈമറിതലംതൊട്ട്വിവിധ തൊഴിലുകളെക്കുറിച്ചും പ്രത്യേകിച്ച് കാർഷിക വൃത്തിയെക്കുറിച്ച് പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും വേണം.

കൃഷിയുടെ പ്രാധാന്യവും മാഹാത്മ്യവും മനസ്സിലാക്കാനും തൊഴിലാക്കാനും, പ്രീപ്രൈമറി തലം മുതൽ പ്രായത്തിനനുസരിച്ചുള്ള തൊഴിൽ പരിശീലനം സൃഷ്ടിക്കപ്പെടണം.

വായനാശീലം വളർത്തിയെടുക്കാനും വിജ്ഞാനം വർദ്ധിപ്പിക്കാനും അത്യന്താപേക്ഷിതമായറീഡിംഗ് റൂമുകളും അതിനാവശ്യമായ പുസ്തകങ്ങളും മാസികകളും റേഡിയോ ടെലിവിഷൻ മുതലായ മാധ്യമങ്ങളും എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തണം.

മാർഗ്ഗ നിർദ്ദേശക ക്യമ്പുകളും മാതൃകാ ക്ളാസ്സുകളും വിനോദസഞ്ചാരങ്ങളും കലാകായിക പരിശീലനങ്ങളും മത്സരങ്ങളും സാഹിത്യ സാംസ്കാരിക ചർച്ചകളും സംഘടിപ്പിക്കണം.

വ്യക്തിത്വവും സൽഗുണങ്ങളും വളർത്തിയെടുക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കണം. ജീവിത മൂല്യങ്ങളും കൗമാരപ്രായക്കാരായ കുട്ടികൾക്കു പെരുമാറ്റ സദാചാരശീലവും ഉളവാക്കുന്നതിനാവശ്യമായ ബോധവത്ക്കരണം നടത്തിയിരിക്കണം.നില നില്പിനും വ്യക്തിത്വ വികാസത്തിനും സ്വാശ്രയത്വത്തിനും സഹകരണ മനോഭാവത്തിനും പ്രതികരണശേഷിയ്ക്കും പ്രവർത്തനക്ഷമതയ്ക്കും ദേശാഭിമാന പ്രചോദനത്തിനും ഉതകുന്ന വിദ്യാഭ്യാസ രീതിയിലൂടെ നല്ലൊരു ഭാവിതലമുറയെ വാർത്തെടുക്കാൻ കഴിവുറ്റതാകണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

വിദ്യാഭ്യാസ ഗുണനിലവാരതകർച്ച വലിയ ഒരു പ്രശ്നമായിരിക്കുകയാണല്ലോ. അദ്ധ്യാപക-രക്ഷാകർതൃവിദ്യാർത്ഥി ശൃംഖല ശക്തിപ്പെടുത്തി പഠന നിലവാരം ഉയർത്തുവാൻ പരമാവധി ശ്രമിയ്ക്കേണ്ടതാണ്.

സാങ്കേതിക പഠനസൗകര്യങ്ങളുടെ അഭാവം നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾവളരെ കാലങ്ങളായി അനുഭവിക്കുന്നുണ്ട്. പഞ്ചായത്തു പരിധിയിലോ, സമീപപ്രദേശങ്ങളിലോ ഇത്തരം സ്ഥാപനങ്ങളൊന്നും തന്നെ ഇല്ല. ആയതിനാൽ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും ഐ. റ്റി. ഐ., ഐ. റ്റി. സി. തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടത് വളരെ അനിവാര്യമാണ്.

ദുർബലവിഭാഗങ്ങളിലും, പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളിലുംപെട്ട നിരവധി വിദ്യാർത്ഥി കൾ സാമ്പത്തികമായ പരാധീനതമൂലം തൊഴിൽ പരിശീലനം നേടുവാൻ സാധിക്കാത്തവരായുണ്ട്. ഇവർക്ക് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരം ഭിക്കണം.

**പുരാതന സ്കൂളുകൾ**

| | സ്കൂളുകൾ - പേര് | സ്ഥാപിത വർഷം | ആണ്ട് |
|---|---|---|---|
| 1 | P.N.N. മെമ്മോറിയൽ വടക്കേക്കര L.P.S. തൃക്കോതമംഗലം | 1880 | 116 വർഷം |
| 2 | C.M.S.L.P.S. കാടമുറി ഞാലിയാകുഴി | 1885 | 111 വർഷം |
| 3 | M.D.U.P.S. പുത്തൻചന്ത | 1887 | 109 വർഷം |
| 4 | C.M.S.L.P.S. എഴുവന്താനം | 1887 | 109 വർഷം |
| 5 | C.M.S.L.P.S. നാലുന്നാക്കൽ | 1887 | 109 വർഷം |
| 6 | ഗവ; L.P.G.S. ഉണ്ണാമറ്റം | 1889 | 107 വർഷം |

പട്ടിക I

ആകെ ജനസംഖ്യ 31222

| നമ്പർ സ്കൂൾ | ഗവൺമെൻറും മറ്റുള്ളവയും | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | പു | സ്ത്രീ | ആകെ |
| 1 ഗവ. ഹൈസ്കൂൾ & VHSE തൃക്കോതമംഗലം | ഗവ. | 178 | 147 | 325 | 4 | 10 | 14 |
| 2 ഗവ. LPS തൃക്കോതമംഗലം | " | 58 | 44 | 102 | 2 | 2 | 4 |
| 3 ഗവ. LPS മരങ്ങാട്ട്, കാടമുറി | " | 62 | 68 | 130 | 1 | 4 | 5 |
| 4 ഗവ. ഹൈസ്കൂൾ തോട്ടയ്ക്കാട് | " | 170 | 174 | 344 | 5 | 16 | 21 |
| 5 ഗവ. യു. പി. എസ്. തോട്ടയ്ക്കാട് | " | 116 | 102 | 218 | 1 | 5 | 6 |
| 6 ഗവ. എൽ. പി. ജി. എസ്. തോട്ടയ്ക്കാട് | " | 44 | 62 | 100 | 1 | 4 | 5 |
| 7 ഗവ. HWLPS തോട്ടയ്ക്കാട് | " | 41 | 47 | 88 | 1 | 3 | 4 |
| 8 ഗവ. LPGS വാകത്താനം | " | 67 | 64 | 131 | 1 | 5 | 6 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഗവ. LPBS വാകത്താനം (ഉണ്ണാമറ്റം) | ,, | 102 | 117 | 219 | 3 | 5 | 8 |
| 10 | സെൻറ് ആദായീസ് ഗവ. LPS നാലുന്നാക്കൽ | ,, | 78 | 72 | 150 | - | 5 | 5 |
| 11 | N.S.S.U.P.S. തൃക്കോതമംഗലം | എയ്ഡഡ് | 108 | 92 | 200 | 1 | 7 | 8 |
| 12 | സെൻറ് ജോർജ്ജ് U.P.S. ഇരവുചിറ, തോട്ടയ്ക്കാട് | ,, | 320 | 316 | 636 | 1 | 17 | 18 |
| 13 | വടക്കേക്കര P.N.N.M.L.P.S. തൃക്കോതമംഗലം | ,, | 76 | 62 | 138 | 1 | 3 | 4 |
| 14 | St. ഏലിയാസ് യു. പി. എസ്. നാലുന്നാക്കൽ | ,, | 83 | 81 | 164 | 3 | 4 | 7 |
| 15 | C.M.S.L.P.S. എഴുവന്താനം | ,, | 96 | 87 | 183 | 2 | 5 | 7 |
| 16 | C.M.S.L.P.S. നാലുന്നാക്കൽ | ,, | 61 | 52 | 113 | - | 4 | 4 |
| 17 | M.B.U.P.S. വാകത്താനം | ,, | 182 | 122 | 304 | 3 | 7 | 10 |
| 18 | U.P.S. പൊങ്ങന്താനം | ,, | 89 | 91 | 180 | 1 | 8 | 9 |
| 19 | M.D.U.P.S. വാകത്താനം (പഴഞ്ചിറ) | ,, | 125 | 109 | 234 | 2 | 5 | 7 |
| 20 | M.T.L.P.S. തോട്ടയ്ക്കാട് | ,, | 55 | 31 | 86 | 1 | 2 | 3 |
| 21 | C.M.S.L.P.S. കാടമുറി, ഞാലിയാകുഴി | ,, | 62 | 51 | 113 | 1 | 3 | 4 |
| 22 | S.M.H.S. വള്ളിക്കാട്, വാകത്താനം | ,, | 307 | 312 | 619 | 9 | 16 | 25 |
| 23 | M.G.E.M.H.S. (ഇംഗ്ലീഷ് മീഡിയം) ഞാലിയാകുഴി | അൺ എയ്ഡഡ് | 547 | 448 | 955 | 6 | 43 | 49 |
| 24 | പരിപാലന ഇംഗ്ലീഷ് മീഡിയം LPS ഞാലിയാകുഴി | ,, | 131 | 91 | 222 | - | 8 | 8 |
| 25 | St. ജോർജ്ജ് LPS (ഇംഗ്ലീഷ് മീഡിയം) തോട്ടയ്ക്കാട് | ,, | 24 | 18 | 42 | - | 3 | 3 |
| | ആകെ | | 3182 | 2860 | 6042 | 50 | 194 | 244 |

## പട്ടിക I A
## ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

| നമ്പർ | സ്കൂളുകൾ | അദ്ധ്യാപകർ | | വിദ്യാർത്ഥികൾ | |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആൺ | പെൺ |
| 1 | M.G.E.M.H.S. ഞാലിയാകുഴി | 6 | 43 | 547 | 448 |
| 2 | പരിപാലന E.M.L.P.S. ഞാലിയാകുഴി | - | 8 | 131 | 91 |
| 3 | സെൻറ് ജോർജ്ജ് ഇംഗ്ലീഷ് മീഡിയം LPS തോട്ടയ്ക്കാട് | - | 3 | 24 | 18 |
| | ആകെ | 6 | 54 | 702 | 557 |

ആകെ സ്കൂളുകൾ - 3
ആകെ അദ്ധ്യാപകർ - 60
ആകെ വിദ്യാർത്ഥികൾ - 1259

### പട്ടിക IB

### പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| പഞ്ചായത്തു സ്കൂളുകളിലെ വിദ്യാർത്ഥികൾ | പട്ടികജാതി പട്ടികവർഗ്ഗ ആകെ | ആൺ | പെൺ |
|---|---|---|---|
| 5049 | 357 | 194 | 163 |

ഈ പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ ജനസംഖ്യ - 1917 ആകുന്നു.
പുരുഷന്മാർ 986
- സ്ത്രീകൾ 931
- സ്ത്രീപുരുഷ വ്യത്യാസം പോലെ വിദ്യാർത്ഥികളുടെ എണ്ണത്തിലും ആൺ പെൺ വ്യത്യാസം പ്രകടമാകുന്നു. പെൺകുട്ടികളേക്കാൾ ആൺകുട്ടികളാണ് കൂടുതലായും സ്കൂളിലുള്ളത്.

ഇത് വിദ്യാഭ്യാസ പരമായും സാമൂഹിക പരമായും സ്ത്രീകളുടെ താഴ്ചയെ കാണിക്കുന്നു.

### പട്ടിക IC

### പഠനം നിർത്തിയവരുടെ കണക്ക്

| | | |
|---|---|---|
| SC/ST കുട്ടികൾ | ആൺ | 10 |
| | പെൺ | 4 |
| മറ്റുള്ള കുട്ടികൾ | ആൺ | 7 |
| | പെൺ | 2 |
| ആകെ | | 23 |

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളായി ആകെയുള്ളവർ 357 ആയിരിക്കെ അവരിൽ14 കുട്ടികൾ പഠനം നിർത്തിയിരിക്കുന്നു. എന്നാൽ മറ്റു വിഭാഗത്തിൽപ്പെട്ട ആകെ കുട്ടികളായ 4692 പേരിൽ വെറും 9 പേരാണ് പഠനം നിർത്തിയിരിക്കുന്നത്. ഇവിടെ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ജീവിതനിലവാരത്തിന്റെ ശോച്യാവസ്ഥയാണ് സൂചിപ്പിക്കുന്നത്.

### പട്ടിക ID

### തോറ്റു പഠിക്കുന്നവരുടെ കണക്ക്

| കുട്ടികൾ | | എണ്ണം | ആകെ |
|---|---|---|---|
| SC/ST | ആൺ | 45 | 74 |
| | പെൺ | 29 | |
| മറ്റുള്ള | ആൺ | 157 | 280 |
| | പെൺ | 123 | |

പഞ്ചായത്തിലാകെ 357 കുട്ടികൾ മാത്രമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ 20% പേർ തോറ്റു പഠിക്കുന്നു. അവരുടെ കുടുംബ സാഹചര്യങ്ങളാണ് ഈ ദുര്യോഗത്തിന് കാരണം. ഇത് മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

**25 സ്കൂളുകൾ** **1 VHSE** **1 BEd Centre**

| | | |
|---|---|---|
| ലൈബ്രറി | 4 | 23 സ്കൂളുകളിൽ ആവശ്യമുണ്ട് |
| ലാബറട്ടറി | 4 | |
| റേഡിയോ | 4 | |
| ടേപ്റിക്കാർഡർ | 4 | |
| ടെലിവിഷൻ | 1 | MGEM H.S. ലാണുള്ളത്. മറ്റെല്ലാ സ്ഥാപനങ്ങളിലും ഉണ്ടാവണം |
| സിനിമാ പ്രൊജക്ടർ | 1 | H.S. കളിലും V.H.S.E.-ലും B.Ed. Centre ലും അത്യാവശ്യം വേണം |
| കമ്പ്യൂട്ടർ | 1 | MGEM HS-ലുണ്ട്. VHSE ലും BEd സെൻററിലും ഉണ്ടാവണം. |
| പഠനോപകരണങ്ങൾ | 6 | 23 സ്ഥാപനങ്ങളിൽ ഇല്ല. MGEM HS ൽ മാത്രമേയുള്ളു. എല്ലാ സ്ഥാപനങ്ങളിലും വേണം. |
| ടൈപ്പ്റൈറ്ററുകൾ | ഇംഗ്ലീഷ് 25<br>മലയാളം 25 | VHSE യിൽ ഇംഗ്ലീഷ് ടൈപ്പ്റൈറ്റർ 11 ഉം മലയാളം ടൈപ്പ്റൈറ്ററുകൾ 8 ഉം കേടാണ്. നന്നാക്കണം. |
| ഫോട്ടോസ്റ്റാറ്റ് | | VHSE യിൽ പ്രവർത്തിക്കുന്നില്ല. ഉടൻ റിപ്പയർ ചെയ്യണം. |
| ഇലക്ട്രോണിക് ടൈപ്പ്റൈറ്റർ | | VHSE യിലാണുള്ളത്. പ്രവർത്തനക്ഷമമാക്കണം. |
| മറ്റുപകരണങ്ങൾ | | എല്ലാ സ്ഥാപനങ്ങളിലും അത്യാവശ്യം വേണ്ടതായ എല്ലാ ഉപകരണങ്ങളും നൽകണം. |

### പട്ടിക II A
### ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ആവശ്യമായ മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1 | ഗവ. ഹൈസ്കൂൾ & VHSE തൃക്കോതമംഗലം | 325 | 14 | 2 | 2 | കിണർ | ഉണ്ട് | വാട്ടർ പൈപ്പുണ്ടാകണം |
| 2 | ഗവ. LPS മരങ്ങാട്ട് - കാടമുറി | 130 | 5 | 1 | 1 | കിണർ | ഉണ്ട് | വാട്ടർ പൈപ്പുണ്ടാകണം |
| 3 | ഗവ. LPBS ഉണ്ണാമറ്റം | 219 | 8 | 1 | ഇല്ല | കിണർ | ഉണ്ട് | ചുറ്റുമതിൽ വേണം |
| 4 | ഗവ. LPGS വാകത്താനം | 131 | 6 | 1 | 1 | കിണർ | ഉണ്ട് | വാട്ടർ പൈപ്പുലൈൻ |
| 5 | St. ആദായീസ് ഗവ. LPS നാലുന്നാക്കൽ | 150 | 5 | 1 | ഇല്ല | കിണർ | ഇല്ല | വൈദ്യുതി വേണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | ഗവ. ഹൈസ്കൂൾ, തോട്ടയ്ക്കാട് | 344 | 21 | 1 | 1 | പൈപ്പുണ്ട് | ഉണ്ട് | BEd സെൻററിന് അത്യാവശ്യമായ ചുറ്റുമതിൽ |
| 7 | ഗവ. U.P.S. തോട്ടയ്ക്കാട് | 218 | 6 | 1 | 1 | പൈപ്പുണ്ട് | ഉണ്ട് | |
| 8 | ഗവ. LPGS തോട്ടയ്ക്കാട് | 106 | 5 | 3 | 3 | കിണർ | ഉണ്ട് | വാട്ടർ പൈപ്പുവേണം |
| 9 | ഗവ. HWLPS തോട്ടയ്ക്കാട് | 88 | 4 | 2 | 1 | സംവി ധാനമുണ്ട് | ഉണ്ട് | വാട്ടർ പൈപ്പുവേണം |
| 10 | ഗവ. LPS തൃക്കോതമംഗലം | 102 | 4 | 1 | 2 | കിണർ | ഉണ്ട് | ചുറ്റുമതിൽ |
| 11 | NSSUPS തൃക്കോതമംഗലം | 200 | 8 | 2 | 1 | കിണർ | ഉണ്ട് | വാട്ടർ പൈപ്പുവേണം |
| 12 | വടക്കേക്കര PNNM. LPS തൃക്കോതമംഗലം | 138 | 4 | 1 | 1 | സംവി ധാനമുണ്ട് | ഇല്ല | വൈദ്യുതി വേണം |
| 13 | St. ഏലിയാസ് UPS നാലുന്നാക്കൽ | 164 | 7 | 1 | 1 | കിണർ | ഉണ്ട് | ചുറ്റുമതിൽ വേണം |
| 14 | CMS LPS എഴുവന്താനം | 183 | 7 | 1 | 1 | ഇല്ല | ഇല്ല | വാട്ടർ പൈപ്പ് |
| 15 | CMS LPS നാലുന്നാക്കൽ | 113 | 4 | 1 | ഇല്ല | കിണർ | ഇല്ല | വൈദ്യുതിയും കക്കൂസും |
| 16 | UPS വാകത്താനം | 304 | 10 | 1 | ഇല്ല | കിണർ | ഇല്ല | വൈദ്യുതിയും കക്കൂസും |
| 17 | UPS പൊങ്ങന്താനം | 180 | 9 | 1 | ഇല്ല | കിണർ | ഇല്ല | വൈദ്യുതിയും കക്കൂസും |
| 18 | MDUPS വാകത്താനം | 234 | 7 | 1 | 1 | കിണർ | ഉണ്ട് | വൈദ്യുതിയും കക്കൂസും ചുറ്റുമതിൽ |
| 19 | JMHS വാകത്താനം | 619 | 25 | 3 | 2 | പൈപ്പുണ്ട് | ഉണ്ട് | ചുറ്റുമതിൽ |
| 20 | MTLPS തോട്ടയ്ക്കാട് | 86 | 3 | 1 | ഇല്ല | ഇല്ല | ഇല്ല | കക്കൂസും വെള്ളവും വൈദ്യുതിയും |
| 21 | MGEMHS ഞാലിയാകുഴി | 995 | 49 | 4 | 5 | പൈപ്പുണ്ട് | ഉണ്ട് | ഉണ്ട് |
| 22 | പരിപാലന EMLPS ഞാലിയാകുഴി | 222 | 8 | 1 | 1 | പൈപ്പുണ്ട് | ഉണ്ട് | - |
| 23 | St. George EMLPS തോട്ടയ്ക്കാട് | 42 | 3 | 1 | 1 | പൈപ്പുണ്ട് | ഉണ്ട് | - |
| 24 | CMS LPS കാടമുറി - ഞാലിയാകുഴി | 113 | 4 | 1 | മെയിൻറ നൻസ് കിണർ വേണം | | ഇല്ല - | - |
| 25 | സെൻറ് ജോർജ്ജ് യു.പി.എസ്. ഇരവുചിറ | 636 | 18 | 2 | 2 | പൈപ്പുണ്ട് | ഉണ്ട് | ജലക്ഷാമം പരിഹരിക്കണം |

പട്ടിക III

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ

| നമ്പർ | ടൈപ്പ്റൈറ്റേഴ്സ് ഭാഷ | എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 1 നെഹ്റുജി സ്കൂൾ ഓഫ് കോമേഴ്സ് - ഞാലിയാകുഴി - വാകത്താനം | ഇംഗ്ലീഷ്<br>മലയാളം<br>ആകെ | 7<br>1<br>8 | 23 |
| 2 ചെറിയാൻസ് ഇൻസ്റ്റിട്യൂട്ട് ഓഫ് കോമേഴ്സ് - ഞാലിയാകുഴി - വാകത്താനം | ഇംഗ്ലീഷ്<br>മലയാളം<br>ആകെ | 7<br>1<br>8 | 18 |
| 3 MGM ഇൻസ്റ്റിട്യൂട്ട് ഓഫ് കോമേഴ്സ് കണ്ണഞ്ചിറ | ഇംഗ്ലീഷ്<br>മലയാളം<br>ആകെ | 6<br>1<br>7 | 30 |
| 4 സയൻസ് ഇൻസ്റ്റിട്യൂട്ട് & കമ്പ്യൂട്ടർ ടെക്നോളജി ഞാലിയാകുഴി | സയൻസ് ലാബ്<br>കമ്പ്യൂട്ടർ | 1<br>1 | 40<br>6 |
| 5 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് തൃക്കോതമംഗലം | ടൈപ്പ്റൈറ്റർ<br>മലയാളം<br>ഇംഗ്ലീഷ് | <br>1<br>5 | 25 |

**പൊതുവായ ആവശ്യങ്ങൾ**

പരീക്ഷകൾ യഥാസമയം നടത്തിയിരിക്കണം. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യങ്ങൾ അനുവദിക്കണം.

പട്ടിക IV

പാരലൽ കോളേജുകൾ

| നമ്പർ | കോളേജുകൾ - പേര് | അധ്യാപകർ എണ്ണം | വിദ്യാർത്ഥികൾ എണ്ണം |
|---|---|---|---|
| 1 | MGM College (പാരലൽ) കണ്ണഞ്ചിറ - വാകത്താനം | 6 | 1995 - 96 ൽ SSLC Batch - 55<br>Tution classes - 41 |
| 2 | ഗിരിദീപം പാരലൽ കോളേജ്, ഞാലിയാകുഴി - വാകത്താനം | 12 | SSLC & Tution classes - 54 |
| 3 | ശാന്തിനികേതൻ പാരലൽ കോളേജ്, വാകത്താനം | 7 | SSLC Batch & Tution classes 110 |

**ആവശ്യങ്ങൾ (പൊതുവായി)** : പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം തുടരുന്നതിനാവശ്യമായ സാമ്പത്തികാനുകൂല്യങ്ങൾ പാരലൽ കോളേജുകൾക്കും അനുവദിച്ചു നൽകണം.

പട്ടിക V

S.S.L.C. വിജയശതമാനം

| | ഹൈസ്കൂൾ | | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| 1 | ഗവ. H.S. തൃക്കോതമംഗലം | ഗവ. | 48% | 51% | 53% | 56% | 55% |
| 2 | ഗവ. H.S. തോട്ടയ്ക്കാട് | ,, | 64% | 52% | 47% | 67% | 50% |
| 3 | JMHS വള്ളിക്കാട് | Aidded | 68% | 65% | 70% | 50% | |
| 4 | MGEMHS | Un aided | | | 100% | 100% | 100% |

തൃക്കോതമംഗലം ഗവ. ഹൈസ്കൂളിൽ ക്രമാനുഗതമായി വിജയശതമാനം വർദ്ധിച്ചുകൊണ്ടിരുന്നു. പക്ഷെ 95 - 96 ൽ ഒരു ശതമാനം കുറവു വന്നിരിക്കുന്നു. പരിശോധിക്കേണ്ടിയിരിക്കുന്നു.

തോട്ടയ്ക്കാട് ഗവ. HS ലെ വിജയശതമാനനിരക്ക് ഏറിയുംകുറഞ്ഞും മാറിമാറിക്കൊണ്ടിരിക്കുന്നത് നല്ല സൂചനയല്ല. എന്തുകൊണ്ടാണെന്ന് ഗൗരവമായി പരിശോധിക്കണം.

JMHS ൽ മിക്കവാറും പഠനസൗകര്യങ്ങൾ ഉണ്ടായിട്ടും സാധാരണ വിജയശതമാനത്തിനപ്പുറം കടക്കാൻ കഴിയാത്തതിൻെറ കാരണങ്ങൾ, പ്രത്യേകമായും അധ്യാപകർ കൂട്ടായി ചർച്ച ചെയ്യേണ്ടതും പരിഹാരം ഉണ്ടാക്കേണ്ടതുമാകുന്നു.

MGMHS ൽ പ്രധാനമായും രണ്ടുമൂന്നു കാര്യങ്ങൾ അനുകൂലമാക്കിയിരിക്കുന്നു.

1. 8, 9 എന്നീ സ്റ്റാൻഡാർഡുകളിൽ കുട്ടികൾ തോല്ക്കാനിടയാകുന്നു. 10 ലെ 100%ത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമ്പോൾ താഴ്ന്ന ക്ലാസ്സുകളിൽ ഒരാൾപോലും തോല്ക്കരുതാത്തതാണ്. അതിൻെറയർത്ഥം, 10 ൽ എത്തുന്ന കുട്ടികൾ പ്രതീക്ഷിച്ചുള്ളവരായിരിക്കണം എന്ന് മുൻകൂട്ടി കണ്ട് പ്രവർത്തിക്കുന്നു എന്നതാണ്.
2. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥിയായി ഒരാൾ മാത്രമേയുള്ളൂ എന്ന് സൗകര്യംപത്താം ക്ലാസ്സിനെ മുരടിപ്പിക്കുകയില്ലല്ലോ.
3. എങ്ങനെയും 100% ജയിക്കുക എന്ന ഒരേ ഒരു ലക്ഷ്യത്തിലേക്കെത്തിച്ചേരുന്നു. അതായത് പരീക്ഷയ്ക്കുവേണ്ടി മാത്രം പഠിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, വിദഗ്ദ്ധമായ സെലക്ഷനാണ് താഴെ ക്ലാസ്സു മുതൽ നടത്തുന്നത്. അധ്യാപകർ കഠിനയത്നത്തിന് വിധേയരാവുകയും ചെയ്യുന്നു.

ഇന്ന് നാം ആരംഭിച്ചു പ്രാവർത്തികമാക്കുവാനുദ്ദേശിക്കുന്ന ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാകുമ്പോൾ നമ്മുടെ സങ്കല്പങ്ങൾ മുഴുവൻ രൂപം പ്രാപിക്കട്ടെയെന്നും അതുവഴി വിദ്യാഭ്യാസത്തിലൂടെ നമ്മുടെ ഭാവി തലമുറ എല്ലാ രംഗങ്ങളിലും ഉന്നത സ്ഥാനങ്ങളിലെത്തി നമ്മുടെ രാജ്യം ലോകമാതൃകയായിത്തീരട്ടെ എന്നും ആശംസിച്ചുകൊണ്ട് വാകത്താനം പഞ്ചായത്തിൻെറ സമഗ്രമായ വിദ്യാഭ്യാസ റിപ്പോർട്ട് കൂടുതൽ ചർച്ചകൾക്കും മുൻഗണനാ നിശ്ചയത്തിനുമായി സമർപ്പിച്ചുകൊള്ളുന്നു.

# 6

# വ്യവസായം



കേരളം വ്യാവസായികമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ വ്യാവസായിക വികസനരംഗം മുരടിച്ചിരിക്കുകയാണ്. ഇവിടെ പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നില്ല. ചെറുതും വലുതുമായ വ്യവസായങ്ങൾ അടച്ചു പൂട്ടുന്നു. അടക്കുന്നകമ്പിനി ഗേററുകളും പുകച്ചുരുളുകളില്ലാത്ത കുഴലുകളും എവിടെയുമുണ്ട്. പീഡിതവ്യവസായങ്ങൾ നാടിന്റെ പ്രശ്നമാകുന്നു. ഈ രംഗത്ത് പുത്തൻ മുതൽമുടക്കുകളില്ലാതെ പോകുന്നു. ഇതിന്റെ ഫലമായി തൊഴിലില്ലാത്തവരുടെ നിര വളർന്നുവരുന്നു. വൻകിട വ്യവസായങ്ങൾ ആരംഭിച്ചുകൊണ്ട് രൂക്ഷമായ ഈ സ്ഥിതിവിശേഷത്തിന് കടിഞ്ഞാണിടാൻ സാധിക്കുകയില്ല. കുറഞ്ഞ മൂലധന നിക്ഷേപത്തിൽകൂടുതൽ തൊഴിൽ അവസരങ്ങൾ നല്കുവാൻ സാധിക്കുന്ന ചെറുകിട വ്യവസായങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഭാരതീയ കുടിൽ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ലോകപ്രസിദ്ധമായിരുന്നു എന്നു നാം ഓർക്കണം. എന്നാൽ വിദേശഭരണത്തിൽ ഈ മേഖല ശോഷിക്കുകയും വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്ന സാധനങ്ങളോട് മത്സരിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു. ഇന്നുകേരളം മററു സംസ്ഥാനങ്ങളുടെ വിപണിയായി മാറിയിരിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന പേരുതന്നെ കേരളത്തിനുണ്ടായി. കേരളത്തിന്റെ പൊതുവായ സ്ഥിതി വ്യവസായ വളർച്ചക്ക് അനുകൂലമല്ലാതായിത്തീർന്നു.

നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. വൻകിട വ്യ.വസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. അവിടവിടെയായി ചില ചെറുകിട വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ പുരോഗതിക്കനുകൂലമായ ഒട്ടുപല അനുകൂല ഘടകങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## അനുകൂല ഘടകങ്ങൾ

1. ഗൾഫ് മേഖലകളിൽനിന്നുംവരുന്ന വൻ പെട്രോഡ്രാഫ്ററുകൾ.
2. വാണിജ്യവിളകൾ ധാരാളമായി ലഭിക്കുവാനുള്ള സാഹചര്യം.
3 റോഡ്, റെയിൽ ഗതാഗത സൗകര്യം.
4 നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഉപഭോക്തൃ സംസ്കാരം.
5. അഭ്യസ്ഥവിദ്യരായ തൊഴിൽ സംരംഭകരുടെ എണ്ണം.

ഈ അനുകൂല സാഹചര്യങ്ങളെ വിലയിരുത്തുമ്പോൾതന്നെ പ്രതികൂലമാകാവുന്ന ഘടകങ്ങളെക്കൂടി വിലയിരുത്തണം. വ്യവസായപുരോഗതിക്കു തടസ്സമാകാവുന്ന വിവിധ ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

## പ്രതികൂല ഘടകങ്ങൾ

1. ഭൂപരിധി നിയമംമൂലം ഭൂമിയുടെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും കൂലിയും.
2. തൊഴിൽ സമരം മൂലവും മററുകാരണങ്ങളാലും ഉണ്ടാകുന്ന ഉല്പാദനക്ഷമതക്കുറവ്.

3. വൈദ്യുതിയുടെ ക്ഷാമം.
4. വെള്ളത്തിൻെറ ലഭ്യതക്കുറവ്.
5. ഉയർന്ന കൂലിനിരക്കുലഭിച്ചാൽതന്നെ സ്വന്തം മണ്ണിൽ മേലനങ്ങി ജോലിചെയ്യാനുള്ളമടി.
6. സംസ്ഥാന കേന്ദ്ര ഗവൺമെൻറിൻെറ നയം മാററം.
7. ഓഹരി കമ്പോളത്തിലെ വിലയിടിവ്മൂലം ചെറുകിട നിക്ഷേപകർക്ക് ഈ മേഖല ആകർഷകമല്ല.

മുകളിൽപറഞ്ഞ അനുകൂല പ്രതികൂലഘടകങ്ങളെ വിശകലനം ചെയ്തുവേണം നമ്മുടെ പഞ്ചായത്തിലെ വ്യവസായ പുരോഗതിയെക്കുറിച്ചു ചിന്തിക്കുവാൻ. ഇപ്പോൾ നിലവിലുളള വ്യവസായ സംരംഭങ്ങളെ പരിശോധിക്കാം.

നമ്മുടെ പഞ്ചായത്തിൽ 126 ഓളം ചെറുകിട വ്യവസായ യൂണിററുകളിലായി 490 ഓളം ആളുകൾ ജോലിചെയ്യുന്നതായി കാണാൻ സാധിക്കും. അതായത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 1.6 ശതമാനം മാത്രമേ വ്യവസായ മേഖലയിൽ പണിയെടുക്കുന്നുള്ളൂ. കാർഷിക മേഖലയിൽലെ മുരടിപ്പുമൂലം പഞ്ചായത്തിൻെറ പൊതുവായ വികസനത്തിന്ഇനിയും വ്യവസായസംരംഭങ്ങളുടെ വളർച്ചയെ നമുക്ക് ആശ്രയിക്കാനുള്ളൂ.

## പുതിയ വ്യവസായ സംരംഭങ്ങൾക്ക് മാർഗ്ഗരേഖ

### 1. റബർ അധിഷ്ടിത വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കൃഷിയിടത്തിൻെറ 73 ശതമാനവും റബർ കൃഷിക്കായി ഉപയോഗിക്കുന്നു. ഇന്ന് വ്യവസായ മേഖലയിലെ ഏററവും പ്രധാന അസംസ്കൃത വസ്തുവായ റബർ നമ്മുടെ പഞ്ചായത്തിൽ സുലഭമാണെന്ന് കാണുന്നു. മാത്രവുമല്ല റബർ അധിഷ്ടിത ഉല്പന്നങ്ങൾ നമ്മുടെ ആളുകൾ ധാരാളമായി ഉപയോഗിക്കുന്നുമുണ്ട്. അതായത് വിപണനം ഒരു പ്രശ്നമാകുന്നില്ല. നമുക്കു തുടങ്ങാൻ പററുന്ന വ്യവസായങ്ങൾ:-

പട്ടിക 2

| ക്രമ നമ്പർ | യൂണിററിൻെറ പേര് | തുടങ്ങാവുന്ന വാർഡ് | എണ്ണം | ലഭ്യമായ തൊഴിലവസരങ്ങൾ |
|---|---|---|---|---|
| 1 | കാർബൺത്രഡ് റബർ (റീ ട്രയ്ഡിംഗിന്) | 12 | 1 | 18 |
| 2 | ക്രീപ്പ് മിൽ | 6 | 1 | 21 |
| 3 | റബർ ബുഷ്, റബർ ചാനൽ വീഡിംഗ് തുടങ്ങിയവ ഉല്പാദനം (മാർക്കററ് അന്യസംസ്ഥാനം) | 2 | 1 | 14 |
| 4 | എക്സ്പോർട്ട് ക്വാളിററി റബർ ഗ്ളൗസ് നിർമ്മാണം | 7 | 1 | 12 |
| 5 | റബറൈസ്ഡ് കയർ മാററ് നിർമ്മാണം | 9 | 1 | 16 |
| | ആകെ | | 5 | 81 |

കെട്ടിട നിർമ്മാണം നമ്മുടെ പഞ്ചായത്തിൽ ധാരാളമായി നടക്കുന്നു. ഗൾഫ് മേഖലകളിൽ നിന്നുളള പണത്തിൻെറ 60 ശതമാനവും കെട്ടിട നിർമ്മാണത്തിനായാണ് വിനിയോഗിക്കപ്പെടുന്നത്. അതിനാൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തിനുള്ള വ്യവസായ യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

പട്ടിക 3

| ക്രമ നമ്പർ | വ്യവസായ യൂണിററ് (ആരംഭിക്കാവുന്നതാണ്) | വാർഡ് | എണ്ണം | തൊഴിലാളികൾ |
|---|---|---|---|---|
| 1 | അലൂമിനിയം ഫാബ്രിക്കേററിംഗ് ഉല്പന്നങ്ങളും പാത്രങ്ങളും | 3 | 1 | 10 |
| 2 | സിമൻറ് ഹോളോബ്രിക്സ് യൂണിററ് (DWCRA യൂണിററ്) | 8 | 1 | 15 |
| 3 | ഫർണിച്ചർ ഉല്പാദനം | 7 | 1 | 5 |
| 4 | കട്ട്ള, ജനൽ ഇവയുടെ നിർമ്മാണം (സിമൻറുപയോഗിച്ച്) | 10 | 1 | 12 |
| 5 | പാഴ്തടി സംസ്ക്കരണ യൂണിററ് | 11 | 1 | 20 |
| | ആകെ | | 5 | 62 |

കാർഷിക വിളകളുടെ നാടാണ് വാകത്താനം പഞ്ചായത്ത്. കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാന മാക്കിയുള്ള വ്യവസായ സംരംഭങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.നെല്ല്, പൈനാപ്പിൾ, പച്ചക്കറികൾ, പാലുല്പന്നങ്ങൾ ഇവയോടുചേർന്നുള്ള അനുബന്ധ വ്യവസായങ്ങളും ആരംഭിക്കാവുന്ന താണ്.

പട്ടിക 4

| ക്രമ നമ്പർ | ആരംഭിക്കാവുന്ന വ്യവസായ സംരംഭം | വാർഡ് | എണ്ണം | തൊഴിലാളികൾ |
|---|---|---|---|---|
| 1 | പാഡി പ്രൊസ്സസിംഗ് (നെല്ല്കുത്തി അരിയാക്കുക) | 8, 1 | 1, 1 | 3,3 |
| 2 | തേങ്ങാവെള്ളം സംസ്ക്കരിച്ച് പാനീയങ്ങൾ ഉണ്ടാക്കുക | 3 | 1 | 7 |
| 3 | പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചില്ലിംഗ് പ്ളാൻറും പാലുല്പന്നങ്ങളും ഉണ്ടാക്കുക. | 10 | 1 | 20 |
| 4 | കാലിത്തീററ നിർമ്മാണം | 11 | 1 | 18 |
| 5 | പച്ചക്കറി കേടുകൂടാതെ സംസ്ക്കരിച്ച് കയററി അയക്കുക | 3 | 1 | 10 |
| | ആകെ | | 6 | 61 |

ഇവ കൂടാതെ പൊതുവായും പല വ്യവസായ യൂണിററുകളും ആരംഭിക്കാവുന്നതാണ്. വനിതകളെ സംഘടിപ്പിച്ച് DWCRA യൂണിററുകളും ഈ കൂട്ടത്തിൽ ചിന്തിക്കാവുന്നതാണ്.

പട്ടിക 5

| ക്രമ നമ്പർ | ആരംഭിക്കാവുന്ന യൂണിററ് | വാർഡ് | എണ്ണം | തൊഴിലാളികൾ |
|---|---|---|---|---|
| 1 | സോപ്പ്, മെഴുകുതിരി നിർമ്മാണം | 9, 6 | 1, 1 | 4, 5 |
| 2 | മോഡേൺ റൂഫ് നിർമ്മാണം | 12, 3 | 1, 1 | 14/ ward |
| 3 | മാർബിളും മററു ശിലകളും വരുത്തി വിപണനം നടത്തുക | 7, 4 | 1, 1 | 8/ ward |
| 4 | കുട്ട, മുറം, പായ്, പപ്പടം നിർമ്മാണം (D W C R A യൂണിററ്) | 10, 5 | 1, 1 | 15/ ward |
| 5 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം (D W C R A യൂണിററ്) | 2 | 1 | 10/ ward |
| | ആകെ | | 6 | 56/ ward |

ഇങ്ങനെ 9-ാം പദ്ധതിയിൽ പുതിയതായി തുടങ്ങുന്ന വ്യവസായ യൂണിററുകളിലും നിലവിലുള്ള വയിലും മററു പ്രദേശങ്ങളിൽപോയി ജോലിചെയ്യുന്നവരുംകൂടി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ യുടെ 20 ശതമാനം ആളുകളെ വ്യവസായ മേഖലയിലാക്കുവാൻ സാധിക്കും.

പുതിയ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ ഇന്ത്യൻ പോപ്പുലേഷൻ നിയമം തടസ്സം സൃഷ്ടിക്കാറുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ വെള്ളം, വൈദ്യുതി, റോഡ് സൗകര്യമുള്ളതും പൊലൂഷന് നിയമപരിധിയുള്ളതുമായ 2 പ്രദേശങ്ങൾ തിരഞ്ഞെടുത്ത് വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കാവുന്നതാണ്. ഇത് പഞ്ചായത്തു സമിതിയുടെ നേരിട്ടുള്ള ഭരണ നിയന്ത്രണത്തിലായിരിക്കണം.

## ധനകാര്യം

വ്യവസായം ആരംഭിക്കണമെങ്കിൽ പണം ഉണ്ടാകണം. ഗൾഫ്മേഖലയിൽനിന്നു മാത്രമുള്ള പണത്തെ ആശ്രയിച്ചാൽ മതിയാകയില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഗണ്യമായ സാമ്പത്തിക സഹായം ലഭിച്ചേ മതിയാകൂ. വാകത്താനം പഞ്ചായത്തിൽ നിന്നും ധനകാര്യ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപത്തിൻെറ 60% നിർബന്ധമായും ഈ പഞ്ചായത്തിലെ വ്യവസായം, കൃഷി, സർവീസ് സെക്ടർ തുടങ്ങിയ മേഖലകളിൽ നിക്ഷേപിക്കാൻ നിയമംമൂലം അനുശാസിക്കണം. ഇവർ നിക്ഷേപിക്കുന്ന പണത്തിന് ഈട് പഞ്ചായത്ത് ആസ്തികൾവഴിയും നബാർഡ് മുതലായ കേന്ദ്ര ധനകാര്യസ്ഥാപനങ്ങൾ വഴിയും നടത്തേണ്ടതാണ്. വിദഗ്ധരടങ്ങിയ ശക്തമായ ഒരു മോണിറ്ററി സെല്ലും പഞ്ചായത്തു തലത്തിലുണ്ടാകണം.

## പൊതു നിർദ്ദേശങ്ങൾ

1. വിദേശത്തും സംസ്ഥാനത്തിനു വെളിയുലും ജോലിചെയ്യുന്ന നമ്മുടെ പഞ്ചായത്ത് അതിർത്തിയിലുള്ള ആളുകളുടെ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിനെ നാലു റീജനായി തിരിച്ച്, (3 വാർഡ്) അവരുടെ മുതൽ മുടക്കിലും മാനേജ്മെൻറിലും പ്രവർത്തിക്കുന്നവലുതും ചെറുതുമായ തൊഴിൽ മേഖലകൾ സൃഷ്ടിച്ച്, പഞ്ചായത്തിലുള്ള തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ഒരുക്കുക. സർക്കാരിൽനിന്നും ലഭിക്കുന്ന പരമാവധി വ്യാവസായിക ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പഞ്ചായത്തു തലത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കണം.

II. സാമ്പത്തിക മൂലധനം ചെറിയതോതിലെങ്കിലും നിക്ഷേപിക്കാൻ കഴിയുന്നവരും അഭ്യസ്ഥവിദ്യരും തൊഴിലില്ലാത്തവരുമായ യുവജനങ്ങളെ സംഘടിപ്പിച്ച് വാർഡുതലത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൊസൈറ്റികൾ രൂപീകരിച്ച് പലതരം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടിയെടുക്കണം. (പലഹാര നിർമ്മാണം, കറി പൗഡർ നിർമ്മാണം, കുട്ട, വട്ടി, പായ്, മുറം തുടങ്ങിയവയുടെ നിർമ്മാണം, കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്ലാസ്റ്റിക് സാധനങ്ങളുടെ ഉല്പാദനം,തുകൽ ഉല്പന്ന നിർമ്മാണം, മെഴുകുതിരി നിർമ്മാണം.)

III. പഞ്ചായത്തുതല വ്യവസായ വികസന സമിതിയുടെ മേൽനോട്ടത്തിൽ വാർഡുകൾതോറും വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വാർഡുമെമ്പർമാരുടെ ചുമതലയിൽ മേൽപ്പറഞ്ഞ യൂണിററുകൾ പ്രവർത്തനമാരംഭിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുക.

IV. പഞ്ചായത്തിനെ ഒന്നാകെ കണ്ടുകൊണ്ട് സഹകരണ മേഖലയിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിക്കൊണ്ട്, പൊതുമേഖലയിൽ കാലിത്തീററ, കോഴിത്തീററ എന്നിവയുടെ ഓരോ നിർമ്മാണ യൂണിററുകൾ എത്രയും വേഗം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

9-ാം പദ്ധതിയുടെ ആസൂത്രണത്തിൽ വ്യവസായത്തിന്റെ പുരോഗതിക്ക് പഞ്ചായത്തിന്റെ ഈ രേഖ സഹായകമാകട്ടെ. അതോടൊപ്പം സാമ്പത്തിക മേഖലയിൽ പഞ്ചായത്തിന് ഒരു മുന്നേററം ഉണ്ടാകുകയും ചെയ്യട്ടെ. തൊഴിൽ രഹിതർക്കും, അഭ്യസ്തവിദ്യർക്കും പുതുതായുള്ള ഈ സംരംഭം തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുമെന്ന് പ്രത്യാശിച്ചുകൊണ്ട് വ്യവസായ മേഖലയിൽ പഞ്ചായത്തിന് ഇന്നുള്ള എല്ലാക്കുറവുകളും പരിഹരിക്കുവാൻ സാധിതമാകട്ടെ.

ശുഭം





# 7

# വനിതാക്ഷേമം

ഒരു പ്രദേശത്തെ സ്ത്രീകളുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക അവസ്ഥ ആ പ്രദേശത്തിൻെറ വികസനത്തിൻെറ ഒരു അളവുകോലാണ്. ഇന്ത്യയിലെ സ്ത്രീകളുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിലെ സ്ത്രീ സമൂഹം അവരുടെ സാമൂഹിക ആരോഗ്യ അവസ്ഥയിൽ മുൻപന്തിയിൽ തന്നെയാണ്. സ്ത്രീപുരുഷാനുപാതം, ജീവിതദൈർഘ്യം, വിദ്യാഭ്യാസ നിലവാരം, തൊഴിൽ മേഖലയിലെ പ്രാതിനിധ്യം, പ്രസവ സംബന്ധമായ ചികിത്സ എന്നിവയിൽ വർഷങ്ങളായി ഈ മുൻതൂക്കം നാം നിലനിർത്തി വരികയാണ്.

ഇവിടെ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായം, വിദ്യാഭ്യാസ പ്രോത്സാഹനം, പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം, ജോലിതേടി പുറം നാടുകളിലേക്കുള്ള കുടിയേററം മുതലായവയെല്ലാം അവയുടേതായ നിർണ്ണായകപങ്ക് ഈ നേട്ടത്തിനു പിന്നിലെ ഘടകങ്ങളാണ്. പക്ഷേ മുൻപറഞ്ഞ നേട്ടത്തെ സ്ത്രീ സമൂഹത്തിൻെറ സമഗ്ര വികസനത്തിന് മുതൽകൂട്ടാൻ സമുക്ക് സാധിച്ചിട്ടില്ല. സാമ്പത്തിക സമ്പാദനം, കുടുംബസ്വത്തിലുള്ള പങ്കാളിത്തം, രാഷ്ട്രീയ നേതൃത്വം, സാങ്കേതിക വിദ്യ എന്നിവയിൽ നമ്മുടെ സ്ത്രീസമൂഹം പുരുഷൻമാരേക്കാൾ ബഹുദൂരം പിന്നിലാണ്. ഈ പിന്നോക്കാവസ്ഥയുടെ പ്രതിഫലനമെന്നോണം സ്ത്രീധന സമ്പ്രദായം, സ്ത്രീധന മരണങ്ങൾ, ഭാര്യാ മർദ്ദനങ്ങൾ, സ്ത്രീകൾക്കെതിരായ കുററകൃത്യങ്ങൾ എന്നിവയിലും കേരളം പ്രധാനസ്ഥാനത്ത് നിൽക്കുന്നു. നേതൃരംഗത്തേക്കുള്ള സ്ത്രീകളുടെ കടന്നുവരവ്, സ്ത്രീ സംഘടനകളുടെ സംഘാടനം എന്നിവയിൽ സാമൂഹ്യഘടനയിലെ പുരോഗതി ഉൾക്കൊള്ളാൻ നമുക്ക് സാധിച്ചിട്ടില്ല. അടുത്ത കാലം വരെ നിലനിന്ന ജാതിവ്യവസ്ഥ പിന്നോക്ക വിഭാഗ സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദുരിത പൂർണ്ണമാക്കി.

നമ്മുടെ സ്ത്രീ സമൂഹത്തിൻെറ വികസനത്തിന് വിഘാതമായി നില്ക്കുന്ന കാരണങ്ങൾ നിരവധിയാണ്. നൂററാണ്ടുകളായി നിലനില്ക്കുന്ന സ്ത്രീകളോടുള്ള സമൂഹത്തിൻെറ രണ്ടാംതരത്തിലുള്ള സമീപനം, അതുമൂലം സ്ത്രീകളിലുണ്ടായ അധഃസ്ഥിത മനോഭാവം, സാമ്പത്തികനിയന്ത്രണത്തിലും വിനിയോഗത്തിലും നിന്നുള്ള ഒഴിച്ചുനിർത്തൽ എന്നിവ അവയിൽ ഏതാനും ചിലതുമാത്രമാണ്.

സ്വതന്ത്രമായ സാമ്പത്തിക സമ്പാദന സംരഭങ്ങൾ, സംഘടനകൾ, ,മൂഹത്തിലെ വിവിധ മേഖലകളിൽ പുരുഷൻമാരോടു യോജിപ്പുള്ള പ്രവർത്തനങ്ങൾ, ആംഗീകാരം എന്നിവയിലൂടെ മാത്രമെ സ്ത്രീ സമൂഹത്തിൻെറ പൂർണ്ണ മോചനം സാധ്യമാകൂ.

വാകത്താനം പഞ്ചായത്തിലുള്ള സ്ത്രീകളുടെ അവസ്ഥ സംസ്ഥാനത്തെ സ്ത്രീകളുടെ അവസ്ഥയിൽനിന്നും വളരെയൊന്നും വ്യത്യസ്ഥമല്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 31222-ൽ 15663 പേർ സ്ത്രീകളാണ്. ഇത് 1000 പുരുഷൻമാർക്ക് 1006സ്ത്രീകൾ എന്ന അനുപാതത്തിലാണ്. കേരളത്തോടു തട്ടിച്ചുനോക്കുമ്പോൾ ഈ അനുപാതം വളരെ താഴെയാണ് എന്നുകാണാം. 60% (9335) സ്ത്രീകൾ തൊഴിൽ രഹിതരാണ്. ഇവരിൽ ഭൂരിഭാഗവും വീട്ടുജോലികൾ മാത്രം ചെയ്തു കഴിയുന്നവരാണ്. അഭ്യസ്ഥവിദ്യരായ സ്ത്രീകളിലെ തൊഴിൽ രാഹിത്യംവളരെ കൂടുതലാണ് എന്നുപറയാം. ചെറുകിട വ്യവസായം, വ്യാപാരം സ്വയം തൊഴിൽ

പദ്ധതികൾ എന്നിവയിൽ സ്ത്രീകളുടെ പങ്കാളിത്തം 6% മാത്രമാണ്. പഞ്ചായത്തിലെ മൊത്തംകൃഷിഭൂമിയിൽ 5% മാത്രമാണ് സ്ത്രീകളുടെ ഉടമസ്ഥാവകാശത്തിലുള്ളത്. രാഷ്ട്രീയ നേതൃത്വത്തിലുള്ള സ്ത്രീകളുടെ എണ്ണം അംഗുലീപരിമിതമാണ്. അംഗൻവാടികളോടും മററും ചേന്നുള്ള സ്ത്രീസംഘടനകൾ നിർജീവതയിലാണ്.

കൃഷിമേഖലയിൽ തൊഴിലെടുക്കുന്ന കർഷക തൊഴിലാളി സ്ത്രീകൾക്ക് വർഷത്തിൽ 90മുതൽ 110 ദിവസംവരെയാണ് തൊഴിൽ ദിനങ്ങളുടെ ലഭ്യത. നിർമ്മാണതൊഴിലാളികളായസ്ത്രീകൾ ഇടനിലക്കാരുടെ ചൂഷണത്തിനു പൂർണ്ണമായും വിധേയരാണ്. വാകത്താനം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പലതരത്തിലുള്ള 126 ഓളം തൊഴിൽ ശാലകളിൽസ്ത്രീകൾ പണിയെടുക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ റബർബാൻറ് നിർമ്മാണം, കറിപൗഡർ, അച്ചാറുകൾ തുടങ്ങിയവയുടെ ഉല്പാദനം, പ്രസ്, പ്ളൈവുഡ് ഫാക്ടറി തുടങ്ങിയവയിലെ തൊഴിലുകൾ എന്നിവയാണ്.

പുരുഷന്മാരേക്കാൾ കൂടുതൽ സമയം സ്ത്രീകൾ പണിയെടുക്കുന്നു. എങ്കിൽതന്നെയും പുരുഷന്മാർക്കു നല്കുന്ന കൂലി സ്ത്രീകൾക്കു നല്കുന്നില്ല. തൊഴിൽ ശാലകളിൽ പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കും തുല്യവേതന നിയമം കൊണ്ടുവരുന്നത് സ്ത്രീകൾക്കു നല്കാവുന്ന ഏററവും വലിയ സഹായമാണ്.

സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ ഉന്നമനമില്ലാത്തതിന് എടുത്തുപറയേണ്ട ഒന്നാണ് സംഘടനാ അവബോധമില്ലായ്മ. സംഘടനകൾകൊണ്ട് സ്ത്രീകൾക്ക് ശക്തിപ്പെടുവാൻ സാധിച്ചിട്ടില്ല. സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ സംഘടനകളോ മററു യൂണിയനുകളോ ഇല്ലാത്തതിനാൽ മേഖലയിലെ ആനുകൂല്യങ്ങളോ ഇളവുകളോ പിടിച്ചുപററുവാൻ സാധിച്ചിട്ടില്ല.

വാകത്താനം പഞ്ചായത്തിൽ വലിയ സ്ത്രീപീഡനത്തിൻെറ കെട്ടുകഥ കേട്ടിട്ടില്ലയെങ്കിലും സ്ത്രീധനം വാങ്ങിയുള്ള വിവാഹമാണ് ഏറിയതും ഇപ്പോൾ നടക്കുന്നത്. സ്ത്രീധനം നിരോധിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ അതു തികച്ചും സത്യസന്ധമായി നടപ്പിൽ വരുത്തുവാൻ ശ്രദ്ധചെലുത്തണം.

ആകെ ജനസംഖ്യ .......................................... 31222

പുരുഷന്മാർ .......................................... 15559

സ്ത്രീകൾ .......................................... 15663

പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ .. 104

നിലവിലുള്ള ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കേണ്ടത് പൊതുവേ പഞ്ചായത്തിൻറയും വിശിഷ്യാ വനിതകളുടേയും ക്ഷേമഐശ്വര്യങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.

| വിവിധതൊഴിൽ മേഖല | സ്ത്രീ എണ്ണം | പുരുഷ എണ്ണം |
|---|---|---|
| 1) കാർഷിക വൃത്തി | 60 | 976 |
| 2) കർഷകതൊഴിലാളി | 1353 | 3110 |
| 3) മൃഗസംരക്ഷണം | 97 | 48 |
| 4) ചെറുകിട വ്യവസായം | 18 | 80 |
| 5) കെട്ടിട നിർമ്മാണം | 240 | 310 |
| 6) വ്യാപാരം | 30 | 309 |
| 7) ഗതാഗതം - വാർത്താവിനിമയം | 9 | 312 |
| 8) സ്വയംതൊഴിൽ പദ്ധതി | 62 | 168 |
| 9) വിദേശത്തു ജോലിയുള്ളവർ | 182 | 431 |
| 10) ആരോഗ്യമേഖല | 84 | 26 |
| 11) സഹകരണ മേഖല | 14 | 30 |
| 12) തൊഴിൽ രഹിതർ | 6715 | 8345 |
| മററുള്ളവർ | 4607 | 3606 |

അവലംബം:

മേൽപറഞ്ഞ മേഖലകളിലെ സ്ത്രീകളുടെ പിന്നോക്കാവസ്ഥയും പ്രശ്നങ്ങളും നമ്മുടെ വികസന പരിപാടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എല്ലാ വികസന മേഖലയിലും സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേകമായ പദ്ധതികളുടെ രൂപീകരണത്തിലൂടെയും അവയുടെ നടപ്പിലാക്കലുകളിൽ പൂർണ്ണമായ സ്ത്രീ പ്രാധിനിത്യം ഉറപ്പുവരുത്തുന്നതിലൂടെയും ഈ പ്രതികൂലാവസ്ഥയെ തരണം ചെയ്യാൻ സാധിക്കും.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1) രണ്ടാംതരം പൗരന്മാരായി സ്ത്രീകളെ കാണുകയും ചിത്രീകരിക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ മനോഭാവം.
2) സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്ക് ആക്കം കൂട്ടുന്ന സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക മേഖല.
3) സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ധീരമായി കടന്നുവരുന്ന സ്ത്രീകളെ വേണ്ടരീതിയിൽ പ്രോത്സാഹിപ്പിക്കുന്നില്ല.
4) ഉയർന്ന സ്ത്രീധന നിരക്ക്.
5) കൂലിനിരക്കിലുള്ള വലുതായ വിവേചനം.
6) സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും, തൊഴിൽ നിയമങ്ങളെക്കുറിച്ചും, വനിതാക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും ഉള്ള അജ്ഞത.
7) സ്വയംതൊഴിൽ പദ്ധതികളുടെ നടത്തിപ്പിനുള്ള സാങ്കേതിക ജ്ഞാനത്തിന്റെ അഭാവം.
8) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഉള്ള സാമ്പത്തിക സഹായമാർഗ്ഗങ്ങളെക്കുറിച്ചുള്ള അജ്ഞത.
9) ശക്തമായ സ്ത്രീ പ്രസ്ഥാനങ്ങളുടെ അഭാവം.
10) സ്ത്രീ നേതൃത്വത്തിന്റെ അഭാവം.
11) നിയമസഹായ അഭാവം.
12) സ്ത്രീകളിലെ ചെറുകിട നിക്ഷേപ പദ്ധതികളുടെ പ്രോത്സാഹനമില്ലായ്മ.
13) പിന്നോക്ക വിഭാഗ സ്ത്രീകളിലുള്ള പോഷകാഹാരക്കുറവ്.
14) നൂറ് ദിവസത്തിൽ താഴെയുള്ള തൊഴിൽദിനങ്ങൾ.

## സ്ത്രീകൾക്കിടയിലെ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ

### I. സാമൂഹ്യാവസ്ഥ ഉയർത്തൽ

1) നിരക്ഷരരായ സ്ത്രീകൾക്ക്വേണ്ടി സാക്ഷരതാപരിപാടി ആരംഭിക്കുക.
2) സ്ത്രീകളുടെ സാംസ്കാരിക സംഘടനകൾക്ക് അർഹമായ പ്രോത്സാഹനവും ധനസഹായവും നല്കുക.
3) നിയമസഹായ ക്യാമ്പുകളും ക്ളാസ്സുകളും നടത്തുക.
4) സ്ത്രീ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചാക്ളാസ്സുകൾ സംഘടിപ്പിക്കുക.

### II. ആരോഗ്യസ്ഥിതി

1) അംഗൻവാടികളിൽക്കൂടി തുടർച്ചയായി സ്ത്രീകളുടെ ആരോഗ്യപരിശോധന നടത്തുക.
2) അംഗൻവാടികളിൽക്കൂടിയുള്ള പോഷകാഹാരവിതരണം കൂടുതൽ സ്ത്രീകൾക്ക് പ്രയോജനപ്രദമാകുംവിധം വിപുലീകരിക്കുക.
3) എല്ലാ ഗർഭിണികളായ സ്ത്രീകൾക്കും പ്രതിരോധ കുത്തിവയ്പ് നടത്തുക.
4) നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.സ്ഥിര ഡോക്ടറെ നിയമിക്കുക.
5) വാകത്താനത്തെ പി. എച്ച്. സെന്ററിന്റെ പ്രവർത്തനം എല്ലാ വാർഡിലും എത്തിക്കുന്നതിന് സബ് സെന്ററുകൾ ആരംഭിക്കണം.
6) കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കണം.
7) പഞ്ചായത്തിൽ ഒരു ക്രഷ് സ്ഥാപിക്കണം.
8) എല്ലാ വാർഡിലും മാസത്തിൽ ഒരോ രോഗ്യ ക്ളാസ്സ് സംഘടിപ്പിക്കണം.
9) പഞ്ചായത്തിലെ എല്ലാ സ്ത്രീകൾക്കും ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തണം.

### III. സാമ്പത്തികം

1) വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ അർഹരായവർക്ക് സമയാസമയങ്ങളിൽ കൊടുക്കുക.
2) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പരിശീലനം സ്ത്രീകൾക്കു നല്കുക.
3) സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ചും, ധനസഹായ മാർഗ്ഗങ്ങളെക്കുറിച്ചും സ്ത്രീകൾക്കിടയിൽ ബോധവത്ക്കരണം നടത്തുക.
4) സ്ത്രീകളുടെ ഇടയിൽ സ്വയംതൊഴിൽ പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

5) കൂട്ടായ സ്ത്രീ സംരംഭങ്ങൾ ആരംഭിക്കുക.

6) വനിതകൾക്കായി വനിതാസഹകരണസംഘം രൂപീകരിക്കുക.

7) പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക. കുട്ട, വട്ടി, പായ് തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നല്കുക.

8) പരമ്പരാഗത തൊഴിലിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക. ഉൽപന്നങ്ങൾ വിററഴിക്കുവാൻ സംവിധാനമുണ്ടാക്കുക.

9) കന്നുകാലി വളർത്തലും, സംരക്ഷണവും, ക്ഷീരവ്യവസായവും സുഗമമാക്കുന്നതിന് കന്നുകാലി ലോൺ അനുവദിക്കുക.

10) വീടുകളിൽ കോഴിവളർത്തൽ, താറാവു വളർത്തൽ, കാടപ്പക്ഷി വളർത്തൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗാശുപത്രിയിൽ നിന്നും നല്ലയിനം കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

11) നിർമ്മാണ തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കുക.

12) സംഘടിത മേഖലയിലും, ഓഫീസുകളിലും ജോലിചെയ്യുന്ന സ്ത്രീകളുടെ സമയക്രമം അതാത് ഓഫീസുകളിൽ എഴുതിവയ്ക്കുക.

13) സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് സ്വയംതൊഴിലിനുള്ള പ്രത്യേക പരിഗണന നല്കുന്നു.

14) കാർഷിക മേഖലയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുക്കുന്നതിന് ഒരു വനിതാ കാർഷിക സഹകരണസംഘം വനിതാ സഹകരണസംഘത്തോടൊപ്പം രൂപീകരിക്കുന്നതിനാവശ്യമായ സഹായം ചെയ്യണം.

## സംഘാടനം

1) അംഗൻവാടികളോട് അനുബന്ധിച്ചുള്ള വനിതാസംഘടനകൾ ശക്തിപ്പെടുത്തുക.

2) വനിതാ സംഘടനകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സംഘടനകൾ രൂപീകരിക്കുകയും എല്ലാ വനിതകളേയും അംഗങ്ങളാക്കുകയും ചെയ്യുക.

3) വാകത്താനം പഞ്ചായത്ത് തലത്തിൽ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരുവനിതാ ക്ഷേമ സമിതി ഞാലിയാകുഴിയിൽ ആരംഭിക്കണം.

എല്ലാ വാർഡിൽനിന്നും പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളിൽനിന്നും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുവേണം സെൽ രൂപീകരിക്കുവാനും പ്രവർത്തിക്കുവാനും.

4) സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിന് പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഒരു വനിതാ സംരക്ഷണയൂണിററ് രൂപീകരിക്കണം.

9-ാം പദ്ധതിയിലെ ആസൂത്രണ പ്രക്രിയയിൽ പ്രമുഖസ്ഥാനം വനിതാ ക്ഷേമത്തിനാണ് എന്നുള്ളത് തർക്കമററ വസ്തുതയാണ്. വാകത്താനം ഗ്രാമ പഞ്ചായത്ത് ആസൂത്രണ പ്രക്രിയയിലൂടെ ഒരു മാതൃകാ പഞ്ചായത്താക്കി മാററാൻ നമുക്ക് കഴിയട്ടെ എന്നു പ്രത്യാശിക്കാം.

ശുഭം



# 8

# സഹകരണം

ഇൻഡ്യയുടെ ആത്മാവ് നമ്മുടെ ഗ്രാമങ്ങളിൽ ദർശിച്ച രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്'. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നിയന്ത്രണത്തിൽ നിന്നും മോചനം ലഭിച്ചു എങ്കിലും അത് രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമേ ആകുന്നുള്ളു എന്നും, യഥാർത്ഥ സ്വാതന്ത്ര്യം ഇൻഡ്യയിലെ ലക്ഷക്കണക്കിനു ഗ്രാമങ്ങളിൽ താമസിക്കുന്ന സാധാരണ ജനങ്ങൾക്ക് ഭരണ പങ്കാളിത്തം ഉറപ്പാക്കുന്ന 'ഗ്രാമസ്വരാജ്' യാഥാർത്ഥ്യമാക്കുക എന്നതാണെന്നും അദ്ദേഹം അടിയുറച്ചു വിശ്വസിച്ചിരുന്നു. നമ്മുടെ ഗ്രാമങ്ങൾ സാമ്പത്തികമായും സാമൂഹ്യമായും സ്വയംപര്യാപ്തമാകണം. ഭരണചക്രത്തിന്റെ ഏറ്റവും ശക്തമായ ഘടകമായിരിക്കണം ഗ്രാമങ്ങൾ. അതാതു ഗ്രാമത്തിന്റെ പ്രശ്നങ്ങൾ ഗ്രാമതലത്തിൽ തന്നെ ചർച്ച ചെയ്തു തീരുമാനിക്കപ്പെടണം. വികസനത്തിനുള്ള ആസൂത്രണത്തിന്റെ ആരംഭവും ഗ്രാമത്തിൽ നിന്നു തന്നെ വേണം.ഇങ്ങനെ സ്വയം സംപൂർണ്ണ ഗ്രാമ സൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്രപുനർനിർമ്മാണം സാദ്ധ്യമാകൂ എന്ന് മഹാത്മജി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം സാർത്ഥകമാക്കിക്കൊണ്ട് പഞ്ചായത്തു രാജ് നടപ്പാക്കിയതോടെ മഹാത്മജിയുടെ 'ഗ്രാമസ്വരാജ്' എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണ്.

## സഹകരണം: അല്പം ചരിത്രം

മനുഷ്യരാശിയുടെ ഉല്പത്തി മുതൽ ആരംഭിക്കുന്നതാണ് സഹകരണത്തിന്റെ ചരിത്രം.കൂട്ടായി പ്രവർത്തിക്കുക എന്ന അർത്ഥത്തിൽ അന്നു മുതൽ സഹകരണം നടപ്പിലായിരുന്നു. മനുഷ്യൻ ഒരു സാമൂഹ്യജീവിയായതിനാൽ വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഒറ്റപ്പെട്ട് ജീവിക്കുക എന്ന അവസ്ഥ അനുവർത്തിക്കുവാൻ മനുഷ്യനു കഴിയുകയില്ല. സമൂഹത്തിന്റെ സംഘടിതമായ അവസ്ഥയ്ക്കു നിദാനമാകുന്നത് വ്യക്തി ബന്ധങ്ങളുടെ സുസ്ഥിരാവസ്ഥയാകുന്നു.എന്നാൽ ആധുനിക സമൂഹത്തിന്റെ അവസ്ഥകളിൽ വ്യക്തിബന്ധങ്ങൾക്ക് അതിന്റെ സ്വാഭാവികാവസ്ഥകൾ നഷ്ടപ്പെട്ടു പോകുന്നു എന്ന് കരുതേണ്ടിയിരിക്കുന്നു. മനുഷ്യൻ തിരക്കുപിടിച്ച ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാൻ ശ്രമിക്കുന്നതിനിടയിൽ നഷ്ടപ്പെട്ടു പോകുന്ന ചില മൂല്യങ്ങളുണ്ട്. ആ മൂല്യങ്ങളിൽ പ്രധാനമാണ് സഹകരണം. സഹകരണം ജീവിതത്തിന്റെ സ്വാഭാവികാവസ്ഥയിൽ വളരെയേറെ സ്വാധീനം ചെലുത്തുന്ന ഒന്നാണെന്നുള്ളതിനു സംശയമില്ല.

സഹകരണം എന്ന ആശയത്തെ പ്രസ്ഥാനം എന്ന രൂപത്തിലേക്കു മാറ്റിയത് 1844-ൽ ആണ്.ചില തത്വങ്ങളിൽ അധിഷ്ഠിതമായി ഇംഗ്ലണ്ടിലെ 'റോച്ച് ഡെയൽ' എന്ന സ്ഥലത്ത് രൂപീകരിച്ച ഉപഭോക്തൃ വിതരണ ശാലയുടെ രൂപീകരണത്തിനു പ്രവർത്തിച്ച 28-പേർ ചേർന്നാണ് ആദ്യമായി സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത് 1904-ൽ ആണ്. ഇന്ന് ഈ പ്രസ്ഥാനം അത്ഭുതകരമായ വളർച്ച നേടി മനുഷ്യ സമൂഹത്തിന്റെ

എല്ലാ കർമ്മരംഗങ്ങളിലും കടന്നു ചെന്നു കഴിഞ്ഞിരിക്കുകയാണ്. ഉല്പാദനം, ഉപഭോഗം, വിതരണം, സംസ്കരണം, വ്യവസായം, വിദ്യാഭ്യാസം, ടൂറിസം, ആതുരശുശ്രൂഷ, ഭവനനിർമ്മാണം തുടങ്ങിയ എല്ലാ രംഗങ്ങളിലുംഇന്ന് സഹകരണ പ്രസ്ഥാനം ഫലപ്രദമായി പ്രവർത്തിക്കുന്നു.

## ആസൂത്രിത വികസനവും സഹകരണവും

ആസൂത്രിത വികസനത്തിൽ സഹകരണത്തിനുള്ള പങ്കിനെ കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. നമ്മുടെ ഗ്രാമങ്ങളുടെ വികസനപ്രക്രിയയിൽ സഹകരണ മേഖലയ്ക്ക് എന്തെന്തു നിർദ്ദേശങ്ങളാണ് മുന്നോട്ടു വയ്ക്കുവാൻ ആകുകഎന്നു പരിശോധിക്കുവാൻ വൈകിപ്പോയിട്ടുണ്ടെങ്കിലും അത്തരം അന്വേഷണങ്ങൾ അസ്ഥാനത്താകാൻ വഴിയില്ല. നാടിന്റെ പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിഹാരമായി സഹകരണമേഖലയെ ചൂണ്ടിക്കാണിക്കുമ്പോൾ പലരുടേയും നെറ്റിചുളിയുന്നത് സ്വാഭാവികമാണ്. സഹകരണത്തിന്റെ സാദ്ധ്യതകൾ കണ്ടെത്താൻ ശ്രമിക്കാതിരിക്കുകയും അതിന്റെ ശോചനീയാവസ്ഥ മാത്രം കാണുകയും ചെയ്യുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. ഒന്നാം സഹകരണ കോൺഗ്രസ് ഉദ്ഘാടനം ചെയ്തുകൊണ്ട് നമ്മുടെ മുൻപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകൾ മാത്രം മതി ഇൻഡ്യൻ സമ്പദ്ഘടനയിൽ സഹകരണ പ്രസ്ഥാനത്തിനുള്ള പ്രസക്തി മനസ്സിലാക്കാൻ."In the economic structure of India Co-operation is not even a free choice; it is a necessity."

സഹകരണപ്രസ്ഥാനത്തെ ആസൂത്രണോന്മുഖമായ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി ബോംബെ പ്രവിശ്യാ ബാങ്കിന്റെ ചെയർമാനായിരുന്ന ആർ. ജി. സരയ്യായെ ചെയർമാനാക്കിക്കൊണ്ട് 1945-ൽ നടത്തിയ 12 അംഗക്കമ്മറ്റിയുടെ രൂപീകരണമാണ് ഈ രംഗത്തെ ആദ്യത്തെ കാൽവയ്പ് എന്നു പറയാം. 'സരയ്യാക്കമ്മറ്റി' എന്ന പേരിലറിയപ്പെട്ടിരുന്ന ഈ കമ്മറ്റിയുടെ ശുപാർശകൾ 1947-ൽനടന്ന രജിസ്ട്രാർമാരുടെ 15-ാം സമ്മേളനം ചർച്ചചെയ്യുകയും പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു.

**സരയ്യാക്കമ്മറ്റിയുടെ ശുപാർശകൾ താഴെ പറയുന്ന പ്രകാരം ക്രോഡീകരിക്കാം**

1. കർഷകന്റെ ആവശ്യങ്ങൾ എല്ലാം നിർവഹിക്കുന്നതിനു പര്യാപ്തമായ രീതിയിൽ വിവിധോദ്ദേശ്യ സഹകരണസംഘങ്ങൾ പ്രാഥമിക തലത്തിൽ ഉണ്ടാകണം: അതിനു വേണ്ട സാമ്പത്തിക സഹായം ഗവൺമെന്റ് നല്കുകയും വേണം.
2. വരുന്ന പത്തു വർഷം കൊണ്ട് ഇൻഡ്യയുടെ 50% ഗ്രാമങ്ങളും 30% ഗ്രാമീണരും സഹകരണ മേഖലയിൽ ഉൾപ്പെട്ടിരിക്കണം.
3. വരുന്ന പത്തു വർഷത്തിനുള്ളിൽ വിപണനത്തിനുള്ള കാർഷികോല്പന്നങ്ങളിൽ 25% വിപണന സംഘങ്ങൾ വഴി കൈകാര്യം ചെയ്യപ്പെടണം: അതിനായി 2000 പ്രാഥമിക സഹകരണസംഘങ്ങളും 11 സംസ്ഥാനതല വിപണന ഫെഡറേഷനുകളും ദേശീയതലത്തിൽ അഖിലേന്ത്യാ വിപണന അസോസിയേഷനും രൂപീകരിക്കണം.

തുടർന്ന് എ.ഡി. ഗോർവാലായുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച All India Rural Credit Survey Committee - യും 1966-ൽ ബി. വെങ്കിടപ്പൈയുടെ അദ്ധ്യക്ഷതയിൽ റിസർവ് ബാങ്ക് രൂപീകരിച്ച ഗ്രാമീണ വായ്പാ പരിശോധനക്കമ്മറ്റിയും, നമ്മുടെ രാജ്യത്തിന്റെ പുരോഗതി കണക്കിലെടുത്ത് പദ്ധതികൾ ഉണ്ടാക്കാൻ ഗവൺമെന്റ് നിയോഗിച്ച ആസൂത്രണക്കമ്മീഷനും സഹകരണപ്രസ്ഥാനത്തിനും ആസൂത്രണപ്രക്രിയയിൽ ഉള്ള പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു.

## സഹകരണപ്രസ്ഥാനവും വാകത്താനം പഞ്ചായത്തും

ജനസംഖ്യയിലും, വിസ്തീർണ്ണത്തിലും മുൻപന്തിയിൽ നില്ക്കുന്ന ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കർഷകരും കർഷകത്തൊഴിലാളികളുമാണ്. നെല്ല്, റബ്ബർ,തെങ്ങ്, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയാണ് പ്രധാന കൃഷിവിഭവങ്ങൾ. 80% - ലധികം ആളുകളും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നു. എന്നാൽ നമ്മുടെ കാർഷികവിളകളുടെ കണക്കുകൾ പരിശോധിച്ചാൽ ഉല്പാദന ക്ഷമതയിലും, സംസ്കരണം, വിപണനം എന്നീ മേഖലകളിലും

നാം വളരെ പിന്നിലാണെന്നു കാണാം. വൻകിട വ്യവസായങ്ങൾ ഒന്നുമില്ലാത്ത നമ്മുടെ പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങളുടെ എണ്ണവും അംഗുലീപരിമിതമത്രേ. ചുരുക്കത്തിൽ കാർഷിക മായും വ്യാവസായികമായും വാകത്താനം ഗ്രാമ പഞ്ചായത്ത് പിന്നോക്കാവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിന്റെ മേല്പറഞ്ഞ പിന്നോക്കാവസ്ഥയുടെ സ്വാധീനം ഇവിടുത്തെ സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിലും പ്രകടമാണ്. 12 വാർഡുകളും 31222 ജനങ്ങളുമുള്ള ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ നമുക്കൊന്നു വിലയിരുത്താം. ഋണബാദ്ധ്യതയിൽ ജീവിക്കുന്ന കർഷകരെ ആവുംവിധം സഹായിക്കുകഎന്ന ലക്ഷ്യത്തോടെ വാകത്താനം, വാഴപ്പള്ളി, മാടപ്പള്ളി കരകളിലെ കർഷകർ സഹകരിച്ച് 1921 - ൽ നാലുന്നാക്കൽ കേന്ദ്രമാക്കി രജിസ്റ്റർ ചെയ്ത പരസ്പര സഹായസഹകരണസംഘമാണ് ഈ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചത്. തുടർന്ന് വാകത്താനം, തോട്ടയ്ക്കാട്, തൃക്കോതമംഗലം എന്നീ പ്രദേശങ്ങൾ ആസ്ഥാനമാക്കി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. 10 വാർഡുകൾ ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ രണ്ടര വാർഡുവീതം പ്രവർത്തനപരിധി ആക്കിക്കൊണ്ട് ഈ സംഘങ്ങൾ പ്രവർത്തിച്ചു വന്നു. എന്നാൽ പില്ക്കാലത്ത് തൃക്കോതമംഗലം, തോട്ടയ്ക്കാട് എന്നിവിടങ്ങളിലുണ്ടായിരുന്ന സംഘങ്ങളുടെ പ്രവർത്തനം നിലച്ചു പോവുകയും അവയുടെ പ്രവർത്തനപരിധി കൂടി വാകത്താനം സഹകരണ സംഘത്തിന്റെ പരിധിയിൽ ലയിക്കുകയും ചെയ്തു. ഇപ്പോൾ 12 വാർഡുകളുള്ള ഈ പഞ്ചായത്തിലെ ഏതാണ്ട് 10 വാർഡുകളിലായി വാകത്താനം സർവ്വീസ് സഹകരണബാങ്കും, 2 വാർഡുകളിലായി നാലുന്നാക്കൽ സർവ്വീസ് സഹകരണബാങ്കും പ്രവർത്തിച്ചു വരുന്നു.

## വാകത്താനം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങൾ

### I. A. വായ്പാ സഹകരണസംഘങ്ങൾ

a) നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. No. 296

b) വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 4246

c) പട്ടികജാതി സർവ്വീസ് സഹകരണ സംഘം No. K. 708

**B.**

a) കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ വാകത്താനം ബ്രാഞ്ച്

b) വാകത്താനം സർവ്വീസ് സഹകരണബാങ്കിന്റെ തോട്ടയ്ക്കാട്ട് ബ്രാഞ്ച്

c) അദ്ധ്യാപകസഹകരണബാങ്കിന്റെ വാകത്താനം ബ്രാഞ്ച്

d) നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പൊങ്ങന്താനം ബ്രാഞ്ച്

| സ്ഥാപനത്തിന്റെ വിലാസം | ആരംഭം | അംഗങ്ങൾ | നിക്ഷേപങ്ങൾ | വയ്പകൾ | | |
|---|---|---|---|---|---|---|
| | | | | കാർഷിക വായ്പ Rs. | മറ്റു വായ്പകൾ Rs. | പ്രത്യേക വായ്പകൾ Rs. |
| നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക് LTD No. 296. നാലുന്നാക്കൽ | 20.10.1097 M.E 1921.A.D. | 3839 | 22081959.88 | 390917 | 13097310 | 6509325 |
| വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് LTD No. 4246 വാകത്താനം | 5.3.1928 | 7858 | 18889644.00 | 950627 | 12882203 | 25294205 |
| വാകത്താനം പട്ടികജാതി സഹകരണ സംഘം LTD. No. K 708 | 5.3.1983 | 544 | 7500.00 | .. | 131000 | 100500 |
| കോട്ടയം ജില്ലാ ബാങ്ക് | | | 1,50,97000 | 1,56000 | | 5763000 |

## II. വായ്പേതര സംഘങ്ങൾ

a. ക്ഷീരവ്യവസായ സഹകരണസംഘം പൊങ്ങന്താനം (ആപ്ക്കോസ്)

b. തോട്ടയ്ക്കാട് ക്ഷീരവ്യവസായ സംഘം ഞാലിയാകുഴി (പ്രവർത്തനം നിലച്ചുപോയി)

c. പുത്തൻചന്ത കേന്ദ്രമാക്കിയുള്ള വാകത്താനം ക്ഷീരവ്യവസായ സംഘം (പ്രവർത്തനം നിന്നു പോയി)

## III. സ്കൂൾ സഹകരണസംഘങ്ങൾ

വാകത്താനം ജെ. എം. ഹൈസ്ക്കൂൾ

തോട്ടയ്ക്കാട് ഗവ. ഹൈസ്ക്കൂൾ

തൃക്കോതമംഗലം ഗവ. ഹൈസ്ക്കൂൾ

യു.പി. സ്കൂളുകളുടെ നേതൃത്വത്തിൽ എല്ലാ എൽ. പി. സ്കൂളുകളേയും ഉൾപ്പെടുത്തിയും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും നോട്ടുബുക്കുകളുംമറ്റ് അത്യാവശ്യ സാമഗ്രികളും മിതമായ വിലയ്ക്ക് കിട്ടുന്നതിന് സ്കൂൾ വർഷം മുഴുവനും പ്രവർത്തിക്കുന്ന ഈ സംഘങ്ങൾ പ്രയോജനപ്പെടുന്നുണ്ട്.

## ഹൗസിംഗ് സൊസൈറ്റി

ഈ പഞ്ചായത്തിൽ ഹൗസിംഗ് സംഘം പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ പഞ്ചായത്ത് പ്രവർത്തനമേഖലയായി സ്വീകരിച്ചിട്ടുള്ള കറുകച്ചാൽ ഹൗസിംഗ് സൊസൈറ്റിയുടെ ഗുണഭോക്താക്കൾ ധാരാളം ഇവിടെ ഉണ്ട്.

## മാർക്കറ്റിംഗ് സംഘം

വാകത്താനം പഞ്ചായത്തു പ്രദേശം മുഴുവനും കൂടി പ്രവർത്തനപരിധിയായുള്ള ചങ്ങനാശ്ശേരി റബ്ബർ മാർക്കറ്റിംഗ് സംഘം കറുകച്ചാൽ കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു.ഈ പഞ്ചായത്തിലെ റബ്ബർ കർഷകരിൽ ഏറിയ പങ്കിനും അംഗത്വമുള്ള ഈ സംഘത്തിൻെറ കമ്മീഷൻ ഏജൻറായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലൊന്നാണ് നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക്.

വായ്പാ വിതരണ സംഘങ്ങളിലെ അംഗസംഖ്യയും വിതരണ രംഗത്തുള്ള പ്രവർത്തനവും കണക്കാക്കുമ്പോൾ ഒരു സത്യം നമുക്കു ബോദ്ധ്യമാകും. മൊത്തം ജനസംഖ്യുടെ 35%മാത്രമേ സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുന്നുള്ളു എന്നുള്ളതാണ് ആ സത്യം. സാധാരണ ജനങ്ങളെ ഇക്കാര്യത്തിൽ കൂടുതൽ ബോധവത്ക്കരിക്കേണ്ടിയിരിക്കുന്നു.

ജനങ്ങളിൽ സമ്പാദ്യശീലവും സഹകരണമനോഭാവവും വളർത്തുന്നതിനു സഹായകങ്ങളായി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇപ്പോൾ വളരെ വിജയകരമായി നടത്തിവരുന്ന പിഗ്മി മുതലായ ലഘുനിക്ഷേപ പദ്ധതികൾ വഴി സഹകരണസംഘങ്ങൾ വഹിക്കുന്ന പങ്ക് വിലമതിക്കത്തക്കതാണ്. വളം, കീടനാശിനി മുതലായവയുടെ വിതരണത്തിലും സഹകരണസംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതും അഭികാമ്യമാണ്. കാർഷിക രംഗത്തു മാത്രം വായ്പാവിതരണംഒതുക്കി നിർത്താതെ ചെറുകിട കച്ചവടക്കാർക്കും കൈത്തൊഴിലുകാർക്കും കൂടി പ്രയോജനപ്പെടത്തക്കവിധം വായ്പാ പദ്ധതിയുടെ പരിധി വിപുലീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വിദേശങ്ങളിൽ ജോലി തേടുന്ന സാധാരണക്കാർക്കു പ്രയോജനപ്പെടത്തക്കവണ്ണം ഉള്ള വായ്പാ പദ്ധതികൾ മുൻപറഞ്ഞ രണ്ടു ബാങ്കുകളിലും നിലവിലുണ്ട്. അദ്ധ്യാപക സഹകരണ ബാങ്കിൻെറ വാകത്താനം ശാഖ,ജില്ലാ ബാങ്കിൻെറ ബ്രാഞ്ച് മുതലായ സ്ഥാപനങ്ങളും നിക്ഷേപസമാഹരണ രംഗത്തും സ്വർണ്ണപ്പണയ വായ്പാ രംഗത്തും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ നമ്മുടെ ഗ്രാമത്തിലെ ജനസാമാന്യത്തിൻെറ ജീവിതത്തിലെ ഹൃദയത്തുടിപ്പുകൾ പോലും ഇവിടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ താളലയക്രമങ്ങൾക്ക് അനുസൃതമായ രീതിയിലാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും വായ്പാവിതരണ സംഘങ്ങളുടെ അപര്യാപ്തതകൾ ഏറെയാണ്. വായ്പാ പരിധി ഉയർത്തി കാലാനുസൃതമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഹകരണസംഘങ്ങളിലെ ഓഹരി മൂലധനം വർദ്ധിപ്പിക്കുവാൻ തീവ്രയത്നം നടത്തണം. നമ്മുടെ നാട്ടിലെ ആളുകളുടെ സമ്പാദ്യം സഹക

രണ മേഖലയ്ക്ക് പ്രയോജനപ്പെടത്തക്കവണ്ണം സഹകരണബാങ്കുകളിലെ നിക്ഷേപത്തുക ഉയരണം. അതിനാവശ്യമായ ബോധവത്കരണം നടത്തണം. ചിട്ടി നടത്തുന്നതിൽ ഇപ്പോഴുള്ള വ്യവസ്ഥകൾ പലതും അനാവശ്യമാണ്. അവ ലഘൂകരിച്ച് വ്യവസ്ഥകൾ കൂടുതൽ ലളിതമാക്കണം. കൂടുതൽ ചിട്ടികൾ നടത്തുവാൻ ശ്രമിക്കണം. ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം നടപ്പാക്കുന്നത് സാധാരണക്കാർക്കും സംഘങ്ങൾക്കും പ്രയോജനകരമായിരിക്കും. കർഷകരെ സംബന്ധിക്കുന്ന പൂർണ്ണവിവരങ്ങൾ ശേഖരിച്ച് ലാൻഡ് രജിസ്റ്ററുകൾ തയ്യാറാക്കി അതിനനുസൃതമായി ഓരോ വർഷത്തേക്കുമുള്ള വായ്പാത്തുക തിട്ടപ്പെടുത്തേണ്ടതാണ്. ക്രെഡിറ്റ് കാർഡു സമ്പ്രദായം നടപ്പാക്കി കർഷകരെ സഹായിക്കണം. മുൻകാലങ്ങളിൽ കർഷകർക്കു ലഭിച്ചിരുന്ന പലിശ സബ്സിഡി കൃത്യമായി അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ ഗവ. ഭാഗത്തു നിന്നും ഉണ്ടാകണം. കാർഷികോല്പന്നങ്ങൾ സംഭരിക്കുവാനുള്ള നടപടികൾ സഹകരണ സംഘങ്ങൾ വഴി ഉണ്ടാകേണ്ടിയിരിക്കുന്നു. വാകത്താനത്തെ ഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്ന വാകത്താനം ബാങ്കിന് തൃക്കോതമംഗലം, ജറുസലേം മൗണ്ട്, പരിയാരം എന്നിവിടങ്ങളിൽക്കൂടി എങ്കിലും ബ്രാഞ്ചുകൾ സ്ഥാപിക്കുവാനുള്ള നടപടി ഉടനടി ആരംഭിക്കേണ്ടതാണ്.

സഹകരണസംഘങ്ങൾ നഷ്ടത്തിലാകുന്നതിന്റെ കാരണം ഒരു പരിധി വരെ വായ്പാകുടിശികയാണ്. യഥാസമയം വായ്പകൾ തിരിച്ചടയ്ക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് കൂട്ടായ പ്രവർത്തനം ആവശ്യമാണ്. മേല്ത്തരം വിത്തിനങ്ങൾ സംഭരിച്ച് യഥാസമയം കർഷകർക്ക് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാൻ സഹകരണ സംഘങ്ങൾക്ക് സാധിക്കണം. കാർഷികോപകരണ വിതരണത്തിനും സഹകരണസംഘങ്ങൾ മുൻകൈയെടുക്കേണ്ടതാണ്. നിക്ഷേപരംഗത്തും വായ്പാ രംഗത്തും വാണിജ്യ ബാങ്കുകൾ ഉയർത്തുന്ന കടുത്ത മത്സരത്തിന്റെ കെടുതികളിൽ നിന്നും സഹകരണ ബാങ്കുകളെ രക്ഷിക്കുവാൻ ഉന്നതതലങ്ങളിൽ നിന്നും ഊർജ്ജിതമായ നീക്കമുണ്ടായാലേ സഹകരണം വിജയകരമായി മുന്നേറുകയുള്ളു.

മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വാകത്താനം ഗ്രാമപഞ്ചായത്തിൽ വിവിധ മേഖലകളിലുള്ള സഹകരണ സംഘങ്ങളുടെ ആവശ്യകതയും വായ്പാസഹകരണ സംഘങ്ങളുടെ വിപുലീകരണവും ആവശ്യമാണെന്നു ബോദ്ധ്യമാകുന്നതാണ്. അതോടൊപ്പം ഗ്രാമസഭകളുടെ ചർച്ചാവേളകളിൽ പൊന്തിവന്നിട്ടുള്ളതും നിർദ്ദേശിക്കപ്പെട്ടവയുമായ വിവിധ ആവശ്യങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

1. വാകത്താനം പഞ്ചായത്തിൽ നിവസിക്കുന്ന എല്ലാ ആളുകൾക്കും ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും ഗൃഹോപകരണങ്ങളും മറ്റത്യാവശ്യ സാധനങ്ങളും സുലഭമാക്കുന്നതിന് പര്യാപ്തമായ ഒരു കൺസ്യൂമർ സൊസൈറ്റി രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ ഉടനടി ആരംഭിക്കേണ്ടതാണ്.

2. ഈ നാട്ടിൽ വളരെ സുലഭമായ ചക്കപ്പഴം, കൈതച്ചക്ക, ഏത്തയ്ക്കാ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ സംസ്കരിച്ചും വിപണനം നടത്തുന്ന സഹകരണ സംഘങ്ങൾ രൂപീകരിച്ചും പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

3. ഇപ്പോൾ ഈ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് ഭവനനിർമ്മാണത്തിന്വായ്പ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ ദുസ്ഥിതിക്ക് പരിഹാരമുണ്ടാക്കുവാൻ പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

4. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഭക്ഷ്യവസ്തുക്കളും നിത്യോപയോഗസാധനങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നതിന് സഹകരണ പ്രസ്ഥാനങ്ങളും പഞ്ചായത്തും ചേർന്ന് ഒരു കൺസ്യൂമർ സ്റ്റോർ എത്രയുംവേഗം ആരംഭിക്കേണ്ടതാണ്.

5. ഇപ്പോൾ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്കു പുറമേ പഞ്ചായത്തു മുൻകൈയെടുത്ത് ഒരു ഗ്രാമീണ ബാങ്ക് രൂപീകരിക്കേണ്ടതാണ്. സഹകരണ സംഘങ്ങളുടെ APPEX BODY ആയി പ്രവർത്തിക്കുന്ന ഗ്രാമീണ ബാങ്കിൽനിന്ന് സംഘങ്ങൾക്ക് വായ്പ വിതരണത്തിനും

ഫണ്ടു ശേഖരണത്തിനും ആവശ്യമായ നിർദ്ദേശങ്ങളോടൊപ്പം വേണ്ടി വന്നാൽ സാമ്പത്തിക സഹായവും നല്കുക എന്നുള്ളത് അവയുടെ ധർമ്മമാണ്.

6. തൊഴിലാളികളുടെ പ്രത്യേകിച്ച് കർഷകതൊഴിലാളികളുടെ ഉന്നമനത്തെ ലാക്കാക്കി തൊഴിൽ സംഘങ്ങളും ലേബർ കോൺട്രാക്ട് സൊസൈറ്റികളും രൂപീകരിക്കുവാൻ പഞ്ചായത്ത് നേതൃത്വം നല്കേണ്ടതാണ്.

7. പട്ടികവർഗ്ഗ സഹകരണസംഘത്തിൻെറ ഇപ്പോഴത്തെ പ്രവർത്തനം ഒട്ടും ആശാവഹമല്ല. അതിൻെറ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിച്ച് പട്ടികവർഗ്ഗത്തിലുള്ളഎല്ലാ ആളുകൾക്കും പ്രയോജനപ്പെടത്തക്കവിധം കാര്യക്ഷമമാക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള എല്ലാ ആളുകൾക്കും തൊഴിലവസരങ്ങളും സമ്പാദ്യവും വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടത്തക്കവിധത്തിൽ ഈ സംഘത്തിൻെറ പോരായ്മകൾ കണ്ടുപിടിച്ച് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

8. വായ്പാ സഹകരണസംഘങ്ങളിൽ ഇപ്പോൾ ലഭ്യമാകുന്ന വായ്പാനിരക്ക് കാലാനുസൃതമായി ഉയർത്തി കർഷകനും മറ്റു വിഭാഗം ആളുകൾക്കും പ്രയോജനപ്പെടുത്തേണ്ടതാണ്. ജാമ്യ വ്യവസ്ഥയിൽ 10000/- രൂപയും വസ്തു ഈടിൻമേൽ ഒരു ലക്ഷം രൂപയും വായ്പ കൊടുക്കുവാൻ ബാങ്കുകൾ മുന്നോട്ടു വരേണ്ടതാണ്.

9. ഒരു വനിതാ സഹകരണസംഘം രൂപീകരിക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും ജനങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഈ സംഘം പ്രയോജനപ്പെടുത്താവുന്നതാണ്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും പഞ്ചായത്തിൻെറ നേതൃത്വമുണ്ടായിരിക്കണം.

10. ഒരു വ്യവസായ സഹകരണ യൂണിറ്റ് സ്ഥാപിച്ച് തല്പരരായവരെ കണ്ടുപിടിച്ച് സഹകരണാടിസ്ഥാനത്തിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

11. കാലിവളർത്തൽ, കോഴിവളർത്തൽ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിന് കാലിത്തീറ്റയും കോഴിത്തീറ്റയും സൗജന്യമായി ലഭിക്കത്തക്ക വിധം സഹകരണാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

12. നഷ്ട പ്രായമായ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുകയോ പ്രാപ്തരും ഉത്സാഹമുള്ളവരുമായ ആളുകളെ കണ്ടുപിടിച്ച് പുതിയ സംഘങ്ങൾ രൂപീകരിക്കുകയോ ചെയ്യേണ്ടതാണ്.

13. 126 ചെറുകിട വ്യവസായ സ്ഥാപനങ്ങളും 286 ലധികം വ്യാപാര സ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിൽ വ്യാപാരികൾക്കും വ്യവസായികൾക്കും പ്രയോജനപ്പെടത്തക്കവിധം ഒരു അർബൻ ബാങ്കിൻെറ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

14. ഇന്ന് ഗ്രാമീണരുടെ സമ്പാദ്യത്തിൽ ഗണ്യമായ ഭാഗം ഷെഡ്യൂൾഡ് ബാങ്കുകളിലും പ്രൈവറ്റ് ബാങ്കുകളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്. ആ തുക സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുവാനുള്ള ഒരു ശ്രമമായി ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനത്തെ നാം കണക്കാക്കേണ്ടതാണ്.

എല്ലാവർക്കും വേണ്ടി ഒരുവൻ, ഒരുവനു വേണ്ടി എല്ലാവരും എന്ന മഹത്തായ തത്വത്തിൻെറ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സമസ്ത വർണ്ണ സമന്വയത്തിൻെറതേജസ്സ് ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തിൻെറ അടിസ്ഥാനലക്ഷ്യം അധഃസ്ഥിതരുടെ ഉന്നമനമാകണം. ശക്തൻെറ വാളല്ല പാവപ്പെട്ടവൻെറ കവചമാണ് സഹകരണം എന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെല്ലാം സ്മരിക്കണം. പഞ്ചായത്തിലെ സഹകാരികളെ സംഘടിപ്പിച്ച് ഒരു സഹകാരി ഫോറം രൂപീകരിച്ചാൽ സഹകരണസംഘങ്ങൾക്കാവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ ഫോറം മുഖേന നല്കാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമ സ്വരാജ്' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചവഴി സാധിക്കുന്നതാണ്. നാംഎടുത്തു പറഞ്ഞ മേഖലകളിലെ വളർച്ചയ്ക്ക് ആവശ്യമായി വാകത്താനം പഞ്ചായത്തിൽമൊത്തം 342 ലക്ഷം രൂപയുടെ മുതൽ മുടക്കു പ്രതീക്ഷിക്കുന്നുണ്ട്. ഈ തുകയത്രയും മുടക്കുന്നതിലൂടെ 400 പേർക്ക് പ്രത്യക്ഷമായും 500 പേർക്ക് പരോക്ഷമായും ജോലി ലഭിക്കും. അതു വഴി വാകത്താനം പഞ്ചായത്തിലെ 6000-ത്തോളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാവുകയും ചെയ്യും. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ വാകത്താനത്തെ 12 ഗ്രാമസഭകൾ ചർച്ചചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് ഇവിടുത്തെ സഹകാരികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മേൽ പ്രസ്താവിച്ചവിധം നടപ്പാക്കുക വഴി വാകത്താനം പഞ്ചായത്തിലെ കാർഷിക രംഗത്തും സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടം തന്നെ നടത്താൻ ഈ പഞ്ചായത്തിനെ സജ്ജമാക്കുന്നതിന് കഴിയുന്നതുമാണ്.

സാമ്പത്തിക - സാമൂഹിക - സാംസ്കാരിക രംഗങ്ങളിലെ വികസനം വാകത്താനം പഞ്ചായത്തിൽ ഒരു യാഥാർത്ഥ്യമാക്കുന്നതിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ സഹകരണരംഗത്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള ഈ മാർഗ്ഗരേഖ കൂടുതൽ ചർച്ചകൾക്കും മുൻഗണനാ നിശ്ചയത്തിനുമായി സമർപ്പിച്ചുകൊള്ളട്ടെ.

ശുഭം



സർവ്വീസ് സഹകരണ ബാങ്ക്, വാകത്താനം



# 9

# സംസ്കാരം

വാകത്താനം പഞ്ചായത്തിൽ വിവിധ ജാതി മതസ്ഥർ സൗഹാർദ്ദത്തോടും സ്നേഹത്തോടും പരസ്പര വിശ്വാസത്തോടും സമാധാനപരമായി ജീവിക്കുന്നു. ജനങ്ങളുടെ മുഖ്യ തൊഴിൽകൃഷി ആണ്. വൻകിട കൃഷിക്കാർ, ഇടത്തരം ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും തിങ്ങി പ്പാർക്കുന്ന പ്രദേശമാണ്. ജനങ്ങൾ സംസ്കാര മുള്ളവരും വിദ്യാഭ്യാസമുള്ളവരും ആണ്. ആധു നിക ജീവിത സമ്പ്രദായങ്ങൾ ജീവിതത്തിൽ പകർത്തുവാൻ ജനങ്ങൾ ശ്രമിക്കുന്നു. കലക ളെയും കലാമൂല്യങ്ങളെയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ജനസമൂഹമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. പള്ളികളും ക്ഷേത്രങ്ങളും ധാരാളമായി ഇവിടെ ഉണ്ട്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും ക്ലബ്ബു കളോ ലൈബ്രറികളോ പ്രവർത്തിക്കുന്നുണ്ട്. ഇവ കളുടെ ഭരണത്തിന് ഒരു പഞ്ചായത്ത് ഉന്നതതല കമ്മറ്റി രൂപീകരിക്കണം. ഭരണപരമായ കാര്യങ്ങൾ ടി കമ്മറ്റി മുഖാന്തിരം നടത്തണം. സാമ്പത്തികസ ഹായങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങൾ ടി കമ്മറ്റി യുടെ അറിവിലും ഉത്തരവാദിത്വത്തിലും നടത്തു ക. ഈ കമ്മറ്റി ഒരു ഉപദേശകസമതി ആയും പ്രവർത്തിക്കുക.

ക്ലബ്ബുകളിൽ ലൈബ്രറികളിൽ പത്രങ്ങളും മാസികകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ക്രമീകരിക്കണം. ജനകീയ പങ്കാളിത്തത്തോടുകൂടി റേഡിയോ, ടെലിവിഷൻ എന്നിവ ക്രമീകരിക്കാ വുന്നതാണ്. നിലവാരമുള്ള പുസ്തകങ്ങൾ വാങ്ങി ശേഖരിക്കേണ്ടതും വായനക്കാർക്കു ലഭ്യമാക്കേണ്ട തുമാണ്. ആർട്ട്സ്, സ്പോർട്ട്സ് ക്ലബ്ബുകൾ വായന ശാലയോടു ചേർന്ന് പ്രവർത്തിക്കുന്നത് നന്ന്. ഗവ: എൽ. പി. ബി.എസ് ഉണ്ണാമറ്റത്ത് ഒരു സ്പോർട്ട്സ് ക്ലബ്ബ് സ്ഥാപിക്കാവുന്നതാണ്. ആവശ്യമായ സ്ഥലം അവിടെ ലഭ്യമാണ്. സ്കൂളിനോടു ചേർന്ന് വിസ് തൃതിയിൽ കിടക്കുന്ന സ്ഥലത്തിന് അതിരുകൾ കെട്ടി ഭദ്രമാക്കിഒരു ഭാഗത്ത് ഇക്കാര്യം സാധിക്കാ വുന്നതേയുള്ളൂ. വാകത്താനം പഞ്ചായത്തിൻെറ സിരാകേന്ദ്രമായ ഞാലിയാകുഴിയിൽ സ്ഥലം ലഭ്യ മല്ലെങ്കിൽ ടി സ്കൂളിൽ കളിസ്ഥലമല്ലാതെ കിടക്കുന്ന സ്ഥലത്ത് ഒരു സ്റ്റേഡിയമോ ഒരു കമ്മ്യൂണിറ്റി ഹാളോ പണിത് ജനങ്ങളുടെ പൊതു വായ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. ചുറ്റുമതിലുകൾ ആവശ്യമാണ്. കലാകായിക പ്രോത് സാഹനാർത്ഥം എൽ. പി., യു. പി. സ്കൂളുകളിൽ കലാകായിക അദ്ധ്യാപകരെ നിയമിച്ച് ടി വിഷ യങ്ങൾ പഠിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

നാടൻ കലാരൂപങ്ങളുടെ പ്രോത്സാഹനാർ ത്ഥം കലാകാരൻമാരെയും സാഹിത്യകാരൻമാ രെയും കണ്ടുപിടിച്ച് അവർക്കുവേണ്ട സാമ്പത്തി കസഹായം ചെയ്യുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. നാടകം, കഥകളി, ചെണ്ടവാദ്യം, മറ്റു കലാരൂപങ്ങൾ എന്നിവയിൽ പ്രാവീണ്യമുള്ളവരെ തേടിപ്പിടിച്ച് പ്രോത്സാഹിപ്പിക്കുക. നാടൻകലക ളുടെ പ്രോത്സാഹനത്തിന് പഞ്ചായത്തിലെ ഈ രംഗത്തെ വിദഗ്ദ്ധൻമാരെ പങ്കെടുപ്പിച്ച് ഒരു അക്കാ ദമി രൂപീകരിക്കുന്നത് അഭിലഷണീയം. പഞ്ചാ യത്തിലെ ഇപ്രകാരമുള്ള അക്കാദമി രൂപീകര ണവും പ്രവർത്തനവും കൊണ്ട് കേന്ദ്ര അക്കാദമി യിൽ നിന്നും സാമ്പത്തികസഹായം ലഭ്യമാകുന്ന തിന് സാധിക്കും.

ഈ പഞ്ചായത്തിൽ വളരെക്കാലം മുൻപ് ഉണ്ടായിരുന്ന നാടൻ പന്തുകളിമത്സരത്തെ പ്രോത്സാഹിപ്പിക്കണം. പൊങ്ങന്താനം എം. ഡി. യു. പി. സ്കൂൾ ഗ്രൗണ്ട് നാടൻ പന്തുകളിമത്സരത്തിനായി വേർതിരിക്കുന്നത് നന്ന്.

കലാ പ്രോത്സാഹനാർത്ഥം ഒരു കരകൗശല വ്യവസായ സ്ഥാപനം സ്ഥാപിക്കേണ്ടതാണ്. തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ ഇതു സഹായകമാണ്. വ്യവസായത്തിനുള്ള അസംസ്കൃത സാധനങ്ങൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുവാൻ കഴിയും. പഞ്ചായത്തിലെ ഏതെങ്കിലും കോളനികളിൽ ഈ വ്യവസായം കേന്ദ്രീകരിക്കുവാൻ സാധിക്കണം. (ആവശ്യമായ കെട്ടിടനിർമ്മാണത്തിൻെറ സ്ഥലലഭ്യത കോളനി പ്രദേശത്തോ അതിനടുത്തോ സാധിക്കുമെങ്കിൽ മാത്രം കോളനി പ്രദേശമോ പരിസരമോ തിരഞ്ഞെടുക്കുക.)

ശാസ്ത്ര സാങ്കേതിക കലാസാംസ്കാരിക വിഷയങ്ങളെ സംബന്ധിക്കുന്ന ചർച്ചാ ക്ലാസ്സുകൾ വർഷത്തിൽ രണ്ടു പ്രാവിശ്യമെങ്കിലും വിദഗ്ദ്ധൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തിൽ കൂടണം.

പഞ്ചായത്തിലെ എല്ലാ ലൈബ്രറികളോടും ചേർന്ന് കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിക്കുകയും കുട്ടികൾക്കു വേണ്ട കളിക്കോപ്പുകൾ, പസ്തകങ്ങൾ എന്നിവ ക്രമീകരിച്ചുകൊടുക്കുകയും ചെയ്യണം.

ശബരിമലയ്ക്കുള്ള തീർത്ഥാടകർ കാടമുറിക്ഷേത്രത്തിൽ വിശ്രമിച്ചാണ് ശബരിമലയ്ക്കു പോകുന്നത്. അതുകൂടാതെ മണികണ്ഠപുരം ക്ഷേത്രത്തിൽ വന്ന് വിശ്രമിച്ചതിനുശേഷം തെങ്ങണാവഴി എരുമേലിക്ക് പോകുവാൻ എളുപ്പമാർഗ്ഗമാണ്. ആയതിനാൽ മണികണ്ഠപുരം ക്ഷേത്രത്തിനു സമീപം തീർത്ഥാടകർക്ക് വിശ്രമിക്കുവാൻ വേണ്ടസൗകര്യം ചെയ്തു കൊടുക്കാവുന്നതാണ്. അതുപോലെ മഞ്ഞനിക്കര, പരുമല എന്നീ ക്രിസ്ത്യൻ തീർത്ഥാടക കേന്ദ്രങ്ങളിലേക്കു പോകുന്ന ഭക്തജനങ്ങൾക്ക് ഞാലിയാകുഴിയിലും നാലുന്നാക്കലും വിശ്രമിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നത് നന്നാണ്.

ബസേലിയോസ് ഗീവർഗ്ഗീസ് ഒന്നാമൻ ബാവ കബറടങ്ങിയ പള്ളിക്കാട്ടു ദയറ അനേകം ഭക്തജനങ്ങളെ പ്രത്യേകിച്ച് അവിടുത്തെ പെരുനാളിനും മറ്റും ആകർഷിക്കുന്നുണ്ട്. പ്രാർത്ഥനയ്ക്കായും ഭക്തജനങ്ങൾ അവിടെ എത്തുന്നു. അവരുടെ യാത്രാസൗകര്യവുംമറ്റും സുഗമമാക്കുവാൻ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ട്.

വിവിധ സമുദായങ്ങൾ സ്നേഹത്തോടും സമാധാനത്തോടും പാർക്കുന്ന ഈ പഞ്ചായത്തിൽ വർഷത്തിലൊരിക്കൽ എല്ലാ ജാതിമതസ്ഥരുടെയും ഏകോപിച്ചുള്ള സമ്മേളനം നടത്താവുന്നതാണ്. സമ്മേളനത്തിനു മുൻപായി ഒരു റാലി നടത്തേണ്ടതും വിവിധ കലാരൂപങ്ങൾ ടി റാലിയിൽ സംഘടിപ്പിക്കപ്പെടേണ്ടതുമാണ്. ഉന്നത മാനദണ്ഡമുള്ള കലാപരിപാടികൾ അവതരിപ്പിക്കുവാനും സമ്മേളനത്തിൽ പ്രഗൽഭരെ പങ്കെടുപ്പിക്കുവാനും കഴിയണം.

പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെയും മറ്റു സാംസ്കാരിക സംഘടനകളുടെയും ഏകോപിച്ചുള്ള ഒരു സമ്മേളനം വർഷത്തിലൊരിക്കൽ നടത്തേണ്ടതാണ്. കലാകായികമത്സരങ്ങൾ നടത്തി വിജയികളായവർക്ക് സമ്മാനങ്ങൾ നല്കുവാൻ സാധിക്കണം. അംഗീകൃത ഗ്രന്ഥശാലയിലെയും മറ്റു സാംസ്കാരിക സംഘടനകളിലെയും അംഗങ്ങൾക്ക് ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അവസരം കൊടുക്കണം. വർഷത്തിലൊരിക്കൽ നടത്തുന്ന ഈ വക സംരംഭങ്ങളിൽ ഗ്രന്ഥശാലസംഘവുമായി പ്രവർത്തിക്കുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് സാംസ്കാരിക സമ്മേളനം നടത്തേണ്ടതാണ്.

എല്ലാ ഗ്രന്ഥശാലയോടും അനുബന്ധിച്ച് Information and Guidance സെൻററുകൾ തുടങ്ങണം. പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന പ്രധാന വിവരങ്ങൾ Information and Guidance സെൻററുകളിൽ സൂക്ഷിക്കാം. ജനങ്ങളെ ബാധിക്കുന്ന പ്രസിദ്ധീകരണങ്ങൾ (ഗസറ്റ്, തൊഴിലവസര വാർത്തകൾ, ഗവൺമെൻറ് ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള മാർഗ്ഗരേഖകൾ, ആരോഗ്യപരിപാലന നിർദ്ദേശങ്ങൾ തുടങ്ങിയവ) ഗ്രന്ഥശാലകളോടനുബന്ധിച്ചുള്ള Information and Guidance സെൻററുകളിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് അടിയന്തിരനടപടികൾ സ്വീകരിക്കണം. പൊതുജനങ്ങൾ ഗ്രന്ഥശാലയുമായി ബന്ധപ്പെടുവാൻ ഇത് ഒരു പ്രധാന കാരണമായിത്തീരും.

പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ കുറഞ്ഞത് ഒരു ഗ്രന്ഥശാലയെങ്കിലും പ്രവർത്തിക്കുന്നത് ഏറ്റവും യോജ്യമാണ്. ഗ്രന്ഥശാലകൾ ഇല്ലാത്തിടത്ത് പുതിയവ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഇവകൾക്ക് ആവശ്യമായ ഫണ്ട് പഞ്ചായത്ത് നല്കേണ്ടതാണ്. ലൈബ്രറിസെസ്സ് വർദ്ധിപ്പിച്ച് ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

ഗ്രന്ഥശാലകളിലെ ഭരണസമതികളിൽ വനിതകൾക്ക് മതിയായ പ്രാതിനിധ്യം നല്കേണ്ടത് ആവശ്യമാണ്. കൂടാതെ പട്ടികജാതി/പട്ടിക വർഗ്ഗത്തിൻെറ പ്രതിനിധി ഭരണസമതിയിൽ ഉണ്ടായിരിക്കണം.

വാകത്താനം പഞ്ചായത്തിൽ അനേകം പള്ളികളും ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും സ്ഥിതി ചെയ്യുന്നു. നാനാ ജാതിമതസ്ഥരായ വിവിധ ആളുകൾ സൗഹാർദ്ദതയോടെ കഴിയുന്നത് അഭിമാനകരമായ കാര്യമാണ്. അത് നിലനിർത്തുന്നതിന് പഞ്ചായത്ത് വേണ്ട പ്രോത്സാഹനം നല്കുന്നത് വളരെ ആവശ്യമാണ്.

പഞ്ചായത്ത് ധനസഹായത്തോടെ പ്രവർത്തിക്കുന്ന ലൈബ്രറികൾ

1. ജയ്ഹിന്ദ് പബ്ലിക് ലൈബ്രറി, തൃക്കോതമംഗലം.
2. പബ്ലിക് ലൈബ്രറി, കാടമുറി, പരിയാരം പി.ഒ.
3. ഫ്രണ്ട്സ് ലൈബ്രറി, ഇരവുചിറ.
4. പബ്ലിക് ലൈബ്രറി, പൊങ്ങന്താനം.
5. വിജയ ലൈബ്രറി, നാലുന്നാക്കൽ.
6. എൻ. കെ. വർഗീസ് മെമ്മോറിയൽ ലൈബ്രറി, പൊങ്ങന്താനം.
7. പബ്ലിക് ലൈബ്രറി, കണ്ണൻചിറ.
8. സന്തോഷ് ക്ലബ്ബ് ആൻഡ് ലൈബ്രറി, വള്ളിക്കാട്, പുത്തൻചന്ത.
9. യൂണിയൻ ക്ലബ്ബ് ആൻഡ് ലൈബ്രറി, പുത്തൻ ചന്ത.
10. പ്രോഗ്രസീവ് ക്ലബ്ബ് ആൻഡ് ലൈബ്രറി, വാകത്താനം.
11. നാഷനൽ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, കൂരമറ്റം.

## വാർഡ് അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ - നിർദ്ദേശങ്ങൾ

ഒന്നാം വാർഡിൽ നാല് വായനശാലകൾ പ്രവർത്തിക്കുന്നു.

വാർഡ് രണ്ടിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ഒരു പഞ്ചായത്തു വായനശാല ഇവിടെ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ചക്കൻചിറ കോളനിയിൽ ഒരു ലൈബ്രറി സ്ഥാപിക്കണം. കാടമുറി പബ്ലിക് ലൈബ്രറി വൈദ്യുതീകരിക്കണം.

വാർഡ് മൂന്നിൽ ഇപ്പോൾ വായനശാലകളോ ലൈബ്രറികളോ പ്രവർത്തിക്കുന്നില്ല. ഒരുലൈബ്രറി സ്ഥാപിക്കുകയും അതിനോടു ചേർന്ന് ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുകയും ചെയ്യണം. കലാസാംസ്കാരിക സംഘടന ഉണ്ട്. ഇതിന് രണ്ടു സെൻറു സ്ഥലം സ്വന്തമായിഉണ്ട്. അവിടെ ഒരു സാംസ്കാരിക കേന്ദ്രം പണിയണം. ഇപ്പോൾ ഈ വാർഡിൽ ഒരു മഹിളാസംഘം പ്രവർത്തിക്കുന്നുണ്ട്. സംഘത്തിന് മൂന്ന് സെൻറ് സ്ഥലം സ്വന്തമായുണ്ട്. അവിടെ കെട്ടിടം പണിയണം. ആവശ്യമെങ്കിൽ സ്ഥലം ഉള്ളവരിൽ നിന്ന് അക്വയർ ചെയ്തു കമ്മ്യൂണിറ്റിഹാളും ഗ്രന്ഥശാലയും T.V. കേന്ദ്രവും സ്ഥാപിക്കണം.

വാർഡ് നാലിൽ കുറിയന്നൂർ സഹൃദയ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബ് ഉണ്ട്. ഒരു വായനശാല ഇവിടെ സ്ഥാപിക്കേണ്ടിയിരിക്കുന്നു. തണങ്ങും പൊതിയ്ക്കൽ സ്കൂളിനുസമീപം ഒരു വായനശാല സ്ഥാപിക്കണം.

വാർഡ് അഞ്ചിൽ കൂരമറ്റം നാഷനൽ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം പ്രവർത്തിക്കുന്നുണ്ട്. ഇത് ഒരു പഞ്ചായത്ത് സാംസ്കാരിക കേന്ദ്രമായി ഉയർത്തണം. എഴുവന്താനത്ത് ഒരു T.V. കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

വാർഡ് ആറിൽ കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങൾ പ്രവർത്തിക്കണം. ഇരവുചിറ ലൈബ്രറിയുടെ പുനരുദ്ധാരണപ്പണികൾ ആരംഭിക്കണം. അവിടെ ഒരു ടി. വി. സ്ഥാപിക്കേണ്ടതാണ്. ഇവിടെ പരിസരമലിനീകരണം ഉണ്ട്. അത് തടയണം.

മലങ്കോട്ടയിൽ ഒരു ഗുഹ ഉണ്ട്. ആയത് സംരക്ഷിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കണം.

വാർഡ് ഏഴിൽ പന്ത്രണ്ടാം കുഴിയിൽ ഒരു ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. ഒരു ലൈബ്രറി സ്ഥാപിക്കേണ്ടതാണ്.

വാർഡ് എട്ടിൽ പ്രോഗ്രസീവ് ക്ലബ്ബ് ആൻഡ് റീഡിംഗ് റൂം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വർത്തമാനപ്പത്രങ്ങൾ, (ഇംഗ്ലീഷും മലയാളവും ഉൾപ്പടെ) ഗസറ്റ്, റഫറൻസു പുസ്തകങ്ങൾ ഇവകൾ ക്രമീകരിക്കണം. പഞ്ചായത്തു തലസ്ഥാനം ആകയാൽ ഒരു പൊതുകളിസ്ഥലം ഉണ്ടാകണം. റീഡിംഗ് റൂം 'എ' ഗ്രേഡ് ലൈബ്രറി ആയി ഉയർത്താൻ നടപടി സ്വീകരിക്കുക. പ്രവർത്തനസമയം രാവിലെ മുതൽ വൈകുന്നേരം വരെ ആക്കി ക്രമീകരിക്കുക.

വാർഡ് ഒൻപതിൽ കാരയ്ക്കാട്ടുകുന്നിലെ സാംസ്കാരിക കേന്ദ്രത്തിൻെറ പണി ഉടൻ പൂർത്തിയാക്കണം. ഇവിടെ ഒരു ലൈബ്രറി പ്രവർത്തിക്കേണ്ടതാണ്. വാർഡിൻെറ കിഴക്കേ അറ്റമായ മുടിത്താനത്ത് ഒരു സാംസ്കാരികനിലയം പണിയണം. പിച്ചനാട്ടുകുളത്ത് ഒരു ടി.വി. കേന്ദ്രം ഉണ്ട്. അതിനോട് ചേർന്ന് ഒരു വായനശാല പ്രവർത്തിപ്പിക്കണം. പാണ്ടൻചിറയിൽ ഒരു സാംസ്കാരിക കേന്ദ്രവും ടി. വി. നിലയവും വേണം. തൊട്ടടുത്തുള്ള വാർഡുകളിലുള്ളവർക്ക് പ്രത്യേകിച്ച് 12-ാം വാർഡിൽ ഉള്ളവർക്കും കൂടി ഇത് പ്രയോജനം ആയിരിക്കും.

വാർഡ് പതിനൊന്നിൽ രണ്ടു വായനശാലകൾ പ്രവർത്തിക്കുന്നു. ഒന്ന് നാലുന്നാക്കലും മറ്റൊന്ന് പുത്തൻചന്തയിലും. പഞ്ചായത്തിൽ നിന്നുള്ള ഗ്രാൻറുകൾ മുടക്കം കൂടാതെ ലഭ്യമാക്കണം. ഇവിടെ പൊതുജനാവശ്യത്തിന് ഒരു ഓഡിറ്റോറിയം പണിയണം.

വാർഡ് പന്ത്രണ്ടിൽ കണ്ണൻചിറ ഒരു ലൈബ്രറി ഉണ്ട്. ടി. വി. യും റേഡിയോയും ഉണ്ട്.ഇവിടെ ഒരു സാംസ്കാരികനിലയം ആവശ്യമാണ്. പൊങ്ങന്താനത്ത് ഒരു ലൈബ്രറിയും ഒൻപതാം വാർഡിനോടടുത്ത് എൻ. കെ. വർഗീസ് മെമ്മോറിയൽ വായനശാലയും പ്രവർത്തിക്കുന്നു. എൻ. കെ. വർഗീസ് മെമ്മോറിയൽ വായനശാലയിൽ ടി. വി. പ്രവർത്തിക്കുന്നുണ്ട്.

വാർഡ് പത്തിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ഈ ലൈബ്രറിയോടനുബന്ധിച്ച്ഒരു അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്. ഷെഡ്ഡ് പണിത് അംഗൻവാടി പ്രവർത്തനം അങ്ങോട്ടു മാറ്റിയാൽ ലൈബ്രറി പ്രവർത്തനം കുറേക്കൂടി സുഗമമാകും. കളിസ്ഥലമോ കമ്മ്യൂണിറ്റി ഹാളോ ഇവിടെ നിർമ്മിക്കുവാൻ സാധിക്കും. ഇതിനുവേണ്ട സ്ഥലം ഇവിടെ നിന്നുതന്നെ അക്വയർ ചെയ്യുവാൻ കഴിയും.



# ഗതാഗതം ഊർജ്ജം മാർക്കറ്റ്



## ഗതാഗതം

കൊല്ലവർഷം 4-ാം ശതകത്തിൽ പോലും പ്രശസ്തമായ സഞ്ചാരമാർഗ്ഗങ്ങൾ വാകത്താനവുമായി ബന്ധപ്പെട്ടിരുന്നു എന്നറിയുമ്പോൾ ഈ നാടിന്റെ സാംസ്ക്കാരിക പാരമ്പര്യം എത്രയോ പൗരാണികമാണ് എന്ന് നമുക്ക് മനസ്സിലാകും. ഉണ്ണിനീലിസന്ദേശകാവ്യത്തിൽ പ്രതിപാദിക്കപ്പെടുന്ന സന്ദേശവാഹകൻ കടന്നുപോയതായി പരാമർശിക്കപ്പെടുന്ന റോഡാണ് ഇന്നത്തെ കൊട്ടാരത്തിൽകടവ് മണികണ്ഠപുരം - കണ്ണൻചിററോഡ്. വാർത്താമാധ്യമങ്ങൾ നാമമാത്രമായി ഉണ്ടായിരുന്ന കാലങ്ങളിൽ കാവ്യങ്ങളിലും സഞ്ചാരസാഹിത്യത്തിലും പ്രതിപാദിക്കപ്പെടണമെങ്കിൽ പ്രതിപാദനകാലത്തിനും എത്രയോ മുൻപുതന്നെ ഇവിടെ സാംസ്കാരിക സമ്പന്നമായഒരു ജനജീവിതം ഉണ്ടായിരുന്നു എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

നാടിന്റെ വികസനം റോഡ് നിർമ്മാണം മാത്രമെന്ന് ചിന്തിച്ചിരുന്ന കാഴ്ചപ്പാടായിരുന്നു അടുത്തകാലം വരെ. പലയിടങ്ങളിലെ പോലെ തന്നെ ഇവിടെയും നിലനിന്നിരുന്നത്. പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന റോഡുകളുടെ എണ്ണം മനസ്സിലാക്കുമ്പോൾഇക്കാര്യം കൂടുതൽ സുദൃഢമാകും. മനുഷ്യവിഭവശേഷി വളരെയധികം ചെലവഴിക്കപ്പെട്ടിട്ടുള്ള ഒരു മേഖലയാണിത്. ഉത്തമ ജനപങ്കാളിത്തത്തിന്റെ ദൃഷ്ടാന്തങ്ങളാണ് പുരാതനമായ നമ്മുടെ റോഡുകൾ. ഓരോ പ്രദേശത്തേയും ജനങ്ങൾ സംഘടിച്ച് കായികാദ്ധ്വാനത്തിലൂടെയും ഭൂവിഭവ സമാഹരണത്തിലൂടെയും ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കിയതുകൊണ്ടാകണം ഈ നാടിന്റെ വികാസം നാം ഇത്രടംവരെ എത്തിയതെന്ന് നാം കരുതേണ്ടിയിരിക്കുന്നു.

ആദ്യകാലങ്ങളിൽ ജലമാർഗ്ഗം പ്രമുഖ വ്യാപാരകേന്ദ്രങ്ങളുമായി വാകത്താനം ബന്ധപ്പെട്ടിരുന്നു. കിഴക്കൻ വെനീസ് എന്ന് പേരു കേട്ടിരുന്ന പ്രമുഖ വ്യാപാരകേന്ദ്രമായിരുന്ന ആലപ്പുഴയിൽ നിന്ന് വേമ്പനാട്ടുകായൽ, കൊടൂരാർ, മടത്തിറമ്പിൽകടവ്, പള്ളിക്കടവ്, നല്ലൂക്കടവ് എന്നീ കടവുകളിൽ വള്ളത്തിൽ ചരക്കുകൾഇറക്കി വാകത്താനം, തോട്ടയ്ക്കാട്, കറുകച്ചാൽ തുടങ്ങിയ അയൽപ്രദേശങ്ങളിലേയ്ക്കൊക്കെ തലചുമടായാണ് എത്തിച്ചുകൊണ്ടിരുന്നത്. ഏതാണ്ട്ഒരു നൂറ്റാണ്ടിനുമുൻപ് സ്ഥലത്തെ പ്രമുഖരുടെ നേതൃത്വത്തിൽ പള്ളം റോഡ് വാകത്താനം പാതിയപ്പള്ളിക്കടവിൽ നിന്നും തോട്ടയ്ക്കാട് വരെ നിർമ്മിച്ച് കാളവണ്ടി ഗതാഗതത്തിന് ഉപയുക്തമാക്കി.

പഞ്ചായത്തിൽ 41 കി. മീ. പി. ഡബ്ലിയു. ഡി. റോഡുകൾ ഉണ്ട്. പഞ്ചായത്തിൽകൂടി കടന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡുകൾ തെങ്ങണാ - മണർകാട്, കോട്ടയം കോഴഞ്ചേരി പള്ളം - തോട്ടയ്ക്കാട് റോഡ് എന്നിവയാണ്.

പഞ്ചായത്തിന്റെ ആസ്ഥാനമായ ഞാലിയാകുഴി, തോട്ടയ്ക്കാട് എന്നീ കേന്ദ്രങ്ങൾ സ്പർശിച്ച് ഈ റോഡുകൾ കടന്നുപോകുന്നു. കാർഷിക - കാർഷികേതര മേഖലകളിലെ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണിത്. പടിഞ്ഞാറൻ കയാൽ മേഖലകളിലേക്ക്പോകുന്ന കർഷകത്തൊഴിലാളികളും കോട്ടയം, ചിങ്ങവനം, നാട്ടകം എന്നിവിടങ്ങളിലേക്കുള്ള ഫാക്ടറി തൊഴിലാളികളും മറ്റ് ഓഫീസ് ജീവനക്കാരും പൊതുജനങ്ങളും ആശ്രയിക്കുന്ന റോഡാണ് പള്ളം - തോട്ടയ്ക്കാട് റോഡ്. പാല, അയർക്കുന്നം, പുതുപ്പള്ളി, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിലേക്ക് ജനങ്ങൾ ബന്ധപ്പെടുന്ന മാർഗ്ഗമാണ് തെങ്ങണാ - മണർകാട്

ഹിന്ദു പുണ്യസ്ഥലമായ ശബരിമലയെ ബന്ധിപ്പിക്കുന്നതും കോഴഞ്ചേരി, മല്ലപ്പള്ളി, റാന്നി, കറുകച്ചാൽ എന്നീ പ്രദേശങ്ങളുമായും കോട്ടയം - കോഴഞ്ചേരി റോഡും നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തതിർക്കുള്ളിലെ പി.ഡബ്ലിയു.ഡി. റോഡുകളിലും പഞ്ചായത്ത് ഉടമസ്ഥതയിലുംപെട്ട മിക്കവാറും റോഡുകൾക്ക് ഓടകളില്ല. ആയതിനാൽ വർഷകാലങ്ങളിൽ ഈ റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്നു.
2. റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഗുണനിലവാര തകർച്ച.
3. മധ്യവർത്തികളും കരാറുകാരും അമിതലാഭം നേടുന്നതിന് പരിശോധനാ ഉദ്യോഗസ്ഥർ കൂട്ടു നില്ക്കുന്നു.
4. റോഡുകളുടെ അനധികൃത കൈയ്യേറ്റങ്ങൾ.
5. റോഡുകളിലേക്ക് ഇറക്കി സ്വകാര്യവഴികൾ നിർമ്മിക്കുന്നതുമൂലം ഓടകൾ മൂടപ്പെടുന്നു.
6. യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താതിരിക്കൽ.
7. അതാതു സ്ഥലങ്ങളിലെ ഭൂസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി അല്ലാതുള്ള റോഡുനിർമ്മാണം.
8. തുടരെത്തുടരെയുള്ള ടെലഫോൺ ഡിപ്പാർട്ടുമെൻറിൻേറയും വാട്ടർ അതോറിറ്റിയുടേയും K.S.E.B. യുടേയും നിർമ്മാണപ്രവർത്തനങ്ങൾ.
9. മുൻഗണനാക്രമം നോക്കാതെ അറ്റകുറ്റപ്പണികൾ നടത്തുന്നത്.
10. ഫണ്ടുകളുടെ ലഭ്യതക്കുറവ്.
11. സ്വകാര്യവ്യക്തികൾ നിർഗ്ഗമനജലം റോഡുകളിലേക്ക് ഒഴുക്കിവിടുന്നു.
12. കവലകളിലും റോഡുസൈഡുകളിലുമുള്ള വാഹനങ്ങളുടെ കാത്തുകിടപ്പ്.
13. സ്വകാര്യ, സർക്കാർ ബസ്സുകളുടെ സർവ്വീസ് മുടക്കൽ.
14. ലാഭകരമല്ലന്നതുകൊണ്ടുള്ള K.S.R.T.C. ബസ്സ് സർവ്വീസ് നിർത്തൽ.
15. അനിയന്ത്രിതമായി റോഡുസൈഡുകളിൽ കെട്ടിടങ്ങളും മറ്റും നിർമ്മിക്കൽ റോഡ് വികസനത്തിനു തടസ്സമാണ്.

## നിർദ്ദേശങ്ങൾ

1. P.W.D. റോഡുകളിലും പഞ്ചായത്തുറോഡുകളിലും പ്രഥമ നിർമ്മാണഘട്ടത്തിൽതന്നെ ഓടനിർമ്മാണം നിർബന്ധമാക്കുക.
2. റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിൻെറ അളവുകൾ സൈറ്റുകളിൽ പ്രദർശിപ്പിക്കുക. അതാത് തലങ്ങളിലുള്ള ജനപ്രതിനിധികളുടെവർക്ക് സംബന്ധിച്ച ഗുണനിലവാര സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കുക.
3. പുറമ്പോക്ക് വസ്തുക്കൾ തിട്ടപ്പെടുത്തുകയും റോഡിനോടുചേർന്ന് സ്വകാര്യ വഴിനിർമ്മാണം കർശനമായി നിയന്ത്രിക്കുകയും ചെയ്യുക.
4. യഥാസമയങ്ങളിൽ ടാറിംഗിൻേറയും മറ്റു പണികളുടേയും ഉപയോഗ കാലപരിധി നിശ്ചയിച്ചുകൊണ്ട് അവലോകനങ്ങളും അറ്റകുറ്റപ്പണികളും നടത്തുക.
5. ഭൂസ്ഥിതി അടിസ്ഥാനപ്പെടുത്തി നിശ്ചിത നിലവാരം ഉറപ്പാക്കിക്കൊണ്ട് റോഡുകൾ നിർമ്മിക്കുക.
6. തുടരെത്തുടരെയുള്ള ടെലിഫോൺ ഡിപ്പാർട്ടുമെൻറിൻേറയും വാട്ടർ അതോറിറ്റിയുടേയും റോഡ് കുഴിച്ചുള്ള കേബിളുകളുടേയും പൈപ്പുലൈനുകളുടേയും സ്ഥാപനം ഒഴിവാക്കേണ്ടതാണ്. പ്രസ്തുത കാര്യത്തിലേക്ക് റോഡു നിർമ്മാണ സമയത്തുതന്നെ ഈ ആവശ്യത്തിലേക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ഈ ഡിപ്പാർട്ടുമെൻറുകൾ ഈസ്വകാര്യ നിർമ്മാണത്തിലേക്കുള്ള ചിലവ് അഡ്വാൻസായി റോഡ് ഉടമസ്ഥത സ്ഥാപനത്തിന് നല്കേണ്ടതാണ്. ഇങ്ങനെ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾക്കുണ്ടാകുന്ന അനാവശ്യ നഷ്ടങ്ങൾ ഒഴിവാക്കാവുന്നതാണ്.
7. മഴക്കാലങ്ങളിലുള്ള റോഡ് ടാറിംങ് നിർത്തുക. നിർബന്ധമായും ക്യൂവറിംഗ് സമയത്തിനുശേഷം ടാറിംങ് പണികൾ നടത്തിക്കുക.
8. കവലകളിലെ ഓടകൾ സ്ലാബിട്ട് മൂടുക.
9. നിർഗ്ഗമനജലം സ്വകാര്യ വ്യക്തികൾ റോഡിലേക്ക് ഒഴുക്കിവിടുന്നത് തടയുക.
10. കവലകളിലും, റോഡ് സൈഡുകളിലും വാഹനങ്ങൾ പാർക്കിങ് സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

11. സ്വകാര്യ - സർക്കാർ ബസ്സുകളുടെ സർവ്വീസ് മുടക്കൽ നിയന്ത്രിക്കുക. ലാഭനഷ്ടങ്ങളുടെ കണക്കു നോക്കാതെ ബസ് സർവ്വീസുകൾ വാഹനസൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സ്വകാര്യബസ്സുകൾക്ക് ഈ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് ടാക്സ് കിഴിവ് ഏർപ്പെടുത്തുകയോ സബ്സിഡികൾ നല്കുകയോ ചെയ്യുക.

12. റോഡു വികസനത്തെ മുൻവിധിയോടെ കണ്ടുകൊണ്ട് ചുറ്റുമതിലുകൾ കെട്ടുന്നതുൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

13. ഗതാഗത തടസ്സമായി നില്ക്കുന്ന ഇലക്ട്രോണിക്, ടെലഫോൺ പോസ്റ്റുകൾ അതാതു ഡിപ്പാർട്ടുമെൻറിന്റെ ചിലവിൽ തന്നെ മാറ്റുക.

## സുപ്രധാന ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പള്ളം - തോട്ടയ്ക്കാട് റോഡിന്റെ വീതി കൂട്ടി ഗതാഗത തടസ്സം ഒഴിവാക്കുക. ഈ ആവശ്യത്തിലേക്ക് ഒന്നേകാൽ കോടി രൂപാ ചിലവു വരുന്നതാണ്.

2. ഉണ്ണുനീലിസന്ദേശം റോഡായ കൊട്ടാരത്തിൽ കടവ് കണ്ണംചിറ P.W.D. റോഡ് ശേഷിക്കുന്ന ഭാഗം ടാർ ചെയ്യുകയും കൊട്ടാരത്തിൽകടവിൽ പാലം നിർമ്മിച്ച് വാകത്താനം പഞ്ചായത്തിനെ പുതുപ്പള്ളിയുമായി ബന്ധിക്കുക.

3. ചങ്ങനാശേരിയിൽ നിന്നും M.C. റോഡുവഴിയുള്ള ഗതാഗത സാന്ദ്രത കുറക്കുന്നതിന് പെരുംതുരുത്തി നാലുകോടി തെങ്ങണ, വാകത്താനം, മണർകാട്, ഇറഞ്ഞാൽവഴി കോട്ടയംടൗൺ ഒഴിവാക്കി എം. സി. റോഡിൽ എത്തുന്നതിന് ബൈപാസ്സ് നിർമ്മിക്കുക.

4. കോളനിറോഡുകളുടെ അടിയന്തിര നിർമ്മാണപ്രവർത്തനങ്ങൾ നടത്തുക.

5. പഞ്ചായത്ത് പ്രദേശത്ത് പാർക്കുചെയ്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും കൂലിനിരക്ക് ഏകീകരിക്കേണ്ടതുമാണ്.

പട്ടിക 3 - ൽ പറഞ്ഞിരിക്കുന്ന റോഡുകൾ മുൻഗണനാക്രമത്തിൽ പുനരുദ്ധാരണ പണികൾ നടത്തേണ്ടവയാണ്.

**പട്ടിക 1**

**പഞ്ചായത്തിലെ ടാർറോഡുകൾ**

| ക്രമ നമ്പർ | റോഡുകൾ | ഉടമസ്ഥത | ദൂരം | വീതി | തരം | ബസ്സ്/ യാത്രാസൗകര്യം |
|---|---|---|---|---|---|---|
| 1 | കോട്ടയം - കോഴഞ്ചേരി | PWD | 2.00 | 14 | S.H. | ഉണ്ട് |
| 2 | മണർകാട് - തെങ്ങണാ | PWD | 7.00 | 15 | M.D.R. | ” |
| 3 | പള്ളം - തോട്ടയ്ക്കാട് | PWD | 2.40 | 7 | O.D.R. | ” |
| 4 | ഞാലിയാകുഴി - കൈതയിൽ | PWD | 2.40 | 8 | ” | ” |
| 5 | അമ്പലക്കവല - കൊല്ലക്കവല | PWD | 3.70 | 8 | ” | ” |
| 6 | വട്ടമല്ലി - കറുകച്ചാൽ | PWD | 2.30 | 8 | ” | ഇല്ല |
| 7 | വാകത്താനം - കറുകച്ചാൽ | PWD | 5.70 | 8 | ” | ഭാഗികം |
| 8 | വലിയകുളം - ചീരഞ്ചിറ റോഡ് | PWD | 1.00 | 8 | ” | ഉണ്ട് |
| 9 | നാലുന്നാക്കൽ - കളമ്പാട്ടുചിറ | PWD | 2.00 | 8 | ” | ഇല്ല |
| 10 | വാകത്താനം - പെരുമ്പനച്ചി | PWD | 5.00 | 8 | ” | ഭാഗികം |
| 11 | മാളിയേക്കടവ് - | PWD | 1.50 | 8 | ” | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 12 | കണ്ണൻചിറ - കൊട്ടാരത്തിൽകടവ് (ടാർ 2.50 Km) | PWD | 7.00 | 8 | ” | ഇല്ല |
| 13 | കണ്ണൻചിറ - കൊരട്ടിമല | PWD | 3.00 | 8 | ” | ഉണ്ട് |
| 14 | പെരുമ്പനച്ചി - തോട്ടയ്ക്കാട് | PWD | 4.00 | 8 | ” | ഉണ്ട് |

(പട്ടിക 2)

**ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ**

| | | | | | | |
|---|---|---|---|---|---|---|
| 1 | പന്നിക്കോട്ടുപാലം - ഓട്ടപ്പുനയ്ക്കൽ | PT | 1.40 | 8 | Ward 2, 3 | ഭാഗികം |
| 2 | ഈഴക്കുന്നേൽ - കൈതളാവ് | PT | 2.10 | 8 | 7, 2, 3 | ഭാഗികം |
| 3 | പാറപ്പാ - തണങ്ങുംപതി | PT | 70 | 8 | 4 | ഇല്ല |
| 4 | തെങ്ങമറ്റം - കാഞ്ഞിരം | PT | .150 | 8 | 4 | ഇല്ല |
| 5 | കുറിയന്നൂർ - രാജമറ്റം | PT | .450 | 8 | 4, 5 | ഇല്ല |
| 6 | കൊല്ലകുന്ന് - നെടുമറ്റം | PT | .40 | 6 | 6 | ഇല്ല |
| 7 | ഇരവുചിറ പോസ്റ്റാഫീസുപടി - കണ്ടോമറ്റം | PT | .150 | 5 | 6 | ഇല്ല |
| 8 | കൊണ്ടോടിപടി - എഴുത്ത്പള്ളി | PT | 1.774 | 8 | 6, 8 | ഇല്ല |
| 9 | പുളിക്കപ്പടവ് - വല്യമണ്ണിൽ | PT | .20 | 8 | 3 | ഇല്ല |
| 10 | താനാകുളം - പുതുശ്ശേരിപ്പള്ളി | PT | .25 | 5 | 7 | ഇല്ല |
| 11 | ചാക്കച്ചേരി - വലിയപള്ളി | PT | 1.10 | 8 | 8 | ഇല്ല |
| 12 | ഞാലിയാകുഴി - പരവൻകടവ് | PT | .200 | 5 | 8 | ഇല്ല |
| 13 | പിച്ചനാട്ടുകുളം - ആശാരികവല | PT | 1.250 | 6 | 8, 9 | ഇല്ല |
| 14 | പിച്ചനാട്ടുകുളം - കോളനിറോഡ് | PT | .250 | 5 | 9 | ഇല്ല |
| 15 | പുല്ലുകാട്ടുപടി - വാഴക്കാലാപ്പടി | PT | 1700 | 8 | 10 | ഭാഗികം |
| 16 | കുറുപ്പൻകുന്ന് - പള്ളിക്കടവ് | PT | 1.400 | 8 | 10 | ഇല്ല |
| 17 | പാലപ്പറമ്പിൽപടി - സെൻറ് ജോർജ് കവല | PT | 1.040 | 8 | 10 | ഇല്ല |
| 18 | ആശുപത്രിപടി - ജെറുസലേം മൗണ്ട് | PT | 1.200 | 7 | 10 | ഇല്ല |
| 19 | പരവൻപൊയ്ക - ഇടത്തറ | PT | .200 | 4 | 11 | ഇല്ല |
| 20 | സെൻറ് മേരീസ് പള്ളി - മൂരിക്കാട്ടുപടി | PT | .150 | 4 | 11 | ഇല്ല |
| 21 | കണ്ണൻചിറ - മുതുക്കുന്ന് | PT | .25 | 5 | 12 | ഇല്ല |
| 22 | കണ്ണുചിറ ലൈബ്രറി - കുറുമ്പനാട് | PT | 1.800 | 8 | 12 | ഇല്ല |

## നിലവിലുള്ള റോഡുകൾ

പട്ടിക 3

| വാർഡ് | മുൻഗണനാ ക്രമം | റോഡിൻെറ പേര് | മണ്ണ് റോഡ് ദൂരം KM | വീതി M | ടാർ ഭാഗം |
|---|---|---|---|---|---|
| I | 1 | കൊച്ചാലുമ്മൂട് - തൃക്കോതമംഗലം ക്ഷേത്രകവല | .680 | 5.00 | - |
| | 2 | പിടിക്കേപടി - നമ്പൂതിരിപ്പടി | .900 | 3.25 | - |
| | 3 | തൃക്കോതമംഗലം ഹൈസ്കൂൾ - പുതുശ്ശേരി Via - പോട്ടയ്ക്കാവേലി | 1.025 | 5.00 | - |
| | 4 | പാറാവേലി - മുതലകേരി | .250 | 3.25 | - |
| | 5 | പുതുശ്ശേരി - മണിയല | .400 | 3.25 | - |
| | 6 | തൃക്കോതമംഗലം ഹൈസ്കൂൾ - പാലക്കാലുങ്കൽ | .750 | 6.00 | - |
| | 7 | കൊട്ടാരത്തിൽകടവ് - തെക്കേപ്പറമ്പ് | .850 | 5.00 | - |
| | 8 | N.S.S. സ്കൂൾ - പറയകളം - ദയറാ | .450 | 3.25 | - |
| | 9 | നരിമറ്റം - വെച്ചുപ്പറമ്പ് | .850 | 3.25 | - |
| | 10 | തൃക്കോതമംഗലം ക്ഷേത്രകവല - ചിറയിൽ | .500 | 3.00 | - |
| | 11 | തൃക്കോതമംഗലം H.S. - പറയകുളം | .600 | 3.50 | - |
| | 12 | കാക്കാംപറമ്പ് - പാറക്കാട് | .400 | 3.00 | - |
| | 13 | കുനിയിൽപടി - വരകുകാല | .300 | 3.00 | - |
| | 14 | അഞ്ചാം മൈൽ - തേഴരുചിറ | .750 | 4.00 | - |
| II | 1 | അട്ടച്ചിറ - കാരിക്കുഴി | .850 | 5.50 | - |
| | 2 | കാടമുറി - തൃക്കോതമംഗലം L.P.S. | .900 | 8.00 | - |
| | 3 | കാരിക്കുഴി - പെരുവേലിപാലം | 1.000 | 6.00 | .200 |
| | 4 | അട്ടച്ചിറ - ഞാറമറ്റം | .300 | 4.00 | - |
| | 5 | S.N.D.P. പടി - ഇട്ടിമാണിക്കടവ് | .500 | 3.50 | - |
| | 6. | ഇട്ടിമാണിക്കടവ് - കോതകേരിപ്പടി | .450 | 3.00 | - |
| | 7 | തേവരുചിറ - കൊടുങ്കുളം | .650 | 4.00 | - |
| | 8 | പന്നിക്കോട്ടുപാലം - ഓട്ടപ്പുന്നയ്ക്കൽ | 000 | 8.00 | .400 |
| | 9 | കടമ്പനാട്ടുപടി - കൈതളാവ് | 690 | 3.00 | - |
| | 10 | പന്ത്രണ്ടാംകുഴി - അട്ടച്ചിറ | 900 | 4.00 | - |
| | 11 | നെല്ലിക്കക്കുന്ന് - ചെരിവുകുന്ന് - കളത്തിൽപടി | 670 | 3.00 | - |
| | 12 | അട്ടച്ചിറ - പരിയാരം S.N.D.P. | 735 | 6.5 | - |
| | 13 | തേവരുചിറ - ചരിവുകുന്ന് | 400 | 3.00 | - |
| | 14 | ഇട്ടുമാണിക്കടവ് - കോതകരിപ്പടി | 430 | 3.00 | - |

| | | | | | |
|---|---|---|---|---|---|
| | 15 | ഇട്ടുമാണിക്കടവ് - പാണുകുന്ന് via തിരുത്തിയില്ലം | 150 | 2.25 | - |
| | 16 | പാണുകുന്ന് - വട്ടുകളം റോഡ് | 400 | 3.00 | - |
| III | 1 | പുളിക്കപ്പടവ് - വല്യമണ്ണിൽ | 790 | 8.50 | 200 |
| | 2 | ഇരവുചിറ - ചക്കൻച്ചിറ - S.N.D.P. പടി | 1.100 | 5.40 | - |
| | 3 | പാലക്കുളം - പാക്കത്തുപടിറോഡ് | 700 | 3.20 | - |
| | 4 | പുളിക്കപ്പടവ് - കൃഷ്ണൻകോവിൽ, മേടകുന്ന് | 1.425 | 5.40 | - |
| | 5 | ചിറപ്പുറം - പേരുക്കുന്ന് റോഡ് | .720 | 3.10 | - |
| | 6 | കൈതളാവിൽ - കല്ലമ്പള്ളിൽ | .500 | 3.00 | - |
| | 7 | പേരുക്കുന്ന് - പുതുപ്പറമ്പ് | 350 | 3.00 | - |
| | 8 | പുത്തൻപുരപടി - മാത്തുർപടി - മുളക്കി | 350 | 3.25 | - |
| | 9 | പുളിക്കപ്പടവ് - കുഴിച്ചകണ്ടം | 470 | 5.40 | - |
| | 10 | ഇരവുചിറ - ചിറപ്പുറത്തുപടി - മേടക്കുന്ന് | 1.120 | 5.40 | - |
| | 11 | ഇന്ദിരാനഗർ - കരോട്ടുകൊടുവേലി | 650 | 5.40 | - |
| | 12 | ഓട്ടപ്പുന്നയ്ക്കൽ - ചക്കൻചിറ | 250 | 8.00 | - |
| IV | 1 | പാറപ്പ - തണങ്ങുംപതി | 950 | 8.00 | 750 |
| | 2 | കുരുവിക്കാട് - കൊണ്ടോടിപ്പടി | 900 | 5.00 | - |
| | 3 | അമ്പലപ്പടി - കക്കാട്ടുപടി | 2.050 | 4.80 | - |
| | 4 | തൈക്കാട് - തെങ്ങമറ്റം | 1.050 | 4.20 | - |
| | 5 | കുരശുപള്ളി - ഇളംകാവ് | .750 | 4.80 | - |
| | 6 | ചോതിരക്കുന്നേൽപടി - കുന്നത്തുപടി | .825 | 5.10 | - |
| | 7 | തണുങ്ങുംപതി - ആശ്രമപ്പടി | .340 | 3.20 | - |
| | 8 | തോട്ടയ്ക്കാട് കവല - തെക്കനാട്ടുപടി | .850 | 4.80 | - |
| | 9 | രാജമറ്റം - കുറിയന്നൂർ | .300 | 8.00 | .200 |
| | 10 | ഫാക്ടറിപടി - കൈതക്കടുപ്പ് | .600 | 3.20 | - |
| | 11 | തെക്കനാട്ടുപടി - തെക്കനാട്ടുപാലം | .300 | 3.60 | - |
| | 12 | കണ്ണൊഴുക്കത്ത്പടി - കുരുമ്പിക്കുളം | .450 | 3.60 | .200 |
| | 13 | കണ്ണൊഴുക്കത്ത് - തുണ്ടിയിൽപടി | .250 | 3.10 | - |
| | 14 | തെക്കേക്കര-മുകളേൽക്കുന്നേൽ ഹൈസ്കൂൾ റോഡ് | .600 | 4.20 | - |
| | 15 | പുതുക്കാട്ടുപടി - കുന്നത്തുപടി | .500 | 3.00 | - |
| | 16 | തെങ്ങമറ്റം - കാഞ്ഞിരം | .110 | 8.00 | .230 |
| V | 1 | തോട്ടയ്ക്കാട് ശിവക്ഷേത്രം - കക്കാട്ടുപടി | 1.300 | 4.80 | - |
| | 2 | വട്ടമല്ലി - C.S.I. പള്ളി | .800 | 4.20 | - |
| | 3 | തിയ്യാനി - തകടിപ്പുറം | .850 | 4.80 | - |
| | 4 | രാജമറ്റം മഠം - മണ്ണാൻകവല | .700 | 4.80 | - |

| | | | | | |
|---|---|---|---|---|---|
| | 5 | ഉമ്പിടി - ഊന്നുകല്ല് | .500 | 3.50 | - |
| | 6 | രാജമറ്റം - കുറിയന്നൂർ | 1100 | 8.00 | - |
| | 7 | R.K. പടി - പെരുമങ്ങാട് | .600 | 5.00 | - |
| | 8 | മറ്റത്തിൽപടി - വലിയപൊയ്ക | .500 | 5.00 | - |
| | 9 | മാടത്താനി - കല്ലുകുഴിറോഡ് | .600 | 4.80 | - |
| | 10 | രാജമറ്റം വായനശാല - പുതുവേലിപ്പടി | .400 | 3.60 | - |
| | 11 | കല്ലടപടി - വായനശാല | .500 | 4.80 | - |
| | 12 | കല്ലടപടി - ചിറയ്ക്കൽപടി | .800 | 4.80 | - |
| | 13 | തിയ്യാനി - പന്തപ്പാട് | .300 | 5.00 | - |
| VI | 1 | ഇരവുചിറ - കണ്ടാമറ്റം | .618 | 4.50 | .200 |
| | 2 | ഇരവുചിറ - വെള്ളുകുന്ന് | 1970 | 5.00 | - |
| | 3 | പീടികപ്പടി - കണ്ടാമറ്റം | .854 | 4.00 | - |
| | 4 | ചെത്തിമറ്റം കോളനി - കണ്ടാമറ്റം | 517.40 | 4.00 | - |
| | 5 | തെക്കേടം ഫാക്ടറി - ചെത്തിമറ്റം | 345.60 | 4.00 | - |
| | 6 | കല്ലുപറമ്പ് - കണ്ണൻചിറ - കണ്ണൻചിറ | .759 | 4.50 | - |
| | 7 | കൊണ്ടോടിപ്പടി - ഇന്ദിരാനഗർ | .574 | 3.00 | - |
| | 8 | ഇരവുചിറ - പൂനോലിക്കൽ | .555 | 4.00 | - |
| | 9 | പൂനോലിക്കൽപടി - പേരൂക്കുന്ന് | .314 | 3.00 | - |
| | 10 | പുളിക്കൽപടവ് - വെട്ടിത്താനം | 2025 | 3.00 | - |
| | 11 | വെട്ടിത്താനം - മലങ്കോട്ട | .376 | 3.00 | - |
| | 12 | കരിക്കണ്ടത്തിൽപടി - ശാന്തിനഗർ | .505 | 4.00 | - |
| | 13 | നെടുമറ്റം - കണ്ടാമറ്റം | .701 | 3.5 | - |
| | 14 | മലങ്കോട്ട - കണ്ടാമറ്റം | .525 | 3.5 | - |
| | 15 | കൊല്ലകുന്ന് - നെടുമറ്റം | 1.086 | 5.00 | - |
| | 16 | പൊയ്കയിൽപടി - വെട്ടിത്താനം | .520 | 3.5 | - |
| | 17 | ഇന്ദിരാനഗർ - ഇരവുചിറ | 1.144 | 4.00 | - |
| | 18 | വെള്ളുകുന്ന് - ആർ. കെ. പടി | 553 | 3.00 | - |
| | 19 | ശാന്തിനഗർ കോളനിയിലേക്കുള്ള റോഡ് | 189.6 | 5.00 | - |
| | 20 | മലങ്കോട്ട - കൊല്ലരേട്ടുമറ്റത്തിൽപടി റോഡ് | .200 | 3.00 | - |
| VII | 1 | തടത്തിൽ പൊയ്ക - ഈഴക്കുന്നേൽ | 1.000 | 5.5 | - |
| | 2 | പന്ത്രണ്ടാംകുഴി - അട്ടച്ചിറ | .900 | 5.5 | - |
| | 3 | കൊണ്ടോടിപടി - ഈഴക്കുന്നേൽ | .600 | 3.50 | - |
| | 4 | കക്കാംപറമ്പിൽപടി - കാരിക്കുഴി | .500 | 8.00 | - |
| | 5 | അട്ടച്ചിറ - ഇന്ദിരാനഗർ | .300 | 5.00 | - |

| | | | | | |
|---|---|---|---|---|---|
| | 6 | പന്ത്രണ്ടാംകുഴി - പുതുശ്ശേരി | .320 - 5.00 | | - |
| | 7 | ഞാലിയാകുഴി - C.S.I. പള്ളിറോഡ് | .060 | 3.00 | - |
| | 8 | പള്ളിക്കുന്ന് - കോളനിറോഡ് | 400 | 2.00 | - |
| | 9 | വലിയവീട്ടിൽപടി - പള്ളിക്കുന്ന് | .250 | 3.00 | - |
| | 10 | പാതിയപ്പള്ളി - ചേന്നങ്ങാട് | .150 | 3.00 | - |
| | 11 | പഞ്ചായത്തുവക മൂലേപുരയിടം റോഡ് | .30 | 1.25 | - |
| VIII | 1 | ചക്കുങ്കൽപടി - വേങ്ങമൂട്ടിൽപടി | 1.040 | 4.50 | - |
| | 2 | വാകത്താനം - പോസ്റ്റോഫീസ് ഉദിക്കൽ | .715 | 3.50 | - |
| | 3 | ഉദിക്കൽ കവല - കാട്ടിൽകടവ് | .460 | 3.50 | - |
| | 4 | ഉണ്ണാമറ്റംകവല - ശാസ്താംകാവ് അമ്പലം | .560 | 4.50 | - |
| | 5 | പോളച്ചിറ - കൂവക്കട | .350 | 3.50 | - |
| | 6 | ഞാലിയാകുഴി - പരവൻകടവ് | 1.560 | 4.00 | - |
| | 7 | വിലങ്ങുപാറ - കൂവക്കട | .840 | 4.50 | - |
| | 8 | കാക്കാമ്പറമ്പുപടി - ആശ്രമം | .170 | 4.00 | - |
| | 9 | പോസ്റ്റോഫീസ് - കരപ്പാറക്കടവ് | .400 | 4.00 | - |
| | 10 | പേഴുംമൂട്ടിൽപടി - തട്ടിൻപുറംകുന്ന് | .200 | 2.00 | - |
| | 11 | നല്ലൂപ്പടി - പാട്ടത്തിൽപടി | .180 | 2.50 | - |
| | 12 | ശാസ്താക്ഷേത്രം - കണിയാങ്കടവുപാടം | .100 | 2.50 | - |
| | 13 | കാക്കാംപറമ്പിൽപടി - ദയറാറോഡ് | .250 | 5.00 | - |
| | 14 | വെട്ടിക്കലുങ്ക് - പാണ്ടൻചിറ | .700 | 5.00 | - |
| | 15 | ഊന്നുകല്ല് - മൃഗാശുപത്രിപടി | .924 | 6.50 | - |
| | 16 | തൊമ്മിക്കവല - ഊന്നുകല്ല് | .650 | 5.50 | - |
| | 17 | ചിറയിൽപടി - പാറയ്ക്കപ്പടി | 1250 | 5.50 | - |
| | 18 | ആലപ്പാട്ടുമുക്ക് - തൊമ്മിക്കവല | .480 | 4.50 | - |
| | 19 | പിച്ചനാട്ടുകുളം - ആശാരിക്കവല | .700 | 8.00 | - |
| | 20 | പുത്തൻപുരയ്ക്കൽപടി - മാർത്തോമാപള്ളി | .700 | 4.00 | - |
| | 21 | വാണിയംപറമ്പിൽപടി - ആലപ്പാട്ടുമുക്ക് | .700 | 4.00 | - |
| | 22 | മുളന്താനത്തുകുഴി - പാലമൂട്ടിൽപടി | .450 | 3.50 | - |
| | 22 | മുളന്താനത്തുകുഴി - കോട്ടപ്പുറം (ലിജ്) | 200 | 3.5 | - |
| | 24 | ഊണ്ണാമറ്റം - പാണുകുന്ന് സെറ്റിൽമെൻറ് കോളനി | .650 | 4.50 | - |
| | 25 | വില്ലേജ് ഓഫീസ് - ചാക്കച്ചേരിമുക്ക് | .350 | 4.00 | - |
| X | 1 | ജറുസലേംമൗണ്ട് - സെൻറ് ജോർജ്കവല | 1.000 | 4.20 | - |
| | 2 | വെള്ളത്തടം - ഉപ്പൻകുന്ന് | .225 | 3.20 | - |
| | 3 | M.D.U.P. സ്കൂൾ - കൈതയിൽ | .350 | 3.20 | - |

| | | | | | |
|---|---|---|---|---|---|
| | 4 | കോയിപ്പുറം - മൈലക്കാട്ടുപടി | .475 | 3.00 | - |
| | 5 | ചൊരിക്കൻപാറ - വാകത്താനം വലിയപള്ളി | 1.100 | 4.00 | |
| | 6 | പള്ളത്തറ - വെട്ടികലുങ്ക് | .780 | 4.00 | |
| | 7 | വാഴക്കാലാപടി - പള്ളത്തറകവല | .750 | 3.00 | |
| | 8 | വാഴക്കാലാപടി - കൊച്ചുപുല്ലുകാട് via മുണ്ടൻപടവം | .920 | 3.20 | |
| | 9 | ചിറത്തലാടുപള്ളി - മൂലയിൽകടവ് | .220 | 3.00 | |
| | 10 | പണിക്കശ്ശേരി - കൂടൻപറമ്പിൽപടി | .200 | 3.20 | |
| | 11 | കൂർക്കക്കാലപടി - ഒറ്റപ്ലാക്കൽപടി | .175 | 3.00 | |
| | 12 | വല്ലേരിൽകവല - പൂവാടികടവ് | .300 | 3.20 | |
| | 13 | കറുപ്പൻകവല - മരോട്ടികുന്ന് | .225 | 3.00 | |
| | 14 | വെള്ളത്തടം - കണ്ണൻചിറ | .400 | 3.20 | |
| | 15 | പാലപ്പറമ്പിൽപടി - സെൻറ് ജോർജ്കവല | | 8.00 | 1.040 |
| | 16 | ജറുസലേംമൗണ്ട് - ആശുപത്രിപടി | | 7 | 1.200 |
| | 17 | പുല്ലുകാട്ടുപടി -വാഴക്കാലാപടി (via)-കുറുപ്പൻകുന്ന് | | 8.00 | 1.700 |
| | 18 | പള്ളിക്കടവ് - പുളിച്ചാക്കൽ | .310 | 8.00 | |
| | 19 | കുറുപ്പൻകുന്ന് - പള്ളിക്കടവ് | | 8.00 | 1.400 |
| | 20 | പുല്ലുകാട്ടുപടി -പുളിച്ചാക്കൽ (via) ചൊരിക്കൻപാറ | | 2.200 | 4.50 |
| | 21 | സെൻറ് പോൾസ് - കൊച്ചിരാംപടി (via)പമ്പുഹൗസ് | | .150 | 300 |
| XI | 1 | സെൻറ് മേരീസ്പള്ളി - മുരിക്കാട്ടുപടി | .560 | 4.00 | 100 |
| | 2 | കടുവാക്കുഴി - കണ്ണഞ്ചിറ | 1.000 | 4.00 | |
| | 3 | കണ്ണൻചിറ - കരിപ്പാൽപാടം | .300 | 4.00 | |
| | 4 | നാലുന്നാക്കൽ - മണിയംപടവം പാടശേഖരം | .325 | 3.50 | |
| | 5 | പുത്തൻചന്ത - കാളികാവ് | .550 | 4.00 | |
| | 6 | കടുവാക്കുഴി - താന്നിക്കുന്നേൽ | .705 | 3.50 | |
| | 7 | വേങ്ങമൂട്ടിപ്പടി - പടിക്കൽകടവ് | .250 | 3.50 | |
| | 8 | സെൻറ് മേരീസ്പള്ളി - മുരിക്കാട്ടുപടി | .660 | 4.00 | |
| | 9 | റെമ്മിപടി - പൊയ്യക്കാലാറോഡ് | .500 | 3.00 | |
| XII | 1 | ബാങ്കുപടി - CMS L.P. സ്കൂൾ നാലുന്നാക്കൽ | .900 | 4.00 | |
| | 2 | പാണ്ടഞ്ചിറ - കരിക്കണ്ടം കുരിശ് | 1.000 | 5.00 | |
| | 3 | വെട്ടിക്കുന്നപള്ളി - പൊടുച്ചിറ ജംഗ്ഷൻ | .700 | 6.00 | |
| | 4 | നാങ്കുളം - പമ്പുഹൗസ് | .600 | 4.00 | |
| | 5 | പൊങ്ങന്താനംപള്ളി - വലിയപറമ്പിൽപടി | .400 | 4.00 | |
| | 6 | കൂനമ്പാമ്മൂട്ടിൽപടി - വെട്ടിക്കുന്നുപള്ളി | .400 | 4.00 | |
| | 7 | പാണ്ടൻചിറ - നാങ്കുളം (വാലക്കുന്ന്) | .800 | 4.00 | |

| | | | | |
|---|---|---|---|---|
| 8 | ഊന്നുകല്ല് - പിച്ചനാട്ടുകുളം | .650 | 4.00 | |
| 9 | പാലച്ചുവട് - മുക്കട | .700 | 5.00 | |
| 10 | പാലച്ചുവട് - മുതുകുന്ന് | 1.150 | 5.00 | |
| 11 | കണ്ണഞ്ചിറ - മുതുകുന്ന് | .500 | 5.00 | |
| 12 | കണ്ണഞ്ചിറ - ലൈബ്രറികവല - കുറുമ്പനാടം | 1.800 | 8.00 | |
| 13 | കൂനമ്മാമ്മൂട്ടിൽപടി - പുന്നശ്ശേരികുന്ന് | .250 | 4.00 | |

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| | | |
|---|---|---|
| 1 | പുളിമൂട്ടിൽപടി - കട്ടത്തറപടി | Ward I |
| 2 | വലിയവീട്ടിൽപടി - കിഴക്കേക്കുറ്റ്പടി | Ward II |
| 3 | തേവരുചിറ - ചെരിവുകുന്ന് - അട്ടച്ചിറ | ,, |
| 4 | വല്യമണ്ണിൽ - അമയപ്പാടം - കൈതളാവ് | Ward III |
| 5 | മേടക്കുന്നേൽപടി - കയ്യാലത്തുപടി റോഡ് | ,, |
| 6 | കൊച്ചുവീട്ടിൽപടി - കുരുതിയാക്കൽ | Ward IV |
| 7 | മൂക്കാട്ടുഭാഗം - കുരുതികാമൻകാവ് ക്ഷേത്രം | ,, |
| 8 | വെളാപ്പള്ളി - കാവുങ്കൽപടി | ,, |
| 9 | പുത്തൻപുര - മാത്തുപടി - അറുപറപാലം | ,, |
| 10 | വല്യമണ്ണിൽ - കൊല്ലകുന്ന് | Ward IV |
| 11 | ഹൈസ്കൂൾപടി - മുകളേൽ കുന്നേൽ | ,, |
| 12 | പീടികപടി - എഴുവന്താനം | Ward V |
| 13 | എഴുവന്താനം - രാജമറ്റം | ,, |
| 14 | നെടുമറ്റം - വട്ടമല്ലി | Ward VI |
| 15 | C.S.I. പള്ളി - പറക്കാടൻകുന്ന് | Ward VII |
| 16 | വിലങ്ങൻപാറപടി - പിമ്പനാട്ടുകുളം കോളനി | Ward VIII |
| 17 | പാലക്കോട്ടുചിറ - കിഴക്കേമഠം | ,, |
| 18 | പേഴുംമൂട്ടിൽപടി - മൂലയിൽ | ,, |
| 19 | പിച്ചനാട്ടുകുളം കോളനി - P.W.D. റോഡ് | IX |
| 20 | ചിറയിൽപടി - പാറക്കപ്പടി | ,, |
| 21 | വില്ലേജ് ഓഫീസ് - മാളികപ്പടി കോളനി | ,, |
| 22 | വാണിയംപറമ്പിൽപടി - ആലപ്പാട് - തൊമ്മികവല | ,, |
| 23 | മുടിത്താനം - നാങ്കുളം | ,, |
| 24 | പീടികപ്പടി - മൃഗാശുപത്രി റോഡ് | ,, |
| 25 | പണിക്കശേരി - കൂടംപറമ്പ് - വെള്ളത്തടം | Ward X |
| 26 | സെൻറ് പോൾസ് മിഷ്യൻപള്ളി - കൊച്ചിരാംപടി (പമ്പുഹൗസ് വഴി) | ,, |
| 27 | പേഴുമൂട്ടിൽപടി - കോയിപ്പുറം പാലം | ,, |
| 28 | കുറുപ്പൻകവല - കൊച്ചിരാംപടി | ,, |
| 29 | പടിയറ - വലിയപറമ്പ് | XII |

# ഊർജ്ജം

വികസനത്തിന്റെ അടിസ്ഥാനശിലകളിൽ പ്രഥമസ്ഥാനം ഊർജ്ജ ഉറവിടങ്ങൾക്കുള്ളതാണ്. ഈ മേഖലയിൽ നാം അഭിമുഖീകരിക്കുന്ന പ്രഥമ പ്രശ്നവും ഊർജ്ജപ്രതിസന്ധിയാണ്. ജനജീവിതത്തിന്റെ എല്ലാതുറകളിലേക്കും കടന്നുചെല്ലുന്ന ഈ പ്രശ്നങ്ങൾക്ക് കേന്ദ്രീകരണ ആസൂത്രണങ്ങൾക്കു പരിഹാരം പൂർണ്ണമായി കണ്ടെത്തുന്നതിനു കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിൽ കഴിയാതെ പോയിട്ടുണ്ട്. വികേന്ദ്രീകരണാസൂത്രത്തിലൂന്നിയ ഊർജ്ജനയങ്ങൾ രൂപീകരിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്താലേ ഈ മേഖല സന്തുലിതാവസ്ഥ കൈവരിക്കുകയുള്ളൂ. അടുക്കള മുതൽ വൻ വ്യവയായ ശാലകളിൽവരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനും ബോധവത്ക്കരണം ആവശ്യമായിട്ടുണ്ട്.

പുരാതന കാലത്ത് വിറകിനും കൽക്കരിക്കും ഉണ്ടായിരുന്ന സ്ഥാനം ഇന്ന് വൈദ്യുതിക്കും പെട്രോളിനും പെട്രോളിയം ഉല്പന്നങ്ങൾക്കും വഴി മാറിക്കൊടുത്തിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസരണമായി ഊർജ്ജസ്രോതസ്സുകൾ വർദ്ധിക്കാത്തതുമൂലം കടുത്ത ഊർജ്ജ പ്രതിസന്ധിയെ ജനജീവിതം നേരിടുന്നു. സമഗ്ര വികസനത്തിലേക്കുള്ള ശ്രമത്തിൽ ഊർജ്ജ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും ശ്രോതസ്സുകളേയുംപറ്റി അടിസ്ഥാനതലം മുതലുള്ള വിശകലനങ്ങളും വിലയിരുത്തലുകളും ആവശ്യമായിരിക്കുന്നു.

## വൈദ്യുതി

വാകത്താനം പഞ്ചായത്ത് പ്രദേശം പള്ളം, ചങ്ങനാശ്ശേരി എന്നീ ഇലക്ട്രിക്കൽ ഡിവിഷനുകളിലുള്ള പുതുപ്പള്ളി മേജർ സെക്ഷൻ, വാകത്താനം സെക്ഷൻ, തെങ്ങണാ സെക്ഷൻ എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

വാകത്താനം പഞ്ചായത്തിൽ 3 ഭാഗികം, 4, 5, 6 ഭാഗം എന്നീ വാർഡുകൾ പുതുപ്പള്ളി മേജർ സെക്ഷനു കീഴിലും 1, 2, 3 ഭാഗം, 6 ഭാഗം, 7, 8, 9, 10, 11 ഭാഗികം 12 എന്നീ വാർഡുകൾ വാകത്താനം സെക്ഷനു കീഴിലും 11-ാം വാർഡു ഭാഗികം തെങ്ങണ സെക്ഷനു കീഴിലും ഉൾപ്പെട്ടിരിക്കുന്നു. പാമ്പാടി, പൂവൻതുരുത്ത്, ചെത്തിപ്പുഴ എന്നീ സബ്സ്റ്റേഷനുകളിൽനിന്നാണ് വൈദ്യുതി വിതരണം നടത്തുന്നത്.

ഇപ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ ഭൂരിഭാഗം നിലവിലുള്ള ആവശ്യം നിറവേറ്റാൻ തക്കവണ്ണം ശേഷിയുള്ളവയല്ല. ആയതിനാൽ പല മേഖലകളിലും വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ 85% വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1 വോൾട്ടേജ് ക്ഷാമം
2 പ്രസരണ നഷ്ടം
3 അശാസ്ത്രീയമായ വൈദ്യുത ചാർജ്ജ് ഈടാക്കൽ
4 വഴിവിളക്കുകൾ പ്രകാശിപ്പിക്കാതിരിക്കുന്നു
5 അസ്ഥാനത്തുള്ള വിതരണ തടസ്സം
6 ട്രാൻസ്ഫോർമറുകളുടെ ശേഷിക്കുറവ്
7 ഉദ്യോഗസ്ഥ കെടുകാര്യസ്ഥത, അഴിമതി
8 അശാസ്ത്രീയമായ വൈദ്യുത ലൈനുകളുടെ സ്ഥാപനം
9 ഗുണ നിലവാരം കുറഞ്ഞ വൈദ്യുത സാധനങ്ങൾ
10 സ്റ്റെപ്-അപ്പിന്റെ വ്യാപകമായ ഉപയോഗം

11 അത്യന്ത ഉപയോഗത്തെക്കുറിച്ചുള്ള ബോധ മില്ലായ്മ

12 വയറിംഗ് നടത്തിയിട്ടും വൈദ്യുതി ലഭിക്കുന്ന തിനുള്ള വർഷങ്ങളായുള്ള കാത്തിരിപ്പ്

13 വൈദ്യുതി ലഭിക്കുന്നതിൽ പോസ്റ്റുകൾ ആവ ശ്യമായ സാധാരണക്കാരൻ പോസ്റ്റിനുവേണ്ടി അടയ്ക്കേണ്ടിവരുന്ന ഭീമമായ തുക

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

**Ward - I**

1 ഹൈസ്കൂൾ പടിക്കൽ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാ പിക്കുക. ഗവ. എൽ.പി.എസിനു താഴെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

2 H.S. ജംഗ്ഷൻ - പാലക്കാലുങ്കൽ, H.S ജംഗ്ഷൻ - പുതുശ്ശേരി, പാറാവേലി - മണിമല റോഡുകളിൽ വേപ്പർ ലാമ്പ് സ്ഥാ പിക്കുക. തൃക്കേൽപ്പുരയ്ക്കൽ ഭാഗത്ത് 12 വീടുകൾക്ക് വൈദ്യുതി എത്തിക്കുക.

3 ചിറപ്പുറം - പറയകുളം റോഡ്സൈഡുക ളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. പാലക്കാലുങ്കൽ വെച്ചൂപ്പറമ്പ് റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

**Ward - II**

1 കാടമുറി ട്രാൻസ്ഫോർമർ പവ്വർകൂട്ടി വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

2 ചക്കഞ്ചിറ പ്രദേശത്ത് വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ

Transformer സ്ഥാപിച്ച് 3 ഫെയിസ് ലൈൻ വലിക്കുക.

3 രണ്ടാം വാർഡിൽ പ്രത്യേകിച്ച് അട്ടച്ചിറ - പന്ത്രണ്ടാംകുഴി റോഡുനടുവിൽ നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക.

4 പുത്തൻപുര പടിയിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

5 അട്ടച്ചിറ, ഇന്ദിരാ നഗർ കവലകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

6 ഈഴക്കുന്നേൽ - ചക്കഞ്ചിറ റോഡിൽ 3 ഫെയിസ് ലൈൻ വലിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. കേടുവന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

**Ward - III**

1 ചെത്തിക്കുളം - അംഗൻവാടി റോഡ് സൈഡി ലുള്ള അംഗൻവാടിക്കും, മംഗളം കലാസാ ഹിത്യവേദിക്കും, 15-ൽ പരം വീട്ടുകാർക്കും വൈദ്യുതി കിട്ടുന്നതിന് നടപടികൾ ഉണ്ടാക്കുക.

2 പുളിക്കപ്പടവ് - വല്യമണ്ണിൽ, പുത്തൻപുര - വാത്തൂർപടി, കൊടുവേലി - പേരുക്കുന്ന് ഈ റോഡുകളിൽ വഴിവിളക്കുകൾ സ്ഥാ പിക്കുക.

3 പേരുക്കുന്ന് ഭാഗത്ത് വൈദ്യുതി എത്തിക്കുക.

4 പാലക്കുളം - മേടക്കുന്ന് ഭാഗത്ത് വൈദ്യുതി എത്തിക്കുക.

5 കയ്യാലാത്ത്, മേടക്കുന്ന്, അമയപ്പാടം, പുളിക്ക പ്പടവ്, മാത്തൂർഭാഗം എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

**Ward - IV**

1 പാറപ്പാ - തണങ്ങുംപതി, കുരുവിക്കാട് - കൊണ്ടാടിപ്പടി എന്നിവിടങ്ങളിൽ street light കൾ സ്ഥാപിക്കുക.

2 തെക്കനാട്ടുപടി ട്രാൻസ്ഫോർമർ പവ്വർ ഉയർത്തി സ്ഥാപിക്കുക.

3 പാറപ്പാ - തണങ്ങുംപതി, കുറിയന്നൂർ - ചേലമറ്റംപടി റോഡ് എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നട പടികൾ സ്വീകരിക്കുക.

4 തോട്ടയ്ക്കാട് (വാകത്താനം പഞ്ചായത്ത്) കേന്ദ്രീകരിച്ച് പുതിയ ഇലക്ട്രിക്കൽ സെക് ഷൻ അനുവദിക്കുക.

5 സോഡിയം വേപ്പർ ലാമ്പ് സ്പോൺസർചെ യ്യിച്ചു കവലകളിൽ സ്ഥാപിക്കുക.

6 പാറപ്പാ, ചാക്കുന്നിൽ കരോട്ട്, കുറിയന്നൂർ ഭാഗങ്ങളിലെ വീടുകളിലേക്കുള്ള സർവ്വീസ് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

**Ward - VI**

1 വെള്ളൂകുന്ന് കോളനിയിൽ വൈദ്യുതി എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുക, വാർഡിൽ വോൾട്ടേജ് ക്ഷാമം രൂക്ഷം.

2 നെടുമറ്റം ഭാഗത്ത് വൈദ്യുതി എത്തിക്കുക.

3 പഞ്ചായത്ത് റോഡുകളിൽ മുഴുവൻ street light സ്ഥാപിക്കുക.

4 സോളാർ വൈദ്യുത ദീപങ്ങൾ സ്ഥാപിക്കുക.

5 സമൃദ്ധ - വെള്ളുകുന്ന് റോഡിൽ ഇലക്ട്രിക് ലൈൻ വലിക്കുക.

6 പഴകിദ്രവിച്ച ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

7 പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് സ്വകാര്യ വസ്തുവിൽക്കൂടി വലിച്ചിരിക്കുന്ന ഇലക്ട്രിക് ലൈനുകൾ പഞ്ചായത്ത് റോഡിലേക്ക് മാറ്റിസ്ഥാപിക്കുക.

**Ward - VII**

1 പള്ളിക്കുന്ന്, പന്ത്രണ്ടാംകുഴി, പുതുശ്ശേരി ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2 ഞാലിയാകുഴി കവലയിൽ സോഡിയം വേപ്പർ ലാംമ്പ് സ്ഥാപിക്കുക.

**Ward - VIII**

1 മൂലേക്കുഴി ഭാഗത്ത് 16 വീട്ടിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടുയുള്ളവരാണ് താമസക്കാർ.

2 തട്ടുംപുറത്തുകുന്നിൽ വീടുകളിൽ വൈദ്യുതി എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

3 കണ്ടാമറ്റത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

4 വിലങ്ങൻപാറ - കൂവക്കട, ഉണ്ണാമറ്റം - ശാസ്താക്ഷേത്രം-നാട്ടുവാ, തട്ടുംപുറത്തുകുന്ന്, പോസ്റ്റോഫീസ് - ഉദിക്കൽ, എന്നീ റോഡുകളിൽ street light സ്ഥാപിക്കുക.

5 പനക്കൽ കാവ് ക്ഷേത്രം, ആശുപത്രി-ചോരിക്കൻപാറ, ചെന്നീ റോഡുകളിൽ street light സ്ഥാപിക്കുക.

**Ward - X**

1 കിളിരുക്കുന്ന് ഭാഗത്ത് 15 വീടുകളിൽ വൈദ്യുതി ഇല്ല. വയറിംഗ് നടത്തി നാളുകളായി കണക്ഷനുവേണ്ടി കാത്തിരിക്കുന്നു.

2 Street light പ്രകാശിപ്പിക്കണം.

3 എല്ലാ പഞ്ചായത്ത് റോഡുകളിലും street light സ്ഥാപിക്കുക.

**Ward - XI**

1 എല്ലാ ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

2 പിച്ചനാട്ടുകുളം - ആശാരിക്കുന്ന് റോഡ്, മാർത്തോമ്മാപള്ളി റോഡ്, ഉണ്ണാമറ്റം സെറ്റിൽമെൻറ് കോളനി എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

3 വയറിംഗ് നടത്തിയിട്ടുള്ള മുളന്താനത്തുകുഴി ഭാഗത്തെ അപേക്ഷകർക്ക് കണക്ഷൻ നല്കുക.

**Ward - XI**

1 കടുവാക്കുഴി - കണ്ണഞ്ചിറ, കടുവാക്കുഴി - താന്നിക്കുന്ന്, മൂരിക്കാട്ടുപടി - St. Mary'sപടി, കാളിക്കടവ് - പുത്തൻചന്ത, മാളിക കടവ് - സെൻറ്. ജോർജ്ജ് കുരിശുപള്ളി എന്നീ റോഡുകളിൽ street light സ്ഥാപിക്കുക.

2 ഇടത്തറക്കടവ് - പാറപ്പാട്ടുപടി ഭാഗത്ത് വോൾട്ടേജുക്ഷാമം പരിഹരിക്കുക.

**Ward - XII**

1 പന്നിത്തടം, മുതുകുന്ന്, കണ്ണൻചിറ, പൊങ്ങന്താനം, കരിക്കണ്ടം കുരിശ്, മുക്കാലിഭാഗം,CMSLPS ഭാഗം, പോട്ടച്ചിറഭാഗം പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2 വെട്ടിക്കുന്ന് - പോട്ടച്ചിറ റോഡ്, L.P സ്ക്കൂൾ - ബാങ്കുപടി റോഡ്, കണ്ണൻചിറ - പന്നിത്തടം എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

3 നിലവിലുള്ള വഴിവിളക്കുകൾ കത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

## വൈദ്യുത കണക്ഷനുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ

| സബ്-സ്റ്റേഷൻ | ഡിവിഷൻ | മേജർ സെക്ഷൻ | ട്രാൻസ് ഫോർമറുകൾ | ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം |
|---|---|---|---|---|---|---|---|
| പാമ്പാടി | പള്ളം | പുതുപ്പള്ളി | 7 | 1350 | 168 | 32 | 23 |
| പൂവൻതുരുത്ത്, ചെത്തിപ്പുഴ | പള്ളം | വാകത്താനം | 14 | 5358 | 460 | 156 | 85 |
| ചെത്തിപ്പുഴ | ചങ്ങനാശ്ശേരി | തെങ്ങണാ | 1 | 50 | 2 | 2 | 3 |

## തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ 1995-96

### വിളക്കുകളുടെ എണ്ണം

| വാർഡ് I | ഫ്ളൂ റ്റ്യൂബ് II | ബൾബ് III | ആകെ IV |
|---|---|---|---|
| I | 11 | 82 | 93 |
| II | 3 | 77 | 80 |
| III | 2 | 36 | 38 |
| IV | 11 | 75 | 86 |
| V | 6 | 41 | 47 |
| VI | 9 | 45 | 54 |
| VII | 5 | 90 | 95 |
| VIII | 17 | 105 | 122 |
| IX | 12 | 79 | 91 |
| X | 14 | 94 | 108 |
| XI | 12 | 80 | 92 |
| XII | 12 | 86 | 98 |
| ആകെ | 114 | 890 | 1004 |

തെരുവുവിളക്ക് വൈദ്യുതിചാർജ്ജിനത്തിൽ തൻവർഷം ചിലവഴിച്ച തുക : 208891.20 രൂപ.

## നിർദ്ദേശങ്ങൾ

1 പ്രസരണ നഷ്ടം ഒഴിവാക്കുന്നതിലേക്ക് ലൈൻക്ളിയറിംഗ് സമയാസമയങ്ങളിൽ നടത്തുക ലൈനുകൾ കഴിവതും പഞ്ചായത്തു റോഡുകളിൽകൂടി വലിക്കുക പോസ്റ്റിട്ടു ലൈനുകൾ വലിക്കുന്നതിനു പകരം കേബിൾ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

2 ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കുന്നതിലേക്ക് സെൽഫ് ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുക.

3 വഴിവിളക്കുകളിലെ ഫ്യൂസാകുന്ന ബൾബു കളും ട്യൂബുകളും യഥാസമയം മാറുന്നതി ലേക്ക് ടി സാധനങ്ങൾ വാങ്ങുന്നതിന് പഞ്ചാ യത്തുകളെ ഏല്പിക്കുകയും, ലൈൻമാൻമാ രുടെ സേവനം ഇതിലേക്ക് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ വിട്ടുകൊടുക്കുകയും ചെയ്യുക.

4 അനിയന്ത്രിതവും, അസ്ഥാനത്തുള്ളതുമായ വിതരണ തടസ്സങ്ങൾ ഒഴിവാക്കുക.

5 ശേഷി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാ പിക്കുക.

6 ഗുണനിലവാരമുള്ള വൈദ്യുത സാധനങ്ങൾ (ISI) ബൾബ്, ട്യൂബ് എന്നിവ ഉപയോ ഗിക്കുന്നതിന് നടപടിയെടുക്കുക.

7 സ്റ്റെപ്പ് അപ്പുകളുടെ അമിത ഉപയോഗം നിയന്ത്രിക്കുക.

8 തോട്ടയ്ക്കാട് കേന്ദ്രമാക്കി സബ്സ്റ്റേഷൻ ആരംഭിക്കുക. നെടുങ്കുന്നം, കറുകച്ചാൽ, വാകത്താനം, മാടപ്പള്ളി, പുതുപ്പള്ളി എന്നീ പഞ്ചായത്തുകൾക്ക് വളരെ സഹായകമാണ്. പഞ്ചായത്ത് ഈ ആവശ്യത്തിന് സ്ഥലം ലഭ്യമാക്കുക.

9 കൂടുതലായും വിറകും, വൈദ്യുതിയും ഉപ യോഗിക്കുന്ന പഞ്ചായത്തിലെ ആൾക്കാരെ കണ്ടെത്തി ക്ഷമത കൂടിയ അടുപ്പുകൾ, സൗരോർജ്ജ അടുപ്പുകൾ എന്നിവ സൗജന്യ നിരക്കിൽ പഞ്ചായത്തിൽനിന്നും ലഭ്യമാക്കാ നുള്ള നടപടി സ്വീകരിക്കുക.

10 ഹോട്ടലുകൾ ആശുപത്രികൾ എന്നിവിടങ്ങ ളിൽ സൗരോർജ്ജ അടുപ്പുകൾ നിർബന്ധ മാക്കുക.

11 നിശ്ചിത വരുമാനത്തിൽ കുറവുള്ള സാധാര ണക്കാർക്ക് സൗജന്യനിരക്കിൽ പോസ്റ്റു കൾ ലഭ്യമാക്കുക (കണക്ഷൻ).

പരിമിതമായ ഊർജ്ജ സ്രോതസ്സുകളും വർദ്ധി ച്ചുവരുന്ന ഉപയോഗവും ഇന്നുപ്രശ്നം സങ്കീർണ്ണ മാക്കിയിരിക്കുകയാണ്.

ഒരു യൂണിറ്റ് ഊർജ്ജം ഉല്പാദിപ്പിക്കുന്നതി നേക്കാൾ നല്ലതു ഒരു യൂണിറ്റ് ലഭിക്കുക എന്ന താണ്. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ പുതിയ വികസനപ്രക്രിയകളോടൊപ്പം ഉല്പാദിപ്പിക്ക പ്പെടുന്ന ഊർജ്ജം സേയ്വ് ചെയ്യാനും തയ്യാ റായി വികസനത്തിന് മുതൽകൂട്ടാക്കാൻ കഴിയട്ടെ.



PANCHAYAT SHOPPING COMPLEX

# മാർക്കറ്റ്

കാർഷിക മേഖലയായ വാകത്താനം പഞ്ചായത്തിൽ മാർക്കറ്റുകൾക്ക് വളരെ പ്രസക്തി ഉണ്ടായിരുന്നു. ഇന്ന് മുഖ്യവിള റബ്ബർ ആയതിനാൽ ഇതിന് കുറച്ചൊക്കെ മാറ്റം സംഭവിച്ചിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ വളരെ വർദ്ധിച്ചിട്ടുള്ളതിനാൽ കോട്ടയം - ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലേക്ക് കർഷകർ കാർഷിക വിളകൾ കൊണ്ടുപോകുന്നു. പഴയകാലത്ത് നിരവധി ആഴ്ച ചന്തകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ പ്രധാനപ്പെട്ട മാർക്കറ്റ് പുത്തൻ ചന്ത ആയിരുന്നു. ഇപ്പോൾ വാകത്താനം, പുത്തൻ ചന്ത എന്നീ പഞ്ചായത്തുവക മാർക്കറ്റുകളും തോട്ടയ്ക്കാട് സ്വകാര്യ മാർക്കറ്റും നിലവിലുണ്ട്. എന്നാൽ ഇവ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതിനാൽ പണത്തിന്റെ ഒഴുക്ക് വഴിമാറിപ്പോകുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിന് കർഷകർ വിധേയരാകുന്നതിനും ഇടയാകുന്നു. 50 സെൻറ് സ്ഥലമുണ്ടായിരുന്ന വാകത്താനം മാർക്കറ്റ്, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സും ബസ്റ്റാൻറുമായി മാറ്റുകയാണ്. ആയതിനാൽ അടിയന്തിരമായി മാർക്കറ്റ് മാറ്റി സ്ഥാപിക്കേണ്ടതിനുള്ള നടപടി ഉണ്ടാകണം. പച്ചക്കറിച്ചന്ത, മത്സ്യമാംസ ചന്തകൾ, ആധുനിക അറവുശാല, ചരക്കുവാഹനങ്ങൾക്കു പാർക്കുചെയ്യുവാനുള്ള സ്റ്റാൻഡ് തുടങ്ങിയവ മാർക്കറ്റിനോടൊപ്പം സ്ഥാപിക്കാവുന്നതാണ്. തോട്ടയ്ക്കാട്ടും ആധുനിക അറവുശാല സ്ഥാപിക്കേണ്ടതാണ്. പൊങ്ങന്താനം, തോട്ടയ്ക്കാട്, തൃക്കോതമംഗലം, പരിയാരം, പുത്തൻചന്ത എന്നിവിടങ്ങളിൽ പച്ചക്കറി സംഭരണകേന്ദ്രങ്ങൾ കർഷകരുടെ സഹകരണത്തോടെ ആരംഭിച്ച് വിളകൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്. തോട്ടയ്ക്കാട്ട് പൊതു മാർക്കറ്റിനുള്ള സ്ഥലം വാങ്ങി പച്ചക്കറി, മത്സ്യമാംസ ചന്തകൾ നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് വിപണന സൗകര്യം ഇല്ലാത്തതിനാൽ പാലിന് ന്യായമായ വില ലഭിക്കുന്നില്ല. പഞ്ചായത്തടിസ്ഥാനത്തിൽ പാൽ സംഭരണകേന്ദ്രം ആരംഭിച്ചാൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത മാർക്കറ്റ് കണ്ടുപിടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നേരത്തേ തൃക്കോതമംഗലം ശിവക്ഷേത്രത്തിനടുത്തായി ഒരു ആഴ്ച ചന്ത ഉണ്ടായിരുന്നതും പിൽക്കാലത്ത് നിന്നു പോകുകയാണുണ്ടായത്. തൃക്കോതമംഗലം, കണ്ണൻചിറ, ചക്കൻചിറ തുടങ്ങിയ സ്ഥലങ്ങളിൽ ആഴ്ച ചന്തകൾ നടത്തുന്നതിന് എത്രയും പെട്ടെന്ന് നടപടികൾ കൈക്കൊള്ളാവുന്നതാണ്.

ശുഭം

# 11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



നൂറ്റാണ്ടുകളായി അവഗണനമാത്രം കൈമുതലായിട്ടുള്ള ജനതതിയാണ് പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾ. അയിത്താചാരത്തിന്റെയും അവഗണനകളുടേയും ബലിയാടുകളായിരുന്ന ഈ കൂട്ടർ ജാതിവ്യവസ്ഥയുടെ ഇരകളായി മാറിയിരുന്നു. സാമൂഹ്യമായി വളരെ പിന്നോക്കാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ഈ കൂട്ടർക്ക് സാമ്പത്തിക മണ്ഡലത്തിലും അങ്ങേയറ്റം മോശമായ അവസ്ഥ തന്നെയായിരുന്നു.സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷവും ഗണനീയമായ ഒരു മാറ്റം ഈ വിഭാഗക്കാരുടെയിടയിലുണ്ടായിട്ടില്ല. ജാതിവ്യവസ്ഥ മേൽപറഞ്ഞ വിഭാഗങ്ങളെ തലമുറകളായി ചൂഷണം ചെയ്തുപയോഗിച്ചതിന് ഒരു പശ്ചാത്താപവും പരിഹാരവും മാത്രമായിട്ടാണ് ഇപ്പോഴുള്ള താല്ക്കാലിക ക്രമീകരണങ്ങൾ എന്നു കരുതുവാൻ ന്യായങ്ങളുണ്ട്. അടിമവർഗ്ഗങ്ങളായും കച്ചവടച്ചരക്കുകളായും സമൂഹത്തിലെ അധഃകൃതവർഗ്ഗക്കാരെ കരുതിയിരുന്നതിന്റെ ഫലമായി ചെറ്റക്കുടിലുകളിൽ ജീവിക്കുകയും ദാസ്യവേലയും കൂലിവേലയും മാത്രം ജീവസന്ധാരണത്തിന്റെ മാർഗ്ഗങ്ങളായി അവർ കണ്ടിരുന്നുള്ളു.

സ്വതന്ത്രാനന്തര ഭാരതത്തിൽ ഭരണഘടനയുടെ അടിസ്ഥാനത്തിൽ അല്പമായ ചില ആനുകൂല്യങ്ങളും ഒത്താശകളും ലഭിച്ചു എങ്കിലും പഴയ ജീവിതനിലവാരത്തിൽ നിന്നും വലിയ മാറ്റമുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമം കണക്കിലെടുക്കേണ്ടത്. പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന ഈ വിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ ഒരു മുന്നേറ്റത്തിന് ഒൻപതാം പദ്ധതിയിൽ ഒരുവലിയ പ്രാധാന്യം നൽകേണ്ടതുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട വീടുകളുടെഎണ്ണം 449 ഉം അതുപോലെ തന്നെ 1917 അംഗങ്ങളുമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കോളനികളിലും 4 ലക്ഷം വീട് കോളനികളിലും 2 ഭൂരഹിത കർഷക തൊഴിലാളികോളനികളിലും ഒരു വി. എച്ച്. കോളനിയിലും പഞ്ചായത്തിന്റെ 12 വാർഡുകളിൽ വികേന്ദ്രീകൃതമായും ഇവർ താമസിച്ചുവരുന്നു. താഴെ കൊടുത്തിരിക്കുന്നപട്ടിക 1 ൽ 1991 ലെ സെൻസസ്സ് പ്രകാരമുള്ള കണക്കുകൾ കൊടുത്തിരിക്കുന്നു.

പട്ടിക 1

| നമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | ജന സംഖ്യ |
|---|---|---|---|
| 1 | പാണകുന്ന് | 10 | 56 |
| 2 | പാണകുന്ന്, കാടമുറി | 14 | 81 |
| 3 | പാണ്ടൻചിറ | 17 | 121 |
| 4 | പരിയാരം സൗത്ത് | 11 | 46 |
| 5 | പിച്ചനാട്ടുകുളം | 11 | 64 |
| 6 | പൊങ്ങന്താനം | 10 | 63 |
| 7 | തെക്കേ എഴുവന്താനം | 14 | 52 |
| 8 | വെള്ളത്തടം | 11 | 38 |
| 9 | ശാന്തിനഗർ | 12 | 43 |
| 10 | വെള്ളുകുന്ന് | 4 | 17 |
| 11 | ചൊരിയ്ക്കൻപാറ | 6 | 22 |
| 12 | കടുവാക്കുഴി | 3 | 10 |
| 13 | കാടമുറി | 5 | 18 |
| 14 | മറ്റുള്ളവ | 321 | 1286 |
| | ആകെ | 449 | 1917 |

അവലംബം;- 1991 ലെ ജനറൽ സെൻസസ്സ്

ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിവിധ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വീടുകൾ ലഭിച്ചവരുടെ ലിസ്റ്റ്.

പട്ടിക 2

| വാർഡ് | വീട് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | വീട് ലഭിക്കാനുള്ളവ (സ്വന്തമായി സ്ഥലം ഇല്ല) |
|---|---|---|
| 1 | 7 | 1 |
| 2 | 9 | 4 |
| 3 | 6 | 2 |
| 4 | 2 | - |
| 5 | 11 | 2 |
| 6 | 15 | 7 |
| 7 | 2 | - |
| 8 | 7 | - |
| 9 | 6 | 5 |
| 10 | 4 | 4 |
| 11 | 3 | - |
| 12 | 7 | 5 |
| ആകെ | 79 | 30 |

അവലംബം:- ഗ്രാമവികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്, ഗ്രാമപഞ്ചായത്ത് റിക്കാർഡുകൾ.

സ്വന്തമായി സ്ഥലം ഇല്ലാതെ വീടുവയ്ക്കുന്നതിന് മാർഗ്ഗമില്ലാത്ത ഈ 30 കുടുംബങ്ങൾക്കും പുതുതായി ഉണ്ടായിട്ടുള്ള കുടുംബങ്ങൾക്കും കൂടി പാർപ്പിടം ലഭ്യമാക്കുവാൻ ഉള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## തൊഴിൽമേഖല

പാരമ്പര്യ തൊഴിലിൽ മാത്രമായി കുടുങ്ങിക്കിടന്നിരുന്ന ഈ വിഭാഗം ജനങ്ങൾക്ക് നാമമാത്രമായ വരുമാനമേ ലഭിച്ചിരുന്നുള്ളു. കുട്ട, പായ്, പനമ്പ്, നെയ്ത്ത്, തെങ്ങുകയറ്റം തുടങ്ങിയവയായിരുന്നു നമ്മുടെ പഞ്ചായത്തിലുള്ളവരുടെ മുഖ്യ തൊഴിൽ. വ്യവസായ മേഖലയിലേക്ക് ഇവർ തിരിഞ്ഞിരുന്നില്ല. തെങ്ങിനുണ്ടായ കൃഷിനാശം ആ മേഖലയിലെ തൊഴിലവസരം നഷ്ടപ്പെടുത്തി. പട്ടിണിമൂലം രോഗത്തിനും മരണത്തിനും ഇവർ ഇരയായിത്തീർന്നു. സമ്പന്നരുടെയും സവർണ്ണ ജാതിക്കാരുടെയും മുൻപിൽ കാലവർഷം, ഇടവപ്പാതിക്കാലങ്ങളിൽ ഭിക്ഷാപാത്രവുമായി നില്ക്കേണ്ട ഗതികേടിലായിരുന്നു ഇവർ.

എന്നാൽ 1980 നുശേഷം ഈ അവസ്ഥക്കു കാതലായ മാറ്റം സംഭവിച്ചു. ദുർബലവിഭാഗങ്ങൾക്ക് തൊഴിൽ നല്കുന്നതിന് മറ്റൊരു ലോകരാഷ്ട്രത്തിനും നടപ്പിലാക്കാൻ പറ്റാത്ത ബൃഹത്പദ്ധതി ഇൻഡ്യാഗവൺമെൻറ് ആവിഷ്ക്കരിക്കുകയും അതിൻെറ ഗുണഭോക്താക്കൾ നമ്മുടെ പഞ്ചായത്തിലുണ്ടാവുകയും ചെയ്തു. സർക്കാർ നല്കുന്ന സാമ്പത്തികസഹായവും ധനകാര്യസ്ഥാപനങ്ങൾ നല്കുന്ന വായ്പയും ഉപയോഗിച്ച് തൊഴിലവസരം സൃഷ്ടിച്ച 184 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

IRDP ധനസഹായം ലഭിച്ചവരുടെ ലിസ്റ്റ്.

പട്ടിക 3

| വാർഡ് | IRDP സഹായം ലഭിച്ചവർ | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും സഹായം ലഭിച്ചവർ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 14 | - | 0.95 |
| 2 | 28 | 3 | 2.40 |
| 3 | 17 | 1 | 1.23 |
| 4 | 6 | - | 0.54 |
| 5 | 27 | 4 | 2.34 |
| 6 | 17 | 2 | 1.40 |
| 7 | 9 | - | 0.82 |
| 8 | 23 | 3 | 1.86 |

| | | | |
|---|---|---|---|
| 9 | 22 | 1 | 1.10 |
| 10 | 12 | - | 1.30 |
| 11 | 2 | - | 0.18 |
| 12 | 7 | - | 0.60 |
| ആകെ | 184 | 14 | 14.72 |

* അവലംബം:- ഗ്രാമവികസനവകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്.

പദ്ധതിയുടെ പ്രാരംഭ കാലഘട്ടത്തിൽ ഇവർക്കുവേണ്ടി നീക്കിവച്ച തുക ഓരോ കുടുംബത്തിനും നാമമാത്രമായി നല്കിയതും, കൂടിയ തുക കൈപ്പറ്റുന്നതിന് ഇവർക്കുണ്ടായ ഭയവും പദ്ധതി ഫലപ്രദവും ശാസ്ത്രീയമായും നടപ്പാക്കുന്നതിനുണ്ടായ പരിചയക്കുറവും മൂലം കാര്യമായ നേട്ടം ഈ വിഭാഗം കൈവരിച്ചതായി അവലോകനങ്ങളിൽ കണ്ടില്ല. എന്നാൽ ഇപ്പോൾ രണ്ടാംഘട്ട സഹായത്തിലൂടെയും പദ്ധതിയോടുള്ള കാഴ്ചപ്പാടിൽ വന്ന മാറ്റത്തിലൂടെയും തൊഴിൽരംഗത്ത് വന്ന മാറ്റത്തിലൂടെയും തൊഴിൽരംഗത്ത് കാതലായ മാറ്റം ദൃശ്യമായിട്ടുണ്ട്.

## ആരോഗ്യം

പരിസരശുചീകരണം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കാര്യമായി എടുത്തിരുന്നില്ല.കക്കൂസും കുളിമുറിയും ഇല്ലാത്തവർ ധാരാളം കുടുംബങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾക്കും ഇവർ വിധേയരാകുന്നു. അച്ഛനുമമ്മയും ജോലിക്കു പോകുമ്പോൾ കൊച്ചുകുഞ്ഞുങ്ങൾക്കു സമയാസമയം മുലയൂട്ടുന്നതിനു മാതാവിനു സാധിക്കുന്നില്ല. ആരോഗ്യവും ബുദ്ധിയുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് ഇവർക്കു കഴിയാതെവന്നു. തന്മൂലം വിദ്യാഭ്യാസ മേഖലയിലും കാര്യമായ പുരോഗതി ഉണ്ടായില്ല.

## വിദ്യാഭ്യാസവും സാംസ്കാരികനിലയും

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗക്കാർ വിദ്യാഭ്യാസനിലവാരത്തിൽവളരെ പിന്നോക്കാവസ്ഥയിലാണ്. വളരെ കുറച്ചു ഗുമസ്ഥന്മാരെ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും മറ്റു മേഖലകൾ ഇന്നും ഈ വിഭാഗത്തിന് അപ്രാപ്യമാണ്. 70 ശതമാനം വിദ്യാർത്ഥികളും S.S.L.C. യോടുകൂടി വിദ്യാഭ്യാസം നിർത്തുന്നു.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ സാംസ്കാരികമായും ഇവരെ പിന്നിലാക്കുന്നു. നമ്മുടെ പഞ്ചായത്തിലുള്ള ലൈബ്രറികൾ ഉപയോഗിക്കുന്നവർ വളരെ കുറവാണ്.

എന്നാൽ വേഷവിധാനത്തിൽ ഇന്ന് മാറ്റം കാണുന്നുണ്ട്. വരുമാനമുള്ള തൊഴിൽ ചെയ്യണമെന്നും മോടിയായി വസ്ത്രധാരണം നടത്തണമെന്നും ഉള്ള ചിന്ത ഇവരിൽ കാണുന്നത് ശുഭോദർക്കമാണ്.

## കോളനികളും സങ്കേതങ്ങളും

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ 30 ശതമാനം കോളനികളിലാണു താമസിക്കുന്നത്. കോളനികളിലെ ചുറ്റുപാടും സാമൂഹ്യാവസ്ഥയും ഈ വിഭാഗത്തിന്റെ വളർച്ചയെ കാര്യമായി തളർത്തുന്നുണ്ട്. കോളനികളുടെ പൊതുവായ പിന്നോക്കാവസ്ഥ ഇവരേയും സ്വാധീനിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വീടുവയ്ക്കുന്നതിനു സ്ഥലം ഇല്ലാത്തവർക്കു മുഴുവൻ പഞ്ചായത്തിൽ നിന്നും സൗജന്യമായി സ്ഥലം നല്കി വീടും കക്കൂസും നല്കുക.
2. വർഷങ്ങൾക്കു മുൻപ് വീടുകൾ വയ്ക്കുന്നതിന് നാമമാത്ര സഹായം നൽകുകയും,ആ നാമമാത്ര സഹായം ഉപയോഗിച്ച് എങ്ങനെയൊക്കെയോ വീടുകൾ വയ്ക്കുകയും ചെയ്തിട്ടുള്ള വീടുകൾ മുഴുവൻ തന്നെ ശോച്യാവസ്ഥയിലെത്തിയിരിക്കുകയാണ്. ആയതിന് അടിയന്തിരമാർഗ്ഗം സ്വീകരിച്ച് അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുക.
3. മുഴുവൻ ആളുകൾക്കും കക്കൂസ്, കുളിമുറി, വിനോദസൗകര്യങ്ങൾ ഇവ ഏർപ്പെടുത്തി ശുചിത്വവും ആരോഗ്യവും പരിരക്ഷിക്കുക.

4. കോളനിയിലേക്കുള്ള റോഡുകളും കോളനിക്കുള്ളിലുള്ള റോഡുകളും കേടുപാടുകൾ തീർത്ത് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.

5. മുഴുവൻ കോളനികളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ഇടങ്ങളിലും കുടിവെള്ളം എത്തിക്കുക.

6. നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് വിവാഹത്തിന് കാലാനുസൃതമായ സാമ്പത്തികസഹായം നൽകുക.

7. പാരമ്പര്യ തൊഴിൽ ചെയ്യുന്നവർക്കു സാമ്പത്തികസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുകയും ആ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

8. IRDP പദ്ധതി പ്രകാരമുള്ള ധനസഹായം മുഴുവൻ കുടുംബാംഗങ്ങൾക്കു നൽകി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു സഹായിക്കുക.

9. ആധുനിക രീതിയിൽ തയ്യൽപരിശീലനം ലഭിക്കുന്നതിനുള്ള കേന്ദ്രങ്ങൾ രൂപീകരിക്കുകയും പരിശീലനം പൂർത്തീകരിക്കുന്ന മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു തയ്യൽമിഷ്യൻ സൗജന്യമായി നൽകുക.

10. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആടിനെ സൗജന്യമായി വിതരണം ചെയ്യുകയും ആ നിലയിൽ സാമ്പത്തികനേട്ടം കൈവരിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ ചെയ്തു കൊടുക്കുക.

11. പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ താമസിക്കുന്നവർക്ക് സൗജന്യ വൈദ്യപരിശോധന നടത്തുകയും ശുചിത്വത്തെപ്പറ്റിയും ആരോഗ്യത്തെപ്പറ്റിയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

12. പട്ടികജാതി പട്ടികവർഗ്ഗത്തിന് ലഭിക്കാവുന്ന ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും വിലയിരുത്തുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

13. കോളനികളിലെ മണ്ണൊലിപ്പു തടയുകയും റിട്ടെയിനിംഗ്‌വാൾ കെട്ടുകയും ചെയ്യുക.

14. പഞ്ചായത്തിലുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ റിസർവേഷൻ നടപ്പിലാക്കുക.

15. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക.

16. അംഗൻവാടികൾ അനുവദിച്ചു കിട്ടിയിട്ടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ അംഗൻവാടികൾ ആരംഭിക്കുക. പോഷകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുകയും ചെയ്യുക.

17. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള വനിതാ സംഘങ്ങൾ സ്ഥാപിക്കുക.

18. മുഴുവൻ കോളനികളിലും T.V. സെറ്റ് ലഭ്യമാക്കുക.

19. S.S.L.C., P.D.C. വരെ പഠിച്ചിട്ടുള്ള അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്കു തൊഴിലവസരങ്ങൾ ലഭ്യമാക്കുക.

20. ഗ്രാഡുവേഷൻ മറ്റു സാങ്കേതിക പരിശീലനം ലഭിച്ചിട്ടുള്ളവർക്കു തൊഴിൽ 'നൽകുക.

21. കോളനികളിൽ ലൈബ്രറികളും സാംസ്കാരികനിലയങ്ങളും ആരംഭിക്കുക.

22. അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കും വാർദ്ധക്യകാലപെൻഷൻ അനുവദിക്കുക.

23. നിയമത്തിൻെറ നൂലാമാലകളിൽപ്പെട്ട് വൈദ്യുതി ലഭിച്ചിട്ടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ആളുകളുടെ കുടുംബങ്ങൾക്കു അടിയന്തിരമായിവൈദ്യുതി ലഭിക്കുവാൻ നടപടി സ്വീകരിക്കുക.

24. അർഹമായ ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

25. കോളനികളിലെ ഇടറോഡുകളിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.

26. രോഗികൾക്കും അംഗവൈകല്യം ബാധിച്ചവർക്കും അടിയന്തിരമായി സാമ്പത്തികസഹായം ലഭ്യമാക്കുക.

27. ഭരണഘടനയിൽ അനുവദിച്ചിട്ടുള്ള സംവരണം ഉറപ്പുവരുത്തുക.

28. വിദ്യാഭ്യാസ ധനസഹായം വർദ്ധിപ്പിക്കുക.

29. ഗവൺമെൻറ് സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായ S.S.L.C.യും P.D.C. വരെയും പഠിച്ചിട്ടുള്ള അഭ്യസ്തവിദ്യരായവരെ 27% സംവരണം നൽകി നിയമനങ്ങൾ നടത്തുക.

30. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് സാങ്കേതിക പരിശീലനത്തിന്സഹായം ചെയ്യുകയും സാങ്കേതിക പരീക്ഷയിൽ വിജയികളാകുന്ന കുട്ടികൾക്കും S.S.L.C. പാസ്സാകുന്ന കുട്ടികൾക്കും പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുക.

31. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് കലാപരമായ വാസനയുണ്ടെങ്കിൽ അവരെ വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കുക.

32. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുക.

33. വിദേശങ്ങളിലേക്കു പോകുവാൻ താല്പര്യമുള്ള പട്ടികജാതിക്കാർക്ക് സാമ്പത്തികസഹായം ചെയ്തു കൊടുക്കുക.

34. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

35. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മതിയായ നീതി ലഭിക്കുന്നതിന് ആവശ്യമായ നിയമസഹായം നൽകുക.

സഹവർത്വത്തിൽ പുലരുന്ന ഒരു പുതിയ സാമൂഹ്യവ്യവസ്ഥക്ക് തുടക്കം കുറിക്കുന്നതിനു വേണ്ടി മേൽ വിവരിച്ച വസ്തുതകൾക്ക് അടിയന്തിര പ്രാധാന്യം നൽകി വാകത്താനം ഗ്രാമപഞ്ചായത്ത് ഒരു മഹത്തായ റെക്കാർഡ് സ്ഥാപിക്കുമെന്നു നമുക്ക് പ്രത്യാശിക്കാം.

**പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യാവിവരം**
**(1991 ലെ സെൻസസ്സ് അനുസരിച്ചുള്ളത്)**

| വാർഡ് | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 1 | 49 | 54 | - | - |
| 2 | 46 | 49 | 17 | 18 |
| 3 | 18 | 13 | 12 | 13 |
| 4 | 38 | 35 | 16 | 15 |
| 5 | 69 | 74 | 5 | 4 |
| 6 | 114 | 119 | 6 | 5 |
| 7 | 68 | 66 | - | - |
| 8 | 90 | 88 | 8 | 9 |
| 9 | 177 | 181 | - | - |
| 10 | 88 | 101 | - | - |
| 11 | 31 | 35 | 8 | 9 |
| 12 | 82 | 87 | - | - |
| ആകെ | 870 | 902 | 72 | 73 |

ഇത് 1991 ലെ സെൻസസ്സ് പ്രകാരം ഉള്ളതാണ്. എന്നാൽ ഇപ്പോൾ ഈ കണക്കിൽ നിന്നുംവളരെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| നമ്പർ | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച സഹായങ്ങൾ | എണ്ണം |
|---|---|---|
| 1 | വീടുകൾ വയറിംഗം (Untied scheme) | 67 |
| 2 | വീട് വയറിംഗ് (J.R.Y. scheme) | 35 |
| 3 | കക്കൂസുകൾ (Untied scheme) | 60 |
| 4 | കക്കൂസുകൾ (J.R.Y.) | 99 |
| 5 | കിണർ മെയിൻറനൻസ് | 5 |
| 6 | കിണർ നിർമ്മിക്കൽ | 11 |

അവലംബം:- പഞ്ചായത്ത് റിക്കാർഡ്സ്



പണി തീർന്നുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്



# വിഭവ സമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ തൊഴിലില്ലായ്മയും കാർഷിക വ്യാവസായിക മേഖലയിലെ മുരടിപ്പുമാണ്. അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ യുവജനങ്ങൾ ഉൾപ്പെടെയുള്ള തൊഴിൽ രഹിതരുടെ മനുഷ്യവിഭവശേഷി വ്യാവസായിക, കാർഷിക സേവന മേഖലകളിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ ഗ്രാമവികസനത്തിനും ഗ്രാമജീവിതത്തിനും പുതിയൊരു മാനം കൈവരുമെന്നതിൽ രണ്ടുപക്ഷമില്ല.

മനുഷ്യ വിഭവ ശേഷിയുടേയും പ്രകൃതി വിഭവങ്ങളുടേയും ലഭ്യതയ്ക്കനുസരണമായ സാമ്പത്തിക വിഭവത്തിൻെറ ശാസ്ത്രീയമായ വിന്യാസത്തിലൂടെയേ വികസനം ലക്ഷ്യത്തിലെത്തുകയുള്ളൂ. നാണ്യ വിളകളുടേയും കാർഷിക വിളകളുടേയും വിലയിടിവും സേവന മേഖലയിലെ കെടുകാര്യസ്ഥതയും വ്യാവസായിക മേഖലയിലെ തളർച്ചയും, നാണ്യ കാർഷിക മേഖലയിലെ ഉത്പാദനശോഷണവും, ഊർജ്ജപ്രതിസന്ധിയും സാമ്പത്തിക ദൗർലഭ്യവുമാണ് വികസനത്തിൻെറ പ്രധാന വിലങ്ങുതടികൾ.

പ്രകൃതി വിഭവങ്ങളെ പരമാവധി ഉപയുക്തമാക്കിക്കൊണ്ട് ശാസ്ത്രീയമായ കൃഷിസംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ പരമാവധി മൂല്യത്തിൽ വിപണനം നടത്തുന്നതിന് വിപണന സംവിധാനങ്ങളും കൃഷിച്ചിലവ് കുറയ്ക്കുന്നതിന് രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും, ഉപയോഗം കുറച്ചുകൊണ്ട്, ജൈവവളങ്ങളുടേയും ജൈവ കീടനാശിനികളുടേയും ഉപയോഗം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. വ്യാവസായിക മേഖലയിൽ ക്ഷമതയുടെ അടിസ്ഥാനത്തിൽവേതനം നിർണ്ണയിക്കുകയും ഉല്പന്നങ്ങൾ കേന്ദ്രീകൃതമായി വിപണനം നടത്തുന്നതിലേക്കും സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

സമഗ്ര വികസനത്തിലേക്ക് എത്തപ്പെടുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തിന് മുൻകാല പ്രശ്നങ്ങളുടേയും വിഭവലഭ്യതകളുടേയും വിലയിരുത്തലിലൂടെ നമുക്കുപരിശോധിക്കാം.

## പഞ്ചായത്ത് ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിൻെറ ധനാഗമമാർഗ്ഗങ്ങളിൽ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, അധികവിനോദ നികുതി, സർചാർജ്ജുകൾ, ലൈസൻസ് ഫീസുകൾ, മാർക്കററ്, സ്ററാളുകൾ ഇവയുടെ ലേലങ്ങൾ, പഞ്ചായത്തുവക സ്ഥലങ്ങൾ കൃഷിചെയ്യുന്നതിനുള്ള ലേലതുക, വാടകകൾ, ജനന മരണ രജിസ്ട്രേഷൻ ഫീസുകൾ ഇവയാണ് ജനങ്ങളിൽ നിന്ന് നേരിട്ടുപിരിച്ചെടുക്കുന്ന വരുമാന ഉപാധികൾ. ജെ. ആർ. വൈ. ഉപാധി രഹിത ഗ്രാൻറുകൾ, ഗ്രാമറോഡ് മെയിൻറ

നൻസ് ഗ്രാൻറുകൾ, അടിസ്ഥാന നികുതി, വാഹന നികുതിവിഹിതങ്ങൾ, മൈനർ ഇറിഗേഷൻ, വസ്തു കൈമാററ നികുതി, പ്രകൃതിക്ഷോഭനിവാരണ ഗ്രാൻറുകൾ, പെൻഷൻ ഗ്രാൻറുകൾ ഗവ: എൽ.പി. സ്കൂളുകൾ, ഗവ: പി. എച്ച്. സെൻററുകൾ, കൃഷിഭവൻ എന്നിവയുടെ നടത്തിപ്പിലേക്കുള്ള ഗ്രാൻറുകൾ ഇവയാണ് ഗവൺമെൻറിൽ നിന്നുള്ള വരുമാനങ്ങൾ.

ഇപ്പോൾ ലഭ്യമായിട്ടുള്ള ധനാഗമമാർഗ്ഗങ്ങൾ കൊണ്ട് പഞ്ചായത്തിൻെറ ദൈനംദിന ചിലവുകളും വികസനചിലവുകളും നടത്തുന്നതിനു സാധിക്കുന്നില്ല. ജനങ്ങളിൽനിന്ന് പഞ്ചായത്ത് വസൂലാക്കുന്ന വിവിധതരം വരുമാനങ്ങൾവഴി 95-96 വർഷം 621772.60രൂപയും ഗവ: നിന്നും 95-96 വർഷം 1656602 രൂപയുമാണ് പഞ്ചായത്തിന് ലഭ്യമായിട്ടുള്ള സാമ്പത്തിക വരുമാനം. പഞ്ചായത്ത് സ്ഥാപിത വർഷമായ 1953-ലെ മൊത്തവരുമാനം പഞ്ചായത്തിൻേറത് 6680 രൂപയും ചിലവ് 8392 രൂപയും ആയിരുന്നു.

## ധനാഗമ പ്രശ്നങ്ങൾ

1) സർക്കാർ നിലവിലുള്ള നിയമങ്ങൾ പ്രകാരം പഞ്ചായത്തുകൾക്ക് നല്കേണ്ട ഗ്രാൻറുകൾ ക്രമമായ സമയങ്ങളിൽ മുഴുവനായി പഞ്ചായത്തുകൾക്ക് നല്കുന്നില്ല.

2) വസ്തു കൈമാററ നികുതി, വെഹിക്കിൾടാക്സ്, അടിസ്ഥാന നികുതി എന്നിവ യഥാസമയങ്ങളിൽ ഭാഗീകമായി പോലും പഞ്ചായത്തിനു ലഭിക്കുന്നില്ല.

3) കെട്ടിട നികുതി ചുമത്തലുകൾ അശാസ്ത്രീയമായിട്ടു നിർണ്ണയിക്കുന്നു. സാങ്കേതിക പരിജ്ഞാനമില്ലാത്തവർ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതുകൊണ്ട് അപാകതകൾ ഏറെയാകുന്നു.

4) തൊഴിൽ നികുതി തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളിൽനിന്നും ഈടാക്കാൻ സാധിക്കുന്നില്ല.

5) പഞ്ചായത്ത് ലൈസൻസ് ആവശ്യമുള്ള വ്യാപാരവ്യവസായ സേവന മേഖലകളിൽ ഭാഗീകമായിട്ടുള്ളവർ മാത്രമേ ലൈസൻസ് സമ്പാദിച്ചിട്ടുള്ളൂ.

6) വിനോദ നികുതി മുഴുവനായി വസൂലാക്കുന്നതിന് സാധിക്കുന്നില്ല.

7) ഉപഭോക്താക്കൾ തിരഞ്ഞെടുക്കുന്ന കൺവീനർമാർഎന്ന വ്യാജേന ഇടനിലക്കാരായകരാർ പണിക്കാർ പഞ്ചായത്തുധനം ചൂഷണം ചെയ്യുന്നു.

## ധനാഗമ നിർദ്ദേശങ്ങൾ

### കെട്ടിടനികുതി

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 12 വാർഡുകളിലുമായി കെട്ടിട നികുതിയിൽനിന്ന് 95-96വർഷം കിട്ടിയതുക 452404.60 രൂപയാണ്. നിലവിൽ കെട്ടിടങ്ങളുടെ നികുതി നിശ്ചയിക്കുന്നത് വാർഷിക വാടക മൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. വാർഷികവാടക മൂല്യത്തിൻെറ 7.5% ആണ് ഈ പഞ്ചായത്തിൽ കെട്ടിട നികുതിയായി പിരിയ്ക്കുന്നത്.

ഇത് അശാസ്ത്രീയമാണ്. ചുരുങ്ങിയ വ്യാസദൂരപരിധിക്കുള്ളിലുള്ള പഞ്ചായത്തായതിനാൽ നിർമ്മാണച്ചിലവ് ഏകദേശം ഒരേനിരക്കിൽ തന്നെയായിരിക്കും. എന്നാൽ ടി സ്ഥലങ്ങളിൽ യഥാർത്ഥ വാർഷിക വാടകമൂല്യം വ്യത്യസ്ഥപ്പെട്ടുമിരിക്കുന്നു. ആയതുകൊണ്ട് നിർമ്മാണച്ചിലവിനെ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിക്കപ്പെടണം. 97-98 മുതൽപഴയ മൂല്യനിർണ്ണയങ്ങളെ മുഴുവൻ അസാധുവാക്കിക്കൊണ്ട് മുഴുവൻ കെട്ടിടങ്ങളും പുനർമൂല്യ നിർണ്ണയം നടത്താൻ നിയമനിർമ്മാണം നടത്തണം. മൂല്യനിർണ്ണയം സാങ്കേതിക പരിചയമുള്ളവർ നടത്തണം.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് തദ്ദേശ വാട കമൂല്യത്തെ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണ യിക്കണം.

## തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് 95-96 വർഷത്തിൽ 161570 രൂപ മാത്രമാണ് ലഭ്യമാ യിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന വർ പഞ്ചായത്തിൽനിന്നും ലൈസൻസ് എടുത്തിട്ടുള്ള ചുരുങ്ങിയ വ്യാവസായികൾ എണ്ണത്തിൽ വളരെക്കുറവ് കർഷകർ ഇവരിൽ നിന്നുമാത്രമേ തൊഴിൽകരം പഞ്ചായത്ത് ഈടാക്കി യിട്ടുള്ളു.

സ്വകാര്യ ആശുപത്രികൾ, പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ വ്യാപാരവ്യവസായ സ്ഥാപനങ്ങൾ, പാരലൽകോളേജുകൾ, മററു സ്ഥാ പനങ്ങൾ, പാരലൽകോളേജുകൾ, മററുസ്ഥാപ നങ്ങളും വ്യക്തികളും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മദ്യഷാപ്പുകൾ, നിർമ്മാണതൊ ഴിൽ മേഖല, കർഷക തൊഴിൽമേഖല, എന്നിവി ടങ്ങളിൽനിന്ന് തൊഴിൽകരം പിരിക്കുവാനുള്ള പുതിയ അന്വേഷണവും തൊഴിലാളികളെ സംബന്ധിച്ച സ്ഥിതിവിവരംനടത്തി തൊഴിൽകരം പിരിക്കുവാനുള്ള സംവിധാനവും ഉണ്ടാകണം. തൊഴിൽകരം നല്കുന്നതുകൊണ്ട് നാടിന്റെ വിക സനത്തിൽ നാമും പങ്കുകാരാകുന്നു എന്ന ചിന്ത ഉണ്ടാകത്തക്കനിലയിൽ തൊഴിൽമേഖലയിൽ ബോധവത്ക്കരണം നടത്തണം

## വിനോദ നികുതി

വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് 95-96 വർഷം 20457 രൂപയാണ് ലഭിച്ചത്. ഒരു സിനിമാശാല ഉൾപ്പെട്ട പഞ്ചായത്തിൽ മേൽപ്പടി തുക വളരെ കുറവാണ്. കൃത്യമായി സിനിമാശാ ലയിൽനിന്ന് ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കുവാൻ കഴിയണം. പഞ്ചായത്തിൽ കായിക വിനോദത്തിനായി ഗാലറിയോടുകൂടിയ സ്റ്റേഡിയം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽനിന്നുള്ള വരുമാനം പഞ്ചായത്തിന് മുതൽകൂട്ടാകും.

## മററു ധനാഗമ മാർഗ്ഗ നിർദ്ദേശങ്ങൾ

1) പുത്തൻചന്തയിൽ ഉള്ള പഞ്ചായത്തുവക സ്ഥലത്ത് കമ്മ്യൂണിററിഹാൾ നിർമ്മിച്ച് വാട കയ്ക്ക് കൊടുക്കുക.

2) ഞാലിയാകുഴി കവലയിൽ പാർക്കുചെയ്യുന്ന യാത്രാവാഹനങ്ങൾക്കും ചരക്കുവാഹ നങ്ങൾക്കും സ്റ്റാൻഡുകൾ നിർമ്മിക്കുക. ഞാലിയാകുഴിയിലെ ഗതാഗതക്കുരുക്ക് ഒഴി വാക്കുന്നതിന് ഇത് സഹായകമാണ്.

3) തോട്ടയ്ക്കാട്ട് പബ്ളിക് മാർക്കററ് സ്ഥാപിച്ച് സ്ററാളുകൾ പണിയുക.

4) നിശ്ചിത പഞ്ചായത്ത് ബസ് സ്ററാൻഡിൽ ശേഷിക്കുന്ന സ്ഥലത്ത് ഷോപ്പിങ്ങ് കോംപ് ളക്സ് കെട്ടിടങ്ങൾ നിർമ്മിക്കുക.

5) കോൺട്രാക്ടർമാരെ പൊതുമരാമത്തു ജോലി കളിൽനിന്ന് ഒഴിവാക്കി ഉപഭോക്താക്കളുടെ കമ്മററിക്ക് മരാമത്തുപണികൾ ഏല്പിക്കുക.

6) വ്യാവസായികാടിസ്ഥാനത്തിലുള്ള കരിങ്കൽ പൊട്ടിക്കൽ, വെട്ടുകല്ലുവെട്ടൽ, വൻതോതി ലുള്ള മണ്ണുമാററൽ ഇവയ്ക്ക് ലൈസൻസും നികുതികളും ഏർപ്പെടുത്തുക.

7) ഇപ്പോൾ ലഭിക്കുന്ന വസ്തുകൈമാററ നികുതി പ്രകാരം പഞ്ചായത്തിനുലഭിക്കേണ്ടനികുതി ജില്ലാഘടകങ്ങളിൽനിന്നുതന്നെ പഞ്ചാ യത്തിനു ലഭ്യമാക്കുക.

8) അടിസ്ഥാന നികുതി പഞ്ചായത്തിനു കിട്ടേണ്ട ഭാഗം താലൂക്ക് വില്ലേജ്, തലങ്ങളിൽനിന്ന് പഞ്ചായത്തിനു കൈമാറുക.

9) അടിസ്ഥാന നികുതി കൈമാററത്തിലുള്ള സമയപരിധി നിശ്ചയിക്കുക.

10) ഗൾഫ് മലയാളികളുടെ നിക്ഷേപങ്ങൾ പ്രാഥമിക സഹകരണ ബാങ്കുവഴി നടത്തുന്നതിന് നിയമനിർമ്മാണം ഉണ്ടാക്കുക. ഇതുവഴി ബാങ്കിംഗ് സേവനമേഖലയിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകും. ജനപ്രതിനിധികൾ ബാങ്ക്ബോർഡുകളിൽ ഉൾപ്പെടുന്നതുകൊണ്ട് ഈ തുകകൾ നാട്ടിൽ നീതിപൂർവ്വകമായി വായ്പാവിതരണത്തിനുതകും.

11) സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പഞ്ചായത്ത് നേരിട്ടോ പ്രാഥമിക സഹകരണബാങ്കുവഴിയോ സമയബന്ധിത സമ്പാദ്യങ്ങൾ സമാഹരിച്ച് ഉയർന്ന വരുമാനക്കാർക്കും ഇടത്തരക്കാർക്കും ഹൗസിംഗ് കോംപ്ലക്സുകൾ വ്യവസായ എസ്റ്റേറ്റുകൾ ഇവ പ്ളോട്ടുകളായി വിൽക്കുക.

12) നാഷണൽ സേവിംഗ് സ്കീം റെക്കറിംഗ് ഡിപ്പോസിററ് സ്കീം എന്നിവവഴി മഹിളാപ്രധാൻ ഏജൻറുമാർ ശേഖരിക്കുന്നതും ഇന്ദിരാവികാസ് പത്ര ഇവ വഴിയും നാട്ടിൽനിന്നു ശേഖരിക്കുന്നതുമായ സമ്പാദ്യത്തിൻെറ 25% മുതൽ 50% തുക അതാതു പഞ്ചായത്തുകൾക്ക് പ്രത്യുല്പാദനപരമായ മേഖലകളിൽ മുതൽമുടക്കുന്നതിന് വിട്ടുകൊടുക്കുക.

13) ഇപ്പോൾ നിലവിലുള്ള ഭൂനികുതി ഹെക്ടറിന് 100 രൂപ എന്ന് നിശ്ചയിക്കുകയും ഇത് അർദ്ധഗഡുക്കളായി അടക്കുന്നതിന് സൗകര്യങ്ങളുണ്ടാക്കുകയും ചെയ്യുക.

14) പഞ്ചായത്ത്, വില്ലേജ് നികുതി പിരിവുകൾ ഗ്രാമപഞ്ചായത്തുവഴി നടത്തുവാൻ സംവിധാനമുണ്ടാക്കുക.

15) റോഡുകൾക്കും തോടുകൾക്കും ചേർന്നുള്ള പുറമ്പോക്കുകൾ നിശ്ചിതദൂരം വികസനത്തിനുവിട്ടിട്ട് ബാക്കിവിസ്തീർണ്ണത്തിന് തദ്ദേശവിലയുടെ 50% തുക ഫീസായിഈടാക്കി പതിച്ചുനൽകുക.

16) ലീസ് ഭൂമിയ്ക്ക് ഗുണനിലവാരത്തിൻെറ അടിസ്ഥാനത്തിൽ ലീസ് നിശ്ചിയിക്കുക. ഇപ്പോഴുള്ള നിരക്കിൽനിന്ന് ഈ തുക ഉയർത്തി നിശ്ചിയിക്കുക.

17) നിയമങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന അന്തരീക്ഷജല, ഖര മലിനീകരണങ്ങൾക്ക് പിഴഈടാക്കി എടുക്കുന്നതിനുള്ള നിയമനിർമ്മാണം ഉണ്ടാക്കുക. ഈ കാര്യത്തിന് അപ്പീലനുമതി ഇല്ലാതാക്കുക.

18) പഞ്ചായത്തിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും പഞ്ചായത്താഫീസിൽ രജിസ്ററർ ചെയ്യുകയും ആയതിന് ഫീസ് ഈടാക്കുകയും ചെയ്യുക.

19) വളർത്തു നായ്ക്കളുടെ ലൈസൻസ്ഫീസ് 100 രൂപ ആക്കുക. അതാതു വർഷം പുതുക്കലിന് 10 രൂപ പ്രകാരം ഈടാക്കുക. വാക്സിനേഷൻ ഉൾപ്പെടെയുള്ള ഈ കാര്യത്തിന് ലൈസൻസ് കാർഡുകൾ ഏർപ്പെടുത്തുക.

20) നിശ്ചിത തുകയിൽകൂടുതൽ നിർണ്ണയിക്കപ്പെടുന്ന മൂല്യമുള്ള കെട്ടിടങ്ങൾക്ക് ആഡംബര നികുതി ഈടാക്കുക.

## ബാങ്കുകൾ സ്വകാര്യ ഫൈനാൻസിംഗ് സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഓരോ ബ്രാഞ്ചുകളോടുകൂടിയ രണ്ടുസഹകരണ ബാങ്കുകളും ഒരു ദേശസാൽകൃത ബാങ്കും ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു ജില്ലാസഹകരണ ബാങ്കും നിലവിലുണ്ട്. ഉദ്ദേശം......... രൂപ ഈ ബാങ്കുകളിൽ ഈ പഞ്ചായത്തു നിവാസികളുടേതായിട്ടുണ്ട്. ഇതിൽ ഉദ്ദേശം ..........% തുക മാത്രമേ നാട്ടിൽ വിവിധ വായ്പാകളായി നൽകിയിട്ടുള്ളു.

# ഗവ: ഗ്രാൻറ് വിവരങ്ങൾ

| വർഷം | വി.ആർ.എം. | കൃഷി | ചെറുകിട ജലസേചനം | വസ്തു കൈമാറ്റ നികുതി | വെള്ളപ്പൊക്ക ദുരിതാ ശ്വാസം | ഓട, മൂത്രപ്പുര | വാഹന നികുതി | അടിസ്ഥാന നികുതി | ഇന്ദിരാ വികാസ് പത്ര | കേരളോ ത്സവം | വഴി വിളക്ക് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | 69,415 | | | | | | | |
| 1990-91 | | 12,500 | 1,500 | 50, 000 | | | 10,075 | | | | 10,000 |
| | | | | 30,000 | | | | | | | |
| 1991-92 | 37,584 | | 1,500 | 50,000 | | 5,000 | 5,444 | 42,367 | 1,24,100 | | |
| 1992-93 | 36,806 | | 1,500 | 1,99,749 | | | 45,082 | 42,485 | | 500 | |
| 1993-94 | 35,305 | | 1,500 | 4,76,977 | 1,50,000 | | 75,000 | 41,965 | | | |
| 1994-95 | 36,005 | | 1,500 | 2,93,701 | | | 3,19,274 | 50,289 | | | |
| 1995-96 | 35,848 | | | 4,10,553 | | | 3,15,590 | 51,778 | | | |
| Total | 1,81,548 | 12,500 | 7,500 | 15,80,395 | 1,50,000 | 5,000 | 7,70,465 | 2,28,884 | 1,24,100 | 500 | 10,000 |

# 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. CB

പട്ടിക - 2

| ഇനം<br>1 | ധനാഭ്യർത്ഥന | | | | പിരിച്ചത്<br>4 | | ബാക്കി<br>5 | |
|---|---|---|---|---|---|---|---|---|
| | കുടിശിഖ<br>2 | | തന്നാണ്ട്<br>3 | | | | | |
| കെട്ടിടനികുതി | 34273 | 15 | 455708 | 75 | 316767 | 95 | 173213 | 95 |
| ഗ്രന്ഥശാലാവരി | | | 22785 | 45 | 14917 | 50 | 7867 | 95 |
| തൊഴിൽനികുതി | 22490 | | 161570 | | 135965 | | 48095 | |
| കെട്ടിട വാടക | | | 28316 | | 28316 | | | |
| വിനോദ നികുതി | | | 11610 | 50 | 11610 | 50 | | |
| അഡി. വിനോദനികുതി | | | 6935 | | 6935 | | | |
| പ്രദർശന നികുതി | | | 1372 | | 1372 | | | |
| പ്രദർശന നികുതി സർചാർജ്ജ് | | | 355 | | 355 | | | |
| ചന്തവരവ് | | | 42037 | | 42037 | | | |
| പി. എഫ്. എ. | 86 | | 488 | | 574 | | | |
| ലൈസൻസ് ഫീസ് | 2637 | 50 | 11188 | | 13825 | 50 | | |
| വസ്തു കൈമാററ നികുതി 75% | | | 260553 | | 260553 | | | |
| വസ്തു കൈമാററ നികുതി 25% | | | 150000 | | 150000 | | | |
| ഉപാധിരഹിത ഫണ്ട് | | | 322970 | | 322970 | | | |
| പഞ്ചായത്ത്രാജ് | | | 518363 | | 518363 | | | |
| അടിസ്ഥാനനികുതി | | | 51778 | | 51778 | | | |
| V.T.C | | | 315590 | | 315590 | | | |
| M.I. | | | 1500 | | 1500 | | | |
| V.R.M | | | 35848 | | 35848 | | | |
| ഡെപ്പോസിററ് | | | 13424 | | 13424 | | | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മററു വരവുകൾ | | | 29342 | 15 | 29342 | 15 | | |
| മററുള്ളവ | | | 6331 | | 6331 | | | |
| ആകെ | 59486 | 65 | 2448064 | 85 | 2278374 | 60 | 229176 | 90 |

# 1.15. ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 3

| | ചന്ത | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് | ആകെ |
|---|---|---|---|---|
| 1991-92 | 41250 | 101 | 1480.00 | 42831.00 |
| 1992-93 | 2451 | 500 | 8649.00 | 11600.00 |
| 1993-94 | 23231 | 515 | 13925.00 | 37671.00 |
| 1994-95 | 32262 | 528 | 25011.00 | 57801.00 |
| 1995-96 | 31247 | 405 | 26303.50 | 57955.50 |
| ആകെ | 130441 | 2049 | 75368.50 | 207859.50 |

പട്ടിക - 4

കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം – ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 681 | 7 | 64 | 566 | 28 | 23 | |
| II | 834 | 5 | 37 | 692 | 68 | 37 | |
| III | 461 | 4 | 31 | 394 | 20 | 16 | |
| IV | 548 | 11 | 56 | 450 | 9 | 33 | |
| V | 570 | 7 | 42 | 460 | 38 | 30 | |
| VI | 774 | 3 | 47 | 666 | 24 | 37 | |
| VII | 739 | 10 | 99 | 558 | 57 | 25 | |
| VIII | 1005 | 13 | 146 | 746 | 42 | 71 | |
| IX | 643 | 2 | 31 | 556 | 36 | 20 | |
| X | 837 | 15 | 64 | 676 | 61 | 36 | |
| XI | 668 | 15 | 99 | 481 | 50 | 38 | |
| XII | 699 | 13 | 60 | 576 | 43 | 20 | |
| ആകെ | 8459 | 105 | 776 | 6821 | 476 | 386 | |

| | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 7580 | 7615 | 8110 | 8164 | 8316 |
| നികുതി വരുമാനം | 275758 | 281289 | 398319 | 402343 | 452404 |

## 1.24. ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

പട്ടിക - 4

| ഇനം<br>1 | തുക<br>2 |
|---|---|
| ഭരണം | 6,65,292.50 |
| പൊതുമരാമത്ത് | 2,45,068.00 |
| വിദ്യാഭ്യാസം | 9,875.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 20,615.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 2,80,891.20 |
| മറ്റുള്ളവ | 1,52,826.00 |
| ആകെ | 13,74,567.70 |
| പൊതുകണക്ക് വരവ് | 22,62,974.95 |
| ചെലവ് | 13,69,951.00 |

പട്ടിക - 6

## മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| ചന്തകൾ (എണ്ണം) | | | |
|---|---|---|---|
| വർഷം | പഞ്ചായത്തു വക<br>1 | സ്വകാര്യം<br>2 | ആകെ വരവ്<br>3 |
| 1991-92 | 41351.00 | 2400.00 | 43751.00 |
| 1992-93 | 2951.00 | 2750.00 | 5701.00 |
| 1993-94 | 23746.00 | 3000.00 | 26746.00 |
| 1994-95 | 32790.00 | 3150.00 | 35940.00 |
| 1995-96 | 31652.00 | 3300.00 | 34952.00 |
| Total | 132490.00 | 14600.00 | 147090.00 |

# പഞ്ചായത്ത്‌രജ് നിയമപ്രകാരം മററുവകുപ്പുകളിൽന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

പട്ടിക - 7

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 569.00 | 200.00 | 769.00 |
| ആരോഗ്യം | 63045.00 | 1662.00 | 64707.00 |
| കൃഷി | 384288.00 | - | 384288.00 |
| പി. ഡബ്ള്യു. ഡി. | 57250.00 | - | 57250.00 |
| പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 9000.00 | 1349.00 | 10349.00 |
| | | 10000.00 | 10000.00 |
| മററുള്ളവ | 5000.00 | 5000.00 | |
| ആകെ | 514152.00 | 9211.00 | 523363.00 |

പട്ടിക - 8

## 1.22. ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം, വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | എണ്ണം ആകെ | |
| I | 8 | - | 10 | 5 | 23 | 860 |
| II | 7 | - | 10 | 13 | 30 | 1335 |
| III | 4 | - | 2 | 1 | 7 | 240 |
| IV | 12 | 1 | 10 | 9 | 32 | 1790 |
| V | 3 | - | 4 | 4 | 11 | 540 |
| VI | 5 | - | 10 | 6 | 21 | 1060 |
| VII | 30 | 1 | 20 | 10 | 61 | 3030 |
| VIII | 35 | 2 | 18 | 16 | 71 | 3650 |
| IX | 2 | - | 4 | 2 | 8 | 795 |
| X | 5 | - | 12 | 6 | 23 | 1125 |
| XI | 7 | - | 15 | 7 | 29 | 1580 |
| XII | 5 | 1 | 9 | 8 | 23 | 895 |
| ആകെ | 123 | 5 | 124 | 87 | 339 | 169.00 |

## പഞ്ചായത്തു പരിധിയിലുള്ള ബാങ്കുകളുടേയും, പഞ്ചായത്തുപരിധി പ്രവർത്തനമേഖലയായിട്ടുള്ള ബാങ്കുകളുടേയും സ്ഥിതിവിവര കണക്കുകൾ

പട്ടിക - 9

| ബാങ്കുകൾ | ആകെ നിക്ഷേപം | നിക്ഷേപകർ | വായ്പാ വിവരം | | | വിദേശനിക്ഷേപങ്ങൾ | |
|---|---|---|---|---|---|---|---|
| | | | കാർഷിക മേഖല | വ്യാവസായിക മേഖല | മറ്റു മേഖലകൾ | എണ്ണം | തുക |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വാകത്താനം | 118647867 | 9500 | 3827724 | 3947737 | 3878333 | - | 67646000 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പരിയാരം | 89800000 | 2100 | 2500000 | 800000 | 7000000 | 600 | 5400000 |
| കാത്തലിക് സിറിയൻ ബാങ്ക്, തോട്ടയ്ക്കാട് | 45223273 | 3663 | 831426 | 927382 | 6531510 | 156 | 20835479 |
| ജില്ലാ കോ: ഓ: ബാങ്ക്, വാകത്താനം | 15097000 | 2362 | 156000 | - | 5763000 | - | - |
| സർവ്വീസ്. സഹകരണ ബാങ്ക്, വാകത്താനം | 17387366 | 4346 | 5003999 | - | 116509699 | - | - |
| സർവ്വീസ് സഹകരണ ബാങ്ക്, നാലുന്നാക്കൽ | 22081959 | 4686 | 390917 | 6509325 | 13097310 | - | - |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 61331000 | 4638 | 1316000 | 3329000 | 2482500 | 382 | 9725000 |

## പഞ്ചായത്ത് വരവ് സ്ഥിതിവിവര കണക്കുകൾ

പട്ടിക - 10

| ഇനം | 1990-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| കെട്ടിട നികുതി | 262554 | 275758 | 281289 | 398319 | 402343 | 316767 |
| വിനോദ നികുതി | 12069 | 15644 | 12885 | 13491 | 19388 | 20662 |
| തൊഴിൽ നികുതി | 84760 | 97435 | 108145 | 113000 | 143435 | 135965 |
| ഉപാധിരഹിത ഗ്രാൻറ് | 200000 | 207200 | 218000 | 230320 | 312990 | 322970 |
| ജെ. ആർ. വൈ. | 241400 | 268900 | 279600 | 264000 | 157500 | 227300 |
| മറ്റു ഗ്രാൻറുകൾ, സംഭാവനകൾ | 345644 | 441731 | 466970 | 743942 | 592946 | 1482010 |
| ആകെ വരവ് | 1249016 | 1585022 | 1253971 | 1697135 | 1966071 | 2505674 |
| തസ്തിക ചെലവ് | | | | | | |

# ഇനിയും ഒരു വാക്കുകൂടി ....

വാകത്താനം ഗ്രാമ പഞ്ചായത്തിൽ വരുന്ന അഞ്ചു വർഷങ്ങളിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ ആകമാന വികസന രേഖയാണിത്. വികസന രേഖയിൽ പ്രതിപാദിച്ചിട്ടുള്ള പന്ത്രണ്ടു വിഷയങ്ങളേയും സംബന്ധിച്ച് കൂട്ടായിരുന്നു വിശദമായി ക്രിയാത്മകമായ ചർച്ചകൾ നടത്തേണ്ടതുണ്ട്. ഓരോ വിഷയഗ്രൂപ്പിനും തുടർ പരിപാടികളുടെ രൂപീകരണവും നടക്കേണ്ടതുണ്ട്. അങ്ങനെ രൂപീകരിക്കുന്ന കർമ്മ സമിതികളുടെ ഫലപ്രദമായ പ്രവർത്തന ശൈലിയിലൂടെയേ നമ്മുടെ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാകൂ.

നമ്മുടെ പന്ത്രണ്ടു ഗ്രാമസഭാ ചർച്ചകളിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും, നിലവിലുള്ള പദ്ധതികളുടെ അവലോകനത്തിലൂടെയും, ഉദ്യോഗസ്ഥയോഗത്തിലൂടെയും, പഠനപര്യടനത്തിലൂടെയും, സമഗ്ര കുടുംബ സർവ്വേയിലൂടെയും, നാട്ടറിവിലൂടെയും, കേട്ടറിവിലൂടെയും മററും വാകത്താനത്തെക്കുറിച്ച് ശേഖരിച്ച വിവരങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിലൂടെ നമ്മുടെ പഞ്ചായത്തിൻെറ പോരായ്മകളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ന്യൂനതമായ സാധ്യതകളും വിലയിരുത്തുന്നതിന് കഴിയുന്നത്ര ശ്രമം നടത്തിയിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനം സാമൂഹിക രാഷ്ട്രീയ ക്ഷേമ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വികസന തല്പരരിൽനിന്നും നമുക്ക് ലഭിച്ചിട്ടുണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമാണ്.

സംസ്ഥാന റിസോഴ്സ് പേഴ്സൺമാരിൽ പലരുടേയും സഹായങ്ങളും നിർദ്ദേശങ്ങളുംനമുക്ക് ലഭിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും ഡോ. മാത്യു കുര്യൻ, ശ്രീ. എം. എം. അൻസാരി,ശ്രീ. പി. വി. ജോസ് എന്നിവരെ പ്രത്യേകം ഓർമ്മിക്കുന്നു.

ഇന്നലെവരെ നാം കണ്ടറിഞ്ഞ വികസന സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായതും പുതുമനിറഞ്ഞതുമായ ഒരു വികസന വികേന്ദ്രീകരണമാണ് ഇന്നുമുതൽ നാം കാണേണ്ടത്. ''സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാററം വരുത്താമെന്ന് എപ്പോൾ ജനസമൂഹത്തിനു തോന്നുന്നുവോ അപ്പോൾമാത്രം ഭാരതം സ്വതന്ത്രമാകുമെന്ന്'' ഉത്ഘോഷിച്ച മഹാത്മാവിൻെറ സ്വപ്ന സാക്ഷാത്ക്കാരത്തിൻെറ തുടക്കം വികസന സെമിനാറിലെ ചർച്ചകളിലൂടെയും കർമ്മസമിതികളുടെ പ്രവർത്തന പന്ഥാവിലൂടെയും നമ്മെ സാധ്യമാക്കും. കേരളത്തിൻെറ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിച്ച് വൻപിച്ച സാമൂഹിക പരിവർത്തനത്തിന് കളമൊരുക്കിയ ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിനോടും, പ്ലാനിംഗ് ബോർഡിനോടും ഈ ഗ്രാമപഞ്ചായത്തിനുള്ള അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. ഇത് ഫലവത്തായി നടപ്പാക്കുന്നതിന് നമ്മെ സഹായിച്ചവരും സഹായിക്കുന്നവരുമായ എല്ലാ മാന്യസുഹൃത്തുക്കൾക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തട്ടെ.

## '9-ാം പദ്ധതി ജനകീയ പദ്ധതി'

സ്നേഹിതരെ,

ഈ വികസന രേഖയിൽ കുറവുകൾ കണ്ടേക്കാം, പോരായ്മകൾ ഉണ്ടാകാം. ഇത് ഒരു പുത്തൻ പുലരിയുടെ തുടക്കമാണെന്ന് ഓർക്കുക! ഈ കർമ്മ പദ്ധതിക്ക്വേണ്ടി പ്രവർത്തിച്ച വിവിധ മേഖലകളിലുള്ള മുഴുവൻ ആളുകളേയും, സ്ഥാപനങ്ങളേയും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥ പ്രമുഖരേയും മററുള്ള എല്ലാവരേയും ഒരിക്കൽക്കൂടി നന്ദിയോടെ സ്മരിക്കുന്നു, അഭിവാദ്യം ചെയ്യുന്നു, കൃതജ്ഞത രേഖപ്പെടുത്തുന്നു.

വാകത്താനം ഗ്രാമപഞ്ചായത്തിനുവേണ്ടി.

**കെ. വി. ചെറിയാൻ**

പ്രസിഡൻറ്

# അനുബന്ധം

## ജില്ലാ റിസോഴ്സ് പേഴ്സൺ

1. ജേക്കബ് തെക്കനാട്
2. കെ. എ. ശങ്കരൻ നായർ
3. ജോഷി ഫിലിപ്പ്
4. സുശീല പ്രഭാകരൻ
5. എ. എസ്. ശശിക്കുട്ടിൻ
6. സജി ചേരിക്കൽ
7. എം. കെ. പുന്നൂസ്
8. ജെയിംസ് ആയല്ലൂർ
9. ആനിയമ്മ ജോൺ
10. മേരി ആൻഡ്രൂസ്
11. സുധാമണി കുഞ്ഞുഞ്ഞു
12. മത്തായി ആൻറണി (Rt. A.E)
13. നാരായണൻ ശങ്കരൻ
14. എം. പി. സുകുമാരൻകുട്ടി (സെക്രട്ടറി)
15. അഡ്വ. മോഹൻദാസ് തോട്ടയ്ക്കാട്

## വിഷയ ഗ്രൂപ്പ് കൺവീനർമാർ

1. ഹേമലത S. (കൃ. ആഫീസർ)
2. ജിജി നൈനാൻ (വെ. സർജൻ)
3. റ്റി. വി. സ്കറിയ (H.M)
4. ഡോ. ഡൂയി ജോർജ്ജ്
5. ഏബ്രഹാം സക്കറിയ (V.E.O)
6. റ്റി. ജി. കുഞ്ഞുണ്ണി
7. കെ. ജെ. പൗലോസ്
8. വി. എ. ഇട്ടി
9. ഭാനുമതിയമ്മ
10. രാജു കട്ടത്തറ
11. ഇ. എം. സോമനാഥ്
12. R.ഗീത (L.V.E.O)

## സ്വാഗത സംഘം

| | | |
|---|---|---|
| ശ്രീ. കെ. വി. ചെറിയാൻ | - | ചെയർമാൻ |
| ശ്രീ. കെ. വി. ശശികുമാർ | - | ജന. കൺവീനർ |
| അഡ്വ. മോഹൻദാസ് തോട്ടയ്ക്കാട് | - | ജോ. കൺവീനർ |

## ഫൈനാൻസ് കമ്മറ്റി

ശ്രീ. ഏബ്രഹാം കുര്യൻ (കൺവീനർ)
ശ്രീ. എ. ജെ. ജോൺ
ശ്രീ. എം. കെ. രാഘവൻ
ശ്രീ. വി. എൻ. രാമൻനായർ
ശ്രീ. സജി കെ. ജോർജ്ജ്
ശ്രീ. ജോർജ്ജ് തോമസ്
ശ്രീ. പി. എൻ. നീലാംബരൻ
ശ്രീ. എം. കെ. രാജു
ശ്രീ. ബേബി കുര്യാക്കോസ്
(പ്രസി: സഹ: ബാങ്ക്: വാകത്താനം)
ശ്രീ. എം. എസ്. കോര
(പ്രസി: സഹ: ബാങ്ക്, നാലുന്നാക്കൽ)
ശ്രീ. ജയിംസ് ജേക്കബ്

## പബ്ളിസിറ്റി കമ്മിറ്റി

ശ്രീ. എം. കെ. ഏശാവ് (കൺവീനർ)
ശ്രീ. കെ. വി. മുരളീധരൻ
ശ്രീ. കെ. എൻ. നടരാജൻ
ശ്രീ. ബേബിച്ചൻ കയ്യാലപ്പറമ്പിൽ
ശ്രീ. ഇ. കെ. കുര്യൻ
ശ്രീ. ജയപ്രകാശ് നന്ദികാട്ട്
ശ്രീ. ജോണച്ചൻ കൊക്കരവാല
ശ്രീ. സുരേഷ് റ്റി. ജി. (പ്രസി. പട്ടികജാതി സഹകരണ സംഘം)
ശ്രീ. എം. എം. കൃഷ്ണൻനായർ

## ഫുഡ് ആൻറ് അക്കോമഡേഷൻ

ശ്രീ. ടി. കെ. ഫീലിപ്പോസ് (കൺവീനർ)
ശ്രീ. C. രമേശ്
ശ്രീ. വത്സമ്മ നടേശൻ
ശ്രീ. പി. ജി. ഗോപിദാസ്
ശ്രീ. വി.കെ. മാത്യു
ശ്രീ. എം. എം. കുഞ്ഞാപ്പി
ശ്രീ. എം. പി. നാരായണൻ
ശ്രീ. ഐസക് എബ്രഹാം
ശ്രീ. ഇ. എം. ബേബി

## വികസന രേഖ തയ്യാറാക്കുന്നതിനു സഹായിച്ചവർ

1. പ്രൊ. കെ. എം. കുര്യാക്കോസ്
2 പ്രൊ. എൻ. ഇ. കേശവൻ നമ്പൂതിരി
3 ശ്രീ. കെ. റ്റി. മർക്കോസ്
4 ശ്രീ. റ്റി. കെ. കുര്യാക്കോസ്
5 പുന്നൂസ് പീറ്റർ
6 ശ്രീ. റ്റി. ജി. കുഞ്ഞുണ്ണി
7 ശ്രീ. എ. ജെ. ജോൺ
8 ശ്രീ. എം. അയ്യപ്പൻ
9 ഡോ. സുകുമാരൻ കുന്നേൽ
10. ശ്രീ. പി. വി. സ്കറിയ
11. ശ്രീ. ചന്ദ്രശേഖരൻ നായർ കുരുവിക്കാട് (Rt. A. E.)
12. ശ്രീ. മത്തായി ആൻറണി (Rt. A.E.)
13. ശ്രീ. കെ. സി. മാണി
14. ശ്രീ. ഗിരീഷ്കുമാർ ശ്രീരാമവിലാസം
15. ശ്രീ. കൃഷ്ണക്കുറുപ്പ് കല്ലുവെട്ടുകുഴി
16. ശ്രീ. തോമസ്കുട്ടി
17. ശ്രീ. സുനിൽ പടിഞ്ഞാറേപ്പറമ്പിൽ
18. ശ്രീ. വിനോദ്കുമാർ മാളിയേക്കൽ
19. ശ്രീമതി. വത്സമ്മ നടേശൻ
20. ശ്രീ. രവി നടുക്കയിൽ
21. ശ്രീ. വി. എം. രാജൻ
22. ശ്രീ. സി. വി. മർക്കോസ്
23. ശ്രീ. കെ. ജി. നായർ ഗീതാഭവനം
24. ശ്രീ. സോണി ജോസഫ് ചല്ലുവേലിൽ
25. ശ്രീ. ഗോപിദാസ് പേരുക്കുന്നേൽ
26. ശ്രീ. തോമസ് ജെ. മുക്കട
27. സി. വി. സുകുമാരൻ
28. ശ്രീ. ഐ. കെ. വറുഗീസ്
29. ശ്രീ. വിജയൻ ഐസക്
30. ശ്രീ. ടി. എം. മൊയ്തീൻ
31. ശ്രീ. ജയപ്രകാശ് നന്ദികാട്
32. ശ്രീ. ബാബു വെച്ചൂപ്പറമ്പിൽ
33. ശ്രീ. വേണുഗോപാലക്കുറുപ്പ്
34. ശ്രീ. ബേബി കാലായിൽ
35. ശ്രീ. സണ്ണി കുര്യാക്കോസ്
36. ശ്രീ. ഐസക് എബ്രഹാം
37. ശ്രീ. വി. കെ. മാത്യു
38. ശ്രീ. സണ്ണി കൊച്ചേരി
39. ശ്രീ. ജോസഫ് മാത്യു കയ്യാലപ്പറമ്പിൽ
40. ശ്രീമതി. ശാന്തമ്മ കേശവൻ
41. ശ്രീമതി. ലീലാമ്മ കല്ലുപ്പറപ്പിൽ
42. ശ്രീമതി. എൻ. വി. നാരായണി
43. ശ്രീ. ബേബിച്ചൻ അമ്പലത്തട്ടിൽ
44. ശ്രീ. സോമൻ ഇ. ഡി.
45. ശ്രീമതി. ശോശാമ്മ കരിത്തലയ്ക്കൽ
46. ശ്രീ. ഇ. കെ. കുര്യൻ
47. ശ്രീ. റെജി ചക്കുപുരയ്ക്കൽ
48. ശ്രീ. ഗംഗാധരൻപിള്ള
49. ശ്രീ. വി. കെ. ശ്രീധരൻ
50. ശ്രീ. വി. എം. രാജപ്പൻ
51. ശ്രീ. പ്രകാശ് ചന്ദ്രൻ ഉമ്പിടി
52. ശ്രീമതി. പി. ഒ. അന്നമ്മ വാലുകുളത്ത്
53. ശ്രീ. സാബു എം. ജെ.
54. ശ്രീ. സി. രമേശ് കുന്നേൽ
55. ശ്രീ. മാത്യു ഡേവിഡ്
56. ശ്രീ. തങ്കപ്പൻ പി. കെ.
57 ശ്രീ. സി. പി. ജോസഫ് ചല്ലുവേലി
58. ശ്രീ. പങ്കജാക്ഷൻ (കൃഷി അസി:)
59. ശ്രീ. രാജൻ ബോബൻ പാറപ്പറമ്പ്
60. ശ്രീമതി. ജോമോൾ ബെന്നി റാണി
61. ശ്രീ. രവി എം. റ്റി.
62. ശ്രീ. എബ്രഹാം കൊച്ചുപ്ളാപ്പറമ്പിൽ
63. ശ്രീ. മനോഹരൻ (H. Asst.)
64. ശ്രീ. വിജയൻ കരപ്പാറ
65. ശ്രീ. വാസുദേവപണിക്കർ കല്ലടിയിൽ
66. ശ്രീ. ജോർജ് പി. തോമസ് (A.E.)
66. ശ്രീമതി. കെ. വി. ഏലിയാമ്മ (J.S.)
67. ശ്രീ. മധുസൂദനൻ (പ. ആഫീസ്)
68. ശ്രീ. കെ. ഒ. തോമസ് (പ. ആഫീസ്)
69. ശ്രീ. സി. വി. പ്രഭാകരൻ "
70. ശ്രീ. കെ. കെ. ചെറിയാൻ "
71. ശ്രീമതി. എം. ആർ. രാജമ്മ "
72. ശ്രീമതി. കെ. എൻ ചെല്ലമ്മ "
73. ശ്രീ. പി. എം. കുര്യൻ "
74. ശ്രീ. കെ. ജെ. ജോസഫ് "
75. ശ്രീ. കെ. എം. ദേവസ്യ "
76. ശ്രീമതി. സി. കെ. അന്നമ്മ "
77. ശ്രീമതി. കെ. സി. അന്നമ്മ "
78. ശ്രീ. പി. സി. ഔസേപ്പ് "
79. ശ്രീ. പി. ശ്രീധരൻ "
80. ശ്രീമതി. എൻ. കെ. ശാരദ
81. ശ്രീ. ഇ. പി. ഐസക് ഇലവക്കോട്ട് (പാപ്പൻ)



വാകത്താനം സർവ്വീസ് സഹകരണ ബാങ്ക്, വാകത്താനം



ദി ആൽവേഷൻ ആർമി ചർച്ച് ചെത്തിക്കുളം, പരിയാരം



നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക് നാലുന്നാക്കൽ, വാകത്താനം



പ്രോഗ്രസീവ് ക്ലബ്, ലൈബ്രറി
വാകത്താനം



ഗവൺമെൻറ് എൽ.പി.ബി.എസ്.,
ഉണ്ണാമറ്റം



പട്ടികജാതി സർവ്വീസ് സഹകരണ
ബാങ്ക്, വാകത്താനം

*പാർപ്പിടം, സാമൂഹ്യക്ഷേമം തുടർച്ച ..........*

9. 70 വയസ്സിനു മുകളിൽ പ്രായമുള്ളവരും നിരാശ്രയരുമായവർക്കുവേണ്ടി ഒരു 'വൃദ്ധസദനം' സ്ഥാപിക്കുക. ഇതിൽ താമസിക്കുന്നവർക്കുള്ള ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയുള്ള ചെലവ് പൂർണ്ണമായും പഞ്ചായത്ത് നടത്തുകയും കാര്യക്ഷമതയുള്ള ഒരു സമിതിയെ ഇതിന്റെ ഭരണം ഏല്പിക്കുകയും ചെയ്യുക.

10. പഞ്ചായത്തിലുള്ള മുഴുവൻ പാർപ്പിട സങ്കേതങ്ങളിലേക്കും വെള്ളമെത്തിക്കുന്നതിനും സങ്കേതമാർഗ്ഗങ്ങളിൽ രാത്രികാലങ്ങളിൽ വെളിച്ചം നല്കുന്നതിനും പദ്ധതി തയ്യാറാക്കുക.

11. സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഒരു കാലയളവ് നിശ്ചയിക്കുകയും ആയതിന് എല്ലാവരുടെയും സഹകരണം ലഭ്യമാകത്തക്കവിധം ഒരു'മാസ്സ് മൂവ്മെന്റ്' പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കുകയും ചെയ്യുക.

# സാമൂഹ്യക്ഷേമം

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹ്യക്ഷേമരംഗത്ത് കേരളം വളരെ മുൻപിലാണ്. തൊഴിൽരംഗത്ത് കേരളത്തിന് നേട്ടം കൈവരിക്കാൻ സാധിക്കാത്തതുമൂലം നമ്മുടെ സാമൂഹ്യക്ഷേമരംഗത്തുണ്ടായ നേട്ടങ്ങൾക്ക് ഇന്ന് മങ്ങലേറ്റുകൊണ്ടിരിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെ സ്വഭാവവും കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയുംഎല്ലാം കൂടി അവരെ കുടുംബാധിഷ്ഠിത സംസ്കാരത്തിലേക്കു നയിച്ചു. ഒരു പാർപ്പിടം അതിലെ അംഗങ്ങൾക്കു തൊഴിൽ, ആരോഗ്യം ജീവിതനിലവാരമുയർത്തുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ, റോഡ്, വൈദ്യുതി, വെള്ളം ഇവയെല്ലാം ഉണ്ടാകണമെന്നുള്ളതാണ് കേരളജനതയുടെ പൊതു താല്പര്യം.

പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ, മറ്റു സംസ്ഥാനങ്ങൾക്കുകൂടി പാകമായ വിധം പൊതുമാനദണ്ഡം കണക്കാക്കുമ്പോൾ, കേരളത്തിൽ അതു ഫലപ്രദമായി നടപ്പാക്കുന്നതിനു ബുദ്ധിമുട്ടുണ്ടാകാറുണ്ട്. അതുകൊണ്ട് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ കേരളത്തിന് അനുയോജ്യമായവിധം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

കേരള സംസ്ഥാനത്ത് നടപ്പിലാക്കിയ എല്ലാ ക്ഷേമപദ്ധതികളും നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുണ്ട്. ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ IRDP സർവ്വേ പ്രകാരം 2230 ആണ്. അവരിൽ 92 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. 452 കുടുംബങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ ആരംഭിക്കുന്നതിന് സഹായം നല്കുവാൻ സാധിച്ചു. അവരുടെ വാർഡുതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 5

| വാർഡ് | ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സഹായം ലഭിച്ചവർ | സഹായ ലഭ്യത മൂലം ദാരിദ്രരേഖക്കു മുകളിലായവർ | സഹായത്തിന് അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 114 | 11 | 28 | 2 | 86 |
| 2 | 152 | 18 | 38 | 6 | 114 |
| 3 | 176 | 8 | 49 | 11 | 127 |
| 4 | 51 | 3 | 19 | 14 | 32 |
| 5 | 110 | 9 | 37 | 18 | 73 |
| 6 | 151 | 11 | 58 | 13 | 93 |
| 7 | 223 | 2 | 25 | 9 | 198 |
| 8 | 220 | 3 | 36 | 11 | 184 |
| 9 | 233 | 9 | 32 | 8 | 201 |
| 10 | 328 | 5 | 30 | 12 | 295 |
| 11 | 266 | 4 | 42 | 16 | 224 |
| 12 | 209 | 9 | 48 | 13 | 191 |
| ആകെ | 2230 | 92 | 442 | 133 | 1788 |

അവലംബം:- IRDP സർവ്വേ ഗ്രാമവികസനവകുപ്പ്.

കുടുംബത്തെ ഒരു യൂണിറ്റായി കണക്കാക്കി, തൊഴിലവസരങ്ങൾ കുടുംബാംഗങ്ങൾക്കു നല്കുന്ന IRDP പദ്ധതിയുടെ തന്നെ ഭാഗമായി വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന DWCRA യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. 10 നും 15 നും ഇടയിൽ വനിതകളെ സംഘടിപ്പിച്ച് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഒരു കൂരയ്ക്കു കീഴിൽ അവർ തൊഴിൽ സംരംഭത്തിൽ ഏർപ്പെടുക യെന്നതാണു ലക്ഷ്യം.നമ്മുടെ പഞ്ചായത്തിൽ മൂന്നു യൂണിറ്റുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചു.

പട്ടിക 6

| വാർഡ് | പ്രവർത്തനം ആരംഭിച്ച യൂണിറ്റ് | അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|
| 11 & 12 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 7 | തൃപ്തികരം |
| 9 & 12 | ഡയറി യൂണിറ്റ് | 12 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| 1 | ഡയറി യൂണിറ്റ് | 10 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |

അവലംബം;- ഗ്രാമ വികസനവകുപ്പ് മാടപ്പള്ളി ബ്ലോക്ക്

എല്ലാ വാർഡുകളിലും ഓരോ DWCRA യൂണിറ്റുകൾ തുടങ്ങുകയും വനിതാക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഇവ മാറുകയും ചെയ്യേണ്ടതാണ്. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കി നമ്മുടെ നാട്ടിൽ തന്നെ വിപണനം നടത്തുവാൻ പറ്റുന്ന വ്യവസായ യൂണിറ്റുകൾ വേണം ആരംഭിക്കുവാൻ.

ഇത്തരം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ ദാരിദ്രരേഖക്കു താഴെയുള്ള കുടുംബാംഗങ്ങൾക്കുണ്ടാകുന്ന തൊഴിൽപരിചയക്കുറവ് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി 18 നും 35 നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന ട്രൈസം പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. വിവിധ ട്രേയ്ഡുകളിൽ ഇവർക്ക് പരിശീലനം നല്കിയശേഷം തൊഴിൽ സംരംഭം ആരംഭിക്കുവാനുള്ള ധനസഹായം നല്കുകയാണ് ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പട്ടിക 7

| വാർഡ് | പരിശീലന വിഷയം | പരിശീലകരുടെ എണ്ണം | സ്വയം തൊഴിൽ നേടിയവർ | ഇതര തൊഴിൽ നേടിയവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | കമ്പോസിംഗ്! | 3 | 2 | 1 | - |
| | റേഡിയോ & T. V. മെക്കാനിസം | 1 | 1 | - | - |
| 2 | എമ്പ്രോയിഡറി & ടെയ്ലറിംഗ് | 4 | 4 | - | - |
| | മോട്ടോർ വയൻറിംഗ് | 1 | 1 | - | - |
| | ഇലക്ട്രീഷൻ | 3 | 3 | - | - |
| | റേഡിയോ & T. V. മെക്കാനിസം | 1 | 1 | - | - |
| 3 | കമ്പോസിംഗ് | 1 | - | 1 | - |
| 4 | വെൽഡിംഗ് | 1 | 1 | - | - |
| 5 | കമ്പോസിംഗ് | 1 | - | 1 | - |
| | വീവിംഗ് | 1 | - | - | 1 |
| | സ്ക്രീൻ പ്രിൻറിംഗ് | 1 | - | 1 | - |
| | ഇലക്ട്രീഷൻ | 1 | 1 | - | - |
| | റേഡിയോ & T. V. മെക്കാനിസം | 1 | 1 | - | - |
| 6 | കമ്പോസിംഗ് | 2 | 2 | - | - |

| | | | | | |
|---|---|---|---|---|---|
| | വീവിംഗ് | 2 | - | - | 2 |
| | സ്ക്രീൻ പ്രിൻറിംഗ് | 1 | - | 1 | - |
| | ആട്ടോ മൊബൈൽ | 1 | 1 | - | - |
| 7 | ആട്ടോ മൊബൈൽ | 1 | 1 | - | - |
| | കമ്പോസിംഗ് | 1 | - | 1 | - |
| | ഇലക്ട്രീഷ്യൻ | 1 | 1 | - | - |
| 8 | വയറിംഗ് | 5 | 3 | 2 | - |
| | പ്ലാസ്റ്റിക്ക് വർക്ക് | 4 | 1 | 2 | 1 |
| | ഹാൻറി ക്രാഫ്റ്റ് | 1 | - | 1 | - |
| | റേഡിയോ & T.V. മെക്കാനിസം | 2 | - | 2 | - |
| 9 | വയറിംഗ് | 3 | 2 | 1 | - |
| | പ്ലാസ്റ്റിക്ക് വർക്ക് | 1 | - | 1 | - |
| 10 | കമ്പോസിംഗ് | 6 | 3 | 1 | 2 |
| | പ്ലമ്പിംഗ് | 1 | 1 | - | - |
| | വെൽഡിംഗ് | 1 | 1 | - | - |
| 11 | അപ്ഹോൾസ്റ്ററി | 1 | 1 | - | - |
| 12 | കമ്പോസിംഗ് | 4 | 2 | 1 | 1 |
| | എംബ്രോയിഡറി | 1 | 1 | - | - |
| | ഹാൻഡ്‌ലൂം വീവിംഗ് | 2 | - | - | 2 |
| | ഹാൻറി ക്രാഫ്റ്റ് | 1 | - | 1 | - |

അവലംബം: ഗ്രാമ വികസന വകുപ്പ് മാടപ്പള്ളി ബ്ലോക്ക്

ഇനിയും വളരെയേറെ യുവതീയുവാക്കൾക്ക് ഈ പദ്ധതിയിൽ പരിശീലനം നല്കേണ്ടതായിട്ടുണ്ട്.

## കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| കുട്ടികൾ | എണ്ണം |
|---|---|
| 6 മാസം പ്രായമുള്ളവർ | 144 |
| 6 മുതൽ 1 വയസ്സ് | 166 |
| 1 മുതൽ 3 വയസ്സ് | 492 |
| 3 മുതൽ 6 വയസ്സ് | 764 |
| ആകെ | 1566 |
| വികലാംഗർ | എണ്ണം |
| 0 - 6 വയസ്സുവരെ | 15 |
| 6 - 14 വയസ്സുവരെ | 17 |
| 14 വയസ്സിനു മുകളിൽ | 136 |
| ആകെ ബധിരരും മൂകരും | 23 |
| ആകെ | 191 |

അവലംബം;- ഗ്രാമവികസനവകുപ്പ് മാടപ്പള്ളി ബ്ലോക്ക്.

I.C.D.S. പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 28 അംഗൻവാടികൾ പ്രവർത്തിക്കുന്നു.സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചുവരുന്ന ഈ അംഗൻവാടികളിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും ഉണ്ട്. എന്നാൽ ഈ കെട്ടിടങ്ങളും ചുറ്റുപാടുകളും കൊച്ചുകുട്ടികൾക്ക് ഒട്ടും തന്നെ മാനസികോല്ലാസം നല്കുന്ന സാഹചര്യത്തിലല്ല പ്രവർത്തിക്കുന്നത്. സാനിട്ടേഷൻ സൗകര്യം പലതിലും ഇല്ല. ശിശുക്കൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉള്ള പോഷകാഹാര വിതരണം കുറ്റമറ്റതും പേരിനു ചേർന്നതുമാകണം.

അംഗൻവാടി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വേതനം അടിയന്തിരമായി ഉയർത്തുകയും അംഗൻവാടികളും DWCRA യൂണിറ്റുകളും ഒന്നിച്ച് വാർഡിലെ മുഖ്യവനിതാക്ഷേമ കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിൽ 12 വാർഡുകളിലായി 17 റേഷൻകടകൾ പ്രവർത്തിക്കുന്നു. ഗുണമേന്മയുള്ള അരിയും ഗോതമ്പും എല്ലായ്പ്പോഴും വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല. തോട്ടയ്ക്കാട്, ഞാലിയാകുഴി, കണ്ണഞ്ചിറ എന്നിവിടങ്ങളിൽ ഓരോ മാവേലിസ്റ്റോറും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലെ മുഖ്യ ഇനമാണ് പെൻഷനുകൾ. വിവിധ പെൻഷൻ പദ്ധതികളിലായി നമ്മുടെ പഞ്ചായത്തിൽ ആളുകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. എങ്കിലും അർഹരായവരുടെ എണ്ണം വച്ചുനോക്കുമ്പോൾ ഇനിയും വളരെയധികം ആളുകൾക്ക് പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്.

1995 - 96 ൽ വിവിധ പെൻഷൻ വാങ്ങിയവരുടെ എണ്ണം

| | |
|---|---|
| വിധവാ പെൻഷൻ | 67 |
| വാർദ്ധക്യകാല പെൻഷൻ | 17 |
| നിലത്തെഴുത്ത് ആശാൻ ഗ്രാൻറ് | 16 |
| തൊഴിലില്ലായ്മ വേതനം | 617 |
| കർഷകത്തൊഴിലാളി പെൻഷൻ | 399 |

വിവിധ ക്ഷേമനിധികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ പല ക്ഷേമനിധികളിലും നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾ അംഗങ്ങളാണ്. പ്രധാനമായും നടപ്പാക്കുന്നവചുവടെ ചേർക്കുന്നു.

1. ചെത്തു തൊഴിലാളി ക്ഷേമനിധി
2. ബീഡിത്തൊഴിലാളി ക്ഷേമനിധി
3. മോട്ടോർവാഹനത്തൊഴിലാളി ക്ഷേമനിധി
4. കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ കോളനികളിലെയും സങ്കേതങ്ങളിലെയും സ്ഥിതി ആലോചിക്കാതിരിക്കുവാൻ സാധ്യമല്ല. കോളനികളും സെറ്റിൽമെൻറ് ഏറിയാകളും കൂടി 19 എണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും വാകത്താനം പഞ്ചായത്തിൻെറ അവികസിത പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. വെള്ളവും വൈദ്യുതിയും റോഡും ഇവിടങ്ങളിൽ പ്രശ്നമാണ്. മണ്ണൊലിപ്പുമുതൽ പകർച്ച വ്യാധി വരെ കോളനികളുടെ ശാപമാണ്. വളരെയധികം ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടും കോളനികളുടെ പ്രശ്നം പരിഹൃതമാകുന്നില്ല.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവും ആയി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. മുഴുവൻ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തിൻെറ മേൽനോട്ടത്തിലാക്കുക.
2. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു മാത്രമായി പഞ്ചായത്തുതലത്തിൽ മോണിട്ടറി സെൽ പ്രവർത്തിക്കുക.
3. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ആനുകൂല്യം നല്കുകയും കാലാനുസൃതമായി തുക വർദ്ധിപ്പിക്കുകയും ചെയ്യുക.
4. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധികളിൽ അംഗമാക്കുക.
5. റേഷൻകടകൾവഴി ഗുണമേന്മയുള്ള ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുക.
6. പഞ്ചായത്തിൽ 3 മാവേലിസ്റ്റോറുകൾ ആരംഭിക്കുക.
7. ദാരിദ്രരേഖക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും IRDP പദ്ധതിയിൽ തൊഴിലവസരങ്ങൾ നല്കുക.
8. IRDP ഉല്പന്നങ്ങളുടെ വിപണന സ്റ്റോർ ഞാലിയാകുഴിയിൽ ആരംഭിക്കുക.
9. എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകളാരംഭിക്കുക.
10. ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വിദഗ്ദ്ധതൊഴിൽ പരിശീലനപരിപാടി നടപ്പിലാക്കുക.
11. എല്ലാ അംഗൻവാടികൾക്കും വൃത്തിയും ഭംഗിയും ഉള്ള സ്വന്ത കെട്ടിടമുണ്ടാക്കുകയും കെട്ടിടത്തിനു ചുറ്റും പുഷ്പവാടി ഉണ്ടാക്കുകയും ചെയ്യുക.
12. ഓരോ കോളനിക്കും അനുയോജ്യമായ സാമൂഹ്യക്ഷേമപദ്ധതികൾ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

# പാർപ്പിടം, സാമൂഹ്യക്ഷേമം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വാകത്താനം പഞ്ചായത്തിൽ ഒരു വൃദ്ധജന പരിപാലനകേന്ദ്രം ആരംഭിച്ച് വാർദ്ധക്യ കാരണങ്ങളാൽ കഷ്ടപ്പെടുന്ന ആലംബഹീനരെ സംരക്ഷിക്കേണ്ടതാണ്.
2. വ്യാജചാരായ വില്പനയ്ക്കെതിരെ അടിയന്തിര നടപടികളുണ്ടാകണം.
3. ചെത്തിക്കുളം അംഗൻവാടിയോടനുബന്ധിച്ച് പ്രാഥമിക ഇംഗ്ലീഷ് പഠന സൗകര്യം ഉണ്ടാക്കണം. ഒരു കമ്മ്യൂണിറ്റിഹാൾ ഉടനടി പണിയണം.
4. കുരുവിക്കാട് അംഗൻവാടിക്ക് കക്കൂസ് നിർമ്മിച്ചു നല്കണം.
5. എഴുവന്താനം, രാജമറ്റം, തകിടിപ്പുറം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നല്കണം.
6. പൊങ്ങന്താനം, ശാന്തിനഗർ, വെള്ളുകുന്നു ലക്ഷംവീട് കോളനികളിൽ താമസിക്കുന്ന മുഴുവൻ ആളുകൾക്കും പട്ടയം നല്കണം.
7. മലങ്കോട്ട, നെടുമറ്റം അംഗൻവാടികൾക്ക് കെട്ടിടം പണിയുവാനാവശ്യമായ ഫണ്ട് അനുവദിക്കണം.
8. പൊങ്ങന്താനം കോളനിയിൽ അംഗൻവാടി അനുവദിക്കണം.
9. ആറാം വാർഡിൽ P.H.C. സബ് സെൻറർ ആരംഭിക്കണം.
10. പന്ത്രണ്ടാംകുഴി അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കണം.
11. പള്ളിക്കുന്നേൽ അംഗൻവാടി തുടങ്ങണം.
12. ഞാലിയാകുഴി (ഉലവക്കോട്ടാൽ) അംഗൻവാടിക്ക് കെട്ടിടം പണിയണം.
13. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ പണി പൂർത്തീകരിക്കണം.
14. ദുർബല വിഭാഗങ്ങൾക്ക് വീടിൻെറ അറ്റകുറ്റപ്പണികൾക്ക് പണം അനുവദിക്കണം.
15. അംഗൻവാടികളിലൂടെയുള്ള പോഷകാഹാര വിതരണം കാര്യക്ഷമമാക്കണം.
16. കണ്ണൻചിറ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഫലപ്രദമായി നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കാൻ കഴിഞ്ഞാൽ പാർപ്പിടരംഗത്തും സാമൂഹ്യക്ഷേമരംഗത്തും നമ്മുടെ ജനങ്ങൾ ഇന്നനുഭവിക്കുന്ന ദുരവസ്ഥയ്ക്കു ഒരളവുവരെ പരിഹാരം കാണാൻ കഴിയും.

*ക്രിസ്ത്യൻ ദേവാലയങ്ങൾ തുടർച്ച:* **മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്**, നാലുന്നാക്കൽ, **സെൻറ് തോമസ് ഇവാൻജലിക്കൽ ചർച്ച്**, വാകത്താനം

## ജനന മരണ രജിസ്ട്രേഷൻ

**1969**-ലെ ജനന മരണ രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുന്നത് വരെ ഭാരതത്തിൽ ഒരു ഏകീകൃത നിയമം ഉണ്ടായിരുന്നില്ല. 1-4-70 മുതലാണ് കേരളത്തിൽ ഏകീകൃത ജനനമരണ രജിസ്ട്രേഷൻ നിയമം നിലവിൽ വന്നത്. 1-7-1970 മുതലാണ് ഈ നിയമത്തിനനുസൃതമായ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയത്.

ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയാണ് പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റുകൾ. ബന്ധപ്പെട്ട സെക്രട്ടറിമാരാണ് ലോക്കൽ രജിസ്ട്രാർമാർ. ജനനവും മരണവും സംഭവ ദിവസം മുതൽ 21 ദിവസത്തിനുള്ളിൽ പ്രാദേശിക രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് നിയമാനുസരണം നിർബന്ധിതമാണ്.

നിശ്ചിത ദിവസം കഴിഞ്ഞാൽ സംഭവ ദിവസം മുതൽ 30 ദിവസം വരെ ഒരു രൂപ പിഴയൊടുക്കിയും അതിനു ശേഷം ബന്ധപ്പെട്ട ഒന്നാം ക്ലാസ് എക്സിക്യൂട്ടിവ് മജിസ്ട്രേട്ടിന്റെ അനുവാദത്തോടെ അഞ്ചു രൂപ പിഴയൊടുക്കിയും ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ 1-7-70-ന് മുമ്പുള്ള സംഭവങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതല്ല. പഞ്ചായത്ത് ഡയറക്ടർ ആണ് ജനന മരണ രജിസ്ട്രേഷന്റെ സംസ്ഥാന ചീഫ് രജിസ്ട്രാർ.

---

## ഹിന്ദു വിവാഹ രജിസ്ട്രേഷൻ

**1955**-ലെ ഇന്ത്യൻ ഹിന്ദു വിവാഹ നിയമപ്രകാരം സംസ്ഥാനത്തു നടക്കുന്ന വിവാഹങ്ങളെല്ലാം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ) രജിസ്റ്റർ ചെയ്യേണ്ടതാണ്. 1957-ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടം 20-5-1959 മുതലാണ് നിലവിൽ വന്നത്. അതിനാൽ ഈ തീയതിക്ക് മുമ്പുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല. വിവാഹം നടന്ന് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്നാണ് ചട്ടങ്ങൾ അനുശാസിക്കുന്നത്.

തദ്ദേശ ഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ് ലോക്കൽ രജിസ്ട്രാർമാർ. പഞ്ചായത്ത് ഡയറക്ടറാണ് സംസ്ഥാനത്തെ ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ.

■

*പഞ്ചായത്തിന് നൽകേണ്ട നികുതികളും ഫീസുകളും യഥാസമയം നൽകുക. അതുവഴി വികസനത്തിൽ പങ്കാളിയാവുക*

**വാകത്താനം ഗ്രാമപഞ്ചായത്ത്**



വാകത്താനം ഗ്രാമപഞ്ചായത്ത് ആഫീസ്

4244